V ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ
11 A.M.] യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2000-2001 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാലു മാസത്തേക്കുള്ള ചെലവുകൾ നിർവഹിക്കുന്നതിന് വേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവണ്മെർക്ക് നൽകണമെന്ന" ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ. പി. ജെ. ഫ്രാൻസിസ്, തമ്പാനൂർ രവി, എം. മുരളി, പാലോട് രവി, കെ. ബാബു, ഡോ.എം.എ. കുട്ടപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

VI ക്രമപ്രശ്നം

ബഡ്ജറ്റ് ചർച്ചയുടെ മറുപടിക്കുശേഷം കൂടുതൽ ആനുകൂല്യങ്ങൾ സഭയിൽ പ്രഖ്യാപിച്ചത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, ഞാൻ ക്രമപ്രശ്നം അവതരിപ്പിക്കുകയാണ്. 22-3-2000-ത്തിലെ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞ സമയത്ത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഏതാനും ഇളവുകൾ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ ആകെയുള്ള ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് ചോദിച്ചപ്പോൾ അദ്ദേഹം വെളിപ്പെടുത്തി. 7,32,00,000 രൂപയുടെ ഇളവുകളാണ് അദ്ദേഹം പ്രഖ്യാപിച്ചത്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ മറുപടി പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ഒരു അനൗൺസ്മെന്റ് നടത്തുകയുണ്ടായി. ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. 1-1-1999 മുതൽ മുൻകാല പ്രാബല്യത്തോടെ കൊടുക്കുമെന്നും ജൂൺ മാസത്തിലെ ശമ്പളത്തോടൊപ്പം ക്യാഷായി കൊടുക്കുമെന്നും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. പെൻഷൻകാരുടെ ഡി. എ. എന്നു പറയുന്നത് പുതിയ മാറ്ററാണ്. അത് ഒരു പുതിയ അനൗൺസ്മെന്റാണ്. വാസ്തവത്തിൽ ബഡ്ജറ്റിനോടനുബന്ധിച്ച് ഹാജരാക്കിയിട്ടുള്ള ഡിമാന്റിൽ തുക പ്രൊവൈഡ് ചെയ്തിട്ടില്ല. അങ്ങനെയുള്ള ന്യൂ അനൗൺസ്മെന്റ് ആയതുകൊണ്ട് കമ്മിറ്റ്മെന്റ് എത്രയെന്ന് ഞാൻ അന്ന് ചോദിച്ചപ്പോൾ അത് എത്രയെന്ന് വ്യക്തമായി പറയാൻ ധനകാര്യമന്ത്രിയോ മുഖ്യമന്ത്രിയോ തയ്യാറാകുകയുണ്ടായില്ല. ഇതൊരു പുതിയ മാറ്ററാണ്. ഞാൻ പറയാൻ കാരണം, ഡി.എ.യെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിലെ 176-ാം ഖണ്ഡികയിൽ ഉണ്ട്. 176-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്, അഞ്ചേകാൽ ലക്ഷത്തോളം വരുന്ന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പെന്റിച്ചർ കോളത്തിൽ കൊള്ളിക്കുമോ ? എനിക്കറിഞ്ഞുകൂടാ. It is a deposit. Deposit in their Savings Bank is not in the Receipt Head. അവർക്ക് അധികാരമുണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാൻ. ബാങ്കുകൾ മാത്രമല്ല നിരവധി ആളുകൾ സേവിംഗ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അത് വരുമാനമായി കൂട്ടുകയില്ല. Deposit is a liability and not an asset. റസീപ്റ്റിൽ അത് പെടുകയില്ല. ഡെപ്പോസിറ്റിൽ നിന്നും വിത്ത്ഡ്രോ ചെയ്താൽ എക്സ്പെന്റിച്ചറായിട്ട് വരില്ല. കോ-ഓപ്പറേറ്റീവ് ബാങ്ക് മാത്രമാണോ ഡെപ്പോസിറ്റ് ചെയ്യുന്നത് ? ആയിരക്കണക്കിന് ആളുകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അത് എപ്പോൾ വേണമെങ്കിലും ഡെപ്പോസിറ്റേഴ്സിന് വിത്ത്ഡ്രോ ചെയ്യാവുന്നതാണ്. അതിൽ യാതൊരു പുതിയ സിറ്റുവേഷനും ഉണ്ടായിട്ടില്ല. കഴിഞ്ഞ തവണയും ഡെപ്പോസിറ്റുണ്ടായിരുന്നു. മടക്കി കൊടുത്തു. പിന്നെയും വാങ്ങിച്ചു. അത് മടക്കി കൊടുക്കുകയും ചെയ്യും. withdrawal of their money from the savings bank is not an item of expenditure.അതുകൊണ്ട് It was nothing to do with the deficit or surplus of the Budget ശരിക്കും പറഞ്ഞാൽ ലഗ്നാലും ചന്ദ്രാലും കെ.എം. മാണിയുടെ ബഡ്ജറ്റിൽ തീരുകയില്ല.. അതുകൊണ്ട് It may be ruled... ബഹുമാനപ്പെട്ട സീപക്കർ എന്റെ ഈ ആർഗ്യുമെന്റ് മനസ്സിലാക്കി എന്റെ മാന്യ സുഹൃത്തിന്റെ ഒബ്ജക്ഷൻ അംഗീകരിക്കരുത് എന്ന ഒരു അപേക്ഷ എനിക്കുണ്ട്.

റൂളിംഗ്

മി. സ്പീക്കർ : ഇതിൽ ഞാൻ ഒരു കാര്യം നേരത്തെ സൂചിപ്പിച്ചു. ബഡ്ജറ്റ് ഫിഗേഴ്സിനെ സംബന്ധിക്കുന്ന കാര്യം ചൂണ്ടിക്കാണിച്ചതിനെ സംബന്ധിച്ചുള്ള ക്ലാരിഫിക്കേഷനാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയത്. ചെയറിനെ സംബന്ധിച്ച് ആ കാര്യം വരുന്നില്ല. ഇവിടെ നോക്കുന്നത് അദ്ദേഹത്തിന്റെ ക്രമപ്രശ്നം ചട്ടപ്രകാരം നിലനിൽക്കുന്നതാണോ ഇല്ലയോ എന്നുള്ളത് മാത്രമാണ്. റൂൾ 142 പറയുന്നത്, 'At the conclusion of the discussion on the Budget under rule 141, the Demands for Grants shall stand referred to the appopriate subject committees for scrutiny and report.'എന്നാണ് അതാണ് പറഞ്ഞത്. ഞാൻ ഒന്നുകൂടി ആവർത്തിക്കുന്നു അത് ചെയ്തിരിക്കുന്നു. ഇനി അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ തന്നെ അത് പരിശോധിക്കാൻ സഭയ്ക്കു വീണ്ടും അവസരമുണ്ട്. സഭയ്ക്ക് അതിനുള്ള അവകാശമുണ്ട്. ആ സന്ദർഭത്തിൽ ചട്ടപ്രകാരം തന്നെ അത് എടുക്കാൻ കഴിയും. അതുകൊണ്ട് ശ്രീ. കെ.എം. മാണി ഒരു.ക്രമപ്രശ്നമെന്ന നിലയിൽ ഇവിടെ ഉന്നയിച്ച കാര്യം നിലനിൽക്കുന്നതല്ല. എന്ന് ചെയർ റൂൾ ചെയ്യുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

ശ്രീമതി ശോഭനാ ജോർജ് : സർ, ഇപ്പോൾ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി എതിർക്കുന്നു. കേന്ദ്രം ഭരിക്കുന്ന ഫാസിസ്റ്റ് വർഗ്ഗീയ പാർട്ടി കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കി. ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിലും, വിഷമത്തിലും നിരാശയിലുമായ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ജനങ്ങളെ വീണ്ടും നിരാശയിലാഴ്ത്തുന്ന തരത്തിലുള്ളതാണ് കേരളാ ഗവൺമെന്റിന്റെ ബഡ്ജറ്റ്. പാലക്കാട് കോട്ടമൈതാനത്ത് തമിഴ്നാട്ടിൽ നിന്ന് മല്ലൻമാർ വന്നു യുദ്ധം നടത്താറുണ്ട്, മല്ലയുദ്ധം. ഒരു ദിവസം ഒരു കെട്ട് കരിമ്പ് എടുത്ത് ആ കരിമ്പ് ഞെക്കിപ്പിഴിഞ്ഞ് കരിമ്പിൻ ചണ്ടിയാക്കിയിട്ട് മല്ലൻമാർ വെല്ലുവിളിച്ചു. ഇനി ആർക്കെങ്കിലും ഒരു നുള്ള് നീർ ഈ കരിമ്പിൻ ചണ്ടിയിൽ നിന്നും എടുക്കാമോ എന്ന്, പ്രായംചെന്ന ഒരു വ്യക്തി വേദിയിലേക്ക് കടന്നുവന്ന് ആ കരിമ്പിൻചണ്ടിയിൽ നിന്ന് രണ്ടു തുള്ളിനീർ എടുത്തു എന്ന പോലെയാണ് കേന്ദ്ര ബഡ്ജറ്റ് കൊണ്ടു തകർന്ന ഈ കേരളത്തിലെ സാധാരണക്കാരനെ, കരിമ്പിൻചണ്ടിപോലെയുള്ള ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞ് ധനകാര്യ മന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. കേരളത്തിലെ സാമ്പത്തിക സ്ഥിതി എന്താണ്? ഒട്ടേറെ നല്ല വാക്കുകൾ ഉപയോഗിച്ചാൽ മാത്രം കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാകുമോ? കഴിഞ്ഞ ദിവസത്തെ മനോരമ പത്രത്തിൽ ഞെട്ടിപ്പിക്കുന്ന വാർത്തയുണ്ട്. ഇടിവെട്ടിയവനെ പാമ്പ് കടിച്ചു എന്നുപറയുന്നതിന് തുല്യമാണ്. ഇടിവെട്ടിയത് തലയിൽ, പാമ്പ് കടിച്ചത് കാലിൽ. ഈ ജില്ലാ ബാങ്കിൽ നിന്നും എടുത്ത 495 കോടിയോളം രൂപ തിരിച്ചടയ്ക്കണം എന്നുള്ള റിസർവ് ബാങ്കിന്റെ താക്കീതാണ് നമ്മൾ പത്രങ്ങളിൽ വായിച്ചത്. 1998 ജൂലൈയിൽ 195 കോടിരൂപയും 1999 ഫെബ്രുവരിയിൽ 100 കോടി രൂപയുമാണ് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചത്. അതിനുശേഷം ഇടുക്കി 175 കോടി, പത്തനംതിട്ട-25 കോടി, പാലക്കാട്-100 കോടി, കോഴിക്കോട്-20 കോടി, കൊല്ലം-75 കോടി, മലപ്പുറം-100 കോടി അങ്ങനെ 495 കോടി രൂപയോളം ജില്ലാ ബാങ്കുകൾ സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചത് തിരിച്ചുകൊടുക്കണം എന്നു പറഞ്ഞപ്പോൾ ഞാൻ മനസ്സിലാക്കുന്നത് ബഹുമാന്യനായ ധനകാര്യ മന്ത്രി അങ്ങ് എത്രതന്നെ പ്രസംഗം കേട്ടില്ല എന്നു പറഞ്ഞാലും ഈ നിയമസഭയിൽ ഇതിന് മറുപടി പറയണം. ആ രൂപ എന്തിന് ചെലവിഴിച്ചു, ചെലവഴിച്ചിട്ടുണ്ടോ, പത്രത്തിൽ വന്ന വാർത്തയുടെ സത്യാവസ്ഥ എന്തെന്നറിയാൻ ഇവിടത്തെ ജനങ്ങൾക്ക്, ഞങ്ങൾക്ക് ഓരോരുത്തർക്കും ആഗ്രഹമുണ്ട് എന്നു അങ്ങയോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'കണ്ടാൽ അറിയാത്ത കൊച്ച് കൊണ്ടാൽ അറിയും', എന്നു പറയും. കൊണ്ടാൽ പഠിച്ചോ? ഭാവി തലമുറയെ വരെ പണയപ്പെടുത്തിയ ഒരു ഭരണമല്ലേ ഇവിടെയുള്ളത്. എക്കണോമിക് റിവ്യൂ 1999-ൽ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. പബ്ലിക് ഫൈനാൻസിനെപ്പറ്റി ഒരു വാക്കുപോലും ഇവിടെ പ്രതിപാദിച്ചിട്ടില്ല. ഇതിനുമുൻപ് സംസ്ഥാനം പ്രതിപാദിക്കുന്ന പബ്ലിക് ഫൈനാൻസ് ഈ പ്ലാനിംഗ് ബോർഡ് പാടെ ഉപേക്ഷിച്ചിരിക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക നിലയെപ്പറ്റി ഇത്രയേറെ ശോഭനമായ ഒരു ചിത്രം വരച്ചുകാണിച്ച ധനകാര്യ മന്ത്രി യാഥാർത്ഥത്തിൽ ജനങ്ങളെ വഞ്ചിക്കുകയാണോ, പീഡിപ്പിക്കുകയാണോ ചെയ്യുന്നത് എന്നാണ് അറിയേണ്ടത്. 1999-2000-ൽ മാത്രം 11 തവണയാണ് ഓവർ ഡ്രാഫ്റ്റ് എടുത്തിരിക്കുന്നത്. നിത്യനിദാന ചെലവുകൾക്കു മുട്ടുമ്പോൾ വെയ്സ് ആന്റ് മീൻസ് ആയി എടുക്കുന്നത് 30-11-1999-ൽ 117 തവണയാണ്. പാഠം പഠിച്ചോ, കുളിച്ചില്ലെങ്കിലും പുരപ്പുറത്തുണ്ടായിരുന്നു എന്ന് ഒരു സമാധാനം ഉണ്ടായിരുന്നു. ഇപ്പോൾ പുരപ്പുറത്ത് ഇടാനുള്ളതുപോലും പണയപ്പെടുത്തിയ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംസ്ഥാനമാണ് ഈ കേരളം. കഴിഞ്ഞ മൂന്നര വർഷക്കാലം ഈ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കടബാദ്ധ്യത 8,300.23 കോടിയാണ്. ഇൻഫ്രാസ്ട്രക്ച്ചർ റിസർവ് ഫണ്ട് കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി 500 കോടി രൂപയുടെ ബോണ്ടിന് വിൽപ്പനയിലൂടെ 507.6 കോടി രൂപ സമാഹരിച്ചതാണ്. ഇൻഫ്രാസ്ട്രക്ച്ചർ റിസർവ് ഫണ്ട് അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നും 75 ലക്ഷം രൂപ ചെലവഴിച്ചതാണ്. ഇന്ന് പ്രതിവർഷം 69.42 കോടി രൂപ പലിശ ഇനത്തിൽ കൊടുക്കുകയും ചെയ്യണം. ഈ ഇൻഫ്രാസ്ട്രക്ച്ചർ റിസർവ് ഫണ്ട് എന്തടിസ്ഥാന സൗകര്യത്തിനുവേണ്ടി ചെലവഴിച്ചു എന്ന് പറയണം. കിട്ടാവുന്നിടത്തു നിന്നെല്ലാം മേടിച്ചിട്ട് ആർഭാടം കാണിക്കുന്ന ഒരു ഗവൺമെന്റല്ലേ ഇവിടെയുള്ളത് ? ദൈനംദിന ചെലവുകൾക്കാണ് ഇൻഫ്രാസ്ട്രക്ച്ചർ റിസർവ് ഫണ്ട് ഉപയോഗിച്ചത് എന്നുപറഞ്ഞാൽ അങ്ങേക്ക് നിഷേധിക്കാൻ കഴിയുമോ ? അങ്ങ് വലിയ വീരവാദമൊക്കെ പറയുന്നുണ്ടല്ലോ. സംസ്ഥാനത്തെ കുഷ്ഠ രോഗ നിവാരണ പ്രവർത്തനങ്ങൾപോലും നിർത്തിവച്ച ഗവൺമെന്റാണിത്. ഇന്ന് രാവിലെയും മന്ത് രോഗത്തെപ്പറ്റി ഇവിടെ പറഞ്ഞു. മന്തുരോഗ നിവാരണ പ്രവർത്തനങ്ങൾ നിർത്തിവച്ച ഒരു ഗവൺമെന്റാണിത്. ലോക ബാങ്കിന്റെയും, മറ്റും ഫൈനാൻഷ്യൽ അസിസ്റ്റൻസ് കിട്ടാത്തതുകൊണ്ട് ഇവയെല്ലാം നിർത്തി വയ്ക്കേണ്ടി വന്നു. കഴിഞ്ഞ പ്രാവശ്യത്തെ ചർച്ചയിൽ ഞാൻ പറഞ്ഞതാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് നൽകുന്ന തുക എല്ലാ ജില്ലയ്ക്കും കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ? ഇവിടെ ശ്രീമതി ഗിരിജ സുരേന്ദ്രൻ കഴിഞ്ഞ ദിവസം പറയുന്നതു കേട്ടു ഇത് വനിതാ ബഡ്ജറ്റാണെന്ന്. 50 വയസ്സുവരെ സ്ത്രീകൾ കല്യാണം കഴിക്കാതെ ഇരുന്നോട്ടെ എന്നു പറഞ്ഞാൽ ഇത് വനിതാ ബഡ്ജറ്റ് ആകുമോ? ഈ സംസ്ഥാനത്ത് വിധവാ പെൻഷൻ കൊടുത്തിട്ടുണ്ടോ, പെൺമക്കളെ കെട്ടിച്ചയ്ക്കുന്നതിനുള്ള ധനസഹായം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? എന്തിനേറെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള പണം പോലും പൂർണ്ണമായി കൊടുത്തു തീർക്കുവാൻ കഴിയാത്ത ഒരു സർക്കാരാണ് ഈ സർക്കാർ. വിൽപ്പന നികുതി വകുപ്പിനെ എ.ജി. വിമർശിച്ചിരിക്കുകയാണ്. '96-97, '97-98, '98-99-ൽ 47 മുതൽ 65% വരെ മാത്രമേ നികുതി അസസ്മെന്റ് പൂർത്തിയാക്കുവാൻ വിൽപ്പന നികുതി വകുപ്പിന് കഴിഞ്ഞിട്ടുള്ളൂ എന്നാണ് എ.ജി. പറഞ്ഞിട്ടുള്ളത്. ആഡിറ്റ് ഒബ്സർവേഷന് തൃപ്തികരമായ മറുപടി നൽകുവാൻ പോലും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പിന്നെ തല്ലണ്ട അമ്മാവാ ഞാൻ നന്നാവില്ല, നന്നായാലും അമ്മാവന്റെ മകളെ കെട്ടില്ല എന്നു പറയുന്നതുപോലെയുള്ള ഒരു ഭരണമാണ് ഈ സംസ്ഥാനത്തുള്ളത്. ഇത്രമാത്രം സാമ്പത്തിക അച്ചടക്കമില്ലായ്മ കാണിച്ചിട്ടുള്ള ഒരു ഭരണമില്ല, ഇവിടെ പുതിയ തസ്തിക സൃഷ്ടിക്കരുത് എന്ന് എത്ര പ്രാവശ്യം സാമ്പത്തിക അച്ചടക്ക നടപടിയുടെ ഭാഗമായിട്ട് പറഞ്ഞതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 3 വർഷത്തിനിടയിൽ 10,000 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഓരോ മന്ത്രിസഭാ യോഗത്തിലും ശരാശരി 64 തസ്തികകൾ വീതമാണ് സൃഷ്ടിച്ചിട്ടുള്ളത്. ജനകീയാസൂത്രത്തിന്റെ പേരിൽ കരാർ വ്യവസ്ഥയിൽ പ്രതിഫലം പറ്റുന്നത്

LIBRARY ARCHIVES Kerala Legislative Assembly

വേറെ. ജനകീയാസൂത്രണത്തിന്റെ സ്ഥിതി എന്താ? പ്രത്യുൽപ്പാദനപരമായി പണം ചെലവാക്കിയിട്ടുണ്ടോ എന്നു അന്വേഷിക്കുന്നതിനുള്ള ഓംബുട്സ്മാനെ നിങ്ങൾ എന്തുചെയ്തു? പുലി വരുന്നേ, പുലി വരുന്നേ എന്നു പറയുന്നതല്ലാതെ ഓംബുട്സ്മാന്റെ പ്രവർത്തനം നിങ്ങൾ എന്തുകൊണ്ടു ശക്തമാക്കുന്നില്ല? ഇപ്പോൾ എന്താണ്, ഈ 680 കോടി രൂപ ഇനിയും 60 ദിവസംകൊണ്ട് ചെലവഴിക്കണം. അങ്ങനെയെങ്കിൽ മാത്രമേ ഇപ്പോൾ ടാർജ്റ്റ് പൂർത്തിയാക്കാൻ കഴിയൂ. 60 ദിവസം കൊണ്ട് പ്രതിദിനം 10 കോടി രൂപ ചെലവിടണം. ഒരു ദിവസംകൊണ്ട് 10 കോടി രൂപാവീതം ചെലവിട്ട് എന്ത് വികസന പ്രവർത്തനമാണ് ഇവിടെ നടത്താൻ പോകുന്നത്. എന്തായിരുന്നു '98-ലെ ബഡ്ജറ്റിലുമെല്ലാം പറഞ്ഞത്. 2000-ാം ആണ്ടിൽ കേരളത്തെ വൈദ്യുതി കിട്ടുന്ന മിച്ച സംസ്ഥാനമാക്കി മാറ്റും എന്നാണ് പറഞ്ഞത്. ശ്രീ. പിണറായിയുടെ സ്വപ്നം നമ്മുടെ വി.എസ്. ഗ്രൂപ്പുകാരനായ ശ്രീ. ശർമ്മ തകർത്തു എന്നുപറയുന്നതാവും ശരി.

സർ, കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിനെ മൂന്നായി ഭാഗിച്ച് അവിടെ ഒരു അതോറിറ്റി കൂടി വച്ചു, നിങ്ങൾ ഘട്ടംഘട്ടമായി ലോഡ് ഷെഡ്ഡിംഗ് പൂർത്തിയാക്കുമെന്ന് പറഞ്ഞു. ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ അതേപ്പറ്റി ഒന്നും പറയാത്തതെന്താണ്? ഞങ്ങൾക്ക് അറിയാൻ ആഗ്രഹമുണ്ട്. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വലിയ തമാശയാണ് ജനകീയപോലീസ്, പാശ്ചാത്യ മാതൃകയിലുള്ള ജനകീയ സംവിധാനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ ബ്രിട്ടനെ പോലുള്ള പശ്ചാത്യരാജ്യങ്ങളിൽ പോലീസ് എന്നു പറഞ്ഞാൽ ഒരു സ്വതന്ത്ര ഏജൻസിയാണ്. സർ, കേരളത്തിലെ പോലീസ് എന്താണ്? ഇവിടെത്തെ മാർക്സിസ്റ്റ് പാർട്ടിയുടെ എൽ.സി.യുടേയും ഡി.സി.-യുടേയും അധീനതയിൽ കഴിയുന്ന വർഗ്ഗമെന്നല്ലാതെ ഇവരെ ഒരു സ്വതന്ത്ര ഏജൻസിയായിട്ട് കാണാൻ കഴിയുമോ? ഇവിടുത്തെ ജനകീയ പോലീസിന്റെ കൺവീനർമാർ ആരൊക്കെയാണ്. മദ്യപിക്കാത്ത, പുകവലിക്കാത്ത, കൈക്കൂലി വാങ്ങിക്കാത്ത, മറ്റു കുറെ യോഗ്യതകളുമുണ്ട്, സർ, നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും കമ്മിറ്റിയിൽ വന്നിട്ടുള്ള റിപ്പോർട്ട് വായിച്ചുനോക്കിയാൽ മാനസ്സിലാകും സംസ്ഥാനത്തു നടക്കുന്ന സ്ത്രീപീഡന കേസിലെ പ്രതികൾ ഈ നിയമപാലകരാണെന്ന്, ഞാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു, ഞങ്ങൾ പ്രതിപക്ഷത്താണ്, പ്രതിപക്ഷത്തിരുന്നുകൊണ്ടുതന്നെ പറയുന്നതു ജനകീയപോലീസ് ഞങ്ങൾ നടപ്പിലാക്കാൻ സമ്മതിക്കില്ല. ആ കാര്യത്തിൽ ഒരു സംശയവും വേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു പോയിന്റ് ഓഫ് ഓർഡറുണ്ട്.

ശ്രീമതി ശോഭനാ ജോർജ് : കഷ്ടമാണ് സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ജി. സുധാകരൻ : പോയിന്റ് ഓഫ് ഓർഡർ കഷ്ടമാണെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ശരിയല്ല, അത് ആർക്കും ഉന്നയിക്കാം, പോയിന്റ് ഉണ്ടോയെന്ന് കേട്ടാൽ മതി. സർ, കേരളത്തിലെ പോലീസ് സേനയിൽ പതിനായിരക്കണക്കിന് അംഗങ്ങൾ, അതിൽ ഏതെങ്കിലും ചില

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാർ മറ്റു സാധാരണമനുഷ്യരുടെ ഇടയിലുള്ള ആളുകളെപ്പോലെ എന്തെങ്കിലും കുഴപ്പം കാണിക്കുന്നവർ ഉള്ളതുകൊണ്ട് ആ കൂട്ടത്തിൽ ഒരാൾപോലും മദ്യപിക്കാത്തവനായിട്ടില്ല. എല്ലാപേരും മദ്യപിക്കുന്നവരാണ്, എല്ലാപേരും കുഴപ്പക്കാരാണ് എന്നിങ്ങനെ കാതടച്ചു പറയുന്നത് ഓർഡറിലാണോ സർ?

ശ്രീമതി ശോഭനാ ജോർജ് : സർ, ജനകീയ പോലീസ് കൊണ്ടുദ്ദേശിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ആണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു സംശയവും വേണ്ട പോലീസ് ഫാസിസം ഞങ്ങൾ അനുവദിക്കില്ല. എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി തലശ്ശേരി ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ ആണ് ആദ്യമായി അയ്യൻകാളി പട വരുന്നത്. സർ, പാലക്കാട് കളക്ടറായിരുന്ന ഡബ്ല്യൂ. ആർ. റെഡ്ഡിയെ ബന്ദിയാക്കിയ ആ അയ്യൻകാളി പടയെ ഇന്ന് ക്രൈസിസ് മാനേജുമെന്റിന്റെ പേരിൽ എല്ലാവരും വെറുതെ വിട്ടതുകൊണ്ടാണ് നാലു ദിവസത്തിനുമുൻപ് കോതമംഗലത്തു കെ.എസ്.ഇ. ബി.യ്ക്ക് വേൾഡ് ബാങ്ക് പ്രോജക്ട് ഓഫീസിൽ കയറി അവർക്ക് തല്ലിതകർക്കാൻ കഴിഞ്ഞത്. ഞങ്ങളുടെ ഭരണകാലത്തൊന്നും ഒരു അയ്യങ്കാളിപ്പടയെയും ഞങ്ങൾ കണ്ടിട്ടില്ല. ഭാഗ്യംകൊണ്ടും ആയുസ്സിന്റെ വലിപ്പം കൊണ്ടുമാണ് കേരളത്തിലെ ജനങ്ങൾ ഇവിടെ ജീവിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി എപ്പോഴും ചോദിക്കുമല്ലോ ഞാൻ ഇരിക്കുന്ന സമയത്ത് ഇവിടെ വെടിവയ്പ് നടന്നിട്ടുണ്ടോ? ഞാൻ വിനീതനായി ചോദിക്കുകയാണ് അങ്ങ് വിചാരിച്ചാൽ ഇവിടെ ഒരു വെടിവയ്പ് നടത്താൻ പറ്റുമോ? അങ്ങ് പറഞ്ഞാൽ പോലീസ് ഒരു വെടിവയ്ക്കാൻ തയ്യാറാകുമോ? ആ അച്ചടക്കം എന്നേ ഇവിടുന്ന് നഷ്ടമായി. സർ, ഉത്തരവിട്ടാൽ അതിന്റെ ആക്ടും അതിന്റെ മാന്യുവലും തെരക്കേണ്ട സാഹചര്യമാണ് ഇന്ന് ഇവിടുള്ളത്.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. സർ, സഭയിലെ ബഹുമാന്യയായ ഒരു അംഗം ഇവിടെ കേരളത്തിൽ മുഖ്യമന്ത്രി വെടിവയ്പ് നടത്തണമെന്നു പറയുന്നത് ഓർഡറിലാണോ സാർ, എന്താണ് ഈ പറയുന്നത്?

ശ്രീമതി ശോഭനാ ജോർജ് : ഞാൻ അതിന്റെ മറുപടി പറയാം, എറണാകുളത്തെ എ. ആർ. ക്യാമ്പിൽ മൊബിലൈസേഷൻ പരേഡു നടന്നു, അങ്ങു പത്രത്തിൽ വായിച്ചില്ലേ, എറണാകുളത്തെ എ.ആർ. ക്യാമ്പിൽ മൊബിലൈസേഷൻ പരേഡു നടന്നിട്ട് ആ പരേഡിന്റെ അന്നുള്ള ഉന്നതോദ്യോഗസ്ഥൻമാരെ പോലീസ് തടഞ്ഞുവച്ച് മുദ്രാവാക്യം വിളിച്ചു. അങ്ങേയ്ക്കറിയാമോ ? എ.ആർ.ക്യാമ്പിൽ മൊബിലൈസേഷൻ പരേഡിന് വന്ന ഉദ്യോഗസ്ഥനെ വളഞ്ഞുവച്ച് മുദ്രാവാക്യം വിളിച്ചു. സമ്മതിച്ചുകൊടുക്കാൻ പറ്റുന്ന കാര്യമാണോ, ഞങ്ങളുടെ കാലത്ത് ഇവിടെ മൊബിലൈസേഷൻ പരേഡു നടന്നിട്ടുണ്ട് അടിയന്തിരാവസ്ഥ കഴിഞ്ഞതിനുശേഷം ഈ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പോലീസ് മുദ്രാവാക്യം

LIBRARY ARCHIVES Kerala Legislative Assembly

വിളിക്കുന്നത്. അത്രമാത്രം അച്ചടക്കമില്ലാത്ത ഒരു പോലീസാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ പീഡിപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരെ മുഴുവൻ ഞങ്ങൾ സംരക്ഷിക്കും, അതിൽ യാതൊരു സംശയവും വേണ്ട. രാഷ്ട്രീയവൈരാഗ്യം വച്ച് നിങ്ങൾ സസ്പെൻഡു ചെയ്തവരെ ഞങ്ങൾ തിരിച്ചുകൊണ്ടുവരും. സുവർണസൂര്യൻ അസ്തമിക്കാൻ ഇനി മാസങ്ങളേയുള്ളൂ എന്നുള്ള കാര്യം നിങ്ങൾ മറക്കണ്ട, ഈ ബഡ്ജറ്റ് സമ്മേളനം തീരട്ടെ, കാണിച്ചുതരാം എന്താ സംഭവിക്കുന്നതെന്ന് ബഡ്ജറ്റ് സമ്മേളനം കഴിയുമ്പോൾ അതിനെപ്പറ്റി പറയാം. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. സാമ്പത്തിക അച്ചടക്കമില്ലാത്ത, പോലീസിന് അച്ചടക്കമില്ലാത്ത, ക്രമസമാധാനം ഭദ്രമല്ലാത്ത ഒരു ഗവൺമെന്റ് അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. പിരപ്പൻകോട് മുരളി : വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നു. ഞാൻ എന്റെ പ്രസംഗം ആരംഭിക്കാൻ തുടങ്ങുമ്പോൾ എന്റെ ബഹുമാനപ്പെട്ട സഹോദരി ചുവന്ന സൂര്യനെ അസ്തമിപ്പിച്ച് ഇരുട്ടിനെ ക്ഷണിച്ചുവരുത്തി കൊണ്ടാണ് അവസാനിപ്പിച്ചത്, അപ്പോൾ ആ ഇരുട്ടിന്റെ കൂടെ യോജിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നത്. മഹാപ്രളയത്തിലെ നോഹയുടെ പെട്ടകത്തെയോ, കല്പാന്തകാല പ്രളയത്തിലെ ആലിലകൃഷ്ണനേയൊ അനുസ്മരിപ്പിക്കുന്നതാണ് ധനകാര്യ വകുപ്പുമന്ത്രി 2000-2001-ലെ ബഡ്ജറ്റായി ഇവിടെ അവതരിപ്പിച്ചത്. ലോകസമ്പദ്ഘടനയിൽ മാറാരോഗങ്ങളുടെ ഒറ്റമൂലിയായി ആഗോളവൽക്കരണത്തെ സ്വയംവരിച്ച മൻമോഹൻ സിംഗ് മുതൽ യശ്വന്ത്സിൻഹ വരെയുള്ള ധനകാര്യമന്ത്രിമാരുടെ സാമ്രാജ്യത്വ പക്ഷപാതവും പുത്തൻ കോളനിവൽക്കരണത്തിന് രാജവീഥി തയ്യാറാക്കുകയും അതിൽ പട്ട് പരവതാനി വിരിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ പരിമിതികൾക്കകത്തുനിന്ന് ജനക്ഷേമകരങ്ങളായ ഒട്ടേറെ ക്രിയാത്മകമായ നടപടികൾക്ക് തുടക്കം കുറിക്കുന്ന ഈ ബഡ്ജറ്റ് യു.ഡി.എഫ്-ന്റെ ട്യൂഷൻമാസ്റ്ററായ കുത്തക പത്രത്തിനും അവരുടെ അടിത്തുണ് പറ്റുന്ന തൂലികതൊഴിലാളികൾക്കും ദിശാബോധമില്ലാത്ത ബഡ്ജറ്റ് ആയില്ലെങ്കിലേ അത്ഭുതമുള്ളൂ. ഈ ബഡ്ജറ്റിന് ഒരു വർഗ്ഗ സമീപനമുണ്ട്. അത് അവർക്ക് മനസ്സിലാകാത്തതിൽ അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഈ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ അതിന് എതിരായി ചില പ്രതികൂല സാഹചര്യങ്ങളുണ്ടായി, ആ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുവേണം ഈ ബഡ്ജറ്റിനെ വിലയിരുത്തേണ്ടത്. എന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. കേരളത്തിന് കേന്ദ്ര ആസൂത്രണ കമ്മീഷൻ 3250 കോടി രൂപയുടെ വാർഷിക പദ്ധതി അടങ്കൽ അനുവദിച്ചു. അതിൽ കേരളത്തിന്റെ വിഹിതം 2117 കോടി രൂപയായിരിക്കുമെന്ന് നിശ്ചയിക്കപ്പെട്ടു. എന്നാൽ ഇപ്പോൾ കേന്ദ്രത്തിന്റെ നിലപാട് 1556 കോടി രൂപയിൽ കൂടുതലായിട്ട് ഒന്നും പ്രതീക്ഷിക്കേണ്ട എന്നാണ്. അതായത് 531 കോടി രൂപ വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ഇതിനുപുറമേയാണ് ഭക്ഷ്യസബ്സിഡി 12% വെട്ടികുറച്ചത്. സ്റ്റാറ്റ്യൂട്ടറി റേഷൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി

LIBRARY ARCHIVES Kerala Legislative Assembly

പരിമിതപ്പെടത്തണമെന്ന കേന്ദ്രത്തിന്റെ അഭിപ്രായവും, ഇതൊന്നിച്ച് മനസ്സിലാക്കേണ്ട വിഷയമാണ്, ഇതിനിടയിലാണ് പുതിയ സംഭവം, സിലോണിൽ പോയിട്ട് വന്ന ആൾ തേങ്ങ കണ്ടിട്ട് വീട്ടിലെ അമ്മയോട് ഇത് എന്നാത്തിൻ കായ് എന്ന് ചോദിക്കുന്നതുപോലെ കേന്ദ്രത്തിൽ അദ്ദേഹം മന്ത്രിയായപ്പോൾ ബഹുമാനപ്പെട്ട രാജഗോപാൽ അദ്ദേഹം കളർ ജുബ്ബയും നീണ്ട കുപ്പായവും ഇട്ട് തിരിച്ചു കേരളത്തിൽ വന്നപ്പോൾ ഗസ്റ്റ്ഹൗസിൽ വച്ചു നടന്ന പത്രസമ്മേളനത്തിൽ അദ്ദേഹം ചോദിക്കുകയാണ് ഈ സ്റ്റാറ്റ്യൂട്ടറി റേഷൻ എന്തിനാണ്, ഇത് യുദ്ധകാലത്തും ക്ഷാമകാലത്തും മാത്രമല്ലേ വേണ്ടു അല്ലാത്ത കാലത്ത് റേഷൻ വേണമോ എന്നാണ്. പക്ഷെ ഒരു പ്രത്യേകത എന്താണെന്നു ചോദിച്ചാൽ ഇവിടെ പ്രതിപക്ഷക്കാർക്ക് ആർക്കും ഒരു വിഷമവും ഇല്ല. പണ്ട് അരിയുടെ വില കൂടിയപ്പോൾ പാലു കുടിച്ചാൽ പോരെ, പാലിന് വില കുറവാണ് എന്നു ചോദിച്ച ഒരു മുഖ്യമന്ത്രിയുണ്ടായിരുന്ന രാജ്യമാണ്. അതുകൊണ്ട് അവർക്ക് ഇതിൽ അത്ഭുതം തോന്നാനിടയില്ല. മറ്റൊരുകാര്യം, നമ്മുടെ കാർഷികമേഖലയുടെ നട്ടെല്ല് തകർക്കുന്ന സമീപനമാണ് കേന്ദ്ര ഇറക്കുമതിനയം. രാസവള സബ്സിഡി എടുത്തുകളഞ്ഞതുമൂലം രാസവളത്തിന്റെ വിലകയറ്റം ഒരു ഭാഗത്ത്, മറ്റൊന്ന് കേരളത്തിലെ കാർഷിക രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, നമ്മുടെ ഭക്ഷ്യോത്പാദനമേഖലയിൽ 14.8 ലക്ഷം ഹെക്ടർ ഭൂമിയാണ് ഭക്ഷോത്പാദനത്തിന് ഉപയോഗിച്ചിരുന്നതെങ്കിൽ അത് എട്ടു ലക്ഷമായി ചുരുങ്ങി അതേസമയം ഏഴുലക്ഷം ഹെക്ടർ ഭൂമി നാണ്യവിളകൾക്കുവേണ്ടി ഉപയോഗിച്ചിരുന്ന സ്ഥാനത്ത് 19.6 ലക്ഷം ഹെക്ടർ ഭൂമിയാണ് ഇന്ന് ഉപയോഗിക്കുന്നത്. ഇതിലെ മുഖ്യ കൃഷി റബ്ബറാണെന്ന് എല്ലാവർക്കും അറിയാം. പുതിയ ആഗോള സാമ്പത്തിക നയത്തിന്റെ ഫലമായി നരസിംഹറാവുവിന്റെ 1991-ലെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി തുടക്കത്തിൽ റബ്ബർ ഇറക്കുമതി ചെയ്യാനാണ് തീരുമാനിച്ചതെങ്കിലും ഇപ്പോൾ റബ്ബർ ടയർ, റബ്ബർ ഉൽപ്പന്നങ്ങൾ എന്നിവ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചു. ഇതിന്റെ അർത്ഥം കേരളത്തിലെ റബ്ബർ കൃഷിക്കാരൻ ഇനിയൊരിക്കലും രക്ഷപ്പെടാൻ പോകുന്നില്ല എന്നാണ്. മുക്കിനപ്പുറം രാജ്യം ഇല്ലെന്ന ധാരണയിൽ ഇവിടത്തെ രാഷ്ട്രീയ ചാണക്യൻമാർ റൂൾ അൻപതും റൂൾ അറുപത്തിരണ്ടും തിരിച്ചും മറിച്ചും പ്രയോഗിച്ച് നായനാരുടെ കർഷകദ്രോഹ നയത്തിനെതിരെ കഥകളിയിലെ കത്തിവേഷം അലറുന്നതുപോലെ അലറിയിട്ടോ റബ്ബർ കർഷക പ്രേമം വാർത്ത മാധ്യമങ്ങളിൽ മത്തങ്ങ വലിപ്പത്തിൽ അച്ച് നിരത്തിയതു കൊണ്ടോ ഇതിന് പരിഹാരമാകുമെന്ന് ധരിക്കണ്ട. പൂച്ച കണ്ണടച്ച് പാലു കുടിക്കുന്നതുപോലെ അത്തരത്തിൽ പ്രസ്താവനയിറക്കി സ്വയം തൃപ്തിയടയാം എന്നുമാത്രം. അതുകൊണ്ട് ഒരു പാലാക്കാരനെപ്പോലും പറ്റിക്കാനാവില്ല എന്ന് അർത്ഥം. ആഗോളവൽക്കരണത്തിൽ കൂടിയും, സ്വകാര്യ വൽക്കരണത്തിൽകൂടിയും ഉദാരവൽക്കരണത്തിൽ കൂടിയും സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗരാജ്യത്തിലേയ്ക്കു കടക്കാമെന്ന വ്യാമോഹം തെറ്റിപ്പോയി എന്ന് ഇപ്പോഴെങ്കിലും മനസ്സിലാക്കുന്നത് നന്ന്. ആഗോളവൽക്കരണം മൂലധനകേന്ദ്രീകരണത്തിനും ആഗോള സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്കും ഇടയാക്കി എന്ന വസ്തുത ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടു വരികയാണ്. അതിന്റെ പ്രത്യക്ഷമായ തെളിവാണ്

LIBRARY ARCHIVES Kerala Legislative Assembly

സിയാറ്റിനിൽ നടന്ന പ്രതിഷേധ പ്രകടനങ്ങളും മറ്റും. ലോകജനസംഖ്യയുടെ അഞ്ചിലൊരു ഭാഗം അധിവസിക്കുന്ന വികസിത മുതലാളിത്ത രാജ്യങ്ങൾ, അതിൽ ലോക വരുമാനത്തിന്റെ 82% (അഞ്ചിൽനാലുഭാഗം) അവരാണ് ഇന്ന് കൈകാര്യം ചെയ്യുന്നത്, അവർക്കാണ് ലഭിക്കുന്നത്. ലോകവ്യാപാരത്തിന്റെ 81.2%-വും വാണിജ്യ വായ്പകളുടെ തൊണ്ണൂറ്റഞ്ചു ശതമാനവും റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ തൊണ്ണൂറ്റിനാലു ശതമാനവും അവരാണ് നിയന്ത്രിക്കുന്നത്. എന്നാൽ ലോകത്തിലെ ഏറ്റവും പാവപ്പെട്ട അഞ്ചിൽ നാലുഭാഗം ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നതാകട്ടെ കേവലം 1.4 ശതമാനം മാത്രമാണ്. അതിൽ നിന്നും ആഗോള സാമ്പത്തിക വ്യവസ്ഥയുടെ ഗുണം ആർക്കാണെന്ന് വ്യക്തമാകും. ലോകജനസംഖ്യയുടെ വൻഭൂരിപക്ഷത്തെയും വികസന പ്രക്രിയയിൽ നിന്ന് പുറം തള്ളുന്നതാണ് ആഗോളവൽക്കരണം. ഈ ആഗോളവൽക്കരണത്തിനു മറുപടി ജനകീയാസൂത്രണവും അധികാര വികേന്ദ്രീകരണവുമാണെന്ന് ഇന്ന് പരക്കെ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ആഗോളവൽക്കരണം എന്ന സമീപനത്തിന്റെ കേരളത്തിന്റെ മറുപടിയാണ് അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും, അധികാരവികേന്ദ്രീകരണത്തെ കുറിച്ചു പറയുമ്പോൾ ചില സ്വപ്നങ്ങളെക്കുറിച്ചു പറയാറുണ്ട്. അതിൽ മുഖ്യമായത് മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നത്തെക്കുറിച്ചാണ്. ഇൻഡ്യൻ സമൂഹത്തെക്കുറിച്ച് ഒരുപാട് സ്വപ്നങ്ങളുള്ള ആളായിരുന്നു ഗാന്ധിജി. ഗാന്ധിജിയെ അധികാരത്തിലേക്കുള്ള ഒരു ചവിട്ടു പടി എന്നതിൽക്കവിഞ്ഞ് അദ്ദേഹത്തിന്റെ ഏതെങ്കിലും സ്വപ്നം പ്രാവർത്തികമാക്കാൻ സ്വാതന്ത്ര്യം കിട്ടിയശേഷം കോൺഗ്രസ് തയ്യാറായിട്ടുണ്ടോ എന്ന് ഒരു ആത്മപരിശോധന നടത്തണം. 1947-ൽ അധികാരം കിട്ടി. എന്നാൽ 1935-ൽ കറാച്ചിയിലും തുടർന്ന് ഫേസ്പൂരിലും പാസ്സാക്കിയ ഭൂപരിഷ്ക്കരണ നിയമത്തിന്റെ സ്ഥിതി എന്താണ് ഇതപര്യന്തം കോൺഗ്രസ് ഭരിക്കുമ്പോൾ കേന്ദ്രത്തിലോ അവർ ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്തോ അത് നടപ്പിലാക്കിയിട്ടുണ്ടോ എന്നു ഈ അവസരത്തിൽ ചിന്തിക്കുന്നതു നന്നായിരിക്കും. യഥാർത്ഥത്തിൽ ഗാന്ധിജിയുടെ സ്വപ്നം നടപ്പിലാക്കിയത് ആരാണ്? കമ്മ്യൂണിസ്റ്റുകാരായ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും ജ്യോതിബാസുവും ത്രിപുരയിലെ ദശരഥഭേബുവുമാണ്. ഇൻഡ്യയുടെ അവസാനത്തെ കോൺഗ്രസ്സ് പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുവിന് ആന്ധ്രാപ്രദേശിൽ പതിനായിരം ഏക്കർ മുന്തിരി തോട്ടമുണ്ടെന്നാണ് കേട്ടിട്ടുള്ളത്. പിന്നെ ഗ്രാമസ്വരാജ് പറഞ്ഞിട്ട് എന്തുകാര്യം. കോൺഗ്രസ്സിന്റെ ഭരണകാലത്ത് സമയത്ത് പഞ്ചായത്തു തെരഞ്ഞെടുപ്പുപോലും നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മെമ്പർ പിരപ്പൻകോട് മുരളി ഗാന്ധിജിയുടെ സ്വപ്നം നടപ്പാക്കിയത് നിങ്ങളാണെന്ന് പറഞ്ഞു. ഗാന്ധിജിയുടെ അഹിംസാവാദം നടപ്പിലാക്കിയതും നിങ്ങളല്ലേ?

ശ്രീ. പിരപ്പൻകോട് മുരളി : സർ, അഹിംസാവാദം എന്ന് ഞാൻ പറഞ്ഞില്ലല്ലോ. ഞാൻ പറഞ്ഞത് അദ്ദേഹത്തിന്റെ ഗ്രാമ സ്വരാജ്സ്വപ്നമാണ്. അരി എത്ര എന്ന് ചോദിച്ചാൽ പയറ് അഞ്ഞാഴി എന്നു പറയണ്ട. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് ഒരുകാര്യം മാത്രമേയുള്ളൂ. ഗാന്ധിജി ജനാധിപത്യവൽക്കരണവും ഗ്രാമസ്വരാജ്യം സ്വപ്നം കണ്ടു, അധികാരവികേന്ദ്രീകരണം സ്വപ്നം കണ്ടു. അതു പ്രാവർത്തികമാക്കിയത് ഇ.എം.എസ് നമ്പൂതിരിപ്പാടാണെന്നാണ് ഞാൻ പറഞ്ഞത്. ഗാന്ധിജിയുടെ അഹിംസ മറ്റൊരു വിഷയമാണ്. അതും ഇതുമായി കൂട്ടികുഴയ്ക്കേണ്ട. ഒരു കാര്യം മനസ്സിലാക്കേണ്ടത് മഹാത്മാഗാന്ധി ഗ്രാമസ്വരാജ് സ്വപ്നം കാണുന്ന ഘട്ടത്തിൽ 1938-ൽ കേരളത്തിലെ കെ.പി.സി.സി. സെക്രട്ടറിയായിരുന്നു ഇ.എം.എസ്. നമ്പൂതിരിപ്പാട്. അന്ന് അദ്ദേഹം, 1938 ജൂലായ് 12-ന് മാതൃഭൂമിയിൽ ഒരു ലേഖനമെഴുതി. 'മദിരാശി ഗവൺമെന്റും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും' എന്നാണ് ആ ലേഖനത്തിന്റെ പേര്. ആ ലേഖനത്തിൽ മലബാറിലെ പഞ്ചായത്തു ബോർഡുകൾക്ക് പോലീസിന്റെ അടക്കം അധികാരം വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടാണ് ലേഖനം. ഞാൻ ഇതു സൂചിപ്പിച്ചത് സ്വയം സമ്പൂർണ്ണമായ ഗ്രാമസ്വരാജ് സ്വപ്നം കണ്ടപ്പോൾ അതു പ്രാവർത്തികമാക്കാൻ ശ്രമിച്ച ഇൻഡ്യയിലെ ഏക കോൺഗ്രസ് സെക്രട്ടറിയായിരുന്നു ഇ.എം.എസ്. നമ്പൂതിരിപ്പാട്. ആ ലേഖനമെഴുതി അധിക ദിവസം കഴിയുന്നതിനു മുൻപു തന്നെ കെ.പി.സി.സി പിരിച്ചുവിട്ടു. ആ ചരിത്രം ബഹുമാനപ്പെട്ട ബാബുവിനും ജോയിക്കുമൊക്കെ അറിയാമോ എന്ന് എനിക്കറിഞ്ഞുകൂടാ. കോൺഗ്രസ്സിന്റെ ചരിത്രം പഠിച്ചാലേ അതു മനസ്സിലാകൂ. 1957 മുതൽ ഞാൻ പറഞ്ഞല്ലോ ഇ.എം.എസ്. സമ്പൂതിരിപ്പാടാണ് ഇവിടത്തെ അധികാരവികേന്ദ്രീകരണത്തിന്റെ മുഖ്യസ്രോതസ്സ് എന്നു പറഞ്ഞപ്പോൾ അദ്ദേഹം 1938-ൽ കോൺഗ്രസ്സിന്റെ സെക്രട്ടറിയായിരുന്നു. ആ കാലത്ത് (തടസം) കോൺഗ്രസിനെക്കുറിച്ച് എനിക്ക് ആക്ഷേപമൊന്നുമില്ല. കോൺഗ്രസ് മോശമാണെന്ന് ഞാൻ പറഞ്ഞില്ല. 1947-നു ശേഷമാണ് കോൺഗ്രസ് മോശമായത്.

ശ്രീ. പി. ജെ. ജോയി : ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളി അധികാര വികേന്ദ്രീകരണം കൊണ്ടുവന്നത് ഇ.എം.എസ്. നമ്പൂതരിപ്പാടാണെന്ന് രണ്ടാം വട്ടവും പറഞ്ഞു. അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയത് ശ്രീ. പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ ഭരണഘടന ഭേദഗതിമൂലമാണെന്നുള്ള വസ്തുത മറച്ചുവച്ചുകൊണ്ട് അങ്ങു പറയുന്നത് ശരിയാണോ ?

ശ്രീ. പിരപ്പൻകോട് മുരളി : സർ, തോക്കിനകത്ത് കയറി വെടിവയ്ക്കുകയാണ്. ഞാൻ പറയുന്നതു മുഴുവൻ നിങ്ങൾ ക്ഷമയോടു കൂടി കേൾക്കണം. ഞാൻ പറയുന്നതു മുഴുവനും നിങ്ങൾ കേട്ടില്ലല്ലോ. സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും, എന്നതുപോലെ ഞാൻ നരസിംഹറാവുവിന്റെ പങ്കിനെ ഒരിക്കലും നിഷേധിക്കാൻ ശ്രമിച്ചില്ല. ഞാൻ പറയാൻ വന്നത് ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സ്വപ്നം, അധികാരവികേന്ദ്രീകരണമെന്ന സ്വപ്നം. നാട്ടിൽ നടപ്പിലാക്കാൻ ശ്രമിച്ച ആദ്യത്തെ ആൾ ഇ.എം.എസ്. നമ്പൂതിരിപ്പാട് ആണെന്നാണ്. അതുകൊണ്ടാണ് 1938 ജൂലായ് 12-ലെ ലേഖനത്തെപ്പറ്റി പറഞ്ഞത്. 1957-ലാണ് ആദ്യം അദ്ദേഹത്തിന് അധികാരം കിട്ടുന്നത്. അധികാരം കിട്ടിയപ്പോൾ ഭരണപരിഷ്ക്കാര കമ്മിറ്റിയിലൂടെ ഒരു ജില്ലാ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ജില്ലാ കൗൺസിൽ എന്ന സങ്കല്പം കേരളത്തിൽ കൊണ്ടുവന്നത് സഖാവ് ഇ.എം.എസ് നമ്പൂതിരിപ്പാടാണ്. മറ്റൊന്നു ഭരണഘടനയുടെ 73, 74 ഭേദഗതികളെകുറിച്ചു പറയുമ്പോൾ അതു രാജീവ് ഗാന്ധിയുടെ സ്വപ്നമായിരുന്നുവെന്നു പറയാറുണ്ട്. 73, 74 ഭരണഘടനാ ഭേദഗതി കൊണ്ടുവരാൻ ശ്രമിച്ച അദ്ദേഹത്തിന്റെ ഉദ്ദേശം സമഗ്രമായ അധികാരവികേന്ദ്രീകരണമല്ല. സംസ്ഥാന ഗവൺമെന്റുകളുടെമേൽ ത്രിതല പഞ്ചായത്തു സംവിധാനമുണ്ടാക്കി കേന്ദ്ര ഗവൺമെന്റ് നേരിട്ട് നയിക്കുന്ന ഒരു രീതിയാണ് അദ്ദേഹം ഉദ്ദേശിച്ചത്. ആ രീതിയായിരുന്നു ഭരണഘടനഭേദഗതിയിലൂടെ അദ്ദേഹം ഉദ്ദേശിച്ചത്. അതുകൊണ്ടുതന്നെയാണ് ഇടതുപക്ഷങ്ങളുടെ സഹായം അന്ന് ഇല്ലാത്തതുകൊണ്ട്, സഭയിൽ ഇതു പാസ്സാക്കാൻ മുന്നിൽ രണ്ടു ഭൂരിപക്ഷമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന് രാജ്യസഭയിൽ പരാജയപ്പെടേണ്ടിവന്നത്. തുടർന്നു വന്ന നരസിംഹറാവുവാണ് ഇടതുപക്ഷങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിയത്. അതു ശ്രീ. ജോയി മറന്നുപോയി. ഇടതുപക്ഷങ്ങളെ സഹായത്തോടെ 73, 74 ഭരണഘടനാ ഭേദഗതികൾ അംഗീകരിച്ച് അധികാരവികേന്ദ്രീകരണം നടപ്പിലാക്കാൻ ശ്രമിച്ചു. പക്ഷെ അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ ശ്രമിച്ചു എന്നു പറയുമ്പോഴും കേരളത്തിലും ബംഗാളിലും ഒഴികെ മറ്റെല്ലായിടത്തും അധികാരം ഇപ്പോഴും ഉദ്യോഗസ്ഥ കേന്ദ്രങ്ങളിലും സെക്രട്ടേറിയറ്റിലും കേന്ദ്രീകരിച്ചിരിക്കുന്നു. കേരളത്തിലും ബംഗാളിലും മാത്രമാണ് ഗ്രാമതലങ്ങളിലേക്ക്, ത്രിതല പഞ്ചായത്തുകളിലേക്ക് അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയത്. മദ്ധ്യപ്രദേശ് മുഖ്യമന്ത്രി ദിഗ്‌വിജയ്സിംഗ് കേരളത്തിൽ വരികയും അദ്ദേഹം നാലഞ്ചു ദിവസം ഇവിടെ താമസിച്ച് ജനകീയാസൂത്രണവും അധികാര വികേന്ദ്രീകരണവും സംബന്ധിച്ച് പഠിച്ചു പോകുകയും ചെയ്തു. മദ്ധ്യപ്രദേശ് ഗ്രാമപഞ്ചായത്തു മന്ത്രി ജയ്സിംഗ് ഇവിടത്തെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും ജനകീയാസൂത്രണത്തെക്കുറിച്ചും പുകഴ്ത്തുകയും തന്റെ നാട്ടിൽ അതു പ്രാവർത്തികമാക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുമെന്നു പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പാലോട് രവി: സർ, കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയിട്ട് നാലുവർഷമായി, അധികാരം കേന്ദ്രീകരിച്ചിരിക്കുന്ന കേരളത്തിന്റെ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ നിന്നും ഒരു ക്ലാർക്കിനെപ്പോലും താഴോട്ടുകൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വസ്തുത. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന ഈ അവസരത്തിൽ സെക്രട്ടേറിയറ്റിൽ ഒരു പോസ്റ്റ് കുറയ്ക്കാൻ, ഒരു ക്ലാർക്കിന്റെ പോസ്റ്റ് കുറയ്ക്കാൻവേണ്ടി കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല അവിടെ അധികാരം കൂടിവരികയും ചെയ്യുന്നുവെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിരപ്പൻകോട് മുരളി: ശ്രീ. പാലോട് രവി, തെറ്റിപ്പിക്കാനാണ് അങ്ങ് ഇത് സംസാരിക്കുന്നത്. കാരണം ഒരു ക്ലാർക്കിനെ മാത്രമല്ല ഐ.എ.എസ്.കാരെയടക്കം താഴേയ്ക്ക് കൊണ്ടുവരികയാണ്. ആ പ്രോസസ് അതിനാണ് ഡീസെൻട്രലൈസേഷൻ ബിൽ അതിന്റെ ഭേദഗതി വീണ്ടും ഇവിടെ അവതരിപ്പിക്കുന്നത്. 18 ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് ഉദ്യോഗസ്ഥൻമാരെ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്ലോയ് ചെയ്യാനുള്ള ശ്രമം നടത്തികൊണ്ടിരിക്കുകയാണ്. അതായത് ജനകീയാസൂത്രണത്തെ കുറിച്ച് നിങ്ങൾ എടുത്തിട്ടുള്ള നിഷേധാത്മക നയം തിരുത്തണം. 2,931 കോടി രൂപയാണ് ജനകീയാസൂത്രണത്തിന് വേണ്ടി ഗ്രാന്റ് ആയിട്ട് നൽകിയിട്ടുള്ളത്. പക്ഷേ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരിക്കൽ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു ഏതാണ്ട് 3,000 കോടി രൂപ ആ ഇനത്തിൽ അഴിമതി ഉണ്ട് എന്ന് പറഞ്ഞു. അതിനെക്കുറിച്ച് എന്താ പറയുക; അത് തിരുത്താൻ ശ്രമിക്കുന്നതായിരിക്കും നല്ലത് എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം കേരളാ മോഡൽ ലോകം മുഴുവൻ അംഗീകരിക്കപ്പെടുന്നതാണ്. കാരണം ശ്രീ. ക്ലിന്റൻ പോലും കേരള മോഡൽ അംഗീകരിക്കുന്ന തരത്തിലേയ്ക്ക് ഒരു പ്രസ്താവന ഇറക്കി. സമയച്ചുരുക്കം കൊണ്ട് ഞാൻ പറയുന്നില്ല. (ബഹളം.....) ശ്രീ. ക്ലിന്റൻ പോലും, ഞാൻ പറയട്ടെ ശ്രീ. ക്ലിന്റൻ യോഗ്യനെന്ന് പറയുന്നതല്ല. ശ്രീ. ക്ലീന്റൻ എന്ന് പറഞ്ഞാൽ നിങ്ങൾക്ക് ഇക്കിളി വരും. എനിക്കറിയാം. അടൂർ ഗോപാലകൃഷ്ണന്റെ വിധേയനെന്ന സിനിമയിൽ തൊമ്മി എന്ന് ഒരു കഥാപാത്രമുണ്ട്. ആ തൊമ്മി എന്ന കഥാപാത്രം അദ്ദേഹത്തിന്റെ ഭാര്യയോട് കിടക്കമുറിയിൽ വച്ച് ചോദിക്കുന്നതാണ്. നല്ല മണം, ഏതാണ്ട് പട്ടേരുടെ സെന്റിന്റെ മണമാണല്ലോ, നന്നായിരിക്കുന്നു എന്ന് പറഞ്ഞതുപോലെയാണ് ശ്രീ. ക്ലിന്റനെക്കുറിച്ച് സാമ്രാജ്യവാദികളായ നിങ്ങളുടെ ധാരണ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൊണ്ടുവന്ന ചേരിചേരാ നയം തകർത്ത് അമേരിക്കൻ ചേരിയിലേയ്ക്ക് ഇൻഡ്യയെ കൊണ്ടുപോയിട്ട് രണ്ട് കൈയും പൊക്കി പിൻതാങ്ങിയവരാണ്. നിങ്ങൾ പരവതാനി വിരിച്ചവരാണ് നിങ്ങൾ. ശ്രീ. ക്ലിന്റനെതിരെ സംസാരിച്ച് പോയി എന്ന് പറഞ്ഞിട്ട് കമ്മ്യൂണിസ്റ്റുകാരെയും, എം.പി. മാരേയുമൊക്കെ നിങ്ങൾ അസഭ്യം പറഞ്ഞവരാണ്, അല്ലെങ്കിൽ ആക്ഷേപിച്ചവരാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേരളത്തിൽ നിന്നുള്ള ചില പാർലമെന്റ് മെമ്പർമാർ ശ്രീ. ക്ലിന്റനെ തൊടാൻ, അടുത്ത് ചെന്നിങ്ങനെ തൊട്ടുവണങ്ങാൻ വേണ്ടി കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതാണ്. ടി.വി.യിൽ കാണിച്ചതാണ്. ശ്രീ. ക്ലിന്റനെ ഒന്ന് തൊട്ട് ആശീർവാദം വാങ്ങാൻ...

ശ്രീ. പിരപ്പൻകോട് മുരളി : സർ, അതുകൊണ്ടാണല്ലോ ഞാൻ പറഞ്ഞത് തൊമ്മിയുടെ മനോഭാവമാണെന്ന്. സ്വന്തം ഭാര്യയെ യജമാനൻ അനാവശ്യമായി കൈകാര്യം ചെയ്തപ്പോൾ പട്ടേരുടെ സെന്റിന്റെ മണം ഭാര്യയുടെ ദേഹത്തുണ്ടായി എന്ന് പ്രശംസിച്ച ആളുകളുടെ സമീപനമാണ് ഞാൻ പറഞ്ഞത്. ഇനി ദിശാബോധത്തെക്കുറിച്ച് ഒരു വാചകം. ഈ ബഡ്ജറ്റിന് ദിശാബോധമില്ലെന്ന് പറയുന്ന ആളുകൾ വാസ്തവത്തിൽ ആർക്ക് വേണ്ടിയാണ് ഈ ബഡ്ജറ്റ് എന്ന് പറയാൻ ധൈര്യപ്പെടുന്നില്ല. നേരെമറിച്ച് ചുവന്ന സൂര്യനെ അസ്തമിപ്പിച്ച് ഇരുട്ടിനെ ക്ഷണിച്ച് വരുത്തുന്ന ആളുകൾക്ക് ദിശാബോധം ഉണ്ടാകണം എന്ന് ദൈവംതമ്പുരാൻ വിചാരിച്ചാലും സാദ്ധ്യമല്ല. എനിക്ക് പെട്ടെന്ന് ഓർമ്മവന്നത് പണ്ട് കഥകളി കണ്ടുകൊണ്ടിരുന്ന ഒരു നമ്പൂതിരിയെക്കുറിച്ചാണ്. കഥകളി തുടങ്ങാറായി. നമ്പൂതിരി കുറെസമയമായി ഇരിക്കുകയാണ്. കഥകളി

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങട്ടെ എന്ന് കാര്യസ്ഥൻ പറഞ്ഞു. ഉടനെ കാര്യസ്ഥനോട് നമ്പൂതിരി പറയുകയാണ് എല്ലാവരും വരട്ടെ; സദസ്സ് നിറഞ്ഞിരിക്കുകയാണ്. സദസ് നിറഞ്ഞിരിക്കുമ്പോഴും എല്ലാവരും വരട്ടെ. അപ്പോൾ കാര്യസ്ഥന് കാര്യം മനസ്സിലായി. അദ്ദേഹം പറഞ്ഞു എല്ലാവർക്കും ഇന്ന് ക്ഷേത്രത്തിൽ കയറിക്കൂടാ, അതുകൊണ്ട് എല്ലാവരും വരില്ല, നമുക്ക് കഥകളി തുടങ്ങാമെന്ന്. ഇതുപോലെ നിങ്ങളുടെ ദിശാബോധം ആർക്ക് അനുകൂലമായാണെന്ന് പറയണം. അതിന് വേണ്ടിയാണ് ദിശാബോധം പ്രസംഗിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിരവധി കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റ്, ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയ ഈ ഗവൺമെന്റ്, അതിന്റെ നേട്ടങ്ങളുടെ പട്ടികയൊന്നും ഞാൻ ഇവിടെ പറയുന്നില്ല. ഒരു കാര്യം വ്യക്തിപരമായി ഞാൻ പറയുകയാണ്. ഒന്ന് ഈ വാമനപുരം പദ്ധതി, തീർച്ചയായും ഞങ്ങളുടെ തിരുവനന്തപുരം ജില്ലയുടെ ഒരു സ്വപ്നമാണ്. അത് പ്രാവർത്തികമാക്കാൻ മുൻകൈയെടുത്ത ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. മറ്റൊന്ന് 25-ഓളം കായികതാരങ്ങൾ, അവർ ദേശീയ ഗെയിംസിൽ സമ്മാനാർഹരാണ്. അങ്ങനെയുള്ള ഒരു കായിക ഗ്രാമമാണ് മാണിക്കൽ. അവിടെ ഒരു അന്താരാഷ്ട്ര നിലവാരമുള്ള നീന്തൽകുളം നിർമ്മിക്കാൻ ഈ ബഡ്ജറ്റിൽ വക കണ്ടെത്തിയതിന് തീർച്ചയായും അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇത്രയൊക്കെ കാണിച്ചിട്ടും നിങ്ങൾ എന്തു ചെയ്തു എന്ന് ചോദിക്കുന്നവരോട് ഒരിക്കൽകൂടി ഒരു സിനിമാ വാചകത്തിൽ ഞാൻ അവസാനിപ്പിക്കുകയാണ്. വാനപ്രസ്ഥത്തിൽ വിശ്വപ്രശസ്ത കലാകാരനായ കുഞ്ഞിക്കുട്ടൻ ലോകം മുഴുവൻ കീഴടക്കി വീട്ടിൽ വരുമ്പോൾ അയാളുടെ ഭാര്യ വെറും പ്രായോഗിക മന്ത്രവാദിയാണ്. അവർ ചോദിക്കുന്ന ഒരു ചോദ്യമാണ് താൻ എന്ത് നേടി? ഈ കാര്യങ്ങളൊന്നും, അയാൾ വിശ്വപ്രസിദ്ധനായതോ, ലോകം മുഴുവൻ അംഗീകരിക്കപ്പെട്ട കലാകാരൻ ആയതോ, അതൊന്നും അവർക്ക് പ്രശ്നമേ അല്ല. അവർ പറയുന്നു ഏതോ ഒരു തമ്പുരാട്ടിക്ക് ഒരു കുട്ടിയെ ഉണ്ടാക്കി എന്നതൊഴിച്ചാൽ നിങ്ങൾ എന്തു ചെയ്തു എന്ന് ചോദിക്കുന്നതുപോലെയാണ് പ്രതിപക്ഷക്കാർ ഇവിടെ ചോദിക്കുന്നത്. ഇതിനുള്ള ഉത്തരം കഴിഞ്ഞ കോർപ്പറേഷൻ ഉപതെരഞ്ഞെടുപ്പിൽ ഈ നിയമസഭാ മണ്ഡലം ഉൾക്കൊള്ളുന്ന കുന്നുകുഴി വാർഡിലെ തെരഞ്ഞെടുപ്പിലടക്കം കാണിച്ചിട്ടുണ്ട്. മോനിശേഖർ എന്ന കോൺഗ്രസ് (ഐ) നേതാവ് ജയിച്ച ആ സ്ഥലത്ത് ഇപ്പോൾ എൽ. ഡി. എഫ്-ന്റെ ശ്രീമതി വിജയമ്മയാണ് ജയിച്ചത്. അതുകൂടി മനസ്സിലാക്കണം എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ ഒരിക്കൽക്കൂടി ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുകയാണ്. കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിലും, സംസ്ഥാന ഗവൺമെന്റ് കൊണ്ടുവന്ന ബഡ്ജറ്റിലുമുള്ള വ്യത്യസ്ത സമീപനം അത് വേണ്ടതുപോലെ പ്രതിപക്ഷം ഇവിടെ കാണുന്നില്ല എന്ന് കാണുന്നതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. ജി. കാർത്തികേയനൊക്കെ പ്രസംഗിക്കുമ്പോൾ അത്തരം കാര്യങ്ങൾ വിശദീകരിക്കണം എന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൂടി ചില കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കാം. കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാൽ കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്താവനകളെക്കുറിച്ച് നമ്മൾ ഈ നിയമസഭയിൽ രണ്ട് ഭാഗത്തുള്ളവരും സംസാരിച്ചതാണ്. അദ്ദേഹം തൃശ്ശൂരിൽ നടത്തിയ പ്രസംഗം, ഞാനും ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നതാണ്, കേട്ടതാണ്. ഇന്ന് റേഷൻ വാങ്ങിക്കാനായാലും, അരി സാധനങ്ങൾ വാങ്ങിക്കാനായാലും, ഏത് കാര്യത്തിനായാലും പോക്കറ്റിൽ കാശുള്ളവരൊക്കെ പണം മുടക്കി വാങ്ങണം. സിനിമ കാണാൻ പോകുന്നവൻ സിനിമയ്ക്ക് ടിക്കറ്റെടുക്കുന്നതുപോലെ ഈ ആനുകൂല്യങ്ങളൊന്നും ഇനി നൽകാൻ പാടില്ല അദ്ദേഹം പറഞ്ഞ് വന്നത് അലക്കി വെളിപ്പിച്ച് വസ്ത്രം ഉടുക്കുന്നവരൊക്കെ ഇനി പണം കൊടുത്ത് അരിയും ഭക്ഷണസാധനങ്ങളും വാങ്ങണം. ഈ സൗജന്യം കേന്ദ്ര ഗവൺമെന്റ് നൽകില്ല. അത് കൃഷിക്കാർക്കായാലും, സാധാരണക്കാർക്കായാലും നൽകില്ല. വളരെ പരസ്യമായി പറഞ്ഞതാണ്. നമ്മളൊക്കെ ആ സമ്മേളനത്തിൽ പങ്കെടുത്ത് മറുപടി പറഞ്ഞു. ബി. ജെ. പി. യുടെ ഒരു പുതിയ സമീപനം കേന്ദ്ര ഗവൺമെന്റ് അവിടെ പ്രഖ്യാപിച്ചു. ധനകാര്യമന്ത്രി ശ്രീ. യശ്വന്ത് സിൻഹയുടെ ബഡ്ജറ്റിൽ ഉടനീളം ആ സമീപനം കാണാം. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളാ ഗവൺമെന്റിന്റെ സമീപനത്തിലെ വ്യത്യാസം അത് കാണണം. ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും റേഷൻ മുടങ്ങാൻ പാടില്ല, റേഷൻ സബ്സിഡി തുടരണം, ഭക്ഷ്യ സാധനങ്ങൾ പരമാവധി വില കുറച്ച് ജനങ്ങൾക്ക് കൊടുക്കാൻ മതിയാവുന്നിടത്തോളം അതിനുള്ള പണം നീക്കി വയ്ക്കണം എന്നതാണ് സംസ്ഥാനഗവൺമെന്റിന്റെ സമീപനം. ഈ രണ്ട് ഗവൺമെന്റുകളും തമ്മിലുള്ള വളരെ പ്രകടമായ വ്യത്യാസം, അത് കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ നേതാക്കൻമാർ എന്തുകൊണ്ട് കാണുന്നില്ലാ എന്നാണ് എനിക്കിവിടെ ചോദിക്കാനുള്ളത്. ഇവിടെ സബ്സിഡി എല്ലാം നിറുത്താലാക്കണം എന്നാണ് നമുക്കുള്ള ഉപദേശം. കൃഷിക്കാർക്കായാലും, സാധാരണക്കാർക്കായാലും ഇൻഡ്യയിൽ ഇന്ന് തുടർന്നു വരുന്ന ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിലായാലും ഏത് സബ്സിഡിയായാലും എടുത്ത് കളയണം. ഐ.എം.എഫ്., ഡബ്ല്യൂ ടി.ഒ.,. വേൾഡ് ബാങ്കിന്റെ ഒക്കെ ഉപദേശങ്ങൾ നമുക്ക് കിട്ടികൊണ്ടിരിക്കുകയാണ്. സബ്സിഡിയെ സംബന്ധിച്ച് ഒന്ന് രണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാം. ഇൻഡ്യയിൽ 60 കോടിയാളുകളും ചെറുകിട ഇടത്തരം കർഷകരാണ്. ഈ 60 കോടി ആൾക്കാർക്ക് കൂടി നമ്മൾ കൊടുക്കുന്ന സബ്സിഡി മൊത്തമായിട്ടെടുത്താൽ 1,000 കോടി ഡോളർ ആണ്. എന്നാൽ നമ്മളെ ഉപദേശിക്കുന്ന ഈ സമ്പന്ന രാഷ്ട്രങ്ങൾ, ഈ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ അവർ അവരുടെ കാര്യങ്ങളിൽ അമേരിക്കയായാലും, യുറോപ്യൻ രാജ്യങ്ങളായാലും, ആസ്ട്രേലിയ, ജപ്പാൻ തുടങ്ങിയ ഏത് രാജ്യങ്ങൾ എടുത്താലും ഇവരൊക്കെക്കൂടി എടുക്കുന്നത് ആ രാജ്യത്തുള്ള മൊത്തം കൃഷിക്കാർ, നമുക്കിവിടെ 60 കോടി ഉള്ളപ്പോൾ അവിടെ ഒരു കോടി ആൾക്കാരെ കൃഷിക്കാരായിട്ടുള്ളൂ. അവരുടെ കണക്ക് പ്രകാരം 1989-ൽ അമേരിക്ക കൃഷിക്കാർക്ക് നൽകിയ സബ്സിഡി 3,200 കോടി ഡോളർ ആണ്. വെസ്റ്റ് യൂറോപ്യൻ രാജ്യങ്ങൾ 5,300 കോടി ഡോളർ ആണ് നിൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

ജപ്പാനിൽ മാത്രം 3,300 കോടി ഡോളർ കൃഷിക്കാർക്കുള്ള സബ്സിഡിയായി നൽകി. ഒ. ഇ. സി. സമ്പന്നൻമാരുടെ, ആ സമൂഹത്തിലെ രാഷ്ട്രങ്ങളിലുള്ള കൃഷിക്കാർക്ക് നൽകുന്ന സബ്സിഡി 24,000 കോടി ഡോളർ ആണ്. നമ്മൾ ഇവിടെ 60 കോടി കൃഷിക്കാർക്കായി നൽകുന്നതും വെറും 1000 കോടി ഡോളർ. ആ നമ്മളോടാണ് അവർ ഉപദേശിക്കുന്നത് സബ്സഡി നിറുത്തലാക്കണം. നിറുത്തലാക്കണമെന്ന് ഇത്രയ്ക്ക് ഭീമമായ കാശ് ഈ സബ്സിഡിക്ക് എന്തിന് വേണ്ടിയാണ് ഈ രാഷ്ട്രങ്ങൾ നല്കുന്നത്? കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ഭക്ഷ്യധാന്യം കൃഷിചെയ്യുന്നവർ, ഒരു മൂർച്ചയേറിയ രാഷ്ട്രീയ ആയുധമാണ് ആ രാജ്യങ്ങളിലൊക്കെ ഉള്ളത്. അതാണ് ഭക്ഷണത്തിലെ രാഷ്ട്രീയം. ഒരു പുതിയ രാഷ്ട്രീയം ഇവിടെ വളർന്നു വരികയാണ്. ലോക രാഷ്ട്രങ്ങൾ ഇവിടെ ഭക്ഷണത്തിലുള്ള ഒരു രാഷ്ട്രീയം കൊണ്ടുവരികയാണ്. ഒരു ഭക്ഷണത്തിന്റെ രാഷ്ട്രീയം. ഒ.ഇ.സി. രാജ്യങ്ങളുടേതാണ്. ലോക മാർക്കറ്റിൽ കച്ചവടം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിലെ 80% സാധനങ്ങളും ഈ രാജ്യങ്ങളിൽ നിന്ന് കൊണ്ടുവരുന്നതാണ്. 1999-ൽ ഉൽപ്പാദന സബ്സിഡിയായി ജപ്പാൻ 66% സംഖ്യ നീക്കിവെച്ചു. യൂറോപ്യൻ കമ്മ്യൂണിറ്റിയിൽപ്പെട്ടവർ 49%, അമേരിക്ക 30%, 1986-ലെ ഒരു കണക്കിൽ അമേരിക്ക കാർഷികോൽപ്പന്ന കയറ്റുമതിക്കായി 26,000 കോടി ഡോളർ ആണ് മാറ്റി വച്ചത്. ആ സമയത്ത് അമേരിക്ക നടത്തിയ കയറ്റുമതി, സാധനങ്ങൾക്ക് കൊടുത്ത സബ്സിഡി തുക 30,000 കോടി ഡോളറാണ്. സബ്സിഡി ഒരു പാപമാണ്, സബ്സിഡി നിറുത്തലാക്കണം, സബ്സിഡി രാജ്യത്തെ തകർക്കും, പാപ്പരാക്കും എന്ന ഈ ഉപദേശം കേട്ടുകൊണ്ട് ഈ രാജ്യത്തെ സബ്സിഡികൾ നിറുത്തലാക്കി മുന്നോട്ട് പോയാൽ നേരത്തെ നമ്മൾ ചർച്ച ചെയ്ത ചെറ്റക്കുടിലിൽ കത്തുന്ന മണ്ണെണ്ണ വിളക്കും ഇവിടെ തല്ലികെടുത്തും പാവപ്പെട്ടവന്റെ കഞ്ഞികുടി മുട്ടിക്കും. അതുകൊണ്ടാണ് അതിനെ എതിർക്കാൻ മുന്നോട്ട് വരണമെന്ന് ഞങ്ങളൊക്കെ ഇവിടെ ആവർത്തിച്ച് ആവർത്തിച്ച് പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം പ്രസംഗിച്ചപ്പോൾ പറഞ്ഞു; കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഞങ്ങൾ ഇവിടെ ആവർത്തിച്ച്, ആവർത്തിച്ച് ഈ ഇൻഷ്വറൻസ് റെഗുലേറ്ററി ബില്ലിന്റെ കാര്യമൊക്കെ ചോദിച്ചപ്പോൾ അവിടെ ശ്രീ. അഗസ്തിയൊക്കെ വളരെ ഉച്ചത്തിൽ പ്രസംഗിച്ചു. ബാങ്കിംഗ് മേഖലയിൽ നിന്നും ആ ബില്ലിനെതിരെ ചർച്ച വന്നു. കഴിഞ്ഞതൊക്കെ കഴിഞ്ഞു. പ്രതിപക്ഷ നേതാവിന്റെ വലിയ അടിവരയിട്ട ഒരു പ്രസ്താവനയാണ്. കഴിഞ്ഞതൊക്കെ കഴിഞ്ഞോ? ഇന്ന് തിരുവനന്തപുരത്ത് 2000-ത്തിലെ പുതിയ ഒരു ഇലക്ട്രിസിറ്റി ബില്ലിനെക്കുറിച്ച് ഒരു ചർച്ച നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എസ്. ശർമ്മയാണ് അത് ഉത്ഘാടനം ചെയ്യുന്നത്. ഞാനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ അതിൽ പ്രസംഗിക്കാൻ ക്ഷണിച്ചിട്ടുള്ളവരാണ്. ഈ ബിൽ പാർലമെന്റിൽ വരികയാണ്. നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക്സ് ആന്റ് റിസർച്ച്, ന്യൂഡൽഹി, കേന്ദ്ര ഊർജ്ജമന്ത്രാലയം ചുമതലപ്പെടുത്തി അവർ തയ്യാറാക്കിയ ബിൽ ഇവിടെ വന്നിട്ടുണ്ട്. ഈ ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ പോകുകയാണ്. ഈ ബിൽ അവതരിപ്പിക്കുമ്പോൾ എന്താണ് കോൺഗ്രസിന്റെ നയം.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞതൊക്കെ കഴിഞ്ഞുവെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ വിദേശമൂലധനം കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് തീറെഴുതി കൊടുക്കാനുള്ള ശക്തമായ നിയമങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കുമ്പോൾ

12NOON] കോൺഗ്രസ് ഒരു നിലപാട് എടുത്താൽ ഇത് പാസ്സാകുമോ? ഞങ്ങൾ അതുകൊണ്ട് വീണ്ടും വീണ്ടും പറയുകയാണ് കോൺഗ്രസ് ഒരു നിലപാട് എടുത്താൽ രാജ്യസഭയിൽ ഇത് പാസ്സാക്കുകയില്ല. അത്തരം ഒരു നിലപാട് എടുക്കാൻ കഴിയാതെ ഇപ്പോൾ ഡെൽഹിയിൽ ഡബ്ല്യൂ.എഫ്.ടി.യു.വിന്റെ സമ്മേളനം നടക്കുകയാണ്. ആ സമ്മേളനത്തിൽ കേരള ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ പങ്കെടുത്തു. അദ്ദേഹത്തിന്റെ ആവേശകരമായ ഒരു പ്രസംഗം ഇന്നലെ ഞാൻ പത്രത്തിൽ വായിച്ചു. നമുക്കത് പറയാൻ അഭിമാനമുണ്ട്. ഇന്നലെ വിവിധ രാഷ്ട്രങ്ങളിൽ നിന്നുവന്ന തൊഴിലാളി നേതാക്കൻമാർക്ക് കേരള ഗവൺമെന്റാണ് ആതിഥ്യമരുളിയത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ അതിൽ അഭിമാനം കൊള്ളുകയാണ്. ആ സമ്മേളനത്തിലൊക്കെ ചർച്ച ചെയ്തത് എന്താണ്? അവർ ഓരോന്നോരോന്നായി കൊണ്ടുവരികയാണ്. ഈ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ അതിന്റെ ഭാഗമായി രണ്ടാം ലേബർ കമ്മീഷൻ രൂപീകരിച്ചു. ശ്രീ. രവീന്ദ്രവർമ്മ അദ്ധ്യക്ഷനായിട്ടുള്ള ആ കമ്മിറ്റിയിൽ ഒരൊറ്റ തൊഴിലാളി പ്രതിനിധിപോലുമില്ല. ഐ.എൻ.ടി.യു.സി. കാരുമില്ല ആരുമില്ല. എല്ലാവരും ഈ രാജ്യത്തെ കുത്തകമുതലാളിത്തത്തെ പ്രതിനിധീകരിക്കുന്ന ഈ സാമ്രാജ്യത്വ ശക്തികൾ എന്നു പറയുന്ന സംഘടനക്കാർക്ക് എഴുതി കൊടുക്കുന്ന ആളുകൾ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി. ആ കമ്മിറ്റി രൂപീകരിച്ച സന്ദർഭത്തിൽ ഞങ്ങൾ പറഞ്ഞു അതിന്റെ ഡയറക്ടീവ്സ് വരാൻ പോകുന്നത് ഇൻഡ്യയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളെ തകർക്കുന്ന വിധത്തിലാവുമെന്ന്. 1924-ലെ ട്രേഡ് യൂണിയൻ ആക്ട് അങ്ങനെതന്നെ നശിപ്പിക്കുകയാണ്. ഐ.എൻ.ടി.യു.സി. പ്രവർത്തകരായ സ്നേഹിതൻമാർക്കറിയാം. 10% തൊഴിലാളികൾ ഇല്ലെങ്കിൽ ഇൻഡ്യയിൽ ഒരു ട്രേഡ് യൂണിയൻ ഒരു സ്ഥാപനത്തിലും ഉണ്ടാക്കാൻ കഴിയുകയില്ല. ഇൻഡ്യയിലെ സംഘടിത വ്യവസായ മേഖലയിൽ ഇനി തൊഴിലാളി പ്രസ്ഥാനങ്ങൾക്കു വേണ്ടി പ്രൊപ്പോസൽ വച്ചിരിക്കുന്നത് കേൾക്കണമോ? അവർ പറയുന്നത് 8 മണിക്കൂർ ജോലിയെന്നത് ഉപേക്ഷിക്കണം, ഇപ്പോൾ 9 മണിക്കൂർ ആക്കുക, അടുത്ത സ്റ്റേജിൽ 12 മണിക്കൂർ ആക്കുക എന്നാണ്. 6 മണിക്കൂർ ആയിട്ട് ചുരുക്കണമെന്ന് ലോകത്താകമാനമുള്ള തൊഴിലാളി പ്രസ്ഥാനങ്ങളും ആവശ്യപ്പെടുമ്പോൾ അവർ നിർദ്ദേശിക്കുന്നത് 8 മണിക്കൂർ, 9 മണിക്കൂർ പിന്നെ 12 മണിക്കൂർ. രണ്ടാമത്തെ നിർദ്ദേശം ഇനി വേജ് വർദ്ധിപ്പിക്കുന്ന പ്രശ്നമില്ല. ഡി.എ. കംപ്ലീറ്റായിട്ട് ഫ്രീസ് ചെയ്യുകയാണ് മറ്റൊരു നിർദ്ദേശം അടുത്ത നാലു മണിക്കൂർ ജോലി ചെയ്താൽ ഓവർടൈം ഇല്ല. നാലു മണിക്കൂറിൽ കൂടുതൽ ചെയ്താൽ ഓവർ ടൈം നടപ്പാക്കും. ഈ രീതിയിൽ തൊഴിലാളികൾ മൗലികമായി നേടിയെടുത്ത ഓരോ അവകാശങ്ങളാണ് ഇല്ലാതെ പോകുന്നത്. ഇതിനെതിരെ പ്രതികരിക്കാൻ കിട്ടുന്ന അവസരങ്ങൾ ഉപയോഗിക്കാതെ, ഇതിനെതിരായിട്ട് യോജിച്ച്.... അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ തലേദിവസം ഇവിടെ പറഞ്ഞത്. ഇതിനെതിരെ ശക്തമായി പ്രതികരിക്കാൻ എല്ലാവരും സടകുടഞ്ഞ് എണീക്കാൻ, അതിനെതിരെ ചെറുത്തു നിൽക്കാൻ മേയ് 11-ാം തീയതി നടത്തുന്ന പണിമുടക്കിൽ നിങ്ങൾ നല്ല സമീപനം എടുക്കണം. മുസ്ലീംലീഗിന്റെ തൊഴിലാളി സംഘടനയായ എസ്. ടി. യു. ആ പണിമുടക്കിൽ പങ്കെടുക്കാൻ തീരുമാനമെടുത്തു. എന്തുകൊണ്ട് ഐ.എൻ.സി.ടി.യു.സി. യ്ക്ക് ആ തീരുമാനമെടുത്തു കൂടാ, എടുക്കണ്ടേ? നിങ്ങളുടെ പ്രസിഡന്റ് ശ്രീ. സഞ്ജീവറെഡ്ഡി ഇവിടെ വന്നു നടത്തിയ പ്രസ്താവനകളൊക്കെ ഞങ്ങൾ ശ്രദ്ധിച്ചു. ഒരു വാക്കു പോലും പറഞ്ഞില്ല. അതിനെതിരെ ഒരു യോജിച്ച സമരം ഇവിടെ വളർന്നു വന്നില്ലെങ്കിൽ എങ്ങനെ നമുക്ക് ഇതിനെ ചെറുക്കാൻ കഴിയും. അതുമായി ബന്ധപ്പെട്ട് കോൺഗ്രസ് പാർട്ടിയുടെ പ്രമേയം ഞാൻ വായിച്ചു. അതിൽ പങ്കെടുത്ത നേതാക്കൻമാർ തീർച്ചയായും അതിവിടെ പറയുമെന്നു ഞാൻ വിചാരിക്കുന്നു. കോൺഗ്രസ് ഇവിടെ ഈ. ഗവൺമെന്റ് എടുക്കുന്ന ജനോപകരാപ്രദമായ നടപടിയെ എങ്ങനെ കരിതേച്ചു കാണിക്കാം, എങ്ങനെ അത് വികൃതമായി ചിത്രീകരിക്കാം, ഏതൊക്കെ രീതിയിൽ ഈ ഗവൺമെന്റിനെതിരായി ജനങ്ങളെ സംഘടിപ്പിക്കാമെന്നു ആലോചിച്ച് അതിനുവേണ്ടി ശ്രമിക്കുകയാണ്. മറിച്ച് രാജ്യത്ത് നടന്നു വരുന്ന ഈ പുതിയ വിപത്ത്, പ്രത്യേകിച്ച് ആർ.എസ്.എസ്.-ന്റെ തലപ്പത്ത് ഇപ്പോൾ വന്ന മാറ്റം വളരെ ശ്രദ്ദേയമാണ്. എല്ലാ പത്രങ്ങളിലും അതുസംബന്ധിച്ച് വന്ന റിപ്പോർട്ടുകൾ എന്താണ് പറയുന്നത്? കുറെക്കൂടി കർകശമായ ഹിന്ദുത്വത്തിന്റെ മുദ്രാവാക്യം പ്രത്യേകിച്ച് മുസ്ലീം മൈനോറിട്ടിയെ എതിർക്കുന്ന കുറെകൂടി കർക്കശമായ ആഗോളവൽക്കരണവും ഉദാരവൽക്കരണവുമൊക്കെ ശക്തമാക്കാൻ വാജ്പേയിയുടെ ഗവൺമെന്റിനു മേൽ സമ്മർദ്ദം ചെലുത്താൻ ഈ ആർ.എസ്.എസ്. തയ്യാറാകണം, അവരാണല്ലോ ഇപ്പോൾ ഭരിക്കുന്നത്. ആകെകൂടി ഹെഡ്കാർട്ടേഴ്സിലിരുന്ന് ഈ സംഘ്പരിവാർ അല്ലേ രാജ്യം ഭരിക്കുന്നത്? അവർ എല്ലാവരും റിപ്പോർട്ടു ചെയ്തു. അതിനെതിരായിട്ട് ഒരു സമരം വളർത്തിക്കൊണ്ടുവരുന്നതിന് പകരം നിർഭാഗ്യകരമെന്നു പറയട്ടെ ഇതൊന്നും കാണാതെ കണ്ണടച്ച് മനഃപൂർവ്വം ഇരുട്ടാക്കുന്ന ഒരു സമീപനം കോൺഗ്രസ് സ്വീകരിച്ചിരിക്കുകയാണ്. ആ സമീപനം ഉപേക്ഷിക്കണം.

ശ്രീ. ജി. കാർത്തികേയൻ : ഇൻഡ്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരാഴ്ചയിലധികം സഭ സ്തംഭിച്ചത്. ഗുജറാത്ത് ഗവൺമെന്റ് സർക്കാർ ജീവനക്കാർക്ക് ആർ.എസ്.എസ്.-ൽ പ്രവർത്തിക്കാൻ ഔദ്യോഗികമായി അംഗീകാരം കൊടുക്കുന്ന നിലപാടിനെതിരെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളെ അണിനിരത്തി അതിനു മുന്നിൽ നിന്ന് സമരം ചെയ്ത് കോൺഗ്രസ് പ്രസിഡന്റ് ജയിലിൽ വരെ പോകുകയും ചെയ്തതാണ് കോൺഗ്രസിന്റെ സമീപനം. ശ്രീ. കെ. പി. രാജേന്ദ്രൻ റേഷൻ സബ്സിഡിയുമായി ബന്ധപ്പെട്ടുകൊണ്ടുവന്ന അനൗദ്യോഗിക പ്രമേയത്തിന് ചർച്ച കൂടാതെ ഏക കണ്ഠമായി പാസ്സാക്കണമെന്ന നിർദ്ദേശം വച്ച കോൺഗ്രസ് ഇവിടത്തെ പ്രതിപക്ഷവുമാണ്. ഇതൊക്കെ പകൽപോലെ വ്യക്തമായിരിക്കെ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസിന്റെ സമീപനം എന്തെന്നുള്ള ചോദ്യത്തിന് വല്ല അർത്ഥവുമുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ അതൊക്കെ കാണാതിരിക്കുകയല്ല. പക്ഷെ പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു പഴയതൊക്കെ കഴിഞ്ഞുവെന്ന്. ബഹുമാനപ്പെട്ട മന്ത്രി ശർമ്മ ഡെൽഹിയിൽ പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ പങ്കെടുത്ത് കേരളാ ഗവൺമന്റിനെ പ്രതിനിധീകരിച്ചുകൊണ്ട് അവിടെ പങ്കെടുത്ത് ശക്തമായ ഭാഷയിൽ പ്രസംഗിച്ചത് ഇവിടെ സൂചിപ്പിച്ചു. അതുകൊണ്ട് ഇത്തരം നിലപാടുകളിൽ കോൺഗ്രസ് പാർട്ടി വിചാരിച്ചാൽ പാർലമെന്റിൽ നമ്മൾ ഒന്നിച്ച് നിന്ന്, രാജ്യസഭയിൽ ബി.ജെ.പിയുടെ എൻ.ഡി.എ.ക്ക് ഭൂരിപക്ഷമില്ലാത്തിടത്തോളം ഇത്തരം നിയമനിർമ്മാണങ്ങൾ വരുമ്പോൾ അത് തടയാൻ വളരെ ഗൗരവമായി മുൻകൈ എടുക്കണമെന്നാണ് പറഞ്ഞത്. ആ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കണ്ണടച്ച് നിൽക്കരുത്. ഇനി പെൻഷനുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്, 75 ലക്ഷത്തോളം തൊഴിലാളികൾ ഇപ്പോൾ പെൻഷന്റെ പരിധിയിൽ വരുന്നുണ്ട്. ഈ തൊഴിലാളികൾക്ക് കിട്ടുന്ന പെൻഷൻ നൂറും നൂറ്റിയിരുപതും രൂപയാണ്. ചില തൊഴിലാളികൾക്ക് 150 രൂപയുമുണ്ട്. ഈ പെൻഷൻ 500 രൂപയായിട്ട് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഞങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്നു. തുക വർദ്ധിപ്പിച്ചുകൊണ്ടുവരണം. വർദ്ധിപ്പിച്ചാലും നിശ്ചിത സമയത്ത് അത് കൊടുക്കാൻ നമുക്ക് കഴിയണം. അതുപോലെതന്നെ തൊഴിലാളികൾക്കുള്ള ആശ്വാസ നടപടി ഈ സഭയിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉറപ്പ് അടച്ചുപൂട്ടിയ വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് ധനസഹായമായി ഒരു സംഖ്യ നൽകാമെന്നാണ്. അത് നിശ്ചയമായും ഗവൺമെന്റ് കൊടുക്കണം. കഴിഞ്ഞ ദിവസം വെസ്റ്റ് ബംഗാൾ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ നേരത്തെ ഇത്തരക്കാർക്ക് കൊടുത്തിരുന്ന തുകയ്ക്കു പുറമെ സഹായധനം കുറച്ചുകൂടി വർദ്ധിപ്പിച്ച കാര്യം ഞാൻ ഇവിടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു ലേബർ അജണ്ട ഇപ്പോൾ ചർച്ച ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും കാലോചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കാനും വേണ്ടി ഒരു ലേബർ കമ്മീഷൻ ഗവൺമെന്റ് രൂപീകരിക്കുമെന്നു പറഞ്ഞു. അതിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഇവിടെ സംസാരിച്ചതാണ്. ആ കമ്മീഷൻ എത്രയും വേഗത്തിൽ രൂപീകരിക്കാനുള്ള നടപടി ഉണ്ടാകണം.

വളരെ പ്രധാനപ്പെട്ട ഒരു കാര്യം, തൊഴിലാളികളുടെ ക്ഷേമനിധികളിൽ അംശദായം അടയ്ക്കുന്നതിൽ ഭീമമായ സംഖ്യ ഉടമകൾ കുടിശ്ശിക വയ്ക്കുന്നു. അവരുടെ മാസശമ്പളത്തിൽ നിന്നും പിടിച്ചെടുക്കുന്ന സംഖ്യ അടയ്ക്കാതെ വർഷങ്ങളോളം കുടിശ്ശിക വരുത്തുന്ന കേസുകളിൽ സ്റ്റേ കൊടുക്കാൻ പാടില്ലയെന്ന് ശക്തമായി ഇവിടെ ഉന്നയിക്കുകയാണ്. തൊഴിലാളികളുടെ വിവിധ ക്ഷേമനിധികളിലേയ്ക്ക് അവരുടെ ശമ്പളത്തിൽ നിന്നും പിടിച്ചെടുക്കുന്ന സംഖ്യ, ഉടമയുടെ കോൺട്രിബ്യൂഷൻ കൂടി അവരുടെ പി.എഫ്, ഗ്രാറ്റുവിറ്റി ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടവ വർഷങ്ങളോളം അടയ്ക്കാതെ അവസാനം അത് റവന്യൂ റിക്കവറി നടപടിയിലേക്ക് വരുന്നു. അത് പിരിച്ചെടുക്കണമെങ്കിൽ ബുദ്ധിമുട്ടാണ്. അങ്ങനെ വരുന്ന കേസുകളിൽ സ്റ്റേ കൊടുക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗഡുക്കളായി അടക്കേണ്ടതല്ല അത് പിരിച്ചെടുക്കേണ്ടതാണ്. തൊഴിലാളികൾക്ക് അനുകൂലമായ ആ പ്രശ്നത്തിൽ അത് നിശ്ചിതമായി നീണ്ടു പോകാൻ ഇടവരരുത് എന്നു കൂടി ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതുപോലെ സിവിൽ സർവ്വീസ് ഇവിടെ ഗവൺമെന്റ് ഡി.എ. കൊടുക്കാൻ പോകുന്ന കാര്യം പറഞ്ഞു. ഗവൺമെന്റ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നമ്മുടെ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ ചെയ്യുന്ന ഒരു ഗവൺമെന്റാണ്. ഇപ്പോൾ സർക്കാർ ഓഫീസുകളിൽ ജനങ്ങൾ പ്രതീക്ഷിക്കുന്നത് സർക്കാർ സർവ്വീസിൽ ജോലി നടക്കണം. ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ തീരുമാനങ്ങളുണ്ടാകണം. ഫയലുകൾ കെട്ടിക്കിടക്കാൻ ഇടവരരുത്. അത്തരം ഒരു വർക്ക് കൾച്ചർ ഉണ്ടാകണം. പഞ്ചിംഗ് ഏർപ്പെടുത്തിയത് ഏറ്റവും നല്ല കാര്യം. ജോലിക്ക് സമയത്തിന് വന്നാൽ മാത്രം മതിയോ? പഞ്ചിംഗ് ഏർപ്പെടുത്തി, പത്തോ പത്തരയ്ക്കോ ജോലിക്ക് കയറി 5 മണിവരെ കസേരയിലിരുന്നാൽ കാര്യമില്ല. ജോലി ചെയ്യണം. ഞാൻ അത് താരതമ്യം ചെയ്യുകയാണ്. അങ്ങ് ഒരു ട്രേഡ് യൂണിയൻ നേതാവാണല്ലോ, കാസർഗോഡ് ജില്ലയിലെ ഏറ്റവും പ്രമുഖനായ ട്രേഡ് യൂണിയൻ നേതാവാണ്, അങ്ങേയ്ക്ക് അറിയാമല്ലോ, നമ്മൾ ഒരു വ്യവസായസ്ഥാപനത്തിൽ തൊഴിൽ നിയമങ്ങൾ അനുസരിച്ചോ അല്ലെങ്കിൽ സ്റ്റാന്റിംഗ് ഓർഡർ അനുസരിച്ചോ ഒരു ലോംഗ് ടേം സെറ്റിൽമെന്റ് ഉണ്ടാക്കുമ്പോൾ തൊഴിലാളിക്ക് വേജ്, അല്ലെങ്കിൽ അവന്റെ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ ഒപ്പം അല്പം വർക്ക് ലോഡ് കൂട്ടുന്നുണ്ട്. വർക്ക് ലോഡ് വർദ്ധിപ്പിക്കും. ആ ക്വാണ്ടം ഓഫ് വർക്ക്, ആ വർക്ക് ചെയ്തെങ്കിലേ തൊഴിലാളിക്ക് ശമ്പളമുള്ളൂ. അവന് വേജ് കിട്ടൂ. വർക്ക് കുറഞ്ഞാൽ അവന്റെ വേജിൽനിന്നും അത്രത്തോളം കട്ട് ചെയ്യും. അങ്ങനെ ഒരു തൊഴിൽ സംസ്ക്കാരം ഈ രാജ്യത്ത് വളർന്ന് വന്നില്ലേ? തൊഴിലാളി 8 മണിക്കൂർ കമ്പനിയിൽ മാത്രം പോയാൽ പോരാ, തൊഴിൽ ചെയ്യണം. വർക്ക് ലോഡ് അനുസരിച്ച് ജോലി ചെയ്യണം. എന്തുകൊണ്ട് സിവിൽ സർവ്വീസിൽ അത്തരം ഒരു വർക്ക് കൾച്ചർ ഉണ്ടാകുന്നില്ല. ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ, രാജ്യത്തിലെ ജനങ്ങൾക്ക് കിട്ടേണ്ട ആശ്വാസം അല്ലെങ്കിൽ അവരുടെ കാര്യങ്ങൾ എത്രയും വേഗം നടപ്പാക്കണം. ഒച്ച് ഇഴയുന്നതുപോലെ കടമ്പകൾ മാത്രമായി നില്ക്കുന്ന കുരുക്കുകളിലൂടെ നീക്കുന്ന സ്ഥിതി മാറി, ജനങ്ങൾക്ക് ആശ്വാസ നടപടികൾ ഏറ്റവും വേഗത്തിൽ നടപ്പിലാക്കാൻ നമ്മുടെ സിവിൽ സർവ്വീസിനെ ശക്തമാക്കണം. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഒന്നുകൂടി വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാമ്മൻ മത്തായി : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. എന്റെ സ്നേഹിതൻ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞ പല കാര്യങ്ങളും കേട്ടപ്പോൾ ഗത്യന്തരമില്ലാതെ പറഞ്ഞതാണെന്ന് വിശ്വാസമേ എനിക്കുള്ളൂ. കാരണം, ഈ കഴിഞ്ഞ ദിവസം സൂര്യാ ടി.വി.യിൽ സി.പി.ഐയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയുടെ ഒരു ഇന്റർവ്യൂ ഉണ്ടായിരുന്നു. അത് കുട്ടനാട്ടെ കൊയ്ത്ത് മെതിയന്ത്രം ഇറക്കുമതിയെ

LIBRARY ARCHIVES Kerala Legislative Assembly

തുടർന്നുള്ള സംഭവവികാസങ്ങളെപ്പറ്റിയായിരുന്നു. ആ ഇന്റർവ്യൂവിൽ സി.പി.ഐ-യുടെ നേതാവ് പറഞ്ഞത്, ഇതിനു മുമ്പും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കുട്ടനാട്ടിൽ സമരം നടത്തിയിട്ടുണ്ട്. പവർ ടില്ലർ കൊണ്ടുവന്നപ്പോഴും അവർ സമരം നടത്തുകയുണ്ടായി. 10 വർഷം കഴിഞ്ഞപ്പോൾ അതിനെ അവർ അംഗീകരിക്കുകയുണ്ടായി. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ബുദ്ധി ഉദിക്കണമെങ്കിൽ 10 വർഷം കഴിയണമെന്ന് പറയുകയുണ്ടായി. സി.പി.ഐ.യെ സംബന്ധിച്ചിടത്തോളം അവരുടെ യഥാർത്ഥ അഭിപ്രായം അറിയണമെങ്കിൽ ഈ നിയമസഭയ്ക്ക് പുറത്തുനിന്നാൽ മാത്രമേ കഴിയുകയുള്ളൂ വെന്നുള്ളതാണ്. അതുപോലെ തന്നെ ക്ലിന്റന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പല ഭരണകക്ഷി മെമ്പർമാർക്കും ക്ലിന്റൻ, സാമ്രാജ്യത്വം എന്നൊക്കെ കേൾക്കുമ്പോൾ ഉറക്കത്തിൽപോലും ഞെട്ടലാണ്. എന്ന് ശ്രീ. രാജേന്ദ്രൻ പറഞ്ഞു, പാർലമെന്റിൽ പ്രതിപക്ഷ മെമ്പർമാർ പ്രത്യേകിച്ച് കോൺഗ്രസ്സിന്റെ മെമ്പർമാർ, ക്ലിന്റനെ ഒന്നുതൊടാൻ വളരെയധികം വിഷമിക്കുന്നതുപോലെ ടി.വി.യിൽ കൂടി കണ്ടുവെന്ന് പറഞ്ഞു.

ശ്രീ. ജോണി നെല്ലൂർ : അങ്ങ് ഇപ്പോൾ സി.പി.ഐ. യുടെ കാര്യം പറഞ്ഞല്ലോ, സി.പി.ഐ.യുടെ പ്രവർത്തകർ ഇത്രയും കാലം മാർക്സിസ്റ്റ് പാർട്ടിയെ വല്ല്യേട്ടൻ എന്നാണ് വിളിച്ചിരുന്നതെങ്കിൽ ഈ അടുത്ത കാലത്തായി ദുഷ്ട്ടേട്ടൻ എന്നാണ് വിളിക്കുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജു : രണ്ടു ദിവസം മുൻപ് ഇവിടെ ശ്രീ. ജോണി നെല്ലൂരിന്റെ നേതാവ് ശ്രീ. ടി.എം. ജേക്കബ് പറഞ്ഞു, മാണി എന്നൊരു ആൾ ഈ ലോകത്ത് നിന്ന് നാമാവശേഷം ആയാൽ മാത്രമേ കേരള കോൺഗ്രസ്സുകാരുടെ ലയനം നടക്കുകയുള്ളൂവെന്ന്. അങ്ങയുടെ പാർട്ടി നേതാവ് തട്ടി പോകണമെന്ന് ആഗ്രഹിക്കുന്ന ആളാണ് തൊട്ടടുത്തിരിയ്ക്കുന്ന ശ്രീ. ജോണി നെല്ലൂർ എന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. മാമ്മൻ മത്തായി : അങ്ങനെ ഒരു കാര്യം എന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ക്ലിന്റൻ എന്നും സാമ്രാജ്യത്വമെന്നും ഒക്കെ കേൾക്കുമ്പോൾ ഞെട്ടുന്ന നമ്മുടെ ഭരണകക്ഷിയിലെ മന്ത്രിമാരൊക്കെ രഹസ്യമായി അദ്ദേഹത്തെ തൊടുന്നതിനു വേണ്ടിയാണോ അമേരിക്കയ്ക്ക് സ്ഥിരമായി പോകുന്നതെന്ന സംശയമാണ് എനിക്കുള്ളത്. ബഹുമാന്യനായ മന്ത്രി ഇന്ന് ഒരു ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞു, വേൾഡ് ബാങ്കിൽനിന്നും 2000 കോടി രൂപ കിട്ടും. നമ്മുടെ ബഡ്ജറ്റ് എടുത്ത് വായിച്ചു നോക്കിയാൽ കഴിഞ്ഞ കുറെ വർഷങ്ങളായി, പ്രത്യേകിച്ച് ഇടുതപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷം വേൾഡ് ബാങ്ക്, ഏഷ്യൻ ബാങ്ക്, വായ്പ ഇത് പറയാത്ത ഒരു ബഡ്ജറ്റില്ല. നമുക്ക് സത്യം അംഗീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ഒരു ബഡ്ജറ്റ് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവരികയുണ്ടായി. എനിക്ക് തോന്നുന്നു അദ്ദേഹത്തിനുമാത്രമേ ഇങ്ങനെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുകയുള്ളൂ. കാരണം ഖജനാവിൽ ഒരു രൂപ പോലുമില്ലെങ്കിലും, ഒറ്റ പൈസ ഖജനാവിൽ ഇല്ലെങ്കിലും സാമ്പത്തികാടിസ്ഥാനത്തിലുള്ള പദ്ധതികൾ ഏറെയാണ്. മുരളിച്ചേട്ടൻ ഇവിടെ നിന്നു കൊണ്ട് വാമനപുരം പദ്ധതിക്ക് തുക അനുവദിച്ചതിന് നന്ദി പറഞ്ഞു. നടക്കുകയില്ല. കാരണം, ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയില്ല. നന്ദി പറഞ്ഞിട്ട് കാര്യമില്ല. ബഡ്ജറ്റിന്റെ കാര്യക്ഷമതയെ അളക്കുന്ന മൂന്ന് കൂട്ടം കാര്യങ്ങളാണ്. ഒന്ന്, കമ്മി കുറയ്ക്കുവാൻ കഴിയുന്നുണ്ടോ? രണ്ട്, പ്രത്യുല്പാദനപരമായ കാര്യങ്ങളിൽ നമുക്ക് മുതൽ മുടക്കാൻ കഴിയുന്നുണ്ടോ? മൂന്ന്, വിഭവ സമാഹരണം, ഈ മൂന്ന് കാര്യങ്ങളെ സംബന്ധിച്ച് ഭരണകക്ഷി മെമ്പർമാർക്ക് എന്തെങ്കിലും പറയാനുണ്ടോ? കമ്മി കുറയ്ക്കുവാൻ നമുക്ക് കഴിഞ്ഞകാലത്ത് കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. പി. രാജു : 1993-1994-ൽ അങ്ങയുടെ പാർട്ടി ഭരിക്കുന്ന സമയത്ത് അന്നത്തെ കമ്മി 37,133 ലക്ഷം രൂപയായിരുന്നു. അന്ന് ഒരു വർക്കും നടന്നിട്ടില്ലെന്നാണോ അങ്ങ് ഇവിടെ പറയുന്നത്?

ശ്രീ. മാമ്മൻ മത്തായി : കഴിഞ്ഞ ഭരണത്തെ അപേക്ഷിച്ച് ഓരോ വർഷവും കമ്മി കൂടുന്ന ഒരു പ്രക്രിയയാണ് ഇപ്പോൾ കണ്ടുവരുന്നത്. യാതൊരു സംശയവുമില്ല. കാരണം, നമ്മുടെ പൊതുക്കടം എടുത്തു നോക്കിയാൽ മതി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയായിരം കോടി രൂപ ഈ ഗവൺമെന്റ് മാത്രമായി കടം വരുത്തി. വിഭവസമാഹരണത്തിന്റെ കാര്യത്തിൽ നാം പ്രതിക്ഷിക്കുന്ന വരുമാനം നേടിയെടുക്കാൻ കഴിയുന്നില്ല. ഞാൻ ഒരു മന്ത്രിയെപ്പറ്റിയും കുറ്റം പറയുന്നതല്ല. ഞാൻ രണ്ട് കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഒന്ന്, ഞാൻ ഈയിടെ ഏതോ ഒരു മാസിക വായിച്ചപ്പോൾ മനസ്സിലായ ഒരു കാര്യം, നമ്മുടെ ഒരു സെക്രട്ടറിക്ക് വിദേശത്തുള്ള ഭാര്യയെ വിളിക്കാൻ 4 ലക്ഷം രൂപ ടെലിഫോൺ ചാർജായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആറ് മാസം വിളിച്ചാൽ 4 ലക്ഷംരൂപ ആകുകയില്ല. ശ്രീ. സുലൈമാൻ റാവുത്തറുടെ ചോദ്യത്തിനു ബഹുമാനപ്പെട്ട പി. ജെ. ജോസഫ് മറുപടി പറഞ്ഞത്, ഐ.എച്ച്.ആർ.ഡി-ലെ ഡയറക്ടർ 421 അവിഹിത നിയമനങ്ങൾ നടത്തി. ഞാൻ ചോദിക്കുന്നത് ആ ഡയറക്ടറെ വച്ചു കൊണ്ടിരിക്കാൻ കഴിയുമോ? അവിഹിത നിയമനമാകുമ്പോൾ അവിഹിത ഏർപ്പാടും അതിനകത്ത് കാണുമല്ലോ? 421 അവിഹിത നിയമനം എന്നു പറഞ്ഞാൽ കണക്കു കൂട്ടിയാൽ എത്രയായിരം കോടി കാണും ഡയറക്ടറുടെ കൈയിൽ. നടപടി നടത്തേണ്ടേ, നടത്താതെ മുന്നോട്ടു പോകാൻ കഴിയുമോ? സാമ്പത്തികമായ അച്ചടക്കം പാലിക്കുവാൻ ഈ ഗവൺമെന്റിനെ കൊണ്ട് സാധിക്കുന്നില്ലയെന്നുള്ളത് ഒരു വസ്തുതയാണ്. ആ നിയമനങ്ങളെക്കുറിച്ചുള്ള ഉത്തരമല്ലാതെ അതിൽമേൽ എന്തു നടപടിയെടുത്തു എന്നു അറിവായിട്ടില്ല. ഗവൺമെന്റിന്റെ ധൂർത്താണ് മാനവീയം. ഒരു കോടി രൂപ അതിനായി മാറ്റിവച്ചു. ഗവൺമെന്റ് ആണോ സത്യത്തിൽ നടത്തുന്നത്? സാംസ്ക്കാരിക വകുപ്പുമന്ത്രി നടത്തേണ്ട ആ കാര്യം, സാംസ്കാരികവകുപ്പു മന്ത്രിക്ക് ഒരു പങ്കുമില്ല. ഗവൺമെന്റിന്റെ പരിപാടിക്ക് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ആൾ അല്ല ബഹുമാന്യനായ മന്ത്രി എന്നുള്ളതുകൊണ്ട് ശ്രീ. എം.എ. ബേബിയെ ജനറൽ കൺവീനറാക്കി. ഒരു സംസ്ഥാനത്തിന്റെ ഖജനാവിലെ കാശ് ഒരു കോടി മുടക്കിയിടത്ത് ഇപ്പോൾ അങ്ങോട്ട് കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഖജനാവിലെ കാശ് മാറികൊണ്ടിരിക്കുകയാണ്. വികസനപരമായ കാര്യങ്ങളിൽ, വ്യാവസായിക മേഖയ്ക്ക് കൂടുതൽ മുതൽമുടക്കാൻ കഴിയുന്നുണ്ടോ? കഴിയുന്നില്ല. വികസനത്തിന് കൂടുതൽ മുതൽമുടക്കാൻ നമ്മെക്കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നുണ്ടോ? കഴിയുന്നില്ല. കാർഷിക മേഖലയെടുത്തു നോക്കിയാൽ നമുക്കു പറയാം. ബഹുമാന്യനായ മന്ത്രി കൂട്ടനാട്ടിൽ നല്ല കാര്യങ്ങളൊക്കെ ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. പക്ഷെ എന്തു ചെയ്യാം. ധനകാര്യ മന്ത്രി കാശു കൊടുക്കില്ല. നല്ല കാര്യങ്ങൾ ചെയ്യണമെന്ന് ആഗ്രഹമുണ്ട്. ധാരാളം പരിപാടികളുമിടുന്നുണ്ട്. കാർഷിക മേഖല നന്നാക്കാൻ ശ്രമിച്ചാൽ കെ.എസ്.കെ.റ്റി.യു. അത് വെട്ടി നിരത്തിക്കൊണ്ടിരിക്കും. രണ്ടിടത്തും വെട്ടി നിരത്തൽ ആരംഭിച്ചു കഴിഞ്ഞു. ഒന്ന്, ഭരണിക്കാവിൽ. അവിടെ മെതിമെഷീനും ഞാറു നടുന്ന മെഷീനും വാങ്ങാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. അതിനെതിരെ ഇപ്പോൾ സത്യാഗ്രഹ സമരം നടന്നു കൊണ്ടിരിക്കുകയാണ്. ഞാൻ പറയുന്നത്, ഒരു കൂട്ടുത്തരവാദിത്വം ഇല്ലാത്ത ഒരു ഗവൺമെന്റിന്റെ ബഡ്ജറ്റ് . കഴിഞ്ഞ ദിവസം ബഹുമാന്യനായ ജോസഫ് സാറിന്റെ പ്രസംഗം കേട്ടു. മണ്ണെണ്ണയുടെ സബ്സിഡി എടുത്തുകളഞ്ഞപ്പോൾ അദ്ദേഹം പ്രസംഗിക്കുന്നതു കേട്ടു. ഇവരോട് കൂടിയതു കൊണ്ടാകാം. ഇവരെക്കാൾ വാശിയായിട്ട് സാമ്രാജ്യത്വത്തെപ്പറ്റി അദ്ദേഹം സംസാരിക്കുന്നതുകേട്ടു. എനിക്കു തോന്നുന്നു, അദ്ദേഹം 3-ാം തീയതിയോമറ്റോ അമേരിക്കയ്ക്ക് പോകുകയാണ്. ലോകബാങ്കിന്റെ വായ്പക്കെതിരായി ഇവിടെ പ്രസംഗിക്കുന്നതുകേട്ടു. എനിക്ക് ഒന്നു സൂചിപ്പിക്കാനുള്ളത്, കമ്മി കൂടുക്കൂടി വരുന്നു. വികസന പ്രവർത്തനങ്ങൾക്ക് ഖജനാവിൽ കാശില്ല. ശമ്പളം കൊടുക്കാൻപോലും ബുദ്ധിമുട്ടുന്നു. അങ്ങനെയുള്ള ഒരു ഗവൺമെന്റിന് വീണ്ടും തുക ചെലവഴിക്കാൻ അനുവദിച്ചാൽ അത് അങ്ങേയറ്റം ആത്മഹത്യാപരമായിരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ക്ഷേമ പദ്ധതികൾ എല്ലാ ഗവൺമെന്റും പ്രഖ്യാപിക്കും. പക്ഷെ നാം ആലോചിക്കേണ്ടത്, ഈ ക്ഷേമ പദ്ധതികൾക്ക് എല്ലാം കൂടി എന്തുമാത്രം തുക നമുക്കു കൊടുത്തു തീർക്കാനുണ്ട്? നമ്മളെക്കൊണ്ട് കൊടുത്തു തീർക്കാൻ കഴിയുന്നോ? ക്ഷേമ പദ്ധതികൾ വേണ്ട എന്നല്ല പറയുന്നത്. അതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ താൽപര്യവുംകൂടി സംരക്ഷിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു ബഡ്ജറ്റ് ആണോ ഇതെന്ന് വിലയിരുത്തേണ്ടതാണ്. സംസ്ഥാനത്തിന്റെ താൽപര്യം എന്നുപറയുമ്പോൾ കാർഷിക മേഖലയുടേയും വ്യവസായ മേഖലയുടേയും വളർച്ച. അതിനുവേണ്ടി എന്തുതുക നീക്കിവയ്ക്കാൻ ധനകാര്യ മന്ത്രിക്കു കഴിഞ്ഞിട്ടുണ്ട്? വളരെ തുച്ഛമായ തുക മാത്രമേ നീക്കിവയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ. സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടു കൊണ്ടാണെന്നതിൽ യാതൊരു സംശയവുമില്ല. 28-ഓളം പുതിയ പ്രോജക്ടുകൾ ഈ ബഡ്ജറ്റിൽ കാണുകയുണ്ടായി. കഴിഞ്ഞകാല അനുഭവം വച്ചുകൊണ്ട്, കഴിഞ്ഞ 3 വർഷത്തെ അനുഭവം വച്ചുകൊണ്ട് എന്തുമാത്രം നടപ്പാക്കിയെടുക്കാൻ നമുക്കു കഴിയും എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക രംഗത്ത് സാമ്പത്തിക അച്ചടക്കം വേണം. രണ്ടാമത്, നാം പ്രതീക്ഷിക്കുന്ന വരുമാനം പിരിച്ചെടുക്കാൻ നമുക്കു കഴിയണം. കഴിഞ്ഞ വർഷവും നമുക്ക് 761 കോടി രൂപ, പ്രതീക്ഷിച്ചതിലും കുറവാണ് ലഭിച്ചത്. ഖജനാവിൽ കാശില്ലാത്ത ഒരു ഗവൺമെന്റിന്റെ കൂട്ട ആത്മഹത്യയ്ക്കു തയ്യാറെടുക്കുന്ന ഒരു ഗവൺമെന്റിന് വീണ്ടും തുക അനുവദിക്കുന്ന ഈ വോട്ട് അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ ഒരു മാസംകൊണ്ട് ഈ സഭയിൽ വിശദമായ ചർച്ചകൾ നടന്നുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇനി കൂടുതൽ പറയാനുണ്ട് എന്ന അഭിപ്രായം എനിക്കില്ല. ഈ കേരള സംസ്ഥാനത്താണോ ബഹുമാനപ്പെട്ട മാമ്മൻ മത്തായി ജീവിക്കുന്നത് എന്ന് എനിക്ക് സംശയമുണ്ട്. കണ്ണു കാണുമോ മാമ്മന്, എങ്കിൽ ഇതുപോലെ സംസാരിക്കാൻ സാധിക്കില്ല. ഒന്നും നടക്കുന്നില്ല എന്നാണ് മാമ്മൻ പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ 20 വർഷക്കാലത്തെ ബഡ്ജറ്റെടുത്തു പരിശോധിച്ചാൽ ഇതുപോലെ ഒരാനുകൂല്യം ചെയ്ത ബഡ്ജറ്റുണ്ടായിട്ടില്ല. ഞാൻ കാർഷിക മേഖലയിൽ നിന്നുമുള്ള ഒരു ജനപ്രതിനിധിയാണ്. സത്യം നിഷ്പക്ഷമായി അംഗീകരിക്കാതിരിക്കാൻ കഴിയുമോ? സത്യം പറയുമ്പോൾ സത്യമായിട്ട് അംഗീകരിക്കണം. 5 ഹെക്ടർ വരെ ഭൂമിയുള്ള കൃഷിക്കാരനെ ടാക്സിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. മനസ്സിലായില്ലേ? വെറുതെ വർത്തമാനം പറഞ്ഞിട്ടു കാര്യമുണ്ടോ? ശ്രീ. ജോണി നെല്ലൂരിന്റെ നേതാവായിരുന്ന ശ്രീ. മാണി 8 ബഡ്ജറ്റ് അവതരിപ്പിച്ചല്ലോ. ഒരു വാക്ക് കൃഷിക്കാരനുവേണ്ടി അതിൽ എഴുതിവയ്ക്കാൻ നിങ്ങൾക്കു കഴിഞ്ഞോ ? ഞാൻ ചോദിക്കട്ടെ, ടാക്സ് കോമ്പൗണ്ട് ചെയ്യാൻ നിങ്ങൾക്കു കഴിഞ്ഞോ? എത്ര കൊല്ലമായി കോൺഗ്രസുകാരൻ പറയുന്ന കാര്യമാണ്. ചെയ്തോ നിങ്ങൾ? 8 ബഡ്ജറ്റ് അവതരിപ്പിച്ചല്ലോ. ചെയ്തോ? അതു ചെയ്തത് 1987-ൽ നായനാർ ഗവൺമെന്റ് വന്നപ്പോൾ അന്നത്തെ ധനകാര്യ മന്ത്രിയാണ്. മനസ്സിലായില്ലേ?..... 1987-ൽ നിങ്ങൾ എന്നെ കാലുവാരി. അത് ശ്രീ. ബാബു തെറ്റിദ്ധരിക്കുകയല്ലേ? 1987-ൽ ഞാൻ ഇതിനകത്ത് വന്നില്ല. നിങ്ങളുടെ കൂട്ടത്തിലല്ലേ ഞാൻ നിന്നത്? 514 വോട്ടിന് കാലുവാരി എന്നെ തോൽപിച്ച് ഇട്ടിരിക്കുകയാണ് അന്ന്. അതുകൊണ്ടല്ലേ നിങ്ങളുടെ ബന്ധം വേണ്ട എന്നു വച്ചത്. നിങ്ങൾ കാലുവരികളാണ്. വിശ്വസിക്കാൻ കൊള്ളാത്തവരാണ്. അതുകൊണ്ട് നിങ്ങളുമായിട്ടുള്ള ബന്ധമില്ല എന്ന് ഞാൻ പ്രഖ്യാപിച്ചിരിക്കുന്നു. സംശയം വല്ലതുമുണ്ടോ? യാതൊരു തർക്കവും വേണ്ട. ശ്രീ. ജി. കാർത്തികേയനായതുകൊണ്ട് ഞാൻ വഴങ്ങുന്നതാണ്. കോൺഗ്രസിനകത്ത് ആകെ കൊള്ളാവുന്ന ഒരാളേയുള്ളൂ.

ശ്രീ. ജി. കാർത്തികേയൻ : തെരഞ്ഞെടുപ്പിൽ ആളുകൾ ജയിക്കുകയും പരാജയപ്പെടുകയും ചെയ്യും. ഒരിക്കൽ ഞാനും പരാജയപ്പെട്ടു. പരാജയപ്പെടുന്ന സമയത്തെല്ലാം ആരെങ്കിലും കാലുവാരുന്നതുകൊണ്ടാണെന്നു പറയുന്നത് സത്യവിരുദ്ധമായ ഒരു പ്രസ്താവനയാണ്. അത് പിൻവലിക്കുന്നതാണ് നല്ലത്.

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട കാർത്തികേയൻ, അങ്ങേയ്ക്കു തന്നെ അറിയാമല്ലോ, നിങ്ങളുടെ വാർഡ്, ബൂത്ത്, ബ്ലോക്ക്, മണ്ഡലം, ബ്ലോക്ക് പ്രസിഡന്റുമാർ ഉൾപ്പെടെ, ബൂത്ത് കമ്മിറ്റി കൺവീനർ ഉൾപ്പെടെ പരസ്യമായി എനിക്ക് എതിരായിട്ട് നോട്ടീസും അടിച്ച് ബോർഡും ഒട്ടിച്ച് പ്രസംഗിച്ചു നടന്ന് എന്നെ തോൽപിച്ചു. എനിക്ക് അതിൽ വിരോധമില്ല, നിങ്ങൾ തോൽപിച്ചതാണ് എനിക്ക് ഐശ്വര്യം ആയത്. ഞാൻ അത് സന്തോഷത്തോടെ.....

ശ്രീ. പി. പി. തങ്കച്ചൻ : കാലുവാരിയാണ് അങ്ങയെ തോൽപിച്ചത് എന്നു പറഞ്ഞു. കഴിഞ്ഞ തവണ അങ്ങയെ തോൽപിച്ചത് ആരാണ്?

ശ്രീ. പി. സി. ജോർജ് : അതിനുമുൻപ് ഞാൻ മത്സരിച്ചില്ല. മത്സരിക്കാതെ ഞാൻ ജയിക്കുമോ? ഞാൻ യു. ഡി. എഫ്.-ൽ നിങ്ങളുടെകൂടെയായിരുന്നില്ലേ? അന്ന് നിങ്ങളുടെ വോട്ടു കൊണ്ട് ശ്രീ എൻ.എം. ജോസഫ് ജയിച്ചു. 1991-ൽ ഞാൻ ഇടതുപക്ഷ മുന്നണിയിലായി. ശ്രീ. എൻ.എം. ജോസഫ് സ്ഥാനാർത്ഥിയായി. അതുകൊണ്ട് 1996-ൽ വന്നു. പിന്നെ ഞാൻ എങ്ങനെയാണ് സ്ഥാനാർത്ഥിയാകുന്നത്. 1996-ൽ പതിനായിരത്തിൽ കൂടുതൽ വോട്ടു വാങ്ങിക്കൊണ്ടാണ് ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥിയായി ഞാൻ ജയിച്ചുവന്നത്. മനസ്സിലായോ?..... അത് നിങ്ങളുടെ പാരമ്പര്യമാണ്. ഞങ്ങളെ കൂട്ടണ്ട. നിങ്ങളെ കൂട്ടിക്കൊണ്ടാൽ മതി. അതിനകത്ത് നമ്മളെ കൂട്ടണ്ട. നമ്മളെ കിട്ടില്ല. കോൺഗ്രസ് സംസ്കാരം, മാണി സംസ്ക്കാരം, അത് നിങ്ങൾ നടത്തിക്കോ..... നിങ്ങളുടെ ഈയിനം ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞാൽ ശരിയാകില്ല. എനിക്കു ചില കാര്യങ്ങൾ പറയാനുണ്ട്..... സർ, എനിക്ക് സംരക്ഷണം തരണം. ഇത്തവണ നിയമസഭാ സമ്മേളനം ആരംഭിക്കുമ്പോൾ ആദ്യം പത്രങ്ങളിൽ പ്രതിപക്ഷത്തെപ്പറ്റി എഴുതിവച്ചത് എന്താണ്? സഭയ്ക്ക് അകത്ത് വലിയ പ്രകമ്പനം സൃഷ്ടിക്കാൻ പോകുന്നു. പ്രതിപക്ഷ കക്ഷി തകർച്ച, പ്രതിപക്ഷ കൊടുങ്കാറ്റ്, കൊടുങ്കാറ്റ് അഴിച്ചുവിടാൻ പോകുന്നു. മുഴുവൻ പത്രങ്ങളും എഴുതി. ഈ രാജ്യത്തെ കുത്തക പത്രങ്ങൾ മുഴുവൻ ഇടതുപക്ഷ മുന്നണിക്ക് എതിരായിട്ടാണെന്ന ബോധ്യത്തോടുകൂടി തന്നെയാണ് ഞങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഈ കുത്തക പത്രങ്ങൾ മുഴുവൻ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പു കാലത്തും പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്തും എതിരായിരുന്നു. ഞങ്ങളുടെ ആത്മാർത്ഥതയുള്ള പ്രവർത്തകൻമാരുടെ ആത്മാർത്ഥതയുള്ള പ്രവർത്തനത്തിന്റെ പരിണത ഫലമായിട്ടാണ് ഞങ്ങളോടൊപ്പമുള്ള ത്രിതല പഞ്ചായത്തു സംവിധാനത്തിലെ നേതാക്കൻമാരും കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എം.പി.മാരായി തെരഞ്ഞെടുക്കപ്പെട്ടത്. അങ്ങനെ കുത്തക പത്രങ്ങൾ എഴുതി നിങ്ങൾ അകത്തു വന്നിട്ട് നിങ്ങൾക്ക് എന്തു ചെയ്യാൻ പറ്റി? നിങ്ങൾ ജനകീയ പ്രശ്നങ്ങൾക്ക് എന്തുചെയ്തു? ജനകീയ പ്രശ്നങ്ങളിൽ ഒരു ഗവൺമെന്റ് എന്ന നിലയിൽ ആദ്യം ചെയ്യേണ്ടത് എന്താണ്? ആ പൗരൻമാർക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടുക്കണം. പാർപ്പിടം ഉണ്ടാക്കികൊടുക്കണം. ഭക്ഷണ കാര്യത്തിൽ എന്താണ് ചെയ്തത്? കേന്ദ്ര ഗവൺമെന്റ് ഇതുപോലെ നിഷേധാത്മകമായ നയം സ്വീകരിച്ചു മുന്നോട്ടു പോകുമ്പോഴും അതിനെ നേരിടാനുള്ള തന്റേടത്തോടുകൂടി ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്ത് പൊതുവിതരണ രംഗം ശക്തിയോടുകൂടി തന്നെ മുന്നോട്ടു കൊണ്ടുപോയി. ജനങ്ങൾക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണ്. അതു നടപ്പാക്കിക്കൊണ്ടു പോകുകയാണ്. പാർപ്പിട കാര്യത്തിൽ എന്താണ് ചെയ്യുന്നത്? ഈ സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ സഹായത്തോടുകൂടി സർക്കാരിന്റെ സഹായത്തോടുകൂടി, എസ്.സി/എസ്.റ്റി വിഭാഗത്തിന്റെ സഹായത്തോടുകൂടി, ഫിഷറീസ് വകുപ്പിന്റെ സഹായത്തോടുകൂടി എത്ര ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

വീടുകളാണ് കൊടുക്കുന്നത്. വീടില്ലാത്ത പാവപ്പെട്ടവർക്ക് 5 ലക്ഷം വീടുകൾ വച്ചുകൊടുക്കാമെന്ന് പറഞ്ഞിരിക്കുന്ന ഗവൺമെന്റാണിത്. മിച്ച ബഡ്ജറ്റ് വലിയ ആനയാണോ? സാമ്പത്തിക വിദഗ്ദ്ധൻമാർ മുഴുവൻ പറഞ്ഞല്ലോ. മിച്ച ബഡ്ജറ്റ് ഒരിക്കലും മെച്ച ബഡ്ജറ്റ് അല്ല എന്ന്. യാതൊരു സംശയവും വേണ്ട. രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കണം. 8000 കോടി രൂപ കമ്മിയാകുന്നു. മിച്ച ബഡ്ജറ്റ് മെച്ച ബഡ്ജറ്റല്ല..... ശ്രീ. സൂപ്പി അങ്ങനെ വിലയില്ലാതെ പറയാതെ. അധികം താമസിക്കാതെ തിരിച്ചു പറഞ്ഞുകൊള്ളും. അല്ലെങ്കിൽ ജനങ്ങൾ പറയിക്കും. മനസ്സിലായില്ലേ? ഞാൻ ഇപ്പോൾ അത്രയെ പറയുന്നുള്ളൂ. അങ്ങനെ ജനോപകാരപ്രദമായ കാര്യങ്ങളുമായി പോകുമ്പോൾ... ഇപ്പോൾ പ്രതിപക്ഷത്തിന് പറയാൻ എന്താണുള്ളത്? ഞാൻ ഒരൊറ്റ ഉദാഹരണമേ ചൂണ്ടിക്കാണിക്കുന്നുള്ളൂ. ഒരു സബ്മിഷനോടൊപ്പം പ്രതിപക്ഷം വാക്കൗട്ട് നടത്തി. നിങ്ങൾ എത്രമാത്രം താഴ്ന്നിരിക്കുന്നു എന്നു കാണിക്കാനാണ് ഞാൻ പറയുന്നത്. നിങ്ങൾക്ക് വേറെ സബ്ജക്ടില്ല. ജനങ്ങളുടെ കാര്യങ്ങൾ പറയാൻ നിങ്ങൾക്ക് സമയമില്ല. ഗവൺമെന്റിനെ കുറ്റം പറയാൻ നിങ്ങൾക്ക് കാര്യങ്ങൾ കാണുന്നില്ല. അതുകൊണ്ടല്ലേ? വാക്കൗട്ട് നടത്തി 5 മിനിറ്റിനകം സഭയ്ക്കകത്തുവന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് ആ കാര്യം ഓർക്കുന്നുണ്ടല്ലോ. ശ്രീ. ആന്റണി ഉൾപ്പെടെയുള്ളവർ ഓടി ഗൂഢാലോചന നടത്തി. 5 മിനിറ്റു കഴിഞ്ഞപ്പോൾ സഭ ബോയ്ക്കോട്ട് നടത്തി. ഏതാണ് ദിവസം? ഡീസെൻട്രലൈസേഷൻ ബിൽ സഭയിൽ വന്ന ദിവസം. നിങ്ങൾ എന്തിനുവേണ്ടിയാണ് ചെയ്തത്? ഒരു കാര്യത്തിനുവേണ്ടി വാക്കൗട്ട്, പിന്നെ ബഹിഷ്ക്കരണം. മര്യാദയുള്ളവർക്ക് ചെയ്യാൻ പറ്റുമോ? ഈ രാജ്യത്തിലെ ജനങ്ങളോട് ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾക്ക്, ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ ചെയ്തത്? ഈ രാജ്യത്തെ ജനങ്ങൾ ഇതൊക്കെ കാണുന്നുണ്ട്. ഇവിടെ ഇപ്പോൾ എന്താണ് പ്രശ്നം? ഭക്ഷണം, പാർപ്പിടം, പിന്നെ ജനങ്ങൾ ആഗ്രഹിക്കുന്ന ക്രമസമാധാനരംഗത്തെ സമാധാനം. ഞാൻ പോലീസിന്റെ ഭാഗം ശരിയാണെന്നു പറയുന്നില്ല. പോലീസും മനുഷ്യരാണ്. നമ്മളെപ്പോലുള്ള ആളുകളാണ്. അതിൽ നല്ലതും ചീത്തയും ഉണ്ടാകും. ജനകീയ പോലീസിനെപ്പറ്റി ഒന്നുരണ്ടു വാക്കുകൾ പറയാൻതന്നെയാണ് ഞാൻ നിൽക്കുന്നത്. പോലീസിന്റെ ഭാഗത്ത് തെറ്റുകളുണ്ടായാൽ ശക്തമായ ശിക്ഷണനടപടികൾ സ്വീകരിച്ചുകൊണ്ട് പോകുന്ന ഗവൺമെന്റാണ് നായനാർ ഗവൺമെന്റ് എന്നു മനസ്സിലാക്കണം. ഇവിടെ പ്രതിപക്ഷത്തിന്റെ സമീപനമെന്താണ്? എന്താണ് ചങ്ങനാശ്ശേരി സംഭവം. ഞാൻ നല്ല ഒരു ക്രൈസ്തവനാണ്. കത്തോലിക്കനാണ്. ഒരു സംശയവും വേണ്ട. മുഴുവൻ പത്രങ്ങളും എഴുതിയ കാര്യമാണ്. അവിടെ ഒരു മോഷണം നടന്നു. ആ മോഷണം നടന്നപ്പോഴും അതിൽ രാഷ്ട്രീയനേതാക്കന്മാർ ബഹുമാനപ്പെട്ട കെ.എം. മാണിയും, ഉമ്മൻചാണ്ടിയും, തിരുവഞ്ചൂർ രാധാകൃഷ്ണനും ഉൾപ്പെടെയുള്ളവർ അവിടെയെത്തി. എന്താണ് നടന്നത്? എന്റെ കൈയിൽ കുറെ പത്രങ്ങളുണ്ട്. ഇത് ദേശാഭിമാനിയല്ല, മാധ്യമവും, മലയാളമനോരമയും ബി.ജെ. പി.-യുടെ പത്രമായ ജന്മഭൂമിയുമാണ്. എന്താണവിടെ നടന്നത്? മനസ്സാക്ഷിയുള്ളവർ ചിന്തിക്കണം. ശ്രീ. എ.കെ.ആന്റണിയോട് ആ കാര്യത്തിൽ എനിക്കു നന്ദിയുണ്ട്. അദ്ദേഹത്തെ വിളിച്ചപ്പോൾ ചെല്ലാൻ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമില്ലെന്നു പറഞ്ഞു. അവിടെ ഇരുന്നുകൊണ്ട് ഫോണിലൂടെ ഈ രാജ്യത്തെ മതസ്ഥാപനങ്ങളെ മുഴുവൻ വിളിച്ചുകൊണ്ട് രാഷ്ട്രീയ നേതാക്കന്മാരെല്ലാം ചേർന്ന് ഒരു വർഗ്ഗീയ വികാരം ഇളക്കിവിട്ട് ഗവൺമെന്റിനെതിരെ ശക്തമായ ആക്രമണം നടത്താനുള്ള നീചമായ തീരുമാനമാണ് നിങ്ങൾ നടത്തിയത്. അത് കേരളത്തിന് നല്ലതാണോ? കേരളത്തിന്റെ രാഷ്ട്രീയ അന്തരീക്ഷത്തിന് നല്ലതാണോ? എസ്. ബി. കോളേജ് 'ചാപ്പലിലെ രാഷ്ട്രീയ ബോംബ് പോലീസ് നിർവീര്യമാക്കി' 'മാധ്യമം' പറയുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 'മാതൃഭൂമി' പത്രത്തിൽ വന്നകാര്യം വായിക്കാതിരിക്കാൻ പറ്റുകയില്ല. 'പ്രതിയെ പിടിച്ചുവെങ്കിലും സംശയം' 'ചങ്ങനാശ്ശേരി എസ്.ബി. കോളേജ് ചാപ്പലിലെ വിശുദ്ധ വസ്തുക്കൾ നശിപ്പിച്ച് കവർച്ച നടത്തിയതിൽ പോലീസ് ഒരാളെ പിടികൂടിയെങ്കിലും കോളേജ് അധികൃതരിലും സംഭവ സ്ഥലത്ത് എത്തിയ എം. എൽ.എ. മാരിലും സംശയം ബാക്കി നിൽക്കുന്നു. പ്രതിയെ പിടിച്ചുവെന്ന വാർത്ത കണ്ടപ്പോൾ യഥാർത്ഥ പ്രതിയെ പിടിക്കണ മെന്നാണ് ശ്രീ. കെ.എം. മാണിയുടെ പ്രതികരണം. പ്രതിയെ പിടിച്ചുകഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട കെ. എം. മാണിക്കും. ഉമ്മൻചാണ്ടിക്കും, കാർത്തികേയനും ഇതാണോ പ്രതിയെന്ന് സംശയം. അപ്പോൾ മോഷ്ടിച്ചവർക്കല്ലേ പ്രതിയെ അറിയൂ. മനസ്സിലായില്ലേ. കോട്ടയത്തെ കാർമലിലെ വന്ദ്യരായ സിസ്റ്റർമാരുടെ സാന്നിദ്ധ്യത്തിൽ, അവർ ഫോൺ ചെയ്തതുനസരിച്ച് പോലിസ് സ്ഥലത്തെത്തി പ്രതിയെ അറസ്റ്റ് ചെയ്തു. ചാക്കിനകത്തുനിന്ന് കാസയും, പിലാസയും കിട്ടി. പോലീസ് എസ്.ബി. കോളേജിലേയ്ക്ക് ഫോൺ ചെയ്തു. ഞാൻ ഒളിച്ചു വയ്ക്കാതെ പറയുകയാണ്. ഒരുപറ്റം വൈദികരും ഈ നാണംകെട്ട പരിപാടിക്ക് ഇറങ്ങിയിട്ടുണ്ട്. വൈദികൻ ആണ് സംസാരിക്കുന്നത്. പ്രതിയെ പിടിക്കുന്നു. അപ്പുറത്തെ മുറിയിലിരിക്കുകയാണ് ശ്രീ. കെ. എം. മാണിയും ശ്രീ. ഉമ്മൻചാണ്ടിയും. ഉമ്മൻചാണ്ടിയോട് ഈ സഭയിൽ വച്ച് ഒന്നുരണ്ടുതവണ പറഞ്ഞതാണ്. ഉമ്മൻചാണ്ടി ഒന്നും മിണ്ടിയില്ല. ശ്രീ. ജോണി നെല്ലൂർ സാക്ഷിയാണ്. **** എന്തൊരു ഗതികേടാണിത്. ബഹുമാനപ്പെട്ട ആന്റണി ആ കാര്യത്തിൽ മാന്യത കാണിച്ചു. അങ്ങ് അതിന്റെ പിറ്റേ ദിവസം കോട്ടയം 'ദീപിക'യിലിരുന്ന് പത്രക്കാരോട് സംസാരിക്കുമ്പോൾ പറഞ്ഞ കാര്യത്തിൽ എനിക്ക് അങ്ങയോട് ബഹുമാനമുണ്ട്. ഞാൻ പറഞ്ഞത് മോഷണ ശ്രമങ്ങൾ പോലും വർഗ്ഗീയവൽക്കരിച്ചുകൊണ്ട് ഈ സംസ്ഥാനത്ത് ക്രമസമാധാന ലംഘനമുണ്ടാക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷനേതാക്കന്മാരുടെ ശ്രമം അപലപനീയമാണെന്ന് ചൂണ്ടിക്കാണിക്കാനാണ്. ജനകീയ പോലീസിനെപ്പറ്റി ഒരു വാക്ക് ഇവിടെ ആരും പറയാത്തതാണ്. എന്തിനാണ് കോൺഗ്രസിന് വിഷമം? എല്ലാവർക്കും വേണമെങ്കിൽ മതിയെന്നാണ് പറയുന്നത്. ജനകീയ പോലീസ് അത്രമാത്രം എതിർക്കാനുള്ള കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. എന്തിനു വേണ്ടിയാണത്? ഇപ്പോഴത്തെ ഗ്രാമസഭപോലെ പോലീസുകാരെ ചോദ്യം ചെയ്യാൻ ജനങ്ങൾക്ക് അവസരം ലഭിക്കുന്ന ഒരു സംവിധാനമാണ് ജനകീയ പോലീസെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. നമുക്ക്

**** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

തന്നിരിക്കുന്ന നോട്ടീസിൽ പറഞ്ഞിരിക്കുന്നതുപോലെയാണ് ജനകീയ പോലീസ് സംവിധാനം ഉണ്ടാകുന്നതെങ്കിൽ ഞാനതിനെ അനുകൂലിക്കുന്നു. മനഃസാക്ഷിയുള്ള കേരളത്തിലെ ജനങ്ങൾ മുഴുവൻ അനുകൂലിക്കും. ഒരു സംശയവും വേണ്ട. അതുപോലെയായിരിക്കണം ജനകീയ പോലീസ്. സമൂഹത്തിന്റെ സഹായത്തോടുകൂടി വ്യാജമദ്യവിൽപ്പന, വ്യാജവാറ്റ്, വ്യാജ മദ്യ കടത്ത് എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് ഇത്തരം പ്രവർത്തനങ്ങൾ തടയുക എന്നതായിരിക്കണം അതിന്റെ കർമ്മപരിപാടികൾ, സമൂഹത്തിന്റെ സഹായത്തോടുകൂടി മയക്കുമരുന്ന് ഉൽപ്പാദനവും ഉപയോഗവും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ഇത്തരം പ്രവർത്തനങ്ങൾ തടയുക, ഒരു പ്രദേശത്ത് വാഹനാപകട സാധ്യതയുള്ള മേഖലകൾ ഉണ്ടെങ്കിൽ പ്രദേശിക അധികാരികളുടെ സഹായത്തോടുകൂടി അത് കണ്ടെത്തി പ്രതിരോധ നടപടികൾ സ്വീകരിക്കുക, റോഡപകടങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, മറ്റുതരത്തിലുള്ള അപകടങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ സഹായിക്കുന്നതിനും പ്രാഥമിക ചികിത്സ നൽകുന്നതിനും..... വിസാ തട്ടിപ്പു വിവരങ്ങൾ ശേഖരിച്ച് പൊതുജനങ്ങൾ അത്തരം തട്ടിപ്പിന് ഇരയാകുന്നത് തടയുക, മോഷണം തടയുന്നതിനുവേണ്ടി പട്രോളിംഗ് സംഘടിപ്പിക്കുക, ഈ വക കാര്യങ്ങൾ ചെയ്യുന്നതിന്.... ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണിത്. ഒരു ഗവൺമെന്റിന്റെ നല്ല കാര്യങ്ങളെ അനുകൂലിക്കാൻ നിങ്ങൾക്ക് മനസ്സില്ലായെന്ന് ഞങ്ങൾക്കറിയാം. അനുകൂലിക്കണമെന്ന് നിങ്ങൾക്ക് ആഗ്രഹമില്ല. പക്ഷെ തെറ്റായ കള്ളപ്രചരണം നടത്തികൊണ്ട് ഒരു ഗവൺമെന്റിനെ മോശമാക്കാൻ ആടിനെ പട്ടിയാക്കുക, എന്നിട്ട് തല്ലിക്കൊല്ലാൻ നോക്കുമ്പോൾ പറ്റുന്നില്ലാ എന്നുകണ്ട് പേപ്പട്ടിയാക്കുക, എന്നിട്ട് തല്ലിക്കൊല്ലാൻ ശ്രമിക്കുന്ന നിങ്ങളുടെ തെറ്റായ നയങ്ങൾ അപലപനീയമാണ്. അത് നിർത്തലാക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട ജോർജ് തന്റെ പ്രസംഗത്തിൽ എസ്.ബി. കോളേജിലെ പ്രിൻസിപ്പലിനെ കോട്ടയം എസ്.പി. വിളിച്ച് പ്രതിയെ അറസ്റ്റ് ചെയ്തുവെന്ന് പറഞ്ഞപ്പോൾ അങ്ങേ മുറിയിലിരുന്ന മാണിയുടെ അടുത്ത് **** എന്തു പറഞ്ഞുവെന്ന് ശ്രീ. ജോർജ് പറഞ്ഞു. അങ്ങനെ പറഞ്ഞിട്ടില്ല. വൈദികരെ അധിക്ഷേപിക്കാൻ വേണ്ടി ശ്രീ. ജോർജ്ജ് ഇപ്രകാരം പ്രസ്താവന നടത്തുന്നത് ശരിയാണോ? എന്നോട് അങ്ങനെ ഒരു വൈദികൻ പറഞ്ഞിട്ടില്ല. അത് രേഖയിൽ കാണാനും പാടില്ല.

ശ്രീ. പി. സി. ജോർജ് : സർ, 'ജന്മഭൂമി' പത്രത്തിലെ കാര്യമാണ്. ആ പത്രം വായിക്കാൻ എന്നെ അനുവദിക്കാമോ? അങ്ങനെയൊന്നും പറഞ്ഞ് വൈദികന് മഹത്വമുണ്ടാക്കണ്ട. അങ്ങനെ വൈദികൻ മാണിയുടെ കുടുംബസ്വത്തൊന്നുമല്ല. മര്യാദകെട്ട മറുപടിയാണിത്. ഇത് വായിക്കാൻ എന്നെ അനുവദിക്കാമോ? അങ്ങ് മനസ്സിലാക്കണം.

**** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : പത്രത്തിൽ വന്നതുമാത്രം ഉദ്ധരിച്ചുകൊണ്ട്.... പത്രത്തിൽ വന്ന കാര്യം സത്യമായിരിക്കണമെന്നില്ല. അദ്ദേഹം പേഴ്സണൽ എക്സ്പ്ലേനേഷനിലൂടെ അത് നിഷേധിച്ചിരിക്കുകയാണ്. അതുകൊണ്ട് അത് രേഖയിൽ കാണുന്നതല്ല.

ശ്രീ. പി. സി. ജോർജ് : പത്രം വായിക്കണം..... എസ്. ബി. കോളേജിലെ ചാപ്പലിൽ നിന്ന്.....

ശ്രീ. ജോണിനല്ലൂർ : സർ, ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർക്കുകയാണ്. ഇവിടെ അഞ്ചാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ മന്ത്രി ആദ്യത്തെ നാലു മാസകാലത്തെ ചെലവിനു തുക അനുവദിക്കണമെന്നു പറഞ്ഞുകൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുവാൻ മനസ്സാക്ഷിയുള്ള ആർക്കും കഴിയുകയില്ല. 5-ാമത്തെ ബഡ്ജറ്റ് പട്ടിണി പാവങ്ങളെയും കേരളത്തിലെ കൃഷിക്കാരെയും പിടിച്ചുനിർത്തി മധുരവാക്കുകൾ പറഞ്ഞ് നെറുകയിൽ തലോടി അവരെ വഞ്ചിച്ച വിചിത്രമായ ബഡ്ജറ്റാണ്. ആ ബഡ്ജറ്റിന്റെ മറ്റൊരു സവിശേഷതയിലേയ്ക്ക് ഞാൻ പോകുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചുറ്റുപാടും നടക്കുന്നത് ഒന്നും അറിയാതെ ഈ നിയമസഭയിൽവന്ന് അതുപോലെ ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കുന്നു. ചുറ്റുപാടും എന്താണ് നടക്കുന്നതെന്ന് അദ്ദേഹവും ഗവൺമെന്റും മനസ്സിലാക്കുവാൻ തുനിയണ്ടേ? ഈ സംസ്ഥാനത്തിന്റെ സ്ഥിതി എന്താണ്? സാമ്പത്തികമായി വളരെയേറെ ഇരുളടഞ്ഞ വലിയ പതനത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം പൊയ്ക്കൊണ്ടിരിക്കുകയാണ്. അടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ വന്ന വാർത്തകളൊക്കെ തന്നെ കേരളത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളെയും വേദനിപ്പിക്കുന്നതാണ്. കേരളത്തിന്റെ സാമ്പത്തികസ്ഥിതി അങ്ങേയ്ക്കും അറിയാം. ധനകാര്യമന്ത്രി അല്പമൊക്കെ സമ്മതിക്കുന്നുമുണ്ട്. മലയാളമനോരമ പത്രത്തിൽ കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളായി വരുന്ന ചില വാർത്തകൾ സർക്കാരിന് ജില്ലാ ബാങ്ക് നല്കിയ വായ്പ പിൻവലിക്കണം. ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ ബാങ്കിലൂടെ സർക്കാരിന് 495 കോടി രൂപ വായ്പ കൊടുക്കുവാൻ തീരുമാനിക്കുകയും ആ തുക തിരിച്ചടയ്ക്കണമെന്ന് റിസർവ് ബാങ്ക് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഈ സംസ്ഥാനത്ത് കിട്ടാവുന്ന മുഴുവൻ സ്ഥലത്തുനിന്നും പണം സ്വരൂപിച്ച് വരവു ചെലവ് കണക്കുകൾ അവതരിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ഇവിടെ പദ്ധതികൾ എന്തെങ്കിലും ഉണ്ടോ ? ധനകാര്യമന്ത്രിയുടെ അവസ്ഥ കണ്ടാൽ അദ്ദേഹം എന്താണ് പറയുന്നത്? അദ്ദേഹം പറയും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ട്രഷറി പൂട്ടിയിട്ടില്ല, എന്റെ ഗവൺമെന്റിന്റെ കാലത്ത് ട്രഷറി പൂട്ടാൻ അനുവദിക്കുകയില്ല. എങ്ങനെയാണ് ട്രഷറി പൂട്ടുന്നത്? ഈ ഗവൺമെന്റ് വന്നതിനുശേഷം ഇവിടെ പാലങ്ങൾ പണിതിട്ടുണ്ടോ ; പള്ളിക്കൂടങ്ങൾ പണിതിട്ടുണ്ടോ; ആശുപത്രി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ; ഏതു വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് തുക ചെല വഴിച്ചിരിക്കുന്നത്? കിട്ടാവുന്നിടത്തുനിന്നൊക്കെ കടം വാങ്ങിച്ച് ട്രഷറിയിൽ അല്പം മിച്ചംവച്ച് ഇവിടെ മിച്ചമാണ്. ട്രഷറി പൂട്ടുന്നില്ല എന്ന ധനകാര്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമസഭയിൽ വന്നു പ്രസംഗിച്ചാൽ നമ്മുടെ കേരളത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചമാകുമോ? നാം ആലോചിക്കണ്ടേ? ഇത്രമാത്രം ഇരുളടഞ്ഞ ഒരു സാമ്പത്തിക സ്ഥിതിയിലേയ്ക്ക് കേരളത്തെ നയിച്ച ഈ ഗവൺമെന്റിന് ഭരിക്കുവാനുള്ള അവകാശം നഷ്ടമായിരിക്കുന്നു. ചുറ്റുപാടും നടക്കുന്നത് അറിയാതെ മുന്നോട്ടു പോകുന്ന ഈ അവസ്ഥ കാണുമ്പോൾ എനിക്ക് പണ്ടു കണ്ട ഒരു സിനിമ, അങ്ങും ഒരുപക്ഷേ കണ്ടിട്ടുണ്ടാകും, നോക്കെത്താ ദൂരത്ത് കണ്ണുംനട്ട്, എന്ന സിനിമയിലെ ഒരു ഈരടി ഓർക്കുകയാണ്. ഞാൻ പാട്ടുകാരൻ അല്ലെങ്കിൽപ്പോലും ആ ഈരടി എനിക്ക് ഓർമ്മ വരുകയാണ്. എന്താണ് ഈരടി എന്നറിയാമോ ; ആ ഈരടി മറ്റൊന്നുമല്ല.

"മഞ്ഞു വീണതറിഞ്ഞില്ല
വെയിൽവന്നുപോയതറിഞ്ഞില്ല"

എന്നു പറഞ്ഞു പറഞ്ഞ് ധനകാര്യമന്ത്രി ഇരിക്കുകയാണ്. ആ അവസ്ഥയിലാണ് നമ്മുടെ ധനകാര്യമന്ത്രി. ഇപ്പോൾ എനിക്ക് പറയുവാനുള്ളത്. ഈ സംസ്ഥാനത്തെ.....

ശ്രീ. പി. രാജു : അങ്ങ് പറഞ്ഞല്ലോ കഴിഞ്ഞ രണ്ടുവർഷമായിട്ട് പാലവും സ്കൂൾ കെട്ടിടങ്ങളും ഒന്നും പണിയുന്നില്ലായെന്ന് മൂവാറ്റുപുഴയിലെ പ്രധാനപ്പെട്ട റോഡ് ഇന്നത്തെ ഈ അവസ്ഥയിലാക്കി മാറ്റിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്നതുകൊണ്ടും ധനകാര്യമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ ആയതുകൊണ്ടുമാണ്. ഏകദേശം രണ്ടര കോടി രൂപ മുടക്കി ആ റോഡിന്റെ മുഖച്ഛായ തന്നെ മാറ്റിക്കൊണ്ട് പാലം പണിത വസ്തുത അങ്ങ് ഇവിടെ വിസ്മരിക്കുകയല്ലേ?

ശ്രീ. ജോണി നെല്ലൂർ : ശ്രീ. പി. രാജു ഏതായാലും ഇവിടെ പറഞ്ഞു. ശ്രീ. പി. രാജുവിന്റെ പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (സി. പി.ഐ.) ആണല്ലോ; മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ സി. പി. ഐ. യുടെ ഏതെങ്കിലും ഭാരവാഹിയോ പ്രവർത്തകനോ ഇതു പറയാമെങ്കിൽ ഞാൻ ഇതിനു പരസ്യമായിട്ട് മാപ്പു പറയാം. ആ മണ്ഡലത്തിൽ ഐക്യ ജനാധിപത്യ മുന്നണി തുടങ്ങിവച്ച പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതല്ലാതെ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു നിർമ്മാണ പ്രവർത്തനവും അവിടെ ആരംഭിച്ചിട്ടില്ല. ഈ നിയമസഭയിൽ നിരവധി പ്രാവശ്യം ഞാൻ ഉന്നയിച്ചിട്ടുണ്ട്. പക്ഷെ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ശ്രീ. പി. രാജു ഇവിടെ പറയുന്നുണ്ടല്ലോ; ശ്രീ. പി. രാജുവിന്റെ പാർട്ടി ഉൾപ്പെടെ അവിടെ സമരം ചെയ്യുന്നു. ചാലിക്കടവ് പാലം മൂവാറ്റുപുഴ-തേനി റോഡിലെ സ്റ്റേറ്റ് ഹൈവേയുടെ ആരംഭ സ്ഥലത്തുള്ള പാലം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രസ്റ്റീജ് പാലം, അതാണ് പ്രത്യേകത. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറി കത്തു കൊടുത്തു മന്ത്രിക്ക് സി.പി.ഐ. കത്ത് കൊടുത്തു. ഞാൻ കത്തു കൊടുത്തു. എന്റെ കത്തിനു വിലയില്ലല്ലോ; പാലം ടെണ്ടർ ചെയ്യാൻ പണം മാറ്റിവയ്ക്കണമെന്ന്. എന്താണെന്ന് അറിയാമോ? 60 ലക്ഷം രൂപ ഉണ്ടെങ്കിലേ പാലം ടെണ്ടർ ചെയ്യാൻ കഴിയൂ. വച്ചത് എത്രയാണെന്ന് അറിയാമോ? 13 ലക്ഷം രൂപ ടെണ്ടർ ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുകയില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് എന്റെ നിയോജകമണ്ഡലത്തിൽ ഒരു പാലത്തിനോ ഒരു സ്കൂൾ കെട്ടിടത്തിനോ ഒരു ചെറിയ തുകയെങ്കിലും അനുവദിച്ചു എന്ന് തെളിയിക്കുവാൻ കഴിഞ്ഞാൽ, ശ്രീ. പി. രാജു ആവശ്യപ്പെട്ടാൽ, ഞാൻ രാജിയും വയ്ക്കും വേണ്ടിവന്നാൽ. വെറുതെ പ്രസംഗിക്കുകയാണ്. അവിടെ ആണെങ്കിൽ ഒന്നും നടക്കുന്നില്ല. ഒരു കാര്യവും നടക്കുന്നില്ല. പ്രഖ്യാപനങ്ങൾ മാത്രം. ഞാൻ ഒരുകാര്യം മാത്രം പറയട്ടെ. കേന്ദ്ര സഹായം ലഭിക്കുന്നില്ല എന്നാണല്ലോ ഇവർ പറയുന്നത്. കേന്ദ്ര സഹായം ലഭിക്കാത്തതിനു കാരണമെന്താണ്? നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച വലിയ പ്രശ്നം എന്താണെന്ന് അറിയാമോ? കേരളത്തിന്റെ വികസന മാതൃക, അതു എല്ലാപേരും പ്രോത്സാഹിപ്പിക്കുന്നുണ്ട്. കേരളത്തിന്റെ വികസന മാതൃക എന്നാണ് തുടങ്ങിയത്? സമ്പൂർണ്ണ സാക്ഷരത, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ പരിഷ്ക്കാരങ്ങൾ, ശിശുമരണ നിരക്കിന്റെ കുറവ്, വിദ്യാഭ്യാസം സാർവത്രികമാക്കൽ ഇതെല്ലാമാണല്ലോ നമ്മുടെ കേരളാ മോഡൽ. ഇതിന്റെ ഊറ്റംകൊള്ളുവാൻ നിങ്ങൾക്ക് എന്താണ് അവകാശം? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരോട് ചോദിക്കട്ടെ. 1957-ലും 1967-ലുമായി ആകെ നാലര കൊല്ലമാണല്ലോ ഇവർ ഭരിച്ചത്? ഇവർക്ക് എന്താണ് അവകാശം? 1969-ൽ ഈ സംസ്ഥാനത്ത് അധികാരത്തിൽവന്ന ഐക്യമുന്നണിയുടെ നേതാവായ അച്ച്യുതമേനോൻ കേരളം കണ്ട ഏറ്റവും നല്ല മുഖ്യമന്ത്രി ആണെന്ന് എല്ലാപേരും അംഗീകരിക്കുന്നതാണ്. അദ്ദേഹത്തിന്റെ കാലത്ത് ആരംഭിച്ച നേട്ടങ്ങളുടെ പട്ടിക, ഐക്യ ജനാധിപത്യ മുന്നണി 1977-80 കാലഘട്ടംവരെ ഭരിച്ചപ്പോൾ ഇവിടെ മുഖ്യമന്ത്രി ആയിരുന്നത് അച്ച്യുതമേനോനും പി. കെ. വാസുദേവൻനായരും ചുരുങ്ങിയ കാലയളവിൽ ശ്രീ. എ. കെ. ആന്റണിയുമാണ്. ആ കാലത്താണ് ഈ നേട്ടം കൈവരിച്ചത്. ഇൻഡ്യയാകെ കേരളാ മോഡൽ പ്രശംസിക്കപ്പെട്ടത്. കേരളാ മോഡൽ ഡെവലപ്മെന്റ്. എന്നിട്ട് അതിന്റെ ഊറ്റം കൊള്ളുന്നത് ആരാണ്? മാർക്സിസ്റ്റ് പാർട്ടിയോ? സി.പി.ഐ. പറയട്ടെ, സി.പി.ഐ പറഞ്ഞാൽ അംഗീകരിക്കാം. നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി വിശേഷങ്ങൾ ഇങ്ങനെ പോകുമ്പോൾ ഈ ഗവൺമെന്റ് കൊണ്ടുവരുന്ന ചില പദ്ധതികളുണ്ടല്ലോ ഇവിടെ വൈദ്യുതി ബോർഡ് നടപ്പാക്കുവാൻ പോകുന്ന കൺസ്യൂമർ കാർഡ് ഇതൊരു തട്ടിപ്പല്ലേ; ഇതിന്റെ പിന്നിൽ നടക്കുന്ന കൊള്ള. ബഹുമാനപ്പെട്ട എസ്. ശർമ്മ ഇവിടെ ഇല്ല. അദ്ദേഹത്തിനെക്കുറിച്ച് അല്ല എനിക്ക് പറയുവാനുള്ളത്. അദ്ദേഹത്തെപോലും തെറ്റിദ്ധരിപ്പിച്ച് ഈ കൺസ്യൂമർ കാർഡിനു 60 ലക്ഷം അപേക്ഷാ ഫോറം അച്ചടിപ്പിച്ചു. അതു കൊമേഴ്സ്യൽ വകുപ്പ് അറിയാതെയാണ്. ഇലക്ട്രിസിറ്റി ബോർഡ് കൊമേഴ്സ്യൽ വിഭാഗമാണ് ഉപഭോക്താക്കളുമായി ബന്ധപ്പെട്ട കൺസ്യൂമർ കാർഡ് അല്ലെങ്കിൽ കൺസ്യൂമർ കാർഡിന്റെ അപേക്ഷാ ഫാറം അച്ചടിക്കേണ്ടത്. ആ കൊമേഴ്സ്യൽ വിഭാഗം അറിഞ്ഞിട്ടില്ല. 60 ലക്ഷം ഫോമുകൾ എവിടെ അച്ചടിച്ചു? അതിനു ക്വട്ടേഷൻ വിളിച്ചിട്ടുണ്ടോ? എത്ര തുക ചെലവായി? നമുക്ക് അറിയുവാൻ ബാധ്യതയില്ലേ? അതിന്റെ പിന്നിൽ ഉണ്ടായ തിരിമറികൾ, ബോർഡ് നടത്തിയ തിരിമറികൾ, ലക്ഷങ്ങളുടെ കമ്മീഷൻ ഇവിടെ കൈപ്പറ്റിയിട്ടുണ്ടെന്ന് പുറമേ കേൾക്കുന്നു. ആ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർ കാർഡ് അച്ചടിക്കുവാൻ ടെണ്ടർ കൊടുത്ത മലയാളമനോരമ പത്രം എന്റെ കൈയിലുണ്ട്. ഫെബ്രുവരി മാസം 17-ാം തീയതിയിലെ മലയാള മനോരമ പത്രത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കൺസ്യൂമർ കാർഡ് അച്ചടിക്കുവാനുള്ള പരസ്യം. അതിൽ 66 ലക്ഷം കൺസ്യൂമർ കാർഡ് അച്ചടിക്കുവാനുള്ള ടെണ്ടറാണ് കൊടുത്തിരിക്കുന്നത്. ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 3 കോടിയിൽ താഴെമാത്രം തുകയാണ്. ഒരു കൺസ്യൂമർ കാർഡിനു 10 രൂപാ വീതം വാങ്ങുവാൻ ബോർഡ് മന്ത്രി അറിയാതെ തീരുമാനിക്കുന്നു. 10 രൂപവച്ച് വാങ്ങുമ്പോൾ ആറേമുക്കാൽ കോടിരൂപ ഏതാണ്ട് 6 കോടി 66 ലക്ഷം രൂപ ബോർഡിലേയ്ക്ക് വരുന്നു. 3 കോടി രൂപയിൽ താഴെ മാത്രം ചെലവ് വരുന്ന ഇതിന്റെ പിന്നിൽ, 10 രൂപവച്ച് വാങ്ങുന്നതിന്റെ പിന്നിൽ, ബോർഡിലെ കൊമേഴ്സ്യൽ വിഭാഗം അറിയാതെ, അപേക്ഷാ ഫോമുകൾക്ക് കമ്മീഷൻ സ്വീകരിക്കാതെ, ടെണ്ടർ വിളിക്കാതെ അപേക്ഷ ഫാറങ്ങൾ അച്ചടിപ്പിച്ച കാര്യത്തിൽ ഒക്കെ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടായിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത്, ഉന്നതന്മാരുടെ ഭാഗത്ത്, ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യം അന്വേഷിക്കണം. ഈ കാര്യം അന്വേഷിച്ച് വീഴ്ചകൾ വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരെയും ബോർഡിലെ പ്രമാണിമാരെയും നിലക്ക് നിർത്തണമെന്ന് മാത്രമേ എനിക്ക് പറയുവാനുള്ളൂ. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഒരു തുകയും മാറ്റിവയ്ക്കാതെ കൊണ്ടുവന്നിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ട് എന്നുള്ള നിലയിൽ ഇതു അംഗീകരിക്കുവാൻ കഴിയില്ല. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുകയാണ്. സംസ്ഥാനത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വർദ്ധിപ്പിക്കാവുന്ന പരമാവധി ജനക്ഷേമകരമായ ഒരു സമീപനമാണ് ഈ ബഡ്ജറ്റ് അവതരണത്തിലൂടെ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന ഭരണ നടപടികൾ നമ്മളെല്ലാവരും എതിർക്കുന്നതാണ്. ഭരണ-പ്രതിപക്ഷവ്യത്യാസമില്ലാതെ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന ജനവിരുദ്ധനടപടികൾക്കെതിരായ നിലപാടെടുത്തുകൊണ്ടാണ് നാം മുന്നോട്ടു പോകുന്നത്. നിത്യോപയോഗസാധനങ്ങളുടെ വില ഗണ്യമായി വർദ്ധിപ്പിക്കുന്ന, നമ്മുടെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായത്തെയാകെ തകർക്കുന്ന സമീപനങ്ങളോട് എൻ.ഡി.എ.-യിൽപ്പെടുന്ന ഘടകകക്ഷികൾ പോലും എതിർക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ദേശീയതലത്തിൽ ഇന്ന് കേന്ദ്ര ഗവൺമെന്റിൽ പങ്കാളികളായിട്ടുള്ള പാർട്ടികൾക്കിടയിൽപ്പോലും ഉണ്ടായിട്ടുള്ള പുനർചിന്തനം, അതു പ്രയോജനപ്പെടുത്തി ബി.ജെ.പി.ക്കെതിരായിട്ടുള്ള മുന്നേറ്റം കരുപ്പിടിപ്പിക്കാനും അതിനു നേതൃത്വം നൽകാനും നമുക്കു കഴിയേണ്ടതായിട്ടുണ്ട്. കേരളം അതിനു മാതൃക കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വലതുപക്ഷതാൽപ്പര്യങ്ങളെ പിൻതുണയ്ക്കുന്ന കേന്ദ്രത്തിന്റെ നടപടികൾക്കെതിരായി ഇപ്പോൾ ഇടത്തോട്ടു നീങ്ങുമെന്നു പറയുന്ന കോൺഗ്രസ് (ഐ) ഉൾപ്പെടെ ശക്തമായ മുന്നേറ്റത്തിനു മുൻപോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവൺമെന്റ് വികസനരംഗത്ത് ഒന്നും ചെയ്യുന്നില്ല എന്ന അഭിപ്രായമാണ് ശ്രീ. ജോണി

LIBRARY ARCHIVES Kerala Legislative Assembly

നെല്ലൂർ ഇവിടെ പ്രകടിപ്പിച്ചത്. വിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും റോഡുകളുടെയുമൊക്കെ സ്ഥിതി വളരെ ദയനീയമാണെന്ന് അദ്ദേഹം ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ വികസനരംഗത്ത് എല്ലാം തികഞ്ഞു എന്ന അഭിപ്രായം എനിക്കില്ല. പോരായ്മകളുണ്ടാകാം. നമ്മുടെ പദ്ധതി വിഹിതത്തിന്റെ 40 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് കൈമാറുകയും ആ ത്രിതല പഞ്ചായത്തുകളിലൂടെ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടക്കുന്നതും എന്തുകൊണ്ട് ശ്രീ. ജോണി നെല്ലൂർ കാണാതെ പോകുന്നു എന്നതാണ് എനിക്കു ചോദിക്കാനുള്ളത്. എത്രയോ വിദ്യാലയങ്ങളുടെ കാര്യത്തിനു വേണ്ടി നമ്മുടെ സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾക്ക് പണം കൊടുക്കുകയും പണിതുകൊണ്ടിരിക്കുകയുമാണ്. നമ്മുടെ സംസ്ഥാനത്ത് പൊതുമരാമത്തുവകുപ്പ് നേരിട്ട് നിർമ്മിക്കുന്നത് സംസ്ഥാന ഹൈവേകളും മേജർ ഡിസ്ട്രിക്റ്റ് റോഡുകളും മാത്രമാണ്. അങ്ങനെയല്ലാത്ത എത്രയോ റോഡുകൾ ത്രിതല പഞ്ചായത്തുകളുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുണ്ടാകുന്നു. വാസ്തവത്തിൽ ത്രിതല പഞ്ചായത്തുകളുടെ ഭാഗത്തു നിന്ന് ഒരു വികസന വിപ്ലവം തന്നെ നടക്കുന്ന സ്ഥിതിയാണ്. അതൊന്നും കാണാതെ, കണ്ണടച്ചുകൊണ്ട് കാര്യങ്ങളെ വിമർശിക്കുന്നതു ശരിയല്ല. ഇപ്പോൾ ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അവരുടെ പദ്ധതി വിഹിതം നിർണ്ണയിക്കുന്നതിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഭൂമിയുടെ വിസ്തൃതിയും, ജനസംഖ്യയും, പട്ടികജാതി- പട്ടികവർഗ്ഗ ജനസംഖ്യയും, ഭൂമിയുടെ പിന്നോക്കാവസ്ഥയുമൊക്കെ പരിഗണിച്ച് മാത്രമാണ് ഇപ്പോൾ പദ്ധതി വിഹിതം നിർവഹിക്കുന്നത്. അതുകൊണ്ട് പല പഞ്ചായത്തുകൾക്കും ആ പഞ്ചയത്തുകളിലുള്ള സ്ക്കൂളുകളും ആശുപത്രികളുമെല്ലാം സംരക്ഷിച്ചുകൊണ്ട് പോകാൻ കഴിയുന്നില്ല. ഒരു പഞ്ചായത്തിൽ നിലവിൽ എത്ര സ്ക്കൂളുകളുണ്ട്, എത്ര ആശുപത്രികളുണ്ട് പഞ്ചായത്തുകൾ സംരക്ഷിക്കേണ്ട എത്ര സ്ഥാപനങ്ങളുണ്ട് എന്നുകൂടി പരിഗണിച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം കണക്കാക്കി നൽകിയാൽ മാത്രമേ ത്രിതല പഞ്ചായത്തുകളിലൂടെ ഈ സ്ഥാപനങ്ങളെയൊക്കെ പരിരക്ഷിക്കാൻ കഴിയൂ എന്ന യഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ആ നിലയിലുള്ള ഒരു സമീപനം പദ്ധതി വിഹിതത്തിന്റെ കാര്യത്തിൽ നമ്മുടെ ഗവൺമെന്റ് സ്വീകരിക്കണം. നികുതി പിരിവിന്റെ കാര്യത്തിൽ കൂടുതൽ കാര്യക്ഷമത കാണിക്കേണ്ടതാണ്. നികുതി വരുമാനം കണ്ടെത്തുന്ന കാര്യത്തിലും നമുക്കു പരമാവധി മുൻപോട്ടു പോകാൻ കഴിയണം. ഇടുക്കി ജില്ലയിലെ മൂന്നാറിൽ ടാറ്റാ ടി കമ്പനിയുടെ ഒരു തോട്ടത്തിൽ ഇന്നും ആയിരക്കണക്കിന് ഭൂമി കണക്കിൽപ്പെടാതെ അവർ കൈവശം വച്ചുകൊണ്ടിരിക്കുകയാണ്. അത് അളന്നു തിട്ടപ്പെടുത്തി അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി വീണ്ടെടുക്കാൻ നമുക്കു എന്തുകൊണ്ട് കഴിയുന്നില്ല? നികുതി നിർണ്ണയത്തിൽ സാമ്പത്തിക ശേഷിയുള്ള ആളുകൾ ഉപയോഗിക്കുന്ന സാധനങ്ങൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തിക്കൊണ്ട് കൂടുതൽ ജനക്ഷേമകരമായ പരിപാടികളുമായി നമുക്കു മുന്നോട്ടു പോകാൻ കഴിയണം. എത്രയോ ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചു, ക്ഷേമപദ്ധതികൾ വിപുലപ്പെടുത്തി, ക്ഷേമപദ്ധതികളുടെ തുക വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് ആർക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നു എന്നുള്ളതിന്റെ ചൂണ്ടുപലകയായാണ് ഇതിനെ കാണാൻ കഴിയുന്നത്. സംസ്ഥാനത്തെ വളരെ സാധാരണക്കാരായിട്ടുള്ള ആളുകൾക്കു വേണ്ടി, പട്ടിണിപാവങ്ങൾക്കുവേണ്ടി നിൽക്കുന്നു എന്നതുതന്നെയാണ് സൂചിപ്പിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി 148 കോടി രൂപയോളം ചെലവാക്കാനാണ് വോട്ട് ഓൺ അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് 43 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതെല്ലാം സാധാരണക്കാരായിട്ടുള്ള ആളുകൾക്ക് പ്രയോജനപ്പെടുന്നതാണ്. ഒരു ആദിവാസി വികസന അതോറിറ്റി രൂപീകരിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട്, യഥാർത്ഥത്തിൽ ഇന്ന് പ്രകൃതിക്ഷോഭമുണ്ടാകുന്ന പ്രദേശങ്ങൾക്ക് വേണ്ടത്ര പരിഗണന കിട്ടുന്നില്ല. ഏറ്റവും കൂടുതൽ പ്രകൃതിക്ഷോഭമുണ്ടാകുന്ന, മലയോര മേഖലയ്ക്ക് വേണ്ടത്ര പരിഗണന കിട്ടുന്നില്ല. പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി പണം നൽകുമ്പോൾ സംസ്ഥാനാടിസ്ഥാനത്തിൽ നിയോജക മണ്ഡലങ്ങളെ വിഭജിക്കേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം. യഥാർത്ഥത്തിൽ പ്രകൃതി ക്ഷോഭമുണ്ടാകുന്ന, പ്രകൃതിക്ഷോഭംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന മലയോര മേഖലയെ പരിഗണിക്കാൻ, അവർക്ക് സ്വാതന്ത്ര്യമായി പ്രവർത്തിക്കാൻ കഴിയുന്ന നിലയിൽ പ്രകൃതിക്ഷോഭ നിവാരണ അതോറിറ്റി രൂപീകരിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. വനം വുകപ്പിന് വേണ്ടത്ര പരിഗണന കിട്ടുന്നില്ലായെന്ന അഭിപ്രായം എനിക്കുണ്ട്. നമ്മുടെ സംസ്ഥാനത്ത് എത്രയോ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കേണ്ടതാണ്. വനമെന്നു പറയുമ്പോൾ അവിടെ ജനങ്ങളുമായി ഒരു ബന്ധവുമില്ലെന്നുള്ള ഒരു കൺസെപ്റ്റുണ്ടാകുന്നതു ശരിയല്ല. വനവുമായി ബന്ധപ്പെട്ട്, വനത്തിന്റെ പരിസരത്ത് ഒരുപറ്റമാളുകളുണ്ട്. വനവുമായി ബന്ധപ്പെട്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വകകൊള്ളിക്കാൻ കഴിയണം. വനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കുറേകൂടി പരിഗണന ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഒരു കാര്യംകൂടി പറയുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ വളരെ ബോധപൂർവ്വമായ പ്രവർത്തനങ്ങളുണ്ടാകണം. കൂടുതൽ ബഡ്ജറ്ററി സപ്പോർട്ട് കൊടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കാൻ കഴിയണം. കൂടുതൽ മെച്ചപ്പെട്ട ഒരു സാഹചര്യം ഇന്ന് തെളിഞ്ഞുവരുന്നുണ്ട്. കൂടുതൽ ബസ്സുകൾ വരുന്നു. കൂടുതൽ ആദായകരമാകാൻ പോകുന്നു ; എങ്കിൽപ്പോലും ഇന്നു നമ്മുടെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ അനാഥം നിൽക്കുകയാണ്. കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ പരിഷ്ക്കരിക്കുന്നതിനും അതു മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സാഹചര്യമുണ്ടാകണം. അതിനു കൂടുതൽ തുക വക കൊള്ളിക്കാൻ കഴിയണം. നാട്ടുകാർ മുമ്പോട്ടു വന്ന് വേണമെങ്കിൽ നന്നാക്കിക്കോട്ടെ എന്നുള്ള ഭാവം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കാര്യത്തിൽ കാണരുത്. ഈ കാര്യത്തിൽ ഗവൺമെന്റ് കുറച്ചുകൂടി പരിഗണന കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 845.5 മെഗാവാട്ട് വൈദ്യുതി
1 P.M.] അധികമായി ഉല്പാദിപ്പിച്ചുകൊണ്ട് ദക്ഷിണേന്ത്യയിലെ പവർകട്ടില്ലാത്ത ഏക സംസ്ഥാനമായി കേരളത്തെ മാറ്റിയ ആ നടപടിയെ ഞാൻ പൂർണ്ണമായി സ്വാഗതം ചെയ്യുകയാണ്. ഇതുപറയുമ്പോൾ ഈ നിയമസഭയും ഈ ഗവൺമന്റും വളരെ ഗൗരവപൂർവ്വം പരിശോധിക്കേണ്ട ചില കാര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാനിരിക്കുകയാണ്. 845.5 മെഗാവാട്ട് വൈദ്യുതി ഉല്പാദനം കൂടിയെങ്കിലും കേരളത്തിലെ വ്യാവസായിക വാണിജ്യ ആവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ അളവ് കൂടിയില്ല. ഞാൻ ബഡ്ജറ്റ് ചർച്ചയിൽ ചൂണ്ടിക്കാണിച്ചിരുന്നു. 1995-ൽ വൈദ്യുതി ബോർഡ് മൊത്തം 7027.69 മില്യൺ യൂണിറ്റ് വൈദ്യുതിയാണ് വിവിധ ആവശ്യങ്ങൾക്കുവേണ്ടി വിറ്റത്. മൂന്നരമണിക്കൂർ പവർകട്ടുണ്ടായിരുന്ന 1999-ൽ 8960 മില്യൺ യൂണിറ്റായി അത് വർദ്ധിച്ചു. 1995-ൽ വാണിജ്യ ആവശ്യങ്ങൾക്കുവേണ്ടി 953.75 മില്യൺ യൂണിറ്റുവിറ്റ ഈ കേരളത്തിൽ 1999-ൽ അത് 266 മില്യൺ യൂണിറ്റായി കുറഞ്ഞു. വ്യവസായിക ആവശ്യങ്ങൾക്ക് സ്മാൾസ്കെയിൽ ഇൻസ്ട്രീസിന് 543.43 മില്ല്യൺ യൂണിറ്റ് ആയിരുന്നത് 1999 ആയപ്പോൾ 565 മില്യൺ യൂണിറ്റായി നേരിയ വർദ്ധനയുണ്ടായി. ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ 2598 മില്യൺ യൂണിറ്റ് എന്നുള്ളത് 2628 ആയി, നേരിയ ഒരു വർദ്ധനയുണ്ടായി. വാണിജ്യ ആവശ്യങ്ങളുടെയും വ്യവസായ ആവശ്യങ്ങളുടേയും മൊത്തം എടുത്തുനോക്കിയാൽ 1995-നേക്കാൾ 45 മില്യൺ യൂണിറ്റ് വൈദ്യുതി കുറച്ച് ഉപയോഗിച്ചതായിട്ടാണ് ഇലക്ട്രിസിറ്റി ബോർഡിൽ രേഖകൾ കാണുന്നത്. ഈ സംസ്ഥാനത്തെ സംബന്ധിച്ച് ഇത് ഏറ്റവും ഗൗരവമുള്ള കാര്യമല്ലേ? മൂന്നര മണിക്കൂർ പവർകട്ടുണ്ടായിരുന്ന 1995-നേക്കാൾ 1999-ൽ 45 മില്യൺ യൂണിറ്റ് വൈദ്യുതി കുറച്ചാണ് കാർഷിക വ്യവസായ വാണിജ്യ രംഗത്ത് ഉപയോഗിക്കുന്നതെങ്കിൽ ഈ സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം ആ പ്രശ്നത്തെ കാണണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ കാലയളവിൽ വൈദ്യുതി ബോർഡിനു കിട്ടിയ വരുമാനത്തിന്റെ കണക്കൊക്കെ എന്റെ കൈയിലുണ്ട്. സമയച്ചുരുക്കംകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. വ്യവസായ ആവശ്യങ്ങൾക്ക് 300 ശതമാനത്തിലേറെ ചാർജ് വർദ്ധിപ്പിച്ചിരിക്കുന്നു. ഇത്രയും വലിയ വർദ്ധനവുണ്ടായിട്ടുപോലും ഇലക്ട്രിസിറ്റി ബോർഡ് 600 കോടിയിൽപ്പരം രൂപയുടെ നഷ്ടത്തിൽ പ്രവർത്തിക്കുന്നു എന്നാണ് ഒരു പത്രറിപ്പോർട്ടിൽ കാണാനിടയായത്. എന്തുകൊണ്ടാണ് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് ഇത്രയും ഭീമമായ നഷ്ടമുണ്ടാകുന്നത്? ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ കുറ്റ്യാടി ഒന്നാം ഘട്ട പദ്ധതിയെക്കുറിച്ച് ഇതിന്റെ കൺസൾട്ടൻസി ആർക്കാണ് നൽകിയത് എന്ന് ചോദിച്ചതിന് നൽകിയ മറുപടി എസ്.എൻ.സി ലാവലിൻ എന്ന കനേഡിയൻ കമ്പനിക്കാണ് നൽകിയത് എന്നാണ്. എന്തുതുകയ്ക്കാണ് നൽകിയത്? 48,52,861 കനേഡിയൻ ഡോളറിനാണ് കൺസൾട്ടൻസിക്കു നൽകിയത്. എന്റെ അടുത്ത ചോദ്യം, ഈ പ്രോജക്ടിന് ആവശ്യമായ മെഷിനറി എവിടെനിന്നും എന്തുവിലയ്ക്ക് ആരുമുഖേനയാണ് ഇറക്കുമതി നടത്തിയിട്ടുള്ളത്? അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആൻസർ, 2,64,55,525 കനേഡിയൻ ഡോളറിന് എസ്.എൻ.സി ലാവലിൻ മുഖേനയാണ് നടത്തിയിട്ടുള്ളത്. എന്റെ അടുത്ത ചോദ്യം, ഇന്ത്യയിൽ അതിനാവശ്യമായ മെറ്റീരിയൽസ് ഉല്പാദിപ്പിക്കുന്നുണ്ടോ? ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഉണ്ടെങ്കിൽ ഇന്ത്യയിൽ ഇതിന്റെ മാർക്കറ്റ് വിലയെന്താണ്? അതിന്റെ വിവരം ലഭ്യമല്ല. എന്റെ അടുത്ത ചോദ്യം. ഇന്ത്യയിലെ ഏറ്റവും റെപ്യൂട്ടേഷനുള്ള ഒരു സ്ഥാപനമായ ബി.എച്ച്.ഇ.എൽ. പ്രസ്തുത മെഷിനറി 25 കോടി രൂപയ്ക്ക് നൽകാമെന്ന് കെ.എസ്.ഇ.ബി.യെ അറിയിച്ചിട്ടുണ്ടോ? വിവരം ശേഖരിച്ചു നൽകുന്നതാണ്. ഇപ്പോൾ ഈ പ്രോജക്ടിൽ എത്രകോടി രൂപ ചെലവാക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ? അതും വിവരം ശേഖരിച്ചുവരുന്നു എന്നാണ്. ഇത് ഞാൻ പരിശോധിച്ചപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന് ബി.എച്ച്.ഇ.എൽ. അതിനാവശ്യമായ മെഷിനറി 25 കോടി രൂപയ്ക്കു നൽകാമെന്നു പറഞ്ഞു. ഗ്ലോബൽ ടെണ്ടർ വിളിച്ചിരുന്നുവെങ്കിൽ 20 കോടി രൂപയ്ക്ക് അതിനാവശ്യമുള്ളത് ഇന്ത്യയിൽ കിട്ടുമായിരുന്നു. 120 കോടി രൂപയ്ക്കാണ് ആ പ്രോജക്ട് പോയിരിക്കുന്നത്. എസ്.എൻ.സി ലാവലിൻ എന്ന കനേഡിയൻ കമ്പനിക്ക് അതിന്റെ ഇംപോർട്ട് ഡ്യൂട്ടിയും മറ്റെല്ലാം കൂടി വരുമ്പോൾ 20 കോടി രൂപയ്ക്ക് ചെയ്യാമായിരുന്ന മെഷിനറി 120 കോടി രൂപയ്ക്കാണ് പോയിരിക്കുന്നത്. അതിന്റെ ഭാരം തീർച്ചയായും ഇവിടുത്തെ കൺസ്യൂമേഴ്സിന് വരില്ലേ? രണ്ടാമത് ഒരു പ്രോജക്ട് കൂടിയുണ്ട്, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണവുമായി ബന്ധപ്പെട്ടതാണത്. അതുസംബന്ധിച്ച് ഒരുകാര്യം കൂടി പറഞ്ഞു. ബഹുമാനപ്പെട്ട ഇ. ബാലാനന്ദൻ ചെയർമാനായി സംസ്ഥാനഗവൺമെന്റ് ഒരു വിദഗ്ദ്ധ സമിതിയെ നിശ്ചയിച്ചു. Committee to study the development of Electricity in Kerala ഈ സംസ്ഥാനത്തെ എല്ലാ പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കന്മാരും വിദഗ്ദ്ധൻമാരുൾക്കൊള്ളുന്ന 26 പേരടങ്ങുന്ന ആ ഒരു കമ്മിറ്റിയാണ് ശ്രീ. ഇ.ബാലാനന്ദൻ ചെയർമാനായുള്ള ഈ കമ്മിറ്റി. ആ കമ്മിറ്റി പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളെ സംബന്ധിച്ചു ഞാൻ വായിക്കാം.

It is learnt that there is a proposal to completely replace the turbines, generator, values, transformer and breakers. The Committee understands that there were some inherent problem in the intake tunnel and penstock lines of the power stations and as such total replacement of the machines may not be worth while at this stage.

Shengulam Power Station:- There is a proposal to completely replace the valves, turbines, generators, transformers and switch gear in this Station. This replacement does not result in enhancement of the station capactity. The proposal for agumenting shengulam Reservoir Water supply does not call for additional capacity in this station. In view of these, the proposal may be reviewed to limit the replacement to essential parts like injectors, or changing alternators winding and modernising with Electronic Governors/State Excitation System and Control System. Impact of components from GEC Alsthom is now easier.

LIBRARY ARCHIVES Kerala Legislative Assembly

Panniar Power Station :- There is a proposal for complete relacement of equipment in this station. The annual energy capacity of the station is only 140 MU and even after the diversion of pallivasal water it will go up only by 14 MU. The complete replacement may be re-examined and replacement may be limited to essential components. Import of such items from the original suppliers M/s. Hitachi Japan are easier now. Modernising with Electronic Governors and Static Excitation System and Control System is suggested.

ശ്രീ. ഇ. ബാലാനന്ദൻ ചെയർമാനായ കമ്മിറ്റി വളരെ വിശദമായി പഠിച്ചതിനുശേഷം പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികൾ സംബന്ധിച്ച് അതിന് കംപ്ലീറ്റ് റിപ്ലേസ്മെന്റിന്റെ ആവശ്യമില്ല, റിപ്പെയറിംഗ് മാത്രം മതിയെന്നുപറഞ്ഞിരിക്കുന്നു. അതിന് ഒരു ടെണ്ടർപോലും വിളിക്കാതെയാണ് ചെയ്യുന്നത്. അതാണ് ഇലക്ട്രിസിറ്റി ബോർഡിലെ ഗുരുതരമായ വീഴ്ച. ടെണ്ടർപോലും വിളിക്കാതെ 5,99,48,740 കനേഡിയൻ ഡോളറിന് എസ്.എൻ.സി ലാവ്‌ലിൻ കമ്പനിക്ക് കൊടുത്തിരിക്കുകയാണ്. ഇവിടെ ശ്രീ. ഇ.ബാലാനന്ദൻ ചെയർമാനായി, എല്ലാ ട്രേഡ് യൂണിയൻ നേതാക്കന്മാരും വിഗദ്ധന്മാരും അടങ്ങിയ ആ കമ്മിറ്റി റിപ്പോർട്ടിനെപ്പോലും മറികടന്നുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡ് ഗ്ലോബൽ ടെണ്ടർപോലും വിളിക്കാതെ ഈ വർക്ക് അവാർഡു ചെയ്തതുമൂലം ഞാൻ ഈ പറഞ്ഞ രണ്ടു പ്രോജക്ടുകൾക്കുമാത്രമായി 200-250 കോടി രൂപയുടെ നഷ്ടം ഇലക്ട്രിസിറ്റി ബോർഡിലുണ്ടാക്കിയിരിക്കുകയാണ്. എന്റെ അവസാന ചോദ്യം ഇതുസംബന്ധിച്ച് ഒരു സി.ബി.ഐ. എൻക്വയറി നടത്തുമോ? അതിനിവിടെ പറഞ്ഞിരിക്കുന്ന മറുപടി സി.ബി.ഐ. അന്വേഷണത്തിന് പ്രസക്തിയില്ലെന്നാണ്. ഞാൻ ബഹുമാനപ്പെട്ട സംസ്ഥാന ഗവൺമെന്റിനോടും ഇലക്ട്രിസിറ്റി വകുപ്പു മന്ത്രിയോടും ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാർ നടത്തിയ ഈ പ്രവർത്തനം സംബന്ധിച്ച് ഈ സംസ്ഥാനത്തെ 3 കോടി ജനങ്ങളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് ഒരു സി.ബി.ഐ. അന്വേഷണത്തിന് ഗവൺമെന്റ് ഉത്തരവിടണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി നാണു മാസ്റ്റർ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ, നടപടികൾ നമ്മുടെ രാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങളിലേയും ആ സംസ്ഥാനങ്ങളിലെ ബഡ്ജറ്റിനെയുമൊക്കെ തകിടം മറിക്കുന്നതാണ്. കേന്ദ്ര സംസ്ഥാന സാമ്പത്തിക നടപടികളൊക്കെ തന്നെ താളം തെറ്റിയ ക്രമത്തിലേയ്ക്കു പോകുന്നതിന്റെ മുഖ്യ കാരണങ്ങളും അതാണ്. കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിന്റെ എല്ലാ പ്രവർത്തനങ്ങളും (വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ) അഭിമുഖീകരിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ചില തെറ്റായ നയങ്ങളുടെ പരിണത ഫലമാണ്. നമ്മുടെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചു. അതിനുശേഷമാണ് മണ്ണെണ്ണയുടേയും പാചക വാതകത്തിന്റെയും വില വർദ്ധനവ് കേന്ദ്രം കൊണ്ടുവന്നത്. അതുപോലെയുള്ള പല നടപടികളും, ഈ നടപടികളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു വരുന്നതുകൊണ്ട് നമ്മുടെ ബഡ്ജറ്റിന്റെ പ്രതീക്ഷകളെ ആകെ കുഴപ്പത്തിലേയ്ക്കു നയിക്കുന്ന ഒരു നാണംകെട്ട നടപടി കേന്ദ്രം അവലംബിക്കുകയാണ്. ഇവിടെ പ്രതിപക്ഷങ്ങൾ സംസ്ഥാന ഗവൺമെന്റ് വികസന പ്രവർത്തനങ്ങൾക്ക് ഒന്നും ചെയ്യുന്നില്ല എന്നാണ് പറയുന്നത്. വികസന പ്രവർത്തനങ്ങൾ മുരടിപ്പിക്കുകയാണ്, ഒരു കാര്യവും നേരെചൊവ്വേ നടക്കുന്നില്ല എന്നെല്ലാം പറയുമ്പോൾ നമ്മുടെ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന നടപടികളെ തകിടം മറിക്കാൻ ഇത്ര പച്ചയായ രീതിയിൽ കളവു പറയാമോ? സബ്സിഡികൾ കൊണ്ടുവരുമ്പോൾ ഉള്ള ബുദ്ധിമുട്ടുകൾ മാറ്റിയെടുക്കാൻ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. അതിനു പണം കണ്ടെത്താൻ സാമൂഹ്യ ക്ഷേമ വികസന പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റിന് ത്വരിതപ്പെടുത്തേണ്ടതുണ്ട്. വളരെയേറെ വിഷമിക്കുന്ന ആളുകളുണ്ടല്ലോ? ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആളുകളുൾപ്പെടെ സാമൂഹ്യ രംഗത്ത് അവശത അനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻ ഈ ഗവൺമെന്റിനു ബാദ്ധ്യതയില്ലേ? അതുകൊണ്ടല്ലേ കൂടുതൽ കൂടുതൽ സാമൂഹ്യക്ഷേമപരമായ പ്രവർത്തനങ്ങൾ, പദ്ധതികൾ അതിനു പണം കണ്ടെത്തുവാൻ, അതിനു നടപടികൾ സ്വീകരിച്ചാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോയികൊണ്ടിരിക്കുന്നത്. എത്രയോ കോടി രൂപയാണ് ആ രംഗത്ത്, ആ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി ചെലവഴിക്കുവാൻ ഗവൺമെന്റ് പരിശ്രമിക്കുന്നത്. ഇവിടെ പല സുഹൃത്തുക്കളും കാർഷിക വ്യവസായിക രംഗത്ത് പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ലെന്നാണ് പറയുന്നത്. കാർഷിക രംഗത്ത്, വ്യവസായിക രംഗത്ത് വളരെ ക്രമാനുഗതമായ രീതിയിൽ സാമ്പത്തികമായി ധാരാളം കാര്യങ്ങൾക്ക് തുകകൾ ചെലവഴിച്ചുകൊണ്ടാണ് നമ്മൾ ഇപ്പോഴും പിടിച്ചു നിൽക്കുന്നത്. കാർഷിക രംഗത്ത് ഉല്പാദനം വർദ്ധിപ്പിക്കാനും വ്യാവസായിക മേഖല വളരെ ശ്രദ്ധയോടുകൂടി മുന്നോട്ടു കൊണ്ടു പോകാനും സാധിക്കണം. ചെറുകിട വ്യവസായങ്ങളെ പരിപോഷിപ്പിക്കണം. അതിനെല്ലാം ആവശ്യത്തിലേറെയുള്ള നടപടികളാണ് ഈ ഗവൺമെന്റ് തുടരുന്നത്. എന്നിട്ടും നമുക്ക് പ്രതീക്ഷ നിറവേറ്റുവാൻ കഴിയുന്നില്ല. അതിന്റെ കാരണം കേന്ദ്രത്തിന്റെ ചില നയങ്ങളാണ്. ആ നടപടികൾ നമ്മളെ വിഷമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ വിലക്കയറ്റം അനുദിനം വളരെ വളരെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകേന്ദ്രത്തിന്റെ നടപടികളുടെ ഫലമായിട്ടാണ്. അതുകൊണ്ടു തന്നെ നാം ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്ന അതിന്റെ പ്രതിരോധ നടപടികൾ, സബ്സിഡികൾ മുതലായവ നാം പ്രതീക്ഷിക്കുന്നതിനും അപ്പുറത്തേയ്ക്കു നമ്മെ ബുദ്ധിമുട്ടിപ്പിക്കുന്നുണ്ട്. അതുകൊണ്ട് സ്വാഭാവികമായും ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ, അതിനെക്കാൾ കൂടുതൽ കൂടുതൽ തുകകൾ ചെലവഴിച്ച് നമ്മൾ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ഇവിടെ ചില പ്രതിപക്ഷ സുഹൃത്തുക്കൾ സംസാരിച്ചപ്പോൾ അവർ പറഞ്ഞത് ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ് കമ്മി കൂട്ടുന്നു, ചെലവു വർദ്ധിപ്പിക്കുന്നുവെന്നാണ്. യാഥാർത്ഥ്യം അങ്ങനെയല്ലല്ലോ? യഥാർത്ഥത്തിൽ കമ്മി കഴിയുന്നത്ര കുറച്ചുകൊണ്ടു വരുവാൻ ഊന്നൽ കൊടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പാഴ്ചെലവുകൾ ഒഴിവാക്കുവാനുള്ള നടപടികൾ എടുക്കുന്നുണ്ട്. പാഴ്ചെലവുകൾ ഒഴിവാക്കിക്കൊണ്ട് കമ്മി കഴിയുന്നത്ര കുറച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ മാക്സിമം ഉയർത്തികൊണ്ടു പോകാനുള്ള നടപടികളാണ് നാം സ്വീകരിക്കുന്നത്. അതേയവസരത്തിൽ ജനകീയാസൂത്രണം വന്നതിനു ശേഷം വളരെയേറെ പ്രവർത്തനങ്ങൾ - പദ്ധതി വിഹിതത്തിന്റെ 40 ശതമാനം നേരിട്ട് ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുന്നു. പഞ്ചായത്ത് ലെവലിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു. അതിന്റെ മുന്നേറ്റം ഒരു ഭാഗത്തു കൂടി നമ്മൾ കാണണം. പ്രതിപക്ഷങ്ങൾ ഒരു പക്ഷേ ഇതു കാണുന്നില്ലായിരിക്കും. പക്ഷേ അതുകൂടി കണക്കിലെടുക്കുമ്പോൾ തീർച്ചയായും വളരെ നല്ല നിലയിലാണ് നമ്മുടെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതെന്ന് കാണാം. പ്രതിപക്ഷങ്ങൾ എത്ര കൊട്ടിഘോഷിച്ചാലും ആ യാഥാർത്ഥ്യങ്ങൾ നമുക്ക് വിസ്മരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഈ നടപടികളൊക്കെ അഭംഗുരം മുന്നോട്ടു തുടരണം. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായിട്ടുള്ള നീക്കങ്ങളും നടത്തേണ്ടിയിരിക്കുന്നു. ആ നീക്കങ്ങൾ നടത്തുന്നതിൽ കോൺഗ്രസ്സ് (പ്രതിപക്ഷം) ഈ ഗവൺമെന്റിനോട് സഹകരിക്കണം. ഇന്നത്തെ പത്രത്തിൽവന്ന ചില കാര്യങ്ങൾ പ്രതിപക്ഷങ്ങളടക്കം വായിച്ചിട്ടുണ്ടാകും. അവർ നടത്തിയ കൂട്ടുകെട്ട്, അവർ കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള നടപടികൾ, അത് എങ്ങനെ നമ്മുടെ സംസ്ഥാനത്തു പ്രതിലോമപരമായി പ്രതിഫലിക്കുന്നു എന്നുള്ളതാണ് പ്രധാനം. അഖിലേന്ത്യാടിസ്ഥാനത്തിൽ വന്നിട്ടുള്ള രാഷ്ട്രീയ കൂട്ടുകെട്ട്, കോൺഗ്രസ് എടുത്തിട്ടുള്ള നടപടികൾ, കേരളത്തിലെ യു.ഡി.എഫ്. എടുത്തിട്ടുള്ള നടപടികൾ, ഇതെല്ലാം എൽ.ഡി.എഫ്. വളരെ ശക്തിയായി അതത് അവസരത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്നലെ കെ.പി.സി.സി.-യുടെ നേതൃത്വ യോഗം ചേർന്ന് അതിന് സുപ്രധാനമായ ചില തീരുമാനങ്ങൾ, ശുപാർശകൾ വന്നിട്ടുണ്ട്. അതിൽ പറയുന്നത് നമ്മുടെ സംസ്ഥാനത്തിൽ അവിഹിതമായി ഉണ്ടാക്കിയിട്ടുള്ള കൂട്ടുകെട്ടുകൾ അതെല്ലാം പുനഃപരിശോധിച്ച് വളരെവേഗം അവസാനിപ്പിക്കണമെന്നുള്ളതാണ്; അവസാനിപ്പിക്കാൻ സാധിക്കണമെന്നാണ് തീരുമാനം. അതുകൊണ്ട് ആ വിധത്തിലുള്ള രാഷ്ട്രീയ കൂട്ടുകെട്ടുകളൊക്കെ നിങ്ങൾ നടത്തുമ്പോൾ ഈ തെറ്റായ നയങ്ങൾ അലംബിക്കുന്ന കേന്ദ്രത്തിനെതിരായി നിങ്ങൾക്ക് ചലിക്കുവാൻ കഴിയുമോ, പ്രതികരിക്കാൻ കഴിയുമോ? എത്രയോ കടന്നാക്രമണങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ അവരുടെ നയത്തിന്റെ ഫലമായിട്ടു വന്നു. കേരളത്തിലെ ജനങ്ങൾക്കെതിരായിട്ടു തന്നെ എത്രയോ കാര്യങ്ങളുണ്ട്. അതിനെതിരായി ശക്തിയായി പ്രതികരിക്കാൻ നിങ്ങൾക്കു കഴിയുന്നില്ല. നിങ്ങൾ കേരളത്തിലേയും കേന്ദ്ര ഗവൺമെന്റിലേയും ആളുകളുമായി കൂട്ടുകെട്ടുണ്ടാക്കികൊണ്ട് മുന്നോട്ടു പോകുന്നുണ്ട്. കാസർഗോട്ടെ ഒരു പ്രധാനപ്പെട്ട പഞ്ചായത്തിൽ നടന്ന കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. മറ്റു കൂട്ടുകെട്ടുകളുമുണ്ട്. അതെല്ലാം അവസാനിപ്പിക്കണമെന്നു പറയുമ്പോൾ ബി. ജെ. പി.യെപ്പോലുള്ള കക്ഷികളോടുള്ള രാഷ്ട്രീയ താല്പര്യം നിലിർത്തുന്നതിനുവേണ്ടി നിങ്ങൾ കൂട്ടുകെട്ടുകൾ ഇവിടെയും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയിട്ടുണ്ട്. എന്നതല്ലേ സത്യാവസ്ഥ? അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനെയും ഈ ഗവൺമെന്റുകൊണ്ടുവന്നിട്ടുള്ള ബഡ്ജറ്റുകൾ, ആ ബഡ്ജറ്റുകളിലെ കാര്യമാത്ര പ്രസക്തമായിട്ടുള്ള കാര്യം മാത്രം മനസ്സിലാക്കിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ ഉന്നമനത്തിനുവേണ്ടി, അതിന് സഹകരണാത്മകമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടു മുന്നോട്ടു പോകണം. ആ ലക്ഷ്യബോധത്തോടുകൂടി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. വോട്ട് ഓൺ അക്കൗണ്ടിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ദേശീയ രാഷ്ട്രീയ സംഭവ വികാസങ്ങളെക്കുറിച്ചും ഇത്തരുണത്തിൽ നാം വിലയിരുത്തേണ്ടതുണ്ട്. 'ഞാൻ യുവാവാണ്, എനിക്ക് ഒരു സ്വപ്നമുണ്ട്' എന്നു പറഞ്ഞുകൊണ്ടായിരുന്നു രാജീവ് ഗാന്ധി രാഷ്ട്രീയത്തിലേക്കു വന്നത്. അഞ്ചു വർഷത്തെ ഭരണം കൊണ്ട് ആ സ്വപ്നം പൊലിഞ്ഞു പോയി. മനസ്സില്ലാ മനസ്സോടെ രാഷ്ട്രീയത്തിലേക്കു കടന്നു വന്ന വിധവയായ സോണിയാഗാന്ധിയുടെ മനസ്സിലും നിറയെ സ്വപ്നങ്ങളായിരുന്നു. കോൺഗ്രസ് പ്രസിഡന്റ്, പ്രതിപക്ഷ നേതാവു കൂടിയായാൽ പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് അധിക ദൂരമില്ലെന്നാണ് പാവം സോണിയാഗാന്ധി ധരിച്ചു പോയത്. ഉപജാപക സംഘത്തിന്റെ വക്താവായി മാറിയ സോണിയാഗാന്ധിയെ ചുമക്കുന്നതിൽ ഇപ്പോൾ കോൺഗ്രസ്സ് നേതാക്കന്മാർക്ക് കുറ്റബോധവും നിരാശയുമുണ്ട്. ബി.ജെ.പി സർക്കാരിനെ പ്രീണിപ്പിച്ച് ബോഫോഴ്സ് അന്വേഷണം തടയുക എന്ന മിനിമം പരിപാടി മാത്രമായിരുന്നു സോണിയാഗാന്ധിക്കുണ്ടായിരുന്നത്. ആ ലക്ഷ്യം പ്രാപിച്ചാൽ സോണിയാഗാന്ധിയുടെ സ്വപ്നം പൂവണിയും. ഉപതെരഞ്ഞെടുപ്പുകളിലെല്ലാം കോൺഗ്രസ് പാർട്ടി തറ പറ്റിയതോടെ **** കുടുംബാധിപത്യത്തിന്റെ ഭാഗമായി അമ്മയ്ക്കു പുറകെ മകളേയും സജീവ രാഷ്ട്രീയത്തിലേയ്ക്ക് ഇറക്കാൻ അവസാന കൈ പരീക്ഷിക്കാനാണ് നേതാക്കളുടെ ശ്രമം. അതുവരെ കോൺഗ്രസ് നിലനിൽക്കുമോ എന്നതാണ് പ്രശ്നം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ലോക്സഭയിലെ പ്രതിപക്ഷ നേതാവ്, കോൺഗ്രസ് പ്രസിഡന്റ് ****..... (ബഹളം)..... ****

മി. ചെയർമാൻ : അത്തരം ദുഃസൂചനകൾ ഉള്ള പ്രസ്താവനകളൊന്നും തന്നെ സഭാ രേഖകളിലുണ്ടാവില്ല.

ശ്രീ. പി. രാജു : **** അതും രേഖയിലുണ്ടാകാൻ പാടില്ല. രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ : ഇരു ഭാഗത്തു നിന്നുമുണ്ടാകുന്ന ദുഃസൂചനകളുള്ള ഒരു പ്രസ്താവനകളും സഭാരേഖകളിൽ ഉണ്ടായിരിക്കുകയില്ല.

**** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : രണ്ടു പ്രയോഗങ്ങളും രേഖയിലുണ്ടാകണമെന്ന് എനിക്ക് നിർബന്ധമില്ല. ശ്രീമതി സോണിയാഗാന്ധി എടുക്കുന്ന നായമാണെന്ന് തിരുത്താനും പ്രയാസമില്ല. ഞാൻ അംഗീകരിക്കുന്നു. കോൺഗ്രസ്സിന്റെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്നും അന്തകൻ വിത്തുകൾ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് നമ്മുടെ കാർഷിക മേഖല നശിച്ചുകൊണ്ടിരിക്കുകയാണ്. കോൺഗ്രസിന്റെ സാമ്പത്തിക നയം പതിൻമടങ്ങ് ഊക്കോടെ ബി. ജെ. പി. സർക്കാർ നടപ്പാക്കികൊണ്ടിരിക്കുകയാണ്. സൗജന്യങ്ങളും, സബ്സിഡികളും നിഷ്ക്കരുണം നിർത്തലാക്കിയിരിക്കുന്നു. ഉദാരവൽക്കരണത്തിന്റെ ഭാഗമായി ഉപ്പുമുതൽ കർപ്പൂരം വരെ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയെ അമേരിക്കയുടെ അടിമരാജ്യമായി മാറ്റിയിരിക്കുകയാണ്. വീണ്ടും നമ്മൾ വെള്ളക്കാർക്കെതിരെ രണ്ടാം സ്വാതന്ത്ര്യ സമരം നടത്തേണ്ടിവരും. മഹാത്മാഗാന്ധിയും ശ്രീമതി സോണിയാഗാന്ധിയും തമ്മിൽ വെള്ളിയും വെള്ളിക്കോലും തമ്മിലുള്ള ബന്ധമേയുള്ളൂ.

ശ്രീ. പി. ജെ. ജോയി : ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടൻ അങ്ങ് അമേരിക്കയിൽപ്പോയ കാര്യത്തെക്കുറിച്ചൊക്കെ പറഞ്ഞല്ലോ? നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ജെ. ജോസഫ് ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ ശേഖരിച്ചുകൊണ്ടുവരാൻ ഈ മാസം 31-ാം തീയതി ഇടതുപക്ഷ മുന്നണിയുടെ പ്രതിനിധിയായി അമേരിക്കയിലേയ്ക്ക് പോകുന്നുവെന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു]

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, അമേരിക്കയിലേയ്ക്ക് പോകുന്നതിന് കുഴപ്പമൊന്നുമില്ല. പോയമാതിരിതന്നെ തിരിച്ച് വരണമെന്നേയുള്ളൂ. ഉപയോഗശൂന്യമായ കംപ്യൂട്ടറല്ല ഉപയോഗയോഗ്യമായ കംപ്യൂട്ടറാണ് കൊണ്ടുവരിക. കാക്ക കണ്ടറിയും, കൊക്ക് കൊണ്ടറിയും കണ്ടാലും കൊണ്ടാലറിയാത്ത കൂട്ടരാണ് ഈ കോൺഗ്രസ്സുകാർ. എത്ര പറഞ്ഞാലും നേരേയാകുകയില്ല. ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും കിട്ടിയ കാശിന് വിറ്റുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ പോലീസും പട്ടാളവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നമ്മുടെ നിയമസഭയും സെക്രട്ടേറിയറ്റും നഷ്ടത്തിലാണ്. താമസിയാതെ ഇതൊക്കെ വിൽക്കേണ്ടിവരുമെന്നാണ് അവരുടെ കണക്കുകൂട്ടൽ. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 1115 എയിഡഡ് സ്കൂളുകളും 835 സർക്കാർ സ്കൂളുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയൊക്കെ അടച്ചുപൂട്ടിയാൽ ആയിരക്കണക്കിന് അദ്ധ്യാപകരും ലക്ഷക്കണക്കിന് വിദ്യാർത്ഥികളും വഴിയാധാരമാകും. സർക്കാർ യാതൊരു കാരണവശാലും അൺ എയ്ഡഡ് സ്കൂളുകളെ പ്രോത്സാഹിപ്പിക്കരുത്. സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളും മത്സരബുദ്ധിയോടെ നല്ല രീതിയിൽ പ്രവർത്തിക്കേണ്ടതാണ്. ഇവയെല്ലാം നശിച്ചാൽ ഭരണഘടന വാഗ്ദാനം നൽകിയ 14 വയസ്സ് വരെയുള്ള സൗജന്യവും സാർവത്രികവും നിർബന്ധിതവുമായ നമ്മുടെ വിദ്യാഭ്യാസം നഷ്ടപ്പെടും. അപ്പോൾ സർക്കാർ സ്കൂളുകളെ പ്രോത്സാഹിപ്പിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ഭരണപരമായ ഉത്തരവാദിത്വം സർക്കാരിനുണ്ട്. എല്ലാ സർക്കാർ സ്കൂളുകളേയും അവസാനിപ്പിക്കുന്ന ഭ്രാന്തൻ നയം സർക്കാർ ഉപേക്ഷിക്കണം. പ്രായമായ അമ്മയേയും അച്ഛനേയുംവരെ വിറ്റ് കാശാക്കുന്ന കേന്ദ്ര നയം നടപ്പാക്കരുത്. കേന്ദ്രസർക്കാരിന്റെ ഉദാരവൽക്കരണ നയത്തെ ശക്തിയായി എതിർക്കുന്നത് ഇടതുപക്ഷ സർക്കാരുകൾ മാത്രമാണ്. സംസ്ഥാന സർക്കാരിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ കണ്ട് അന്തംവിട്ട് നിൽക്കുകയാണ് ഇവിടെത്തെ പ്രതിപക്ഷം. സൗന്ദര്യമത്സരം കാണാൻപോയ അന്ധന്മാരെ പോലെയാണ് കോൺഗ്രസ്സുകാർ, ഐലന്റിലെ 'എസ്' പോലെ ആന്റണി സൈലന്റാണ്. ശ്രീ. ഉമ്മൻചാണ്ടി ഉപ്പിൽവീണ പല്ലിയെപ്പോലെയാണ്. ശ്രീ. ആര്യാടൻ മാത്രമാണ് അല്പം വയലന്റായിട്ടുള്ളത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള മരണത്തെക്കുറിച്ച് മാത്രമാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. കേരള കോൺഗ്രസ് ലയനം സംഭവിക്കണമെങ്കിൽ ചിലരൊക്കെ ചത്തുകെട്ട് പോകണമെന്നാണ് അദ്ദേഹം പറയുന്നത്. ഇത് സംഭവിക്കാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ വിദേശികളാരുമുണ്ടാകുകയില്ലയെന്നു അനുഭവത്തിൽ നിന്ന് നമുക്കറിയാം. ബാബറിമസ്ജിദ് തകർത്തിട്ട് എട്ട് വർഷമായിട്ടും ഒരു ഇഷ്ടികപോലും എടുത്തുവയ്ക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അവശേഷിക്കുന്ന പള്ളികൾകൂടി പൊളിക്കാൻ ബി.ജെ.പി. സർക്കാരുകൾ ഗൂഢാലോചന നടത്തികൊണ്ടിരിക്കുകയാണ്. മതന്യൂനപക്ഷങ്ങളെ കോൺഗ്രസ്സും ബി.ജെ.പി.യും മത്സരിച്ച് പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്വദേശി പ്രസ്ഥാനത്തിന്റെ വക്താക്കളും അമേരിക്കൻ സംസ്ക്കാരത്തിന്റെ ശത്രുക്കളാണെന്ന് വീമ്പിളക്കി നടക്കുന്ന ബി.ജെ.പി. ഇപ്പോൾ ക്ലീന്റൻ സംസ്ക്കാരത്തെ ആശ്ലേഷിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് ഇവിടെ വളരെ ഘോരഘോരമായി പ്രസംഗിക്കുന്നുണ്ടല്ലോ. അങ്ങുതന്നെയല്ലേ മതന്യൂന പക്ഷങ്ങൾക്കെതിരായി ഒരു സംഭവം ഈ സഭയിൽ കൊണ്ടു വന്നത്. അത് മറന്നുപോയോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ചങ്ങനാശ്ശേരി സംഭവം ഈ നിലയിൽ അവസാനിച്ചതിൽ പ്രതിപക്ഷത്തിന് മാനസിക ബുദ്ധിമുട്ടുണ്ടാകുമെന്ന് എനിക്കറിയാം. അടിയന്തിര പ്രമേയങ്ങളും വാക്കൗട്ടും നടത്താനുള്ള അവസരം നഷ്ടപ്പെട്ടതുകൊണ്ടുള്ള വിഷമം ശ്രീ. ഡൊമിനിക്ക് പ്രസന്റേഷനുണ്ടാകുമെന്നും എനിക്കറിയാം. വൈദികന്റെ പ്രശ്നത്തിൽ വൈദികനെ ആ സഭയിൽ നിന്നു തന്നെ പുറത്താക്കിയിരിക്കുകയാണ്. സഭാനേതൃത്വമെടുത്ത നിലപാട് തീർത്തും ശരിയാണ്. പ്രാദേശിക തലത്തിൽ കോൺഗ്രസ്സുണ്ടാക്കിയിട്ടുള്ള അവിശുദ്ധകൂട്ടുകെട്ടുകളും അവിഹിതബന്ധങ്ങളും അവസാനിപ്പിക്കാൻ കെ.പി.സി.സി. തീരുമാനിച്ചിട്ടുണ്ട്. "കോൺഗ്രസിന് ഇപ്പോൾ ഭരണകക്ഷിയുടെ സ്വഭാവമാണുള്ളത്. ഉടനെ പ്രതിപക്ഷം ഭരണപക്ഷത്താകണമെന്നും" തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനം ഇന്നത്തെ പത്രത്തിലും വന്നിട്ടുണ്ട്. ഘടകകക്ഷികളോട് ഇടപെടുമ്പോൾ വളരെ സൂക്ഷിക്കണമെന്ന് നേതൃത്വം അണികളോട് പ്രത്യേകം നിർദ്ദേശിച്ചിട്ടുമുണ്ട്. സംസ്ഥാനത്ത് എയിഡ്സ്

LIBRARY ARCHIVES Kerala Legislative Assembly

രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. സർക്കാർ ഇതിന് അടിയന്തിര നടപടി സ്വീകരിക്കണം. ജനങ്ങൾക്കാവശ്യമായ ബോധവൽക്കരണം സാർവത്രികമായി നൽകണം. മറ്റുരോഗമുള്ളവരെപ്പോലെതന്നെ എയിഡ്സ് രോഗികളും സ്വന്തം കുടുംബത്തിന്റെ സംരക്ഷണത്തിൽ കഴിയുന്നതാണ് നല്ലത്. അവരെ ഒറ്റപ്പെടുത്തേണ്ട യാതൊരു ആവശ്യവുമില്ല. പരസ്പര വിശ്വാസത്തോടെ പുലർത്തുന്ന എച്ച്. ഐ. വി. ബാധിച്ചിട്ടില്ലാത്ത സ്ഥിരം പങ്കാളികൾ തമ്മിലുള്ള അടുത്ത ബന്ധം പൂർണ്ണമായും സുരക്ഷിതമാണ്. ഇതിൽ നിന്നും വ്യതിചലിക്കുന്നവർക്കാണ് അത്തരം ബാധയുണ്ടാകാൻ സാദ്ധ്യതയുള്ളത്. എച്ച്.ഐ.വി. രോഗം ബാധിച്ചവരിൽ 90 ശതമാനവും വിദേശരാജ്യങ്ങളിലുള്ള വരാണ്. അവരുമായിട്ടുള്ള അവിഹിതബന്ധം പരമാവധി ഒഴിവാക്കുന്നതാണ് നല്ലത്. കുത്തഴിഞ്ഞ ജീവിതമൊഴിവാക്കാൻ ബോധവൽക്കരണം നമുക്കാവശ്യമാണ്. ജനങ്ങൾക്കു വേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണമായ ജനാധിപത്യഭരണമാണ് നമ്മുടേത്. അതുകൊണ്ട് ജനങ്ങളുടെ ഭാഷയിൽത്തന്നെ ഭരിക്കണം. സ്കൂളുകളിൽ മലയാളം നിർബന്ധിതമായും പഠിപ്പിക്കണം. സർക്കാരിന്റെ ശിലാഫലകങ്ങളിലും മലയാളം തീർച്ചയായും ഉണ്ടാകണമെന്ന് സർക്കാർ ഉത്തരവിടണം. സർക്കാർ ഓഫീസുകളുടെ ബോർഡുകളിൽ മലയാളം നിർബന്ധമായി ഉണ്ടാകണം. അതിനാവശ്യമായ ഉത്തരവ് സർക്കാർ പുതുതായി ഇറക്കുകയും ചെയ്യണം. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. നമ്മുടെ ജനവിഭാഗങ്ങൾക്ക് ആശ്വാസവും സമൂഹത്തിന്റെ പുരോഗതിയും, നാടിന്റെ വികസനവും ലക്ഷ്യമാക്കികൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്ന് ഒരിക്കൽക്കൂടി വിളിച്ചോതുന്ന രൂപത്തിലാണ് ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിനെ എതിർക്കുന്നവർ സമൂഹത്തിൽ നിന്ന് യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുകയാണ്. കേരളം ഇൻഡ്യയുടെ ഭാഗമാണ്. ഈ ചട്ടക്കൂട്ടിനകത്ത് നിന്നുകൊണ്ടാണ് വിവിധ രംഗങ്ങളിൽ കേരള സംസ്ഥാനം പുരോഗതിയിലേയ്ക്ക് കുതിക്കുന്നത്. രാജ്യത്താകെ സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്ന, ഈ സാമ്പത്തിക മാന്ദ്യത്തിലും കേരള സംസ്ഥാനം നേടിയ പുരോഗതി സ്ഥാപിച്ചുവെന്നാണ് സാമ്പത്തിക സർവെ പറയുന്നത്. കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ ഫെബ്രുവരി മാസം 29-ാം തീയതി അവതരിപ്പിച്ച ബഡ്ജറ്റിൽ സേവന മേഖലയ്ക്ക് നൽകുന്ന ഒട്ടനവധി ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചു. ദാരിദ്ര്യനിർമ്മാർജ്ജനം, വിദ്യാഭ്യാസം, ജലസേചനം തുടങ്ങിയ മേഖലയ്ക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്ന സഹായത്തിൽ 1760 കോടി രൂപയാണ് വെട്ടിക്കുറച്ചത്. 1760 കോടി രൂപ വെട്ടികുറച്ചതിന്റെ അവശതയനുഭവിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 1760 കോടി രൂപ വെട്ടിക്കുറച്ച് റേഷൻ ഉൽപ്പന്നങ്ങളുടെ സബ്സിഡി വെട്ടുക്കുറയ്ക്കുവാൻ തീരുമാനിച്ചു. സബ്സിഡി വെട്ടിക്കുറയ്ക്കുവാൻ വേണ്ടി തീരുമാനിച്ചപ്പോൾ കേരള സംസ്ഥാനത്തുനിന്ന് ഒരു കേന്ദ്ര മന്ത്രി, അദ്ദേഹം പറഞ്ഞത് പൗഡറിടുന്ന ആളുകൾക്കും, സിനിമാടിക്കറ്റെടുക്കുന്ന ആളുകൾക്കും അതിന് പണമുണ്ടെങ്കിൽ

റേഷൻവാങ്ങാൻ പണമുണ്ടാകുമെന്നാണ്. കേരളത്തിന്റെ ഒരു പ്രത്യേകത കുളിക്കുകയും നല്ല വസ്ത്രം ധരിക്കുകയും ചെയ്യുകയെന്നത് ശുചിത്വമുള്ളതു കൊണ്ടാണ്. അങ്ങനെ ശുചിത്വബോധമുള്ള കേരളീയരെ അവഹേളിക്കുന്ന രൂപത്തിൽ, നല്ല വസ്ത്രം ധരിക്കുന്ന ആളുകൾക്ക് റേഷൻ വാങ്ങാൻ പണം മുടക്കാമെന്ന നിഗമനത്തിലേയ്ക്ക് ബി. ജെ. പി.യും ശ്രീ. ഒ. രാജഗോപാലും എത്തിയിരിക്കുകയാണ്.

നഗ്നത മറയ്ക്കുന്നതുപോലും അപരാധമാണെന്ന രൂപത്തിലേയ്ക്ക് ശ്രീ. രാജഗോപാൽ എത്തിച്ചേർന്നിരിക്കുന്നു. ഇതിന്റെ ഭാഗമായി കേന്ദ്രധനകാര്യമന്ത്രി ശ്രീ. യശ്വന്ത് സിൻഹ പറഞ്ഞത് റേഷൻ സബ്സിഡി വെട്ടുക്കുറച്ചാൽ 6000 കോടി രൂപ മിച്ചമുണ്ടാകും എന്നാണ്. 6000 കോടി രൂപ മിച്ചമുണ്ടായാൽ ധനകമ്മി 5.1% ആയി കുറയ്ക്കാം. അങ്ങനെ ധനകമ്മി കുറയ്ക്കാൻ വേണ്ടി മാത്രമാണോ ഈ നടപടി? ധനകമ്മി കുറയ്ക്കാനാണെങ്കിൽ ഭക്ഷ്യധാന്യത്തിന് സബ്സിഡി വെട്ടിക്കുറയ്ക്കേണ്ട കാര്യമില്ല. 6000 കോടി രൂപയാണ് ഭക്ഷ്യധാന്യത്തിന് സബ്സിഡി വെട്ടിക്കുറച്ചതിന്റെ ഭാഗമായി ഉണ്ടായ നേട്ടം. അത് മൊത്തം ബഡ്ജറ്റ് അടങ്കലിന്റെ 1.77% ആണ്. ഇത് മഹാഭൂരിപക്ഷം വരുന്ന ആളുകൾക്ക് അവരുടെ ഭക്ഷ്യധാന്യത്തിന് സബ്സിഡി വെട്ടിക്കുറച്ചുകൊണ്ട് വേണോ? വളരെ കുറച്ച് ആളുകൾ അനുഭവിക്കുന്ന ആഡംബര വസ്തുക്കൾക്ക് നികുതി ഏർപ്പെടുത്തിക്കഴിഞ്ഞാൽ 6000-ൽപ്പരം കോടി രൂപ ഉണ്ടാക്കാൻ കഴിയും. പാവപ്പെട്ടവന്റെ വയറിലടിക്കുന്ന സമീപനം സ്വീകരിച്ചത് ബി.ജെ.പി. ഗവൺമെന്റ് പിന്തുടരുന്ന നയത്തിന്റെ വൈകൃതമാണ്. ധനകാര്യമന്ത്രി ശ്രീ. ശിവദാസമേനോൻ പറഞ്ഞത്, കേരള സംസ്ഥാനത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും ആവശ്യമായ റേഷൻ കൊടുക്കും എന്നാണ്. 27 ലക്ഷം കുട്ടികൾക്ക് ഉത്സവ കാലങ്ങളിൽ സ്കൂളുകൾ മുഖാന്തിരം അരി കൊടുക്കുന്നു. ഉച്ചഭക്ഷണത്തിന് അരികൊടുക്കുന്നു. ഉത്സവ കാലങ്ങളിൽ സാധാരണ റേഷൻ ഷോപ്പുകളിലൂടെ 50 കിലോ വീതം അരി കൊടുക്കുന്നു. ഭക്ഷ്യധാന്യത്തിന്റെ കാര്യത്തിൽ പണമില്ലെങ്കിൽ കടം വാങ്ങിയിട്ടാണെങ്കിലും പാവപ്പെട്ടവർക്ക് കൊടുക്കുമെന്ന സമീപനമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. ആ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഉത്തരവാദിത്വവും ബാദ്ധ്യതയുമാണ് ആ പ്രഖ്യാപനത്തിലൂടെ വന്നത്. ഏതാണ്ട് കണ്ണുപൊട്ടൻമാർ ആനയെ കണ്ടതുപോലെയാണ് പ്രതിപക്ഷങ്ങൾ ബഡ്ജറ്റിനെ കണ്ടത്. ഈ ബഡ്ജറ്റിൽ ഒന്നും ചെയ്തിട്ടില്ലേ? വിദ്യാഭ്യാസ, പാർപ്പിട, ജല വിതരണ രംഗങ്ങളിൽ ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ പത്തു പതിനഞ്ചു വർഷങ്ങളായി അവിടത്തെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു പദ്ധതിയുണ്ട്. 1993-ൽ ജലസേചന വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി.എം. ജേക്കബ് എന്റെ പ്രദേശത്ത് വന്ന് ആ വർഷം തന്നെ തൃത്താല- വെള്ളിയാംകൽ റഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവർത്തമാരംഭിക്കുമെന്ന് പറയുകയുണ്ടായി. കുറെക്കാലമായി യു.ഡി.എഫ്-ലെ മാറി മാറി വരുന്ന ജലസേചന മന്ത്രിമാർ ഓരോസമയത്തും തൃത്താലയിൽ വന്ന് പ്രഖ്യാപനം നടത്തി പോകുകയാണ്. 19 കോടി രൂപയുടെ അടങ്കൽ തുകയുള്ള ആ പണി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നതിനുശേഷം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഭാരതപ്പുഴ ആയതുകൊണ്ട് വേനൽക്കാലത്ത് മാത്രമാണ് അതിന്റെ പണി വളരെ വേഗത്തിൽ നടത്തികൊണ്ടുപോകാൻ കഴിയുക, അതുകൊണ്ട് ആവശ്യത്തിനനുസരിച്ച് പണം അനുവദിച്ചുകിട്ടാൻ അടിയന്തിര നടപടികൾ കൂടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോൺഗ്രസ് ഇന്ന് ഒരു നയമില്ലാത്ത പാർട്ടിയാണ്. എന്താണ് കോൺഗ്രസിന്റെ സ്ഥിതി? ലക്ഷ്യബോധമില്ലാതെ നടക്കുന്ന ഒരു പറ്റം ഏകാന്തപഥികന്മാരുടെ കൂട്ടമായി കോൺഗ്രസ് മാറിയിരിക്കുന്നു. കോൺഗ്രസ് രാജ്യത്തെ ജനങ്ങളോടോ രാജ്യത്തോടോ യാതൊരു പ്രതിബദ്ധതയുമില്ലാത്ത സ്ഥിതിയിലേയ്ക്ക് ആണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ ബഡ്ജറ്റിൽ പട്ടിക ജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഒട്ടനവധി ക്ഷേമ കാര്യങ്ങളുണ്ട്. 161 ഗ്രാമങ്ങളിൽ മുഴുവൻ പട്ടികജാതിക്കാർക്കും വീടു വച്ചുകൊടുക്കുന്ന ഒരു പദ്ധതി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാധാകൃഷ്ണൻ ആവിഷ്ക്കരിച്ചിരിക്കുകയാണ്. 'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രനു തല ചായ്ക്കാൻ മണ്ണിലിടമില്ല' എന്ന കെ. പി. എ. സി. യുടെ അശ്വമേധം എന്ന നാടകത്തിലെ പാട്ടുപോലെയാണ് ഈ രാജ്യത്തിലെ പാവപ്പെട്ടവന്റെ സ്ഥിതി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക്, ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി കൊടുത്തു. 161 ഗ്രാമങ്ങളിലെ ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെ വീടില്ലാത്ത മുഴുവൻ പട്ടികജാതികാർക്കും വീട് കൊടുക്കുന്നു. വളരെ ദ്രുതഗതിയിൽ അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അതേ രൂപത്തിൽ ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ആ ജനവിഭാഗത്തിന് നല്ല വിദ്യാഭ്യാസ സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു. അങ്ങനെ ആ ജനവിഭാഗത്തിന് കേരളത്തിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം കൊടുക്കാൻവേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ കുറച്ചുദിവസം മുൻപ് ദളിതരെ ചുട്ടുകൊല്ലുകയുണ്ടായി. മഹാത്മഗാന്ധി ജനിച്ച ഗുജറാത്തിൽ ഹരിജന ദളിതരെ ചുട്ടുകൊല്ലുന്നു. കേരള സംസ്ഥാനത്തെ സ്ഥിതി എന്താണ്? ഈ രൂപത്തിൽ ഒട്ടനവധി നടപടികൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്യുകയാണ്. ഇവിടെ അത്തരം കാര്യങ്ങൾ പരിശോധിക്കാനോ അതുമായി ബന്ധപ്പെട്ടുകൊണ്ട് ആശ്വാസ നടപടികൾക്കു പിന്തുണ നൽകാനോ ആണോ കോൺഗ്രസ് ശ്രമിക്കുന്നത്? കോൺഗ്രസിന് ഇക്കാര്യത്തിൽ ശ്രദ്ധിക്കാൻ ഇപ്പോൾ സമയമില്ല. കോൺഗ്രസ്സ് ഇപ്പോൾ ക്ലിന്റനെ സ്വീകരിക്കാൻ ഓടിനടക്കുകയാണ്. ക്ലിന്റൻ ഇൻഡ്യയിലേയ്ക്ക് വന്നപ്പോൾ ക്ലിന്റനെ പരവതാനി വിരിച്ച് സ്വീകരിക്കാൻ ഉത്സവം പോലെ ആഘോഷിക്കണമെന്നാണ് ബി. ജെ. പി. യും കോൺഗ്രസും പറഞ്ഞത്. സായ്പിനെ കണ്ട് കവാത്ത് മറന്നവരെപ്പോലെയാണ് കോൺഗ്രസ്. ലോകത്ത് അശാന്തിയുടെ വിത്തു പാകി ജനതയ്ക്ക് ദുഃഖവും ദുരിതവും വിതച്ചുകൊണ്ട് ലോകത്ത് തന്റെ സാമ്രാജ്യത്തിന്റെ ആധിപത്യം ഉറപ്പിക്കാൻവേണ്ടി പരിശ്രമിക്കുന്ന ക്ലിന്റന്റെ വരവിനെതിരെ മനുഷ്യസ്നേഹികൾ, ദേശസ്നേഹികൾ പ്രതിഷേധം ഉയർത്തിയപ്പോൾ അതിനെ കൊഞ്ഞനം കുത്തുകയാണ് കോൺഗ്രസ്സും,

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പിയും കൂട്ടമായി ചെയ്തത്. യജമാനൻ വരുമ്പോൾ മടിക്കുത്തഴിച്ച് പഞ്ചപുച്ഛമടക്കി നിൽക്കുന്ന അടിയാനെപ്പോലെ തല ചൊറിഞ്ഞു നിൽക്കുകയല്ലേ കോൺഗ്രസ് ചെയ്തത്? ജവഹർലാൽ നെഹ്റു ചേരിചേരാ നയം രൂപീകരിച്ചു. ചേരിചേരാ നയം രൂപീകരിച്ചതിന് പ്രത്യേക സാഹചര്യമുണ്ട്. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം രാജ്യത്ത് രൂപീകരിക്കപ്പെട്ട രണ്ടു ചേരികളിൽ, ഒരു ചേരിയിലും ഉൾപ്പെടാതെ രാഷ്ട്രീയ സൈനിക, സാമ്പത്തിക രംഗത്ത് സ്വതന്ത്രവും ധീരവുമായ നിലപാടാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സ്വീകരിച്ചത്. പത്തു നാല്പത്തഞ്ചു കൊല്ലക്കാലമായി ചേരിചേരാ നയം നമ്മുടെ രാജ്യം പിന്തുടർന്നു വരികയാണ്. ആ ചേരിചേരാ നയത്തെ ഇല്ലാതാക്കാൻ ബി.ജെ.പി പരിശ്രമിച്ചപ്പോൾ അതിന് ചൂട്ടുപിടിച്ചുകൊടുക്കുന്ന സമീപനമല്ലേ കോൺഗ്രസ്സ് സ്വീകരിച്ചത്? ഇന്ന് ഇൻഡ്യയെ അമേരിക്കയുടെ കാൽക്കീഴിൽ അടിയറവയ്ക്കാൻ, ആ ചേരിചേരാ നയത്തിന് ചരമക്കുറിപ്പെഴുതാൻ ബി.ജെ.പി. യും വാജ്പേയിയും തയാറായി. നിങ്ങൾ അതിനടിയിൽ ഒപ്പിട്ടുകൊടുക്കുകയല്ലേ ചെയ്തത്? ഈ രൂപത്തിൽ തന്ത്രപ്രധാനമായ മേഖലകളിൽ അമേരിക്കയ്ക്ക് ഇടപെടാനുള്ള അവകാശം ഉണ്ടാക്കിക്കൊടുക്കുകയാണ് വിഷൻ സ്റ്റേറ്റ്മെന്റിൽ ഒപ്പിട്ടു കൊടുത്തതിന്റെ ഭാഗമായി ഉണ്ടായത്. നമ്മുടെ സേവന മേഖലകൾ മുഴുവനും തകിടം മറിക്കുന്ന രൂപത്തിലുള്ള സമീപനം സ്വീകരിച്ചു. ഉദാരവൽക്കരണത്തെ വാനോളം പുകഴ്ത്തുന്ന സാമ്പത്തിക വിദഗ്ദ്ധന്മാർ ആ ഉദാരവൽക്കരണത്തിന്റെ ഭാഗമായിക്കൊണ്ട് ഇൻഡ്യയ്ക്കു വലിയ പുറകോട്ടടി സംഭവിച്ചുവെന്നാണ് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞത്. 1989-90-ൽ ഇൻഡ്യൻ ജനസംഖ്യയുടെ 34 ശതമാനം വരുന്ന 276 കോടി ജനതയാണ് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളത്. ഉദാരവൽക്കരണ നയം നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയതിനുശേഷം 43 ശതമാനം വരുന്ന 40.63 കോടി ജനങ്ങൾ ഇന്ന് ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ഉദാരവൽക്കരണത്തിന്റെ ഭാഗമായികൊണ്ട് നമ്മുടെ രാജ്യത്ത് തൊഴിൽ ദിനങ്ങളുടെ എണ്ണം കുറഞ്ഞു. ആ തൊഴിൽ ദിനങ്ങളുടെ എണ്ണം കുറഞ്ഞതുകൊണ്ട് ഇൻഡ്യാ രാജ്യത്തെ ഒട്ടനവധി പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടപ്പെട്ടു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെട്ടു. അതിൽ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് ഇൻഷ്വറൻസ് മേഖല. നമ്മുടെ സമൂഹത്തിന്റെ ഒട്ടനവധി മേഖലകളിൽ കൂടിവെള്ള പദ്ധതികൾ, ആതുര ശുശ്രൂഷ രംഗം ഇതിലൊക്കെ ചെലവാക്കുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന പണം ഇൻഷ്വറൻസ് മേഖലകളിൽ നിന്ന് നമുക്ക് കിട്ടിയിരിക്കുന്നു. ആ ഇൻഷ്വറൻസ് മേഖല സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി പരിശ്രമിച്ച ബി. ജെ. പി യുടെ കൂടെ അനുകൂലിച്ചുനിന്ന ഒരു രാഷ്ട്രീയ പാർട്ടിയാണ് കോൺഗ്രസ്. അതിന്റെ ഭാഗമായിക്കൊണ്ട് ഇന്ന് നമ്മുടെ ഗ്രാമപ്രദേശങ്ങളുടെ വികസനത്തിന് ഉതകുന്ന എല്ലാ നടപടികളും ഇല്ലായ്മ ചെയ്യുന്ന സ്ഥിതിയിലേക്ക് പോയി. അതിന്റെ പൂർത്തീകരണം കൂടിയാണ് ശ്രീ. വാജ്പേയിയും ശ്രീ. ക്ലിന്റനും ഒപ്പിട്ട ഇൻഡോ യു.എസ്. സംയുക്ത വീക്ഷണരേഖ ഇതിനെ കോൺഗ്രസ് അനുകൂലിക്കുകയാണ് ചെയ്തത്. ഇത്തരത്തിലുള്ള നടപടികളുമായിട്ടാണ് കോൺഗ്രസ് മുന്നോട്ട് പോകുന്നത്. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

928/2010

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. ഭരണ കക്ഷിയിൽ നിന്നും സംസാരിച്ച ശ്രീ. പിരപ്പൻകോട് മുരളിയും അതുപോലെ ശ്രീ. ചന്ദ്രനും ശ്രീ. ലോനപ്പൻ നമ്പാടനുമൊക്കെ പറഞ്ഞു വന്നത് കോൺഗ്രസുകാർ **** പോയ കാര്യമാണ്. 'വിധേയൻ' എന്ന സിനിമയിൽ പട്ടേരുടെ ഉദാഹരണം ചൂണ്ടിക്കാണിച്ചുകൊണ്ട് കോൺഗ്രസുകാർ **** പോയി എന്നാണ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെന്റിലെ മന്ത്രി ശ്രീ. ജോസഫ് അടുത്ത ദിവസം അമേരിക്കയിലെ സിയാറ്റിനിലേക്ക് പോകുന്നത് **** അറിയാഞ്ഞിട്ട് ചോദിക്കുകയാണ്. അവിടെ ബിൽഗേറ്റ്സ് അല്ലേ യോഗം വിളിച്ചു കൂട്ടിയിരിക്കുന്നത്? ബിൽഗേറ്റ്സിന്റെ കമ്പനിയായ മൈക്രോസോഫ്റ്റാണ് അവിടെ യോഗം വിളിച്ചുകൂട്ടിയിരിക്കുന്നത്. ആ യോഗത്തിൽ പങ്കെടുക്കാനാണ് മന്ത്രി ജോസഫ് പോകുന്നത്. ആ പോകുന്ന കൂട്ടത്തിൽ ആ കോൺഗ്രസ്സിൽ പങ്കെടുക്കാൻ മാത്രമല്ല വാഷിംഗ്ടൺ ഡി.സി.യിലെ വേൾഡ് ബാങ്കിൽ വരെ കേരളത്തിന് പണം കിട്ടാൻവേണ്ടി പോകുന്നുണ്ട്. അപ്പോൾ വേൾഡ്ബാങ്കിനേയും അമേരിക്കയേയും ഒക്കെ നാഴികയ്ക്ക് 40 വട്ടം ആക്ഷേപം പറയുന്ന ഈ ഗവൺമെന്റിന്റെ മന്ത്രിയെ തന്നെ പറഞ്ഞു വിട്ടിരിക്കുകയാണ്. ഇപ്പോഴത്തെയല്ല. 1987-ൽ ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീമതി ഗൗരി അമ്മയെയും കൂട്ടി അമേരിക്കയിലേക്ക് പോയി. 1996-ൽ മുഖ്യമന്ത്രിയായപ്പോൾ ശ്രീ. ജോസഫിനെയും കൂട്ടി അമേരിക്കയിൽ പോയി. അമേരിക്കയെ ചീത്ത പറഞ്ഞ ആളുകൾ ഭരിക്കാൻ അവസരം കിട്ടുമ്പോൾ നേരെ അങ്ങോട്ട് പോയിട്ട് മാറി നിന്ന് എന്തിനാണ് കുറ്റം പറയുന്നത്?

മി. ചെയർമാൻ (ശ്രീ. ആന്റണി രാജു) : ശ്രീ. കുട്ടപ്പൻ അങ്ങയുടെ പ്രസംഗത്തിലെ ദുഃസൂചനയുള്ള ഭാഗങ്ങൾ സഭാ രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ശ്രീ. ജി. കാർത്തികേയൻ : കഴിഞ്ഞ ഒരാഴ്ചയായി സഭാ പ്രവർത്തനം നിയന്ത്രിക്കുന്നത് ബിൽ ക്ലിന്റനാണ്. നമുക്ക് അത് ഒഴിവാക്കി ഈ സഭയുടെ നിയന്ത്രണം നമുക്ക് ഏറ്റെടുത്താലെന്താണ്?

മി. ചെയർമാൻ : ഡോ. എം. എ. കുട്ടപ്പൻ, പ്രതിപക്ഷ ഉപനേതാവിന്റെ അഭിപ്രായം ശ്രദ്ധിക്കുമല്ലോ?

ഡോ. എം. എ. കുട്ടപ്പൻ : ഇവിടത്തെ വിഷയം, ക്ലിന്റൻ വന്നത് 2000 വ്യവസായികളെയും കൂട്ടിയാണ്. ഞാൻ പറയാൻ ആഗ്രഹിച്ചത്, മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം പേജ് നമ്പർ 9 ഇൻഡ്യയുടെ ആണവ പരീക്ഷണത്തിന്റെ ഫലമായി ഏർപ്പെടുത്തപ്പെട്ട ഉപരോധം ഈ സഹായത്തിന് കാലവിളംബം സൃഷ്ടിച്ചു. വേൾഡ് ബാങ്കിൽ നിന്നും എ. ഡി. ബി യിൽ നിന്നും സഹായം കിട്ടാൻ അമേരിക്ക അടക്കമുള്ള രാജ്യങ്ങൾ ഏർപ്പെടുത്തിയ സാംഗ്ഷൻ മൂലം സഹായം കിട്ടുമെന്നു പറഞ്ഞുകൊണ്ടിരിക്കുന്നതിന്റെയർത്ഥം അമേരിക്ക പിണങ്ങി മാറിയതിൽ, വേൾഡ് ബാങ്ക് പിണങ്ങി മാറുന്നതിൽ, എ. ഡി. ബി

**** സഭാദ്ധ്യക്ഷന്റെ ഉത്തരവിൽ പ്രകാരം നീക്കം ചെയ്തു. (Vide File No. 433/EB/2000 leg dt. 28/3/2000.

LIBRARY ARCHIVES Kerala Legislative Assembly

മാറുന്നതിൽ ഈ സഭയ്ക്ക് ഈ ഗവൺമെന്റിന് വിഷമമുണ്ട് എന്ന് അർത്ഥം. യഥാർത്ഥത്തിൽ വേൾഡ് ബാങ്കിന് പിണക്കമുണ്ടെങ്കിൽ എ. ഡി. ബി.ക്ക് പിണക്കമുണ്ടെങ്കിൽ അമേരിക്കയ്ക്ക് പിണക്കമുണ്ടെങ്കിൽ ഈ വാചകം ആവശ്യമില്ലല്ലോ. പോയവന്റെ കാര്യം പറഞ്ഞോ? അപ്പോൾ യഥാർത്ഥത്തിൽ നിങ്ങൾക്ക് ആശങ്കയുണ്ട്. വേൾഡ് ബാങ്ക് പിണങ്ങിയാൽ, എ. ഡി. ബി. പിണങ്ങിയാൽ അപകടമുണ്ടാകുമെന്ന തോന്നൽ നിങ്ങൾക്കുണ്ട്. ആ സത്യം എന്തിനാണ് മറച്ചു വയ്ക്കുന്നത്? അങ്ങനെയുള്ള നിങ്ങളുടെ ആളുകൾ ആവശ്യം വരുമ്പോൾ നേരെ അമേരിക്കയിലേക്ക് പോകും. ഇതിന്റെ ഭാഗമായിട്ടാണ് വിദ്യാഭ്യാസ മന്ത്രി മൈക്രോസോഫ്റ്റ് കമ്പനിയുടെ യോഗത്തിൽ പോകുന്നത്. പോകുന്ന കൂട്ടത്തിൽ വാഷിംഗ്ടൺ ഡി.സി.യിലും വേൾഡ് ബാങ്കിലും പോകുന്നുണ്ട്. ഇല്ലെങ്കിൽ ഇല്ലയെന്ന് പറയൂ. ഞാൻ ചോദിക്കട്ടെ നിങ്ങൾക്ക് വേൾഡ് ബാങ്കിനെക്കുറിച്ച് ഇത്രയും ആക്ഷേപമുണ്ടെങ്കിൽ വേൾഡ് ബാങ്കിന്റെ ഫിനാൻഷ്യൽ അസിസ്റ്റൻസ് വാങ്ങുന്ന വൈദ്യുതി ബോർഡും വാട്ടർ അതോറിറ്റിയും ആ ഫിനാൻഷ്യൽ അസിസ്റ്റൻസ് വേണ്ടയെന്ന് പറയാനുള്ള ധൈര്യം നിങ്ങൾ കാണിക്കുമോ? എന്തിനു പറയണം? ഇതാ മറ്റൊരു വാചകം ഞാൻ വായിക്കട്ടെ, പേജ് 27-ൽ അന്തർദേശീയ അംഗീകാരം ലഭിച്ചിട്ടുള്ള അമേരിക്കയിലെ മയോക്ലിനിക്, പ്രമേഹ രോഗ നിയന്ത്രണത്തിനും ഗവേഷണത്തിനും ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും മറ്റുമായി ലോക നിലവാരമുള്ള ഒരു സ്ഥാപനം സ്ഥാപിക്കുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്. ഈ ഇൻസ്റ്റിട്ട്യൂട്ട് സ്ഥാപിക്കുന്നതിനായി ഈ ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. സർ, അമേരിക്കയിലെ ഒരു സ്വകാര്യ ക്ലിനിക്കാണ് ഈ മയോക്ലിനിക്. ആ സ്വകാര്യ ക്ലിനിക്കുമായി ചർച്ച നടത്താൻ ഈ ഗവൺമെന്റിലെ ഒരു ഹെൽത്ത് സെക്രട്ടറി ശ്രീമാൻ വിജയചന്ദ്രൻ ഒരു പ്രൈവറ്റ് ആർക്കിടെക്ടിനെയും കൂട്ടി ഒന്നിലേറെ പ്രാവശ്യം അമേരിക്കയിൽ പോയി ചർച്ച നടത്തി. എന്നിട്ട് ഇത് ആരെയും അറിയിക്കാതെ ഈ കേരളത്തിൽ ഈ സ്വകാര്യ സ്ഥാപനത്തിനു ഭൂമി അനുവദിച്ചിരിക്കുന്നു. ഈ ഹെൽത്ത് സെക്രട്ടറി തന്നെ ഈ ബിൽഡിംഗ് പണിയാൻവേണ്ടി ടെണ്ടർ ക്ഷണിച്ചിരിക്കുന്നു. നിങ്ങൾ ചാരക്കഥ പറഞ്ഞുകൊണ്ട് ജോൺ ഹോപ്കിൻസ് എന്നു പറയുന്ന ക്ലിനിക്കിനെ മൂന്നാറിൽ നിന്നും കെട്ടുകെട്ടിച്ചയാളാണ്. മൂന്നാറിൽ അമേരിക്കയിലെ ഒരു ജോൺ ഹോപ്കിൻസ് അവിടെ ക്ലിനിക് ആരംഭിക്കാൻ വന്നപ്പോൾ ചാര ആരോപണം ഉന്നയിച്ചുകൊണ്ട് ഹോപ്കിൻസിനെ കെട്ടുകെട്ടിച്ച ആളുകൾ അതേ ചാര പ്രവർത്തനത്തിന് സാദ്ധ്യതയുള്ള മയോ ക്ലിനിക്കിന് തിരുവനന്തപുരം ടെക്നോ പാർക്കിനടുത്ത് സ്ഥലം കൊടുത്തിരിക്കുന്നു. കെട്ടിടം പണിയാൻ പോകുന്നു. യഥാർത്ഥത്തിൽ പ്രമേഹ രോഗം ഒരു ആരോഗ്യ പ്രശ്നമെന്ന നിലയിൽ ചെയ്യേണ്ടത് നമ്മുടെ മെഡിക്കൽ കോളേജുകളിലെ Entocrinology വിഭാഗം ഇപ്പോൾ ഇല്ല. അതുണ്ടാക്കി ശക്തിപ്പെടുത്തുകയാണ് ചെയ്യേണ്ടത്. എം.ആർ.സി.പി. വിഭാഗം അടക്കമുള്ള ഒട്ടേറെ പേർ കേരളത്തിൽ ഉണ്ടായിട്ടും മെഡിക്കൽ കോളേജിൽ ആരംഭിക്കാതെ ഹോപ്കിൻസ് മോഡലിൽ ഒരു സ്വതന്ത്രസ്ഥാപനം ആരംഭിക്കാൻ പോവുകയാണ്. അമേരിക്കയിലെ സ്വകാര്യ കമ്പനിയുമായി കേരള സർക്കാർ കൂട്ടു കൂടിയിരിക്കുകയാണ്. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ് സ്വകാര്യ മേഖലയ്ക്കു എതിരാണെന്ന്. ബിൽഗേറ്റ്സ് എന്ന കമ്പനി ഗവൺമെന്റ് കമ്പനിയല്ല. സ്വകാര്യ കമ്പനിയാണ്. അമേരിക്കയിൽ പോയി സ്വകാര്യ കമ്പനികളെ കൂട്ടുപിടിക്കുകയാണ്. നിങ്ങൾ അവിടെ വരുമ്പോൾ ശ്രീ. നായനാർക്ക് അല്ലെങ്കിൽ മന്ത്രിക്ക് അമേരിക്കയിലെ ആളുകളെ കാണാനുള്ള ധൈര്യം ഉണ്ടായില്ല. ആന്ധ്രയിലെ മുഖ്യമന്ത്രിയും കർണ്ണാടകയിലെ മുഖ്യമന്ത്രിയും ഈ വ്യവസായികളെ കാണാൻ താൽപര്യം കാണിക്കുകയുണ്ടായി. ഈ സംസ്ഥാനത്തേക്ക് ഐ.റ്റി.യുടെ സേവനം എത്തിക്കാൻ വേണ്ടി ഇവിടെ നമ്മുടെ മുഖ്യമന്ത്രി പ്രൈംമിനിസ്റ്റർക്ക് ഫാക്സ് അയയ്ക്കുകയാണ്. ക്ലിന്റന് കാണിക്കുന്നത് കറുത്ത കൊടി. സത്യത്തിൽ എന്താണ് സ്ഥിതിയെന്ന് അറിയാമോ?****

ശ്രീ. സി. കെ. രാജേന്ദ്രൻ : കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രിയെ സംബന്ധിച്ച് ഇങ്ങനെ സഭാ രേഖയിൽ വരാൻ പാടില്ലാത്ത, ഈ നിയമസഭയ്ക്കകത്ത് വരാൻ പാടില്ലാത്ത, മര്യാദയില്ലാത്ത പദങ്ങളാണ് പ്രയോഗിച്ചത്. ഇത് ഓർഡറിലാണോ? രേഖയിൽ നിന്ന് ഇത് നീക്കം ചെയ്യണം. ശ്രീ. കുട്ടപ്പൻ അത് പിൻവലിക്കണം.

മി. ചെയർമാൻ : രേഖകൾ പരിശോധിച്ച് നീക്കം ചെയ്യേണ്ടത് നീക്കം ചെയ്യുന്നതാണ്.

ഡോ. എം. എ. കുട്ടപ്പൻ : ഇവിടെ ബഹുമാന്യനായ മന്ത്രി ബഡ്ജറ്റിലൂടെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വരച്ചു കാണിച്ചിട്ടുണ്ട്.

ശ്രീ. പി. രാജു : പോയിന്റ് ഓഫ് ഓർഡർ റൂൾ 256(4) ഇവിടെ ബഹുമാന്യനായ ശ്രീ. എം. എ. കുട്ടപ്പൻ സൂചിപ്പിച്ചത് കേരളത്തിന്റെ മുഖ്യമന്ത്രി രണ്ടു വാക്ക് ശരിക്ക് അക്ഷരപിശക് കൂടാതെ സംസാരിക്കാൻ ആരോഗ്യമില്ലാത്ത മുഖ്യമന്ത്രി എന്നാണ് സൂചിപ്പിച്ചത്. കേരളത്തിലെ മുഖ്യമന്ത്രിയെക്കുറിച്ച് ഇവിടെ പറയാൻ പാടില്ലാത്തതാണ്. ഇത് പരിശോധിച്ച് രേഖയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്..ഡോ. കുട്ടപ്പൻ മാപ്പു പറയേണ്ട സ്ഥിതിയാണ്. ഡോ. കുട്ടപ്പൻ മാപ്പുപറയേണ്ട പ്രശ്നമാണ്.

മി. ചെയർമാൻ : അതിനെക്കുറിച്ച് ചെയർ റൂളിംഗ് നൽകിക്കഴിഞ്ഞു.

ഡോ. എം. എ. കുട്ടപ്പൻ : ധനകാര്യ മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പരിശോധിച്ചാൽ കേരളത്തിന്റെ ധനകാര്യ സ്ഥിതി കടുത്ത പ്രതിസന്ധിയിലാണെന്ന് കാണാൻ കഴിയും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഒരു വാക്ക്, പുളിച്ച മലയാളം എന്നുണ്ടോ എന്ന് നോക്കുക. ഉണ്ടെങ്കിൽ അത് നീക്കം ചെയ്യണ്ടേ?

മി. ചെയർമാൻ : യേസ്, യേസ് ഒ.കെ.

**** സഭാദ്ധ്യക്ഷന്റെ ഉത്തരവിൽ പ്രകാരം നീക്കം ചെയ്തു. (Vide File No. 433/EB/2000 leg dt 28/3/2000.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : ബഹുമാനപ്പെട്ട മന്ത്രി അങ്ങയുടെ ശ്രദ്ധയ്ക്കുകൂടി പറയട്ടെ, അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റ് പരിശോധിച്ച് നോക്കിയപ്പോൾ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ പ്രതിസന്ധിയിലാണ്. എന്തുകൊണ്ടെന്നാൽ കേരളത്തിന്റെ റവന്യൂ വരുമാനം വളരെയേറെ പിന്നോക്കം പോയിരിക്കുന്നു. അതിന്റെ ഫലമായിട്ട് കേരളാ ഗവൺമെന്റ് വെയ്സ് ആന്റ് മീൻസിലൂടെ പണം എടുത്തതിന്റെ കാര്യം, ഒ. ഡി. എടുത്തതിന്റെ കാര്യമൊക്കെ ശ്രീമതി ശോഭനാ ജോർജ്ജ് പറയുകയുണ്ടായി. ഞാൻ ആവർത്തിക്കുന്നില്ല. അതുകൊണ്ട് കേരളാ ഗവൺമെന്റ് പ്രവർത്തിക്കുന്നത് വേയ്സ് ആന്റ് മീൻസ് വഴിയും, ഓവർ ഡ്രാഫ്റ്റ് വഴിയുമൊക്കെയാണ്. അതേസമയം റവന്യൂ വരുമാനമാകട്ടെ വല്ലാതെ കുറഞ്ഞു പോയിരിക്കുന്നു. അതോടൊപ്പം തന്നെ എവിടെനിന്നൊക്കെ കടം എടുക്കാൻ പറ്റുമോ അവിടെനിന്നെല്ലാം സർക്കാർ കടം എടുത്തു. അങ്ങ് തർക്കിക്കില്ലല്ലോ, ഉദാഹരണമായി വാർഷിക കടം 1418 കോടി രൂപ എടുത്തു. കമ്പനികൾ, ബാങ്കുകളിൽ നിന്നൊക്കെ 590 കോടി രൂപ കടമെടുത്ത് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ഇൻഫ്രാസ്ട്രക്ചർ എന്നു പറഞ്ഞുകൊണ്ട് 506 കോടി രൂപ കടമെടുത്തു. പൊതുമേഖലകൾ 171 കോടി രൂപ ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്തു. ജില്ലാ ബാങ്കുകളുടെ കാര്യം പറയേണ്ടല്ലോ, അങ്ങനെ എവിടെ നിന്നെല്ലാം പണം കിട്ടാമോ അവിടെ നിന്നെല്ലാം പണം വാങ്ങിച്ചിട്ടുള്ള ഒരു ഭരണം വന്നിരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ഇവിടെ പറയാൻ ഉദ്ദേശിച്ച കാര്യം ഇവിടെ യഥാർത്ഥത്തിൽ വരവ് കുറഞ്ഞ സാഹചര്യത്തിൽ ചെലവ് ചുരുക്കാനുള്ള മര്യാദ ഈ ഗവൺമെന്റ് കാണിക്കേണ്ടതായിരുന്നു. ഈ ഗവൺമെന്റ് മര്യാദ കാണിക്കാതെ, മന്ത്രിമാർക്ക് പുത്തൻ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള ആഡംബര കാറിൽ യാത്ര ചെയ്യാൻ വേണ്ടി ആഡംബര കാറുകൾ വാങ്ങാൻ നിയമസഭയിൽ എസ്.ഡി.ജി. അവതരിപ്പിച്ച ആളാണ് അങ്ങ്. ഇവിടെ പണമില്ല, എന്നിട്ടുപോലും വിദേശ കാറിനുവരെ ആക്ഷേപം ഉന്നയിച്ച ആളുകൾ സാമ്പത്തിക പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ കാറിൽ യാത്ര ചെയ്യാൻ വേണ്ടി അങ്ങ് വിദേശ കാറുകൾ വാങ്ങുകയുണ്ടായി. അതുകൂടാതെ മുഖ്യമന്ത്രിക്കാകട്ടെ അവിടെ ഒരു ഫൈവ് സ്റ്റാർ കൾച്ചറാണുള്ളത്. മന്ത്രിയായിരുന്ന ശ്രീമാൻ നീലലോഹിതദാസൻ നാടാർ രാജിക്കത്ത് കൊണ്ടുകൊടുത്തത് എറണാകുളത്തെ ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിച്ചിരുന്ന മുഖ്യമന്ത്രിക്കാണ്. തൊട്ടടുത്ത് ഗസ്റ്റ് ഹൗസ് ഉണ്ട്. അവിടെ താമസിക്കാതെ ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിച്ച മുഖ്യമന്ത്രിക്കാണ് ശ്രീ. നീലൻ രാജിക്കത്ത് കൊണ്ടുകൊടുത്തത്. അതുപോലെ അങ്ങയോട് ബഹുമാനപൂർവ്വം പറയട്ടെ, റവന്യൂ പിരിച്ചെടുക്കുന്ന കാര്യത്തിൽ അങ്ങ് കുറ്റകരമായ അനാസ്ഥ കാണിച്ചിരിക്കുന്നു. 1995-ൽ അന്നത്തെ ആന്റണി ഗവൺമെന്റ് അബ്കാരികളിൽ നിന്ന് ഡിസ്റ്റിലറികളിൽ നിന്ന് മദ്യം പുറത്തേക്ക് കടത്തുമ്പോൾ 550 കെയ്സുള്ള ഓരോ ലോഡിനും 500 രൂപവച്ച് ഫീസ് വാങ്ങിയിരുന്നു. 1995-ലെ ആന്റണി സർക്കാരിന്റെ ഓർഡറാണ്. എന്നാൽ 1999 ഏപ്രിൽ മാസത്തിൽ എക്സൈസ് കമ്മീഷണർ ആയിരുന്ന ശ്രീ. ജോൺ മത്തായി ഒരു പുതിയ ഉത്തരവിറക്കി, അതിൻപ്രകാരം ഇപ്പോൾ ഡിസ്റ്റിലറിയിൽ നിന്ന് കൊണ്ടുവരുന്ന ഓരോ ലോഡിനും 500 രൂപ കൊടുക്കണ്ട. അതിനു മുൻപുവരെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിവർഷം രണ്ടു കോടി രൂപ സംസ്ഥാന ലജനാവിന് മുതൽകൂട്ടായിരുന്നു. അന്നത്തെ ആന്റണി സർക്കാരിന്റെ ഉത്തരവിൻപ്രകാരം ഓരോ വർഷവും രണ്ട് കോടി രൂപ കിട്ടിയിരുന്ന സ്ഥാനത്ത് ശ്രീ. ജോൺ മത്തായി ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ രണ്ടു കോടി രൂപ ഇപ്പോൾ ലഭിക്കുന്നില്ല. അതിന് അപേക്ഷ തന്നത് മാക്ഡവൽ കമ്പനിയാണ്. ആ മാക്ഡവൽ കമ്പനിക്ക് 27 ലക്ഷം രൂപ ലാഭം കിട്ടി. ചാലക്കുടിയിലെ പോൾസൺ ഡിസ്റ്റിലറി പണം അടച്ചുകഴിഞ്ഞു. ആ പണം അങ്ങയുടെ സർക്കാർ മടക്കിക്കൊടുക്കാൻ പോകുകയാണ്. സർക്കാരിലേക്ക്, ലജനാവിലേക്ക് വന്ന പണം അങ്ങ് മടക്കിക്കൊടുക്കാൻ പോകുകയാണ്. സർക്കാരിന് പണമില്ല. കിട്ടേണ്ട പണം പിരിച്ചെടുക്കുന്നില്ല, വളരെ ഗൗരവമുള്ള വിഷയമാണ്. പണമില്ലാതെ നട്ടം തിരിയുകയാണ്. ആ സമയത്താണ് മന്ത്രിതന്നെ ഉത്തരവിറക്കികൊണ്ട് വരുമാനം കുറയ്ക്കുന്നത്. അതുപോലെതന്നെ ബോണ്ടഡ് വെയർഹൗസുകൾ, ഓരോ വർഷവും ഒരു ലക്ഷം രൂപ കിട്ടേണ്ടതാണ് അതും നഷ്ടപ്പെടുത്തി. 12 ബോണ്ടഡ് വെയർ ഹൗസുകൾ അങ്ങ് നിർത്തലാക്കിയിരിക്കുന്നു. വേറൊരു കാര്യം പറയട്ടെ, സാധാരണ ഗതിയിൽ ഫോറിൻ ലിക്കർ ഷാപ്പുകൾ ലേലം ചെയ്തുകഴിയുമ്പോൾ ആ ലേലം കൊള്ളുന്ന വ്യക്തി 30% കെട്ടിവയ്ക്കണം. എന്തെങ്കിലും കാരണവശാൽ വ്യക്തിയെ ഒഴിവാക്കിയാൽ അയാളുടെ എമൗണ്ട് ഫൊർഫീറ്റ് ചെയ്യണം. ഉദാഹരണം പറയാം, ഒട്ടേറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഫൊർഫീറ്റ് ചെയ്യാതെ ആ പണം റീഫണ്ട് ചെയ്ത ഒട്ടേറെ സംഭവങ്ങൾ കേരളത്തിൽ ഉണ്ടായിരിക്കുന്നു. ഉദാഹരണം നെയ്യാറ്റിൻകര ഒരു ഫോറിൻ ലിക്കർ ഷാപ്പ് ലേലം ചെയ്തു. 99 ലക്ഷം രൂപയായിരുന്നു ലേലം, ലേലം കൊണ്ടു കഴിഞ്ഞപ്പോഴാണ് അറിയുന്നത് അദ്ദേഹത്തിന് സെയിൽസ് ടാക്സ് അരിയേഴ്സ് ഉണ്ട്. അതുകൊണ്ട് കോൺട്രാക്ട് ഒഴിവാക്കി, 30 ലക്ഷത്തിൽ ചിലാനം രൂപ കെട്ടിവച്ചു. ആ രൂപ സർക്കാരിലേക്ക് ഫൊർഫീറ്റ് ചെയ്യുന്നതിനു പകരം ആ പണം തിരിച്ചുകൊടുത്തു എന്നുമാത്രമല്ല സർക്കാർ, എക്സൈസ് ഡിപ്പാർട്ടുമെന്റു തന്നെ ആ ഷാപ്പ് മാനേജ് ചെയ്തു. ആ കിട്ടിയ പണം മുഴുവൻ കോൺട്രാക്ടറുടെ എമൗണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തു എന്നു പറഞ്ഞാൽ സംസ്ഥാന ലജനാവിലേക്ക് വരാനുള്ള പണം ചില ബാഹ്യ ശക്തികളുടെ സമ്മർദ്ദത്തിന് വഴങ്ങിക്കൊണ്ട് ഈ ഗവൺമെന്റ് വിട്ടുകൊടുത്തിരിക്കുകയാണ്. പ്രത്യേകിച്ച് എക്സൈസ് മേഖല, ഞാൻ പറയേണ്ടല്ലോ. പുതിയ സി.ടി.വി. ചാനൽ ഉണ്ടാകുന്നു. നേതാക്കൻമാർക്ക് ഫ്ളാറ്റുകൾ പണിയുന്നു, എവിടുന്നാണ് ഇതിനൊക്കെ വരുമാനം? എക്സൈസ് മേഖല ഇന്ന് ചിലർ കറവപ്പശുവായി മാറ്റിയിരിക്കുകയാണ്. അതുപോലെ ഒട്ടേറെ ഉദാഹരണം പറയട്ടെ, ഞാൻ പണ്ട് ഉന്നയിച്ച കാര്യമാണ്, ഒരു സംസ്ഥാനത്തു നിന്ന് മദ്യം ഇങ്ങോട്ട് കയറ്റിവന്ന് വേറൊരു സംസ്ഥാനത്തേക്ക് പോയാൽ ട്രാൻസിറ്റ് ലൈസൻസ് ഉണ്ട്. 2500 രൂപയാകും ലൈസൻസിന്. ആ ട്രാൻസിറ്റ് ലൈസൻസ് ഇല്ലാതെ എക്സൈസ് കമ്മീഷണർ ഓഫീസിൽ നിന്നും ലൈസൻസ് കൊടുക്കുകയാണ്. പണ്ട് ആര്യംകാവ് ചെക്ക് പോസ്റ്റിൽ ഉണ്ടായ സംഭവം ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ഇതുവരെ ട്രാൻസിറ്റ് ഫീസ് വാങ്ങാതെ അവിടെ ഈ ചെക്ക് പോസ്റ്റുവഴി ലോറി കടത്തിവിട്ട അതിന്റെ കാരണക്കാരനായ

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി ഉണ്ടായിട്ടില്ല. തിരുവനന്തപുരത്ത് പറഞ്ഞു കേൾക്കുന്നത് ഇപ്പോൾ അഞ്ച് ഡിസ്റ്റിലറികൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇനിയും തിരുവനന്തപുരത്ത് ഡിസ്റ്റിലറികൾ അനുവദിക്കാൻ പോകുന്നതായി കേൾക്കുന്നു. ആ സാഹര്യങ്ങളൊക്കെ ഡിസ്റ്റിലറിയോ അല്ലെങ്കിൽ ബോട്ടിലിംഗ് ആന്റ് ബ്ലെന്റിംഗ് യൂണിറ്റ് അതിനെയൊക്കെ സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദാംശങ്ങൾ ശേഷം സ്ക്രീനിൽ എന്ന് സിനിമയിൽ പറയാറുള്ളപോലെ വരാൻ പോകുന്ന എക്സൈസ് ഡിമാന്റിൽ ആ കാര്യം തുറന്നു പറയാം എന്നുമാത്രം പറഞ്ഞുകൊണ്ടു ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ പരി പൂർണ്ണമായി അനുകൂലിക്കുന്നു. ഇവിടെ പ്രതിപക്ഷത്തു നിന്ന് ഘോരഘോരം പ്രസംഗിച്ചത് കോൺഗ്രസിന്റെ പാരമ്പര്യമോ അനുഭവപാടവമോ ഇല്ലാത്ത ഒരു വിഭാഗം ആളുകൾ എന്തെങ്കിലും പറയുന്നതുപോലെയാണ് എനിക്ക് മനസ്സിലാകുന്നത്. ബ്രിട്ടീഷുകാർ ഇന്ത്യാ രാജ്യത്ത് വന്നത് കച്ചവടത്തിനായാണ്. കച്ചവടം ചെയ്ത് ചെയ്ത് 10-200 കൊല്ലം ഇന്ത്യാ രാജ്യമാകെ ഭരിച്ച് മുടിച്ച് അതിനെതിരായി ഇന്ത്യൻ നാഷണൽ കോൺഗ്രസും മഹാത്മാ ഗാന്ധിയുമെല്ലാം ദീർഘമായി സമരം ചെയ്ത് ആയിരക്കണക്കിന് ആളുകൾ അല്ലെങ്കിൽ ലക്ഷക്കണക്കിനോ, കോടിക്കണക്കിനോ ആളുകൾ സമരത്തിൽ പങ്കെടുത്ത് തൂക്കു മരത്തിൽ കയറിയും ജയിൽ ശിക്ഷ വരിച്ചുമാണ് ഇന്ത്യക്കു സ്വാതന്ത്ര്യം നേടിയത്. ഇപ്പോൾ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 53 കൊല്ലമായി അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കോൺഗ്രസിന് അനുഭവപാടവമോ അല്ലെങ്കിൽ അതിലുള്ള പാടവമോ ഇല്ലാതെ എന്തെങ്കിലും നോക്കി പഠിച്ച് ഈ രാജ്യത്തെ സാമ്രാജ്യ ശക്തിക്ക് സാമ്പത്തികമായി ഒറ്റിക്കൊടുക്കുന്നതിനുവേണ്ടി കോൺഗ്രസ് ശ്രീ.നരസിംഹറാവുവിന്റെ കാലത്ത് തുടങ്ങിവച്ചത് ഇന്ന്. ബി. ജെ. പി. വളരെ ഊർജ്ജിതമായി ദേശീയത പറഞ്ഞ് ഈ രാജ്യത്തെ സാമ്രാജ്യ ശക്തികൾക്ക് പ്രത്യേകിച്ച് അമേരിക്കയ്ക്ക് ഒറ്റിക്കൊടുക്കുകയാണ്. അതിന് കോൺഗ്രസിന്റെ നിലപാട് എന്താണ് എന്നു പറയണമെങ്കിൽ കോൺഗ്രസ് നടപ്പാക്കിയതാണ് ഇന്ന് ബി.ജെ.പി. നടപ്പാക്കുന്നതെന്നാണ് പ്രതിപക്ഷത്തിരിക്കുന്ന കോൺഗ്രസിന്റെ ഉത്തരവാദപ്പെട്ടവർ പറയുന്നത്.

പ്രതിപക്ഷത്തിരിക്കുന്നവർ അങ്ങനെ പറയുന്നില്ല എന്നു പറഞ്ഞാൽ അമേരിക്കൻ പ്രസിഡന്റുമായി എന്തിന് രഹസ്യസംഭാഷണം നടത്തി,

2 P.M.] ഒരു സാമ്രാജ്യത്വശക്തി, പ്രത്യേകിച്ച് അമേരിക്ക ഈ രാജ്യത്തെ മുഴുവൻ ഹൈഡ്രജൻ അണുബോംബുകളും മറ്റ് ആയുധങ്ങളും ഉപയോഗിച്ച് കീഴടക്കിക്കൊണ്ടിരിക്കുന്നു. ഈ അമേരിക്കൻ പ്രസിഡന്റ് ഇൻഡ്യാ രാജ്യത്ത് വന്നപ്പോൾ എന്താണ് രഹസ്യമായി നടത്തിയതെന്ന് ഇൻഡ്യൻ ജനതയ്ക്ക് അറിയാൻ അവകാശമുണ്ട്. ബ്രിട്ടീഷുകാർക്ക് കുറെ നാട്ടുരാജാക്കന്മാർ രഹസ്യമായി പലതും ചെയ്തു കൊടുത്തു. അവർ ചിലർക്ക് കപ്പം കൊടുത്തു. കപ്പം മേടിച്ച് ഇൻഡ്യാരാജ്യത്തെ പടിപടിയായി ഒറ്റികൊടുത്തവർ അതിന്റെയെല്ലാം നാന്ദികുറിക്കാനാണോ ഈ രഹസ്യ സംഭാഷണം നടത്തിയതെന്ന് പറയാൻ അവർ ഉത്തരവാദപ്പെട്ടവരാണ്. എഴുപത്-എഴുപത്തിയഞ്ച് ശതമാനം പേർ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാരാജ്യത്ത് കൃഷിക്കാരാണ്. കാർഷികോൽപ്പന്നങ്ങൾക്ക് ഇന്ന് ഒരു വിലയും ഇല്ലാതെ പോകുന്ന സ്ഥിതിയാണ്. കേരളത്തെ സംബന്ധിച്ച് റബ്ബറിന്റെ കാര്യം പറഞ്ഞു. റബ്ബറിന്റെ വിലയിടിയാൻ എന്താണ് കാരണം, അക്കാര്യത്തെപ്പറ്റി പ്രതിപക്ഷത്തിന് അറിയാനുള്ള സാദ്ധ്യതയില്ല. റബ്ബറിന്റെ വിലയിടിയാനുള്ള കാരണം എന്താണെന്നു ചോദിച്ചാൽ പറയാനില്ല, ധനകാര്യമന്ത്രി അതിനു മുഴുവൻ നഷ്ടപരിഹാരം കൊടുത്തുകൊള്ളണമെന്നാണ് അവരുടെ മുദ്രാവാക്യം. ആ നിലയ്ക്ക് അവർ പറയുമ്പോൾ അതിന് വിലയിടിയാൻ കാരണം സാമ്രാജ്യത്വ ശക്തികളുമായി കൂട്ടുകൂടിയതുകൊണ്ടാണ്. അവിടെ ഉൽപാദിപ്പിക്കുന്ന ടയറായാലും എന്തായാലും ഇവിടെ ഇറക്കുമതി ചെയ്യാം. അതിൽ ഒരു നികുതിയും ഈടാക്കണമെന്നില്ല. ചൈന അമേരിക്കൻ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നത് ടാക്സ് വർദ്ധിപ്പിച്ചു കൊണ്ടാണ്, അതു കൊണ്ട് ചൈനയ്ക്ക് യാതൊരു കുഴപ്പവുമില്ല. ഇവിടെ ടാക്സ് ഇളവു ചെയ്തു കൊണ്ടാണ് സാമ്രാജ്യത്വ രാജ്യങ്ങളിൽ നിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നത്. അതുകൊണ്ടാണ് ഇൻഡ്യയിലുള്ള ഉൽപ്പന്നങ്ങൾക്ക് വിലകുറഞ്ഞു പോകുന്നത്. മാത്രമാണോ 1400-ൽ ചില്വാനം സാധനങ്ങൾ ഇറക്കുമതി ചെയ്യാനും ടാക്സ് 2000-2001 ഓടുകൂടി മുഴുവൻ പിൻവലിക്കാനും ഓർഡർ കൊടുത്തിട്ടാണ് പ്രതിപക്ഷത്തിരുന്നു മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുന്നത്. അതാണ് നടക്കുന്നത്. ഇപ്പോൾ ഇൻഡ്യാരാജ്യത്തെ മുഴുവൻ ഒറ്റിക്കൊടുത്ത് ഈ രാജ്യത്തെ സാമ്രാജ്യത്വശക്തികൾക്ക് അടിയറ വയ്ക്കുകയാണ് അതിന്റെ ഒരു ഭാഗമാണ് കേരളം. അപ്പോൾ കേരളത്തിനും സാമ്പത്തികമായി തകർച്ചവരും. പതിനൊന്നോ, പന്ത്രണ്ടോ ലക്ഷം കോടി ഉറുപ്പിക കേന്ദ്രഗവൺമെന്റ് സാമ്പത്തിക കടത്തിലാണ്. ഈ രാജ്യത്തിന് കടം വന്നതിന്റെ കാരണത്തെപ്പറ്റി പറഞ്ഞു. പല സ്റ്റേറ്റുകളിലും ഗവൺമെന്റിന് ശമ്പളം കൊടുക്കാൻ മാർഗ്ഗമില്ലാതെ കേന്ദ്രത്തിന്റെ അടുത്തുപോയി ഏത്തമിടുകയാണ്. അതിനെപ്പറ്റി എന്താണ് പ്രതിപക്ഷത്തിന് പറയാനുള്ളത്. അതിൽ കോൺഗ്രസുകാർ ഭരിക്കുന്ന സ്റ്റേറ്റുകളുമുണ്ട്, ആ നിലയ്ക്ക് കോൺഗ്രസിന് എന്തെങ്കിലും പറയാനുണ്ടോ? അവിടെ സാമ്പത്തിക വളർച്ചയുണ്ടോ? വല്ലതും പറയാനുണ്ടോ ഇല്ലയോ എന്നു ചോദിച്ചാൽ എന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്, നിങ്ങൾക്ക് അഭിപ്രായമെന്തെങ്കിലും ഉണ്ടെങ്കിൽ പറഞ്ഞുകൊള്ളൂ. എന്താണ് കോൺഗ്രസ് പറഞ്ഞത്, വിദേശസാധനങ്ങൾ ബഹിഷ്ക്കരിക്കുക, ഗാന്ധിജി പറഞ്ഞത് അതല്ലേ, ഞാൻ 1936-മുതൽ കോൺഗ്രസുകാരനാണ്, ഞാൻ ക്വിറ്റ് ഇൻഡ്യാ സമരത്തിൽ അടികൊണ്ട് ജയിലിൽ പോയവനാണ്. നിങ്ങളിൽ ഒരാൾക്കെങ്കിലും അങ്ങനെ പറയാനുണ്ടോ? ഈ രാജ്യത്തെ കോൺഗ്രസുമായി അതിന്റെ കാര്യങ്ങളെപ്പറ്റി മനസ്സിലാക്കി അതിനുവേണ്ടി രാപ്പകൽ യത്നിച്ചു പോയി അടികൊണ്ടു സാമ്രാജ്യത്വ ശക്തികൾക്കെതിരായി പോരാടിയവനാണ് ഞാൻ. സാമ്രാജ്യത്വ സാധനങ്ങൾ ബഹിഷ്ക്കരിക്കുകയെന്ന് പറഞ്ഞിട്ട് അതിനെപിടിച്ചു ചുംബനം ചെയ്യാൻ ഇവർ പായുകയാണ്. കേരളത്തിൽ കടം മേടിക്കുന്നു, പിന്നെയെവിടെ നിന്നാണ് വാങ്ങിക്കുന്നത്, കിട്ടുന്നിടത്തു നിന്നൊക്കെ വാങ്ങിക്കും. ഈ കേരളത്തിന് നിലനിൽക്കേണ്ട, നിങ്ങളോട് ഞാൻ ഒന്നു ചോദിക്കട്ടെ, ഈ രാജ്യത്തെ ഇൻഷ്വറൻസ് മേഖല, ബാങ്കുകൾ,

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ സിവിൽ ഏവിയേഷൻ മുഴുവൻ വിറ്റ് കാശാക്കുകയാണ്. ഷെയർ ആക്കി മാറ്റി കമ്മീഷൻ വാങ്ങി തിന്നുകയാണ്. ആ കമ്മീഷൻ വാങ്ങി തിന്നുന്നു എന്നുള്ളത് ശരിയല്ലേ. പൊതുമുതൽ എല്ലാം വിറ്റ് കാശ് വാങ്ങിക്കുകയാണ്. എന്നിട്ടാണ് ഇവിടെ വിപ്ലവ പ്രസംഗം നടത്തുന്നത്. ആ വിപ്ലവ പ്രസംഗത്തിന് ജനങ്ങൾ നാലണയുടെ വില കൽപ്പിക്കുമോ? ഈ രാജ്യത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അതിൽ നിന്ന് മുതലെടുക്കുകയാണ്. ഈ ഇൻഡ്യാ രാജ്യത്ത് നാൽപ്പത് - നാൽപ്പത്തിയാറു കൊല്ലം ഭരിച്ചില്ലേ കോൺഗ്രസ്, സാക്ഷരതയുടെ സ്ഥിതി ഇന്ന് എന്താണ്? ഇന്ന് ഇൻഡ്യാരാജ്യത്ത് അൻപത് ശതമാനം പേർ സാക്ഷരരല്ല. അവരുടെ വോട്ടു വാങ്ങിയിട്ടാണ് ഈ രാജ്യത്തെ നിങ്ങൾ കുട്ടിച്ചോറാക്കിക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി. അവരെ വർഗ്ഗീയമായി ബോധവൽക്കരിച്ചു, വർഗ്ഗീയതയാണ്, അപ്പോൾ സാമ്പത്തികം വേണ്ടല്ലോ, അവിടെ അമ്പലം പൊളിക്കുന്നു, ഇവിടെ പള്ളി പൊളിക്കുന്നു. ഇങ്ങനെ കുഴപ്പമുണ്ടാക്കി അതിൽ നിന്ന് മുതലെടുത്താണ് ബി. ജെ. പി. ഇന്ന് നിലനിൽക്കുന്നത്. രാജ്യത്തിന് പുരോഗതി വേണ്ട, രാജ്യം എന്തുചെയ്താലും ഇവർക്ക് ഒന്നുമില്ല. അവർക്ക് മിണ്ടാൻ അറിയുകയില്ല, 'ആണ്ടവൻ ചൊല്ല്, അവർക്കു താനെ വോട്ടു ചെയ്യണെ' എന്നു പറയുന്ന വർഗ്ഗമാണ്. മുപ്പത്തിമുക്കോടി ദൈവങ്ങളെപറഞ്ഞ് ആ ദൈവങ്ങളുടെ പേരിൽ വോട്ടു ചോദിച്ചുവാങ്ങി ഈ രാജ്യത്തെ ജനങ്ങളെ ഒറ്റികൊടുക്കാൻ കൈപൊക്കുകയാണ്, അതല്ലേ സ്ഥിതി. അതല്ല സ്ഥിതിയെങ്കിൽ നിങ്ങളുടെ നയം എന്താണ്; അത് എ.ഐ.സി.സി. അല്ലേ പാസാക്കേണ്ടത്? അത് എ.ഐ.സി.സി. പാസാക്കണം. മനുഷ്യനായാൽ തെറ്റുവരും. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസം അതാണ്. മനുഷ്യന് തെറ്റുതിരുത്തി മുന്നോട്ടു പോകാനുള്ള നട്ടെല്ലും തന്റേടവും വേണം. അതാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. വന്നിട്ടുള്ള തെറ്റുകൾ തന്റേടമായി പറഞ്ഞുകൊണ്ട് തെറ്റുതിരുത്തി പോകുകയാണ് വെണ്ടത്. ഈ രാജ്യത്ത് ഏതാണ്ട് നാലായിരം കോടി ഉറുപ്പിക കടം ഉണ്ടായിരുന്നത് കഴിഞ്ഞ അഞ്ചുകൊല്ലക്കാലം കൊണ്ട് പതിനയ്യായിരം കോടി രൂപ ആയി. കേരളത്തിലാവട്ടെ പഞ്ചായത്തുകൾക്ക് 150 കോടി ഉറുപ്പിക ഈ ഗവൺമെന്റ് ആണ് കൊടുത്തത്. ആ നിലയ്ക്ക് ഗ്രാമപഞ്ചാത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ഈ ഗവൺമെന്റ് പദ്ധതി വിഹിതത്തിന്റെ 40 ശതമാനം കൊടുക്കുന്നില്ലേ? ആ നാൽപത് ശതമാനം കൊടുത്തതിന് അനുസരിച്ചുള്ള പുരോഗതി ഈ ഗ്രാമങ്ങളിൽ ആകെയില്ലേ, ഗ്രാമസഭകൾ കൂടിയാണ് അവിടെ തീർച്ചയാക്കുന്നത്. ഗ്രാമസഭകൾ കൂടി തീർച്ചയാക്കുന്നതിന് വിരുദ്ധമായിട്ട് ചെയ്തിട്ടുണ്ടെങ്കിൽ അവർ എല്ലാം ജയിലിൽ പോകും, അതിനുള്ള അന്വേഷണം നടക്കും, അതാണ് നടക്കുന്നത്. അതുകൊണ്ട് ജനങ്ങൾ തെരഞ്ഞെടുത്തത്, ജനങ്ങൾക്ക് അധികാരം കൊടുത്ത് ആ ജനങ്ങൾ തന്നെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രോൽസാഹനമാണ് കൊടുക്കുന്നത്. ജനകീയമായി ഈ രാജ്യത്തെ പുരോഗതിയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിക്കണം. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ വയനാട് ജില്ലയിലുള്ളതാണ്. അദ്ദേഹം പോയി പറയുന്നതെന്താണെന്നു വച്ചാൽ വയനാട്ടിലാകെ വെള്ളപ്പൊക്കമാണെന്നാണ്. ജനങ്ങൾക്ക് ഇനി രക്ഷകിട്ടണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

വാ, വാ, ഞങ്ങളുടെ കൂടെ വാ എന്നാണ് പറയുന്നത്; എന്നു വച്ചാൽ കോൺഗ്രസിന്റെ കൂടെ വാ എന്നാണ്. ഇത് 1972-ലോ മറ്റോ തുടങ്ങിയതാണ്. എന്നു വച്ചാൽ കോൺഗ്രസ്സിന്റെ കൂടെ വാ എന്നാണ്. ഇപ്പോൾ മുഖ്യമന്ത്രി ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി അതിനനുസരിച്ച് പറയുന്നത്, വൻകിട പദ്ധതി ഇല്ല, ചെറുകിട ചെക്ക് ഡാമുകൾ അതും കൃഷിക്കാർക്ക് യാതൊരു ദോഷവുമില്ലാത്ത രീതിയിലേ അവ നടപ്പിലാക്കുകയുള്ളൂ എന്നാണ്. ഈ രാജ്യത്ത് ഉഷ്ണം കൂടി കൂടി വരുന്നു. കൃഷി നശിക്കുന്നു. ക്രിസ്തു പറഞ്ഞതുപോലെ 2000 കൊല്ലം കഴിഞ്ഞ് 2001 ഒക്കെയാകുമ്പോൾ സൂര്യന്റെ ശക്തി കൂടി അഗ്നി ഉണ്ടായി എല്ലാവരും ഉരുകി പോകുമോ ഇല്ലയോ എന്നു എനിക്കറിയാൻ പാടില്ല. അങ്ങനെയാണെങ്കിൽ നിങ്ങൾ പോറ്റുന്ന കോടിശ്വരൻമാരായ ആളുകളും അത് മനസ്സിലാക്കണമെന്ന് മാത്രമേ പറയാനുള്ളൂ. അതാത് സ്ഥലത്തുള്ള ചരിഞ്ഞ ഭൂമികളിൽ ട്രഞ്ച് കീറി ചെറുകിട തോടുകളും പുഴുകളും അതുപോലെ ചെക്ക് ഡാമുകളും ഉണ്ടാക്കി വെള്ളം അവിടത്തന്നെ നിറുത്തിയാൽ മാത്രമേ കാർഷികോല്പാദനം കൂട്ടാനും കൃഷിക്കാർക്ക് ഗുണകരമായി മുന്നോട്ട് പോകാനും സാധിക്കുകയുള്ളൂ. ചരിഞ്ഞ ഭൂമിയിൽ പത്തോ ഇരുപത്തഞ്ചോ അമ്പതോ കൊല്ലം മണ്ണൊലിപ്പ് അങ്ങനെതന്നെ തുടരുകയാണെങ്കിൽ ജൈവവളം നശിച്ചുപോകും. ആ ജൈവവളം അവിടെത്തന്നെ നിറുത്താനാവശ്യമായിട്ടുള്ള പ്ലാനിംഗും അതിനനുസരിച്ചുള്ള പദ്ധതികൾക്കുമാണ് ഗവൺമെന്റ് രൂപം കൊടുക്കേണ്ടത്. മുൻപ് അതനുസരിച്ച് പ്രവർത്തിക്കുമെന്നു പറഞ്ഞിട്ട് ഉദ്യോഗസ്ഥൻമാർ വന്നപ്പോൾ ഗവൺമെന്റ് സെക്രട്ടറിയെയാണ് വിട്ടത്; ഞാൻ പങ്കെടുക്കില്ല എന്നു പറഞ്ഞ വീരശൂരപരാക്രമിയാണ് ശ്രീ. രാമചന്ദ്രൻ മാസ്റ്റർ. ഇവിടെ പറഞ്ഞതനുസരിച്ച് പ്രവർത്തിക്കേണ്ട? പ്രതിപക്ഷം ഇപ്പോൾ ഇവിടെ പറയുന്നത് ഭരണകക്ഷിക്ക് കൊടുത്തതുപോലെ എന്തെങ്കിലും ഞങ്ങൾക്ക് തന്നോ? തന്നില്ല എന്നാണ് പറഞ്ഞത്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് എഴുതി കൊടുത്തിട്ടുണ്ട്. അവർക്ക് കൊടുക്കുന്നത് പോലെ ഞങ്ങൾക്കും തന്നാൽ മതി എന്നാണ് ഞാൻ പറഞ്ഞത്. ഭരണ കക്ഷിക്ക് വാരിക്കോരി കൊടുത്തു, ഞങ്ങൾക്ക് ഒന്നുമില്ല എന്നാണ് അവർ പറഞ്ഞതിന്റെ ചുരുക്കം. അതുപോലെ 20 ഹെക്ടർ എന്നൊക്കെ പറയുമ്പോൾ റബ്ബറിന് പറ്റിയതുപോലെതന്നെ കാപ്പിക്കും സംഭവിച്ചു. ഇൻഡോനേഷ്യ പോലുള്ള സ്ഥലത്ത് കാപ്പിക്ക് ഇതുപതോ ഇരുപത്തിയൊന്നോ രൂപയേ വിലയുള്ളൂ. അത് കാപ്പിപ്പൊടിക്കില്ല. ഇൻഡ്യൻ കാപ്പി ഇൻഡ്യയിൽത്തന്നെ നില നിൽക്കുകയാണെങ്കിൽ... കർണ്ണാടകയിലാണ് കാപ്പി കൂടുതൽ ഉൽപ്പാദിപ്പിക്കുന്നത്. ഇവിടെ ഉല്പാദിപ്പിക്കുന്ന കാപ്പിപ്പൊടി ഇൻഡ്യയിൽത്തന്നെ ചെലവാകുകയാണെങ്കിൽ കാപ്പിക്ക് യാതൊരു വിലക്കുറവും ഉണ്ടാകുകയില്ല. ആ നിലയ്ക്ക് അര ഹെക്ടറോ അല്ലെങ്കിൽ ഒരു ഹെക്ടറോ ഉള്ള കാപ്പി കൃഷിക്കാർക്ക് ഒരു കൊല്ലത്തേയ്ക്കെങ്കിലും സെയിൽസ്ടാക്സ് വേണ്ടെന്നു വയ്ക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇവിടെ ബ്രഹ്മഗിരിയുടെ കാര്യം പറഞ്ഞു. ബ്രഹ്മഗിരി എന്നു പറഞ്ഞാൽ വയനാട്ടിലെ ഒരു ലക്ഷത്തോളം വരുന്ന ദരിദ്രരിലും ദരിദ്രരായ ആദിവാസികൾക്ക് തൊഴിൽ കൊടുക്കാൻ വേണ്ടി-അതിന് അവർക്ക് ക്ലാസ്സ് കൊടുക്കാനും ട്രെയിനിംഗ് കൊടുക്കാനുമായി 200 ആളുകളെ എടുക്കുന്നുണ്ട്. മറ്റൊരു ട്രെയിനിംഗും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നാല്പത്-നാല്പത്തിനാല് കൊല്ലമായി അവർക്ക് കൊടുത്തത് എന്താണ്? അവർക്ക് കിട്ടിയത് എന്താണ്? അത് പോക്കറ്റടിച്ചത് എത്രയാളുകളാണ്? കൊള്ളയടിച്ചത് എത്രയാളുകളാണ് എന്ന് മനസ്സിലാക്കി, അവരുടെ സമ്പൂർണ്ണ വിജയത്തിനുവേണ്ടി അര ഏക്കർ സ്ഥലം കൊടുക്കുമെന്നു പറഞ്ഞു. അതല്ല അര ഏക്കർകൂടി തികച്ച് ഒരേക്കർ കൊടുക്കുമെന്നു പറഞ്ഞു. അവിടെ അവർക്ക് വെള്ളവും വീടുമൊക്കെ കൊടുത്തുകഴിഞ്ഞാൽ അവിടെ പുല്ല് വളർത്തിയാൽ രണ്ടു പശുവോ രണ്ട് പന്നിയോ രണ്ട് ആടോ പത്ത് ലിറ്ററിൽ കൂടുതൽ പാലുള്ള പശുക്കളേയോ കൊടുത്ത് അവർക്ക് ട്രെയിനിംഗ് കൊടുത്ത് ബോധവൽക്കരിച്ചാൽ.... അങ്ങനെയുള്ള 20,000 കുടുംബങ്ങൾ ബ്രഹ്മഗിരിയിൽത്തന്നെ ഉണ്ട്. അവരുടെ പുരോഗതിക്കുവേണ്ടി കോടാനുകോടി രൂപ ചെലവഴിച്ചു. 300 കോടി രൂപയോളം കഴിഞ്ഞ നാല്പത് നാല്പത്തിയഞ്ച് കൊല്ലക്കാലമായി പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ പുരോഗതിക്കുവേണ്ടി ചെലവഴിച്ചു എന്നാണ് പറയുന്നത്. അവർക്ക് ഭൂമി ഇല്ല, അവർക്ക് വീട് ഇല്ല. അങ്ങനെയുള്ള ആളുകൾക്ക് ഈ ഗവൺമെന്റ് പത്തിരുന്നൂറ് വീടുകൾ നിർമ്മിച്ചുകൊടുക്കുന്നുണ്ട്. അവർക്ക് തൊഴിലും കൊടുക്കുന്നു. അതിന്റെ പ്രതീകമായി അവർക്ക് ആടും പശുവും കോഴിയും പന്നിയുമൊക്കെ കൊടുക്കുന്നതിനാവശ്യമായ തുക (ഗവൺമെന്റിന്റെ കൈയിൽ അതിനാവശ്യമായ കാശ് ഇല്ലെങ്കിൽ) കടമെടുക്കാനുള്ള അംഗീകാരമെങ്കിലും തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ധനകാര്യവകുപ്പ് മന്ത്രി ശ്രീ. ശിവദാസമേനോന്റെ ഇതിനു മുമ്പുള്ള ബഡ്ജറ്റ് പ്രസംഗങ്ങളുടെ ശൈലി ഞാൻ ഓർത്തുപോകുകയാണ്. അദ്ദേഹം ഒരവകാശവാദം ഇവിടെ ഉന്നയിക്കാറുണ്ട്. ഒരൊറ്റ ദിവസം പോലും ട്രഷറി പൂട്ടാതെ പത്ത് പൈസപോലും ഓവർഡ്രാഫ്റ്റ് എടുക്കാതെ ഈ രാജ്യത്തെ സാമ്പത്തിക സ്ഥിതി നിയന്ത്രിച്ച ഒരാളാണ് ഞാൻ എന്ന് അദ്ദേഹം അഭിമാനം കൊണ്ടിരുന്നു. എന്നാൽ എന്താണ് ഇപ്പോൾ ഇവിടത്തെ ജനാവിന്റെ സ്ഥിതി? എവിടെ നിന്നൊക്കെ കടം മേടിക്കാമോ അതൊക്കെ മേടിച്ച് ട്രഷറിയിലിട്ടു. സഹകരണബാങ്കുകളിൽ നിന്ന് 495 കോടി രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ട്. ഇപ്പോൾ റിസർവ്വ് ബാങ്കിന്റെ ഒരു നിർദ്ദേശം വന്നിരിക്കുന്നു, ഈ തുക മുഴുവൻ തിരിച്ചടച്ചു കൊള്ളണമെന്ന്. സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് ഓർഡർ കൊടുത്തിരിക്കുകയാണ് പൈസ മുഴുവൻ ട്രഷറിയിൽ നിന്ന് വീണ്ടെടുത്തുകൊള്ളണമെന്ന്. ഇങ്ങനെ ആകെപ്പാടെ സാമ്പത്തിക കുഴപ്പത്തിൽ നില്ക്കുന്നു. എന്തുമാത്രം കടം! ഇവിടെ പി.ഡബ്ല്യൂ. ഡി. വർക്കുകൾക്കും അതുപോലുള്ള പ്രവർത്തനങ്ങൾക്കും ഒക്കെയായി കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുക്കാൻ കിടക്കുന്നു. ഇതേപ്പറ്റിയൊക്കെ നമ്മുടെ ധനകാര്യവകുപ്പ് മന്ത്രിക്ക് ബോധമില്ലേ? വിധവ പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയ സേവനപരമായ കാര്യങ്ങൾക്കുവേണ്ടി കൊടുക്കാനുള്ള തുകപോലും ഏതാണ്ട് എട്ടൊൻപത് മാസത്തേത് കുടിശ്ശിക കിടക്കുകയാണ്. ഇതാണ് ഇവിടത്തെ ജനാവിന്റെ സ്ഥിതി. ട്രഷറി പൂട്ടാതെ

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ എന്തു ചെയ്യും? ഇതിനെ എങ്ങനെ അതിജീവിക്കും? ധനകാര്യ വകുപ്പ് മന്ത്രിമാർക്ക് ചില ചുമതലകളുണ്ട്. നികുതികൾ മുഴുവൻ പിരിച്ചെടുപ്പിക്കാനുള്ള ബാദ്ധ്യതയുണ്ട്. ചുരുക്കി ചെലവഴിക്കാനുള്ള ബാദ്ധ്യത ഉണ്ട്. നികുതി പിരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി എന്ത് ശ്രമമാണ് നടത്തിയിട്ടുള്ളത്? ഏതാണ്ട് റവന്യൂ വരവിൽ 867 കോടി രൂപ നമ്മുടെ ലക്ഷ്യത്തിൽ നിന്നു കുറഞ്ഞു പോയിരിക്കുന്നു. വാഹന നികുതി ഇനത്തിൽ ഏതാണ്ട് 200 കോടിയിലധികം രൂപ കുടിശ്ശികയായി കിടക്കുന്നു. ഇതൊന്നും പിരിക്കാൻ ഒരു ശ്രമവും നടത്തിയിട്ടില്ല. അതാണ് ഖജനാവിന്റെ സ്ഥിതി. എവിടെ നിന്നൊക്കെയോ കുറേ പണം വാങ്ങി, പദ്ധതി വിഹിതം കിട്ടുന്നതുമൊക്കെ വാങ്ങി എങ്ങനെയെങ്കിലും ചെലവഴിക്കുക എന്നുള്ളതിൽക്കവിഞ്ഞ് നാടിനെ അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾ എന്താണെന്നു മനസ്സിലാക്കി അതിൽ പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള ഒരു ബഡ്ജറ്റിംഗ് ഇവിടെ നടത്തിയിട്ടില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം. ഇവിടെ അഭിമാനം കൊള്ളുന്നുണ്ട് ഞങ്ങൾ കർഷകത്തൊഴിലാളി പെൻഷന് 25 രൂപ കൂട്ടി, വിധവ പെൻഷൻ കൂട്ടി, കെട്ടിക്കാത്ത പെണ്ണുങ്ങൾക്ക് ഒക്കെ ഞങ്ങൾ പെൻഷൻ കൊടുക്കാൻ പോകുന്നു എന്നൊക്കെ പറഞ്ഞു. എവിടെ നിന്നുകൊടുക്കും എന്നാണ് പറയുന്നത്. ദാനം കൊടുക്കുന്നതുകൊണ്ട് ഈ രാജ്യത്തെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമോ? തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിച്ചെങ്കിൽ മാത്രമേ, കൂടുതൽ വ്യവസായശാലകൾ ഈ രാജ്യത്ത് ഉണ്ടാക്കിയെങ്കിൽ മാത്രമേ ആളോഹരിവരുമാനം വർദ്ധിപ്പിക്കാൻ നമുക്ക് കഴിയൂ. അതല്ലാതെ കുറേ സംഭാവന ചെയ്തതുകൊണ്ടോ സഹായം ചെയ്തതുകൊണ്ടോ ഈ രാജ്യത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാമെന്നു വിചാരിക്കുന്ന നിങ്ങൾ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണെന്ന് പറയുന്നതിന് എനിക്ക് മടിയൊന്നുമില്ല. എന്തുകാര്യങ്ങളിൽ കുറേ ശ്രദ്ധ ചെലുത്തി എന്നാണ് ആദ്ദേഹം അവകാശപ്പെടുന്നത്. ഞാൻ ചോദിക്കട്ടെ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ അസ്ഥിവാരമായി നിൽക്കുന്നത് കാർഷിക രംഗവും വ്യാവസായിക രംഗവുമല്ലേ? ആ കാർഷിക രംഗത്തെ ഉല്പാദനം വർദ്ധിപ്പിക്കാനും കാർഷകരെ രക്ഷിക്കാനും എന്തു പരിപാടിയാണ് നിങ്ങൾ ചെയ്തിട്ടുള്ളത്. ഇവിടെ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറയും ഇവിടെ ഞങ്ങൾ നെൽകൃഷിക്കാർക്ക് വാരിക്കോരി കൊടുക്കുന്നുണ്ടെന്ന്. സൗജന്യങ്ങൾ കുറെയൊക്കെ, ചെയ്യുന്നുണ്ട്, ഇല്ലെന്നു ഞാൻ പറയുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്ന ബഡ്ജറ്റിനെ അടിമുടി ഞാൻ വിമർശിക്കുകയല്ല. നല്ല കാര്യങ്ങളെ കാണാതെയല്ല. പക്ഷെ ഞങ്ങളുടെ ചുമതല നല്ല കാര്യങ്ങളെപ്പറ്റി പറയുന്നതിലുപരി ബഡ്ജറ്റിലെ കുറവുകൾ ചൂണ്ടിക്കാട്ടി അതു തിരുത്താൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും പ്രേരിപ്പിക്കുക എന്നുള്ളതാണ്. നമ്മുടെ രാജ്യത്ത് കർഷകരുടെ നില ഇന്ന് എന്താണ്? ഏതു കാർഷികോല്പന്നത്തിനാണ് ഇന്ന് വിലയുള്ളത്? എല്ലാത്തിന്റേയും വില കുറഞ്ഞു. നാളികേരമാണ് അല്പം സഹായമായി ഉണ്ടായിരുന്നത്. അതിന്റെ വില കുറഞ്ഞു. റബറിന്റെയും വില കുറഞ്ഞു. അങ്ങനെ കാർഷികോല്പന്നങ്ങളുടെ മുഴുവൻ വിലയിടിഞ്ഞു. ഇപ്പോൾ നമുക്ക് തെങ്ങിന്റെ കാര്യമെടുക്കാം. മണ്ഡരി രോഗം. മണ്ഡരിയെപ്പറ്റി പറഞ്ഞ് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ഞാനും മടുത്തു, നിങ്ങളും മടുത്തു. കേരളത്തിലെ കർഷകരുടെ ഏറ്റവും നല്ല കൃഷി, അവർ ചെയ്തുകൊണ്ടിരുന്ന ഒരു പ്രധാന കൃഷി തെങ്ങു കൃഷിയാണ്. നാളികേരത്തിനുമണ്ഡരി രോഗം ബാധിച്ചു. അതിന് എന്തൊക്കെയോ ചെയ്തു എന്നു പറഞ്ഞു. ഞാൻ അതിനെപ്പറ്റിയല്ല പറയുന്നത്. ഈ പ്രാവശ്യം എത്ര കോടി രൂപയാണ് ബജറ്റിൽ മാറ്റിവച്ചിരിക്കുന്നത്? ഇരുന്നൂറുകോടി രൂപ കേന്ദ്രത്തോട് ധനസഹായം ചോദിച്ചു. മണ്ഡരിയെ ഓടിക്കാൻ. പക്ഷെ ബഡ്ജറ്റിൽ മാറ്റി വച്ചിട്ടുള്ളത് അഞ്ചുകോടി രൂപ. കേരളത്തിലെ കേര കർഷകരെ സഹായിക്കാൻ മാറ്റിവച്ചിരിക്കുന്നത് അഞ്ചുകോടി രൂപയാണ്. ഇവിടെ റബ്ബറിന്റെ സ്ഥിതിയെന്താണ്? ഇപ്പോൾ റബറിന് കിലോയ്ക്ക് മുപ്പതു മുപ്പത്തൊന്നു രൂപ വിലയുണ്ട്. സീസണായി കഴിഞ്ഞാൽ റബറിന്റെ വില കുറയും. ആ സമയത്ത് റബർ സംഭരിച്ച് വില കൂടുമ്പോൾ വിൽക്കുന്നതിനോ വിദേശങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിനോ അങ്ങനെയുള്ള നഷ്ടം സഹിക്കുന്നതിനോ വല്ലതും മാറ്റി വച്ചിട്ടുണ്ടോ ഇവിടെ? കുറഞ്ഞതു അൻപത് കോടി രൂപ മാറ്റി വയ്ക്കാമായിരുന്നില്ലേ? അപ്പോൾ നാടിന്റെ നട്ടെല്ലായ കാർഷകനെ സഹായിക്കുന്നതിന് അവന്റെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി ഒന്നും കാര്യമായി ചെയ്തിട്ടില്ല എന്നുള്ള കുറ്റാരോപണവും ഞാൻ ഈ കൂട്ടത്തിൽ വയ്ക്കുന്നുണ്ട്. പക്ഷെ ബജറ്റിംഗ് നടത്തുമ്പോൾ ചില പ്രധാന കാര്യങ്ങൾ ശ്രദ്ധിക്കണം. രാജ്യത്ത് അഭിമുഖീകരിക്കേണ്ട പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ്, ഏതൊക്കെയാണ്, ഏതിനാണ് ആദ്യം പരിഹാരം കാണേണ്ടത് എന്നാലോചിക്കണ്ടേ? ഇവിടെ ബഡ്ജറ്റിൽ കണ്ടു ഒരു മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻവേണ്ടി അൻപതു കോടി രൂപ മാറ്റി വച്ചിരിക്കുന്നുവെന്ന്. പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് കോളേജാക്കുന്നതിന് ഞങ്ങളാരും എതിരല്ല. പക്ഷെ അൻപതു കോടി രൂപ പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് കോളേജാക്കുന്നതിനു വേണ്ടി ചെലവഴിക്കേണ്ട ഇത്ര അടിയന്തിര സാഹചര്യം എന്താണ് ഈ രാജ്യത്തുണ്ടായിരിക്കുന്നത്? പണമില്ല എന്നല്ലേ നമ്മൾ പറയുന്നത്. പണമില്ലെങ്കിൽ ആരെങ്കിലും പണം മുടക്കട്ടെ, നമ്മുടെ രാജ്യത്ത് മെഡിക്കൽ കോളേജ് നടത്തട്ടെ എന്നാലോചിക്കുന്നതിനു പകരം കൃഷിക്കാരെ സഹായിക്കാതെ, മണ്ഡരി രോഗത്തെ ഓടിക്കാതെ, വ്യവസായ ശാലകളുണ്ടാക്കാൻ, വ്യവസായങ്ങളുണ്ടാക്കാൻ ശ്രമിക്കാതെ മെഡിക്കൽ കോളേജ് ഏറ്റെടുക്കാനുള്ള വെപ്രാളം കാണുമ്പോൾ എന്തിനാണ് ധനകാര്യമന്ത്രി, നിങ്ങൾ പ്രാധാന്യം കൊടുക്കുന്നതെന്ന് ആലോചിച്ചു നോക്കേണ്ട കാര്യമില്ല.

<u>ശ്രീ. പി. രാജു</u> : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പരാമർശിച്ചു ഒന്നും നടക്കുന്നില്ല, പൈസയൊന്നും കൊടുക്കുന്നില്ലായെന്ന്, കഴിഞ്ഞ 25-ാം തീയതി ബഹുമാനപ്പെട്ട മെമ്പറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തൃശ്ശൂർ ജില്ലയിലെ ആയിരക്കണക്കിന് നെൽകൃഷിക്കാർക്ക് മണലൂർ നിയോജക മണ്ഡലത്തിൽ രണ്ടാം പൂവ് കൃഷി ചെയ്തവർക്ക് ഹെക്ടർ ഒന്നിന് ആയിരം രൂപ വച്ച് ആയിരക്കണക്കിനുപേർക്ക് ബഹുമാനപ്പെട്ട മെമ്പർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽവച്ചാണ് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി തുക വിതരണം ചെയ്തത്. ആ വസ്തുത ബഹുമാനപ്പെട്ട മെമ്പർ ഇവിടെ മറച്ചു വയ്ക്കുകയല്ലേ ചെയ്തിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ : ഞാൻ ഒന്നും മറച്ചു വച്ചിട്ടില്ല. എല്ലാം തുറന്നായി ഇട്ടിരിക്കുകയാണ്. കാരണമെന്താണെന്നറിയാമോ? നെൽക്കൃഷിക്കാർക്ക് സഹായധനം കൊടുത്തിട്ടുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ലെന്ന് ഞാൻ പറഞ്ഞത് എന്റെ സ്നേഹിതൻ മി. രാജു കേൾക്കാത്തത് അദ്ദേഹത്തിന്റെ ചെവിയുടെ കേൾവിക്കുറവുകൊണ്ടാണോ എന്നറിഞ്ഞുകൂടാ. ഞാൻ അതു പറഞ്ഞതാണ്. ഞാൻ ചോദിച്ചത് നാളികേര കർഷകരെ നിലനിർത്തുന്നതിനു വേണ്ടി, മണ്ഡരി നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി മറ്റു പല സംസ്ഥാനങ്ങളിലും മണ്ഡരി രോഗം നിർമ്മാർജ്ജനം ചെയ്ത സാഹചര്യത്തിൽ ഇരുന്നൂറു കോടി രൂപ വേണ്ടിടത്താണ് അഞ്ചുകോടി രൂപ മാറ്റി വച്ചതെന്നാണ്. അത്രയും രൂപ മാറ്റിവച്ചുവെന്നേയുള്ളോ? കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയാണെങ്കിൽ അതുമതിയോ? കർഷികമേഖലയെ പാടെ തഴഞ്ഞ് കർഷകരുടെ നട്ടെല്ല് ഒടിച്ച് ഞാൻ കാർഷിക മേഖലയിൽ നിന്നു വരുന്നയാളാണ്. ഒരു പാവപ്പെട്ട കർഷകന്റെ മകളാണ്. അതുകൊണ്ട് ഞാൻ പറയുകയാണ് ആ രംഗത്തെ നിങ്ങൾ തഴഞ്ഞു. വ്യാവസായിക രംഗത്ത് ഇവിടെ എന്തുണ്ടായിയെന്നാണ് പറഞ്ഞത്. അമേരിക്കയയിൽ നിന്ന് വ്യവസായികൾ വരുന്നു എന്നൊക്കെ പറയുന്നുണ്ട്. എവിടെ വന്നു; എന്തെങ്കിലും കാര്യമായി തുടങ്ങാൻ നമുക്ക് സാധിച്ചോ, ഇല്ലല്ലോ? ഇതാണ് ഇവിടത്തെ സ്ഥിതി. അപ്പോൾ ധനകാര്യമന്ത്രിയുടെ ചുമതല പിരിക്കേണ്ടത് പിരിച്ചെടുത്തുകൊണ്ട് പ്രാമുഖ്യമനുസരിച്ച്, ഗൗരവമനുസരിച്ച് ആവശ്യമായ കാര്യങ്ങൾക്ക് തുക ചെലവഴിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് വാരിക്കോരി കൊടുത്തു എന്നു പറഞ്ഞല്ലോ. ബഡ്ജറ്റിനെപ്പറ്റി പ്രസംഗിച്ചപ്പോൾ ആരോ പരാതി പറഞ്ഞപ്പോൾ പിടിച്ചിരുത്തി ഒന്നേ മുക്കാൽ കോടി രൂപ കൊടുത്തതായി പറഞ്ഞു. നന്ന്, ഞാൻ ബഡ്ജറ്റിന്റെ വോള്യം ഒന്ന് തിരിച്ചും മറിച്ചുമൊക്കെ നോക്കി. എവിടെയൊക്കെയാണ് പണം പോയത് എന്ന് ഞാൻ ഇവിടെ പറയണമോ? നിങ്ങൾക്കൊക്കെ അറിയാം കഴിഞ്ഞ കാലത്ത് ഓൺ ഗോയിംഗ് വർക്കുകൾക്കുവേണ്ടി കുറെ തുക ചെലവാക്കിയിട്ടുണ്ട്. എത്ര പുതിയ വർക്കുകൾ തുടങ്ങി. വല്ലയിടത്തും തുടങ്ങിയിട്ടുണ്ടെങ്കിൽ അത് ഏതു കക്ഷിയുടെ നിയോജകമണ്ഡലത്തിലാണ്. ഞാനും ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നയാളാണ്. പത്തു പൈസ എന്റെ നിയോജകമണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വച്ചിട്ടില്ല. രണ്ടരക്കൊല്ലം മുൻപ് ഒരു പാലത്തിന്റെ നിർമ്മാണോത്ഘാടനത്തിന് ശ്രീ. പി. ജെ. ജോസഫ് വന്നു. മന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ, അന്ന് അദ്ദേഹം മന്ത്രിയല്ല, അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിലുള്ള യോഗത്തിലാണ് മന്ത്രി പറഞ്ഞത്. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെയും എന്റെയും മണ്ഡലത്തെ ബന്ധിപ്പിക്കുന്ന പാലമാണ്. ആ പാലം ഇപ്പോൾ ഏതവസ്ഥയിലാണ്. പതിനെട്ടു മാസത്തിനുള്ളിൽ ആ പാലത്തിന്റെ പണി തീർക്കുമെന്ന് ആ കോൺട്രാക്ടറെകൊണ്ട് സദസ്സിൽ വച്ച് പറയുകയുണ്ടായി. ഇന്നും സ്ഥിതിയെന്താണ്? ഇപ്രാവശ്യം ധനകാര്യമന്ത്രി അതിനുവേണ്ടി മാറ്റി വച്ചിരിക്കുന്നത് എത്രയെന്നറിയാമോ? ഒരു ലക്ഷം രൂപ. കോൺട്രാക്ടർക്ക് ഒന്നേകാൽ കോടിയിലധികം രൂപ കൊടുക്കാനുണ്ട്. ഇനി അയാൾ ആ പാലം പണിയുമോ എന്ന് എനിക്കറിയില്ല. ഞാൻ പറഞ്ഞത് ആളിന്റെ മുഖം നോക്കി കൊടിയുടെ

നിറം നോക്കി കേരളത്തിന്റെ വരുമാനത്തേയും ബഡ്ജറ്റിനേയും വേർതിരിക്കുന്നത് ശരിയാണോ അതു മനുഷ്യത്വപരമായ പെരുമാറ്റമാണോ, ജനാധിപത്യ സമ്പ്രദായത്തിന് യോജിച്ചതാണോ? അല്ലല്ലോ. അപ്പോൾ പാവപ്പെട്ടവരുടെ കാര്യമല്ല ശ്രദ്ധിക്കുന്നത്. ഇവിടെ ആരോ പ്രസംഗിച്ചതുപോലെ നമ്മുടെ ഗവൺമെന്റ് എന്നു പറഞ്ഞാൽ സി. പി.ഐ (എം) ഇന്ന് സുഖലോലുപതയ്ക്കുവേണ്ടി, ആർഭാടത്തിനുവേണ്ടി നടക്കുന്നു. പൊതു ഖജനാവിലെ പണം ആർഭാടത്തിനുവേണ്ടി ധൂർത്തിനുവേണ്ടി ചെലവഴിക്കുന്നു. ഞാൻ പന്ത്രണ്ടായിരം രൂപ ഡെയിലി വാടകയിലുള്ള മുറിയിൽ മുഖ്യമന്ത്രി താമസിക്കുന്നതിനെ കുറ്റം പറയുന്നില്ല. പക്ഷെ മണ്ണിന്റെ മണമുള്ള ചേറിന്റെ നിറമുള്ള പട്ടിണി പാവങ്ങളുടെ പാർട്ടി എന്നുപറയുന്ന പാർട്ടി ഇന്ന് എവിടെ പോയി നിൽക്കുന്നു. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പേരുമാറ്റി ഇപ്പോൾ വേറെ ഒരു പേര് ചാനൽ പാർട്ടി ഓഫ് ഇൻഡ്യ (എം) എന്ന് മാറ്റിയിരിക്കുകയാണ്. അതാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പേര്. ശ്രീ. ഹംസയ്ക്ക് അതിന്റെ അർത്ഥമറിയാം. ചാനൽ പാർട്ടി ഓഫ് ഇൻഡ്യ (എം) അതാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പേര്. ഇവിടെ ദൂരദർശനിൽ രണ്ടാമത്തെ ചാനൽ ആവശ്യപ്പെട്ടപ്പോൾ നഖശിഖാന്തം എതിർത്ത നിങ്ങൾക്ക് ഇപ്പോൾ ചാനൽ പ്രേമമാണ് വന്നിരിക്കുന്നത്. ഈ രാജ്യത്തിന്റെ പോക്ക് എങ്ങോട്ടാണ് ? ഉദാരവൽക്കരണത്തിന്റെ ആനുകൂല്യങ്ങൾ സാമ്പാദിച്ചുകൊണ്ട് അതിന്റെ എല്ലാ സുഖ സൗകര്യങ്ങളും അനുഭവിച്ചുകൊണ്ട് അതിനെ എതിർക്കുകയാണ്. ഞാൻ ഒരു ചെറിയ കഥ പറയാം. ഭസ്മാസുരനെക്കുറിച്ച് നമ്മൾ പുരാണത്തിൽ വായിച്ചിട്ടുണ്ട്. പരമശിവന്റെ ഭക്തൻ. പരമശിവനെ തപസ് ചെയ്ത് തപസ്ചെയ്ത് അദ്ദേഹം ഭസ്മാസുരന് ഒരു വരം കൊടുത്തു. എന്താണ് നീ ആവശ്യപ്പെടുന്നത് അത് തന്നുകൊള്ളാം. ഭസ്മാസുരൻ പറഞ്ഞു "ഞാൻ ആരുടെ തലയിൽ തൊടുന്നുവോ അവർ ഭസ്മമായി പോകണമെന്ന്". ഇവിടെ ജനങ്ങളുടെ വോട്ടുവാങ്ങിച്ച് ശിവനെ പ്രസാദിപ്പിച്ച് അധികാരത്തിൽ വന്ന ഭസ്മാസുരൻമാർ തൊട്ടതെല്ലാം ഭസ്മമാക്കുകയാണ്. തൊട്ടതെല്ലാം നശിപ്പിക്കുകയാണ്. "നശീകരണത്തിന്റെ വിത്തെന്ന്" ഞങ്ങളുടെ നാട്ടിലെ വയസു ചെന്ന ആളുകൾ പറയും. ആ രീതിയിലായിത്തീർന്നിരിക്കുന്നു നിങ്ങൾ ഇപ്പോൾ. ഞാനൊന്ന് ചോദിക്കട്ടെ, എന്താണ് ഇവിടത്തെ കൺസ്യൂമർ കാർഡ്? അതിനകത്ത് നിങ്ങൾക്ക് പ്രത്യേകമായി അറിയേണ്ട കാര്യമെന്താണ്? ഒറ്റ കാര്യമേ ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസിൽ ഇല്ലാതുള്ളൂ. കൺസ്യൂമേഴ്സിന്റെ ടെലിഫോൺ നമ്പർ. ബാക്കിയെല്ലാം അവിടെയുള്ള കാര്യങ്ങളാണ്. അതിൽ ഫോം അടിച്ചതും കൊടുത്തതുമൊക്കെ ബഹുമാനപ്പെട്ട ജോണി നെല്ലൂർ പറഞ്ഞതുകൊണ്ട് ഞാൻ ആ ഭാഗത്തേക്ക് കടക്കുന്നില്ല. എന്തുമാത്രം ദ്രോഹമാണ് ഈ രാജ്യത്തിലെ ജനങ്ങൾക്ക് വരുത്തിവച്ചിരിക്കുന്നത്. അടുക്കളയിൽ ഒരു മിക്സി വാങ്ങിച്ചാൽ ഇലക്ട്രിസിറ്റി ഓഫീസിൽ പോയി അവരുടെ മുൻപിൽ ഓച്ഛാനിച്ച് നിന്ന് കൊടുക്കേണ്ട തുക കൊടുക്കേണ്ട രീതിയിൽ കൊടുത്താൽ മാത്രമേ അതിന് സാംഗ്ഷൻ കിട്ടുകയുള്ളൂ. ഒരു ഇലക്ട്രിക്കൽ ഗുഡ്സും നമ്മുടെ വീട്ടിലുപയോഗിക്കാൻ വാങ്ങാൻ പാടില്ല. അത് എന്ത് സോഷ്യലിസമാണ്? നിങ്ങൾ ചാനലിന്റെ പുറകേ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നുണ്ടല്ലോ, ഈ രാജ്യത്തിലെ ആളുകൾക്ക് വ്യക്തി സ്വാതന്ത്ര്യം നിഷേധിക്കുന്ന സമ്പ്രദായമാണിത്. കോൺഗ്രസുകാരും യു. ഡി. എഫ്-ഉം മാത്രമല്ല എതിർക്കുന്നത്. നിങ്ങളുടെ കൂടെയിരിക്കുന്ന മറ്റ് ഘടകകക്ഷികളില്ലേ, സി.പി.എം. ഒഴിച്ചുള്ള ഘടക കക്ഷികളെല്ലാം എതിർക്കുന്നു. ഞങ്ങൾ വാഹനങ്ങളിൽ പോകുമ്പോൾ സഹയാത്രികർ ചോദിക്കുന്നു, എന്താണ് കോൺഗ്രസ് ഇതൊന്നും ശ്രദ്ധിക്കാത്തത് ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആളുകൾ പോലും എസ്.എം.എസ്. സന്ദേശമയയ്ക്കുകയാണ്. ഞങ്ങളെ രക്ഷിക്കണേയെന്ന് ഞങ്ങളെ നോക്കി പറയുന്നു. കോൺഗ്രസുകാരെ നോക്കി പറയുന്നു. ഈ ഒരവസ്ഥാവിശേഷമുണ്ടാക്കുന്ന കൺസ്യൂമർ കാർഡ് എന്തിനാണ്? ജനകീയ പോലീസിനെപ്പറ്റി പറയണമോ? ഇപ്പോൾതന്നെ പോലീസിനെക്കൊണ്ട് വശംകെട്ടു. ഇനി ജനകീയ പോലീസുകൂടിയാകുമ്പോൾ വഴിയേ ജനങ്ങൾക്ക് നടക്കാൻ വയ്യാത്ത സ്ഥിതി വരും. അതുകൊണ്ട് ഇതെല്ലാം പിൻവലിക്കണം. ഇത് നടപ്പിലാക്കരുതെന്നാവശ്യപ്പെടുകയും വളരെ ശക്തമായ ഭാഷയിൽ ബഹുമാനപ്പെട്ട ശിവദാസമേനോൻ കൊണ്ടുവന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഏതിർക്കുകയും ചെയ്യുന്നു.

ശ്രീ. പി. രാജു : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുകയാണ്. ഇന്നത്തെ പ്രതിപക്ഷത്തിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് ആങ്ങള ചത്താലും തരക്കേടില്ല, നാത്തൂന്റെ കണ്ണീരൊന്ന് കാണണമെന്ന ഒരു പഴമൊഴിയാണ്. ജില്ലാ സഹകരണ ബാങ്കുകൾക്ക് സർക്കാർ ട്രഷറയിലടച്ച പണം തിരിച്ച് കൊടുക്കണമെന്ന് റിസർവു ബാങ്കിന്റെ ഒരു നിർദ്ദേശം വന്നുവെന്ന് പറയുന്നത് കേട്ടാൽ തോന്നും നിങ്ങളൊക്കെ കൂടി സമ്മർദ്ദം ചെലുത്തി റിസർവുബാങ്കിനെകൊണ്ട് പറയിപ്പിച്ചതാണെന്ന്. അങ്ങനെയൊരു സാഹചര്യമുണ്ടാകും സ്വാഭാവികമായിട്ടും ഒരു സംസ്ഥാനത്ത് സഹകരണബാങ്കിന്റെ കൈയിൽ പണമുണ്ട്. ആ പണം സഹകരണ ബാങ്കുകൾക്ക് ട്രഷറിയിൽ നിക്ഷേപിക്കാൻ അവകാശമുണ്ട്. നിക്ഷേപിക്കാം. അങ്ങനെ നിക്ഷേപിച്ചാൽ റിസർവ് ബാങ്ക് എന്താണ് പറയുന്നത്? ഈ പണം നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിച്ചാൽ കേരളത്തിലോ കേരളത്തിലെ ജനങ്ങൾക്കോ വായ്പ കൊടുക്കാതെ കേരളത്തിന് പുറത്തുകൊണ്ടു പോയി നിക്ഷേപിക്കണമെന്നാണ് പ്രതിപക്ഷം പറയുന്നത്. ഇവിടെ റിസർവ് ബാങ്ക് പണം കൊടുത്തില്ല. നിങ്ങളുടെ വർത്തമാനം കേട്ടാൽ തോന്നും ഇത് വലിയ പാപമാണെന്ന്. റിസർവ് ബാങ്കിന്റെ ഈ നിർദ്ദേശം വന്നു. യഥാർത്ഥത്തിൽ കേരളത്തിലെ ഭരണപ്രതിപക്ഷ വ്യത്യാസം കൂടാതെ റിസർവ്വ് ബാങ്കിന്റെ ഈ നിർദ്ദേശത്തെ ഏതിർക്കുകയാണ് ചെയ്യേണ്ടത്. കാരണം ജില്ലാ സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ചാൽ 14% പലിശ കിട്ടും. ആ പണം നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിച്ചാൽ സഹകരണ ബാങ്കുകൾക്ക് പത്തര ശതമാനമോ പന്ത്രണ്ടര ശതമാനത്തിലോ കൂടുതൽ കിട്ടാൻ പോകുന്നില്ല. സഹകരണ ബാങ്കുകൾ നഷ്ടത്തിൽ പോകാനും അപകടത്തിലാകാനും സാദ്ധ്യതയുണ്ട്. ആ വസ്തുത കണ്ടുകൊണ്ട് റിസർവ് ബാങ്കിന്റെ നിർദ്ദേശത്തെ എതിർത്ത് കേരളത്തിലെ സാമ്പത്തിക സ്ഥിതി താറുമാറായിപ്പോയി അടച്ചു പൂട്ടുമെന്നുള്ള നിങ്ങളുടെ പ്രതീക്ഷ അസ്ഥാനത്താണ്. ഈ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക രംഗത്തെ മാനേജുമെന്റ് പിടിച്ചുനിന്നുകൊണ്ട് ഏത് പ്രതിസന്ധിയുണ്ടായാലും മുന്നോട്ടു പോകാൻ കഴിയുമെന്ന് തെളിയിച്ച സംസ്ഥാനമാണ് കേരളം. അതുകൊണ്ട് ഞാൻ കേരളത്തിലെ സാമ്പത്തിക സ്ഥിതി വളരെ മെച്ചമാണെന്ന് സൂചിപ്പിക്കേണ്ട ആവശ്യമില്ല. എന്നാൽ നിങ്ങൾ ഭരിക്കുന്ന ഇൻഡ്യയിലെ സംസ്ഥാനങ്ങൾ എടുത്തു പരിശോധിച്ചാൽപോലും, അതിൽനിന്നും വ്യത്യസ്തമായ ഈ സാമ്പത്തികമായ ഞെരുക്കങ്ങളുടെ നടുവിൽനിന്നുകൊണ്ടാണെങ്കിൽപോലും ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന് ആ സാമ്പത്തിക ഞെരുക്കത്തിൽ നിന്ന് വ്യത്യസ്തമായി നിൽക്കാൻ കഴിഞ്ഞുവെന്നുള്ള വസ്തുത ഏവരും സമ്മതിക്കേണ്ട സാഹചര്യം വന്നു കൊണ്ടിരിക്കുകയാണ്. പല സംസ്ഥാനങ്ങളിലും ശമ്പളം കൊടുക്കുന്നില്ല. രാജസ്ഥാൻ, യു. പി., മദ്ധ്യപ്രദേശ്, ഒറീസ, കൂടാതെ എപ്പോഴും നിങ്ങൾ കൊട്ടി ഘോഷിക്കുന്ന സംസ്ഥാനമുണ്ടല്ലോ, ആന്ധ്ര, അവിടെ നവംബർ മാസം മുതൽ ശമ്പളം അഡ്വാൻസാണ് കൊടുക്കുന്നത്. കൃത്യമായി ശമ്പളം കൊടുത്തു തീർക്കാൻ കഴിയുന്നില്ല. ഇതാണ് വസ്തുത. സാമ്പത്തികമായ ഞെരുക്കം വരും. ഈ ഞെരുക്കത്തിൽ നിന്ന് രക്ഷപ്പെടാനുള്ള എല്ലാ സംവിധാനങ്ങളും ഏത് പ്രതിസന്ധിയുണ്ടായാലും അത് നേരിടാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ ഉഴലുമ്പോൾ ഈ ഗവൺമെന്റിന്റെ ട്രഷറികൾ അടച്ചുപൂട്ടുമെന്നുള്ള നിങ്ങളുടെ ദിവാസ്വപ്നത്തെ തകർത്തുകൊണ്ട് ഇൻഡ്യാ രാജ്യത്ത് വളരെ പ്രമുഖമായ സംസ്ഥാനങ്ങൾ, സാമ്പത്തികമായി മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന സംസ്ഥാനങ്ങൾക്ക്വരെ പുലർത്താൻ കഴിയാത്ത സാമ്പത്തിക അച്ചടക്കം പുലർത്തിക്കൊണ്ട് ഇന്നുവരെ ഒരു ദിവസം പോലും ശമ്പളം മുടങ്ങാതെ കൊടുത്തുകൊണ്ട് കേരളത്തിലെ സാമ്പത്തിക സ്ഥിതി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റേയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും നേട്ടങ്ങളിലൊന്നാണ്. കമ്മിയുണ്ടാകും. ഇത് പുതിയ സംഭവമാണോ? നിങ്ങൾ പറയുന്നത് കേട്ടാൽ കേരളത്തിൽ മാത്രമാണ് ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കമ്മിയുള്ളതെന്ന് തോന്നും. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനമുണ്ടല്ലോ, മഹാരാഷ്ട്രയിൽ എത്രയാണ് ഈ വർഷത്തെ കമ്മി? ഇരുപത്തിനാലായിരം കോടി രൂപ വരുമാനവും മുപ്പത്തി രണ്ടായിരം കോടി രൂപ ചെലവുമാണ്. എട്ടായിരം കോടി രൂപയുടെ കമ്മിയാണ്. ഇവിടെ 1951 കോടി രൂപയുടെ കമ്മിയേയുള്ളൂ. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളാണ് മഹാരാഷ്ട്രയും രാജസ്ഥാനും. അവിടെ പതിനായിരം കോടി രൂപ വരുമാനവും പതിമൂന്നായിരം കോടി രൂപ ചെലവുമാണ്. അപ്പോൾ കമ്മി സ്വാഭാവികമായിട്ടും ഉണ്ടാകും. നിങ്ങൾ ഭരിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ കമ്മി എത്രയാണ്? ഇപ്പോഴത്തെ കമ്മി എത്രയാണ്? എത്രയോ ലക്ഷം കോടി രൂപയാണ്. കമ്മിയുണ്ടാകും. ആ കമ്മി, രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന പണം ഇതെല്ലാം പരിശോധിക്കുമ്പോൾ സ്വാഭാവികമായിട്ടും കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് പുതിയ നികുതി ഏർപ്പെടുത്താൻ കഴിയുകയില്ല. വരുമാനം കണ്ടെത്താൻ കഴിയുന്നില്ല. ഒട്ടേറെ സാമൂഹ്യ ക്ഷേമ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കേണ്ട സാഹചര്യം വരുന്നു. ഈ പരിതഃസ്ഥിതിയിൽ സ്വാഭാവികമായും കമ്മിയുണ്ടാകുമ്പോൾ പോലും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്തവിധത്തിൽ ഈ സംസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണമെന്ന ലക്ഷ്യംവച്ചു കൊണ്ടാണ് കേരളാ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ബഡ്ജറ്റിനെക്കുറിച്ച് ഒട്ടേറെ കാര്യങ്ങൾ പറഞ്ഞു. ഞങ്ങൾ വേൾഡ് ബാങ്കിൽനിന്നും ഐ.എം.എഫ്-ൽനിന്നും വായ്പയെടുക്കുന്നുവെന്നൊക്കെ പറഞ്ഞു. ഞങ്ങളാരും പറഞ്ഞിട്ടില്ല, വേൾഡ് ബാങ്കിൽനിന്നും വായ്പയെടുക്കണ്ടെന്ന്. അവിടെയെല്ലാം കുറച്ച് നീതിയും ന്യായവും നടപ്പിലാക്കണം. ക്ലിന്റൺ വന്നപ്പോൾ ഞങ്ങൾ എതിർത്തത് അതുകൊണ്ടാണ്. ഐ.എം.എഫ്-ൽ നിന്നും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് ഞങ്ങൾ എതിരല്ല. അവിടെനിന്നൊക്കെ വായ്പയെടുക്കാം. ആ വായ്പയെടുക്കുമ്പോൾ നമ്മുടെ സ്വാതന്ത്ര്യവും പരമാധികാരവുമെല്ലാം പണയപ്പെടുത്തികൊണ്ട് പോകരുത്. പച്ചവെള്ളം കുടിക്കാൻ ഇൻഡ്യക്കാരെ വിശ്വാസമില്ലാത്ത ക്ലിന്റൺ. അവർക്കു വേണ്ടിയാണ് ഞങ്ങൾ കൈ പൊക്കിയത്. ഒന്ന് തോട്ട് നോക്കാൻ. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ളവർ ക്ലിന്റനെ ഒന്ന് തൊട്ടാൽ ശബരിമലയിൽ പോയതും മക്കയിൽ പോയതും പോലെയാണെന്ന് പറഞ്ഞു. അങ്ങനെ നടന്ന ആളുകളാണ്. അന്ന് അത് കാണിച്ചത്. ക്ലിന്റനെ തൊടാൻ തെരക്ക് കാണിച്ചുവെന്നാണ്. നാണക്കേടല്ലേ? കുടിക്കാനുള്ള വെള്ളം അമേരിക്കയിൽനിന്നും ക്ലിന്റൻ കൊണ്ടുവന്നു. വണ്ടി ഓടിക്കാൻ ഡ്രൈവറെ അമേരിക്കയിൽ നിന്ന് കൊണ്ടുവന്നു. ഇൻഡ്യൻ വണ്ടി വേണ്ട. അമേരിക്കൻ വണ്ടി കൊണ്ടുവന്നു. ഹോളി ആഘോഷിച്ചപ്പോൾ ആ ഹോളിയിൽ തളിക്കാനുള്ള പൗഡർ അമേരിക്കയിൽ നിന്ന് കൊണ്ടുവന്നു. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഇൻഡ്യാക്കാരെ വിശ്വാസമില്ല. ഇൻഡ്യയെ അടക്കി ഭരിക്കാനുള്ള പരിശ്രമത്തിന് നിങ്ങൾ കൂട്ടു നിൽക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ കോൺഗ്രസ് ഇടത്തോട്ട് മാറാൻ ആഗ്രഹിക്കുന്നു. നല്ല കാര്യമാണ്. ഇടത്തോട്ട് മാറുന്നതിനെ പിടിച്ച് വീണ്ടും വലത്തോട്ട് മാറ്റണമെന്ന് ആഗ്രഹിക്കുന്ന കോൺഗ്രസിലെ ശക്തമായ വിഭാഗമുണ്ട്. ആ വിഭാഗവും ബി. ജെ. പി. യുമായി ചേർന്ന് നടത്തുന്ന ഗൂഢാലോചനയുടെ ഫലമായിട്ടാണ് ക്ലിന്റന്റെ വരവിനെ ഞങ്ങൾ കാണുന്നത്. അതിന് കൂടെ നടക്കുന്നവരെ ഇടത്തോട്ടു മാറ്റണം. കോൺഗ്രസിനെ ഇടത്തോട്ട് മാറ്റിയാൽ..... (അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മാത്രമല്ല). അദ്ദേഹം നല്ല ഒരു കാര്യം പറഞ്ഞു. തെരഞ്ഞെടുപ്പിൽ കനത്ത പരാജയം അനുഭവപ്പെട്ടു. അതിന് പരിഹാരം ആലോചിക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനെന്നുള്ള നിലയിൽ അത് സൂചിപ്പിച്ചു. കോൺഗ്രസ് ഒരു വിലയും കൊടുത്തില്ല. രണ്ടേ രണ്ടുപേർ എതിർത്തപ്പോൾ അദ്ദേഹത്തിന്റെ മഹത്തായ നിർദ്ദേശം അദ്ദേഹം എടുത്ത് ഓടേണ്ടിവന്നു. ശ്രീ. വയലാർ രവിയും അതുതന്നെ ആവർത്തിച്ചു. ശ്രീ. വയലാർ രവി കോൺഗ്രസിന്റെ അകത്തുള്ള ദുരവസ്ഥയെക്കുറിച്ച്, കോൺഗ്രസ് പിൻതുടരുന്ന സാമ്പത്തിക നയത്തിന്റെ ഫലമായി രാജ്യത്തിലെ കോടാനുകോടി ജനങ്ങൾ അനുഭവിക്കുന്ന ദുരവസ്ഥയെക്കുറിച്ച് ചോദിച്ചപ്പോഴോ? വയലാർ രവിയെ ആർക്കും വേണ്ട. മൊഴി ചൊല്ലി വിട്ടുകൊണ്ടിരിക്കുകയാണ്. എപ്പോൾ വേണമെങ്കിലും വിടാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി അതുതന്നെ ആവർത്തിച്ചു. കോൺഗ്രസിന്റെ ദുരവസ്ഥയെ കുറിച്ചും കോൺഗ്രസ് പിൻതുടരുന്ന സാമ്പത്തിക നയത്തിന്റെ ഭാഗമായി ഈ രാജ്യത്തെ കോടാനുകോടി ജനങ്ങൾ അനുഭവിക്കുന്ന ദുരന്തത്തെക്കുറിച്ച് വയലാർ രവി പറഞ്ഞപ്പോൾ വയലാർ രവിയെ ആർക്കും വേണ്ട. മൊഴിചൊല്ലി വിട്ടുകൊണ്ടിരിക്കുകയാണ്. എപ്പോൾ വേണമെങ്കിലും വിടാം. അതുകൊണ്ട് ഇതിൽ നിന്നും കോൺഗ്രസ് മാറണം. നിങ്ങൾ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനെ പിടിക്കാനായി ശ്രീ. ഗുലാം നബി ആസാദിനെ കൊണ്ടു വന്നു. ഇസ്ലാം മതത്തിൽ വിശ്വാസമുണ്ട് . ഇസ്ലാം മതത്തിന്റെ അന്ത്യപ്രവാചകനാണ് മുഹമ്മദ് നബി. അതിനുശേഷം ഒരു നബിയുണ്ടാകുകയില്ലയെന്നതാണ് ഇസ്ലാം മത വിശ്വാസം. പിന്നെ നിങ്ങൾ ഗുലാംനബി ആസാദിനെ അല്ല വേറെ ഒരു നബിയെ കൊണ്ടുവന്നാലും ഗുണമുണ്ടാകുകയില്ല. മുസ്ലീം ലീഗിന് ഒരൊറ്റ നബിയെ ഉള്ളൂ. അത് മുഹമ്മദ് നബിയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു ഒരു നബിയെയുള്ളൂവെന്ന്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങയ്ക്ക് ഇസ്ലാം മതത്തെക്കുറിച്ച് അറിയാഞ്ഞിട്ടാണ്. മുഹമ്മദ് നബി മാത്രമല്ല എത്രയോ നബിമാരുണ്ട്.

ശ്രീ. പി. രാജു : ഞാൻ പറഞ്ഞത് മുഹമ്മദ് നബിക്കു ശേഷം വേറെ നബി ഉണ്ടായിട്ടില്ലയെന്നാണ്. ആ നബിക്കുശേഷം നിങ്ങൾ ഗുലാംനബിയെ അല്ല വേറെ ഏത് നബിയെ കൊണ്ടുവന്നാലും മുസ്ലീം ലീഗിനെ മാറ്റിയെടുക്കാമെന്ന് നിങ്ങൾ ആഗ്രഹിക്കേണ്ട. അത് അസ്ഥാനത്താണ്. നമ്മുടെ ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചു. ഇവിടെ എല്ലാവരും പറയുന്നത് വികസന പ്രവർത്തനത്തിന് ഭരണകക്ഷിക്കു മാത്രമായി ബഡ്ജറ്റിൽ പണം വകയിരുത്തിയെന്നാണ്. യഥാർത്ഥത്തിൽ ധനകാര്യമന്ത്രി ഒരു സംവാദം നടത്തേണ്ടത് ആവശ്യമാണ്, ആർക്കാണ് കൂടുതൽ കൊടുത്തിട്ടുള്ളത് ഭരണകക്ഷിക്കാണോ പ്രതിപക്ഷത്തിനാണോയെന്ന് മൊത്തം കണക്ക് പരിശോധിച്ചാൽ ഒരു തർക്കവുമില്ല. ഞാൻ എറണാകുളം ജില്ലയിലെ കണക്ക് കൃത്യമായി പരിശോധിച്ചതാണ്. എറണാകുളം ജില്ലയിൽ ഭരണകക്ഷിക്കു കിട്ടിയതിനെക്കാൾ പതിൻമടങ്ങ് സംഖ്യ പ്രതിപക്ഷ മെമ്പർമാരുടെ നിയോജകമണ്ഡലത്തിൽ കിട്ടിയിട്ടുണ്ടെന്ന് ഞങ്ങൾ പറഞ്ഞാൽ നിഷേധിക്കാൻ കഴിയുകയില്ല. ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ വൈപ്പിൻകരയിൽ ഇതിനു മുമ്പ് ഒരിക്കലും കിട്ടാത്ത അനുകൂല്യം ഇപ്പോൾ കിട്ടി. എന്നിട്ട് ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. കുട്ടപ്പന് ദുഃഖമാണ്. അത് വേറെ കാര്യം. കിട്ടിയില്ലേ? ശ്രീ. കുട്ടപ്പന് എത്രയോ കിട്ടി. 65 ലക്ഷം, 70 ലക്ഷം കുട്ടക്കണക്കിന് ശ്രീ. ശിവദാസമേനോൻ വാരി കൊടുത്തു. എറണാകുളം ജില്ല ഞാൻ പരിശോധിച്ചതാണ്. ഡോ. എം. എ കുട്ടപ്പനും, ഡൊമിനിക് പ്രസന്റേഷനും മുഹമ്മദാലിക്കുമൊക്കെ എത്ര കിട്ടി. അത് പരിശോധിച്ചപ്പോൾ ഡോ. കുട്ടപ്പന്റെ കാര്യം പ്രത്യേകം പറയാനുള്ള കാരണം വൈപ്പിൻകരയിൽ ഒരിക്കലും കിട്ടുമെന്നു പ്രതീക്ഷിക്കാത്ത വർക്കിനുപോലും ശ്രീ. ശിവദാസമേനോൻ പണം തന്നു, എന്നിട്ടും ഡോ. കുട്ടപ്പൻ മുറുമുറുത്തുകൊണ്ടിരിക്കുകയാണ്. അത് ശരിയല്ല. അതുകൊണ്ട് കേരളത്തിലെ വികസന രംഗത്ത് ഒട്ടേറെ സാദ്ധ്യതകൾ ഉണ്ടാക്കാൻ കഴിയുന്ന ഒരു ബഡ്ജറ്റാണിത്. കേന്ദ്രഗവൺമെന്റ് ബഡ്ജറ്റുമായി താരതമ്യപ്പെടുത്തുമ്പോഴാണ് അതിന്റെ പ്രത്യേകത മനസ്സിലാകുന്നത്. കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് ജനദ്രോഹകരമായ ബഡ്ജറ്റാണെന്ന് ഇവിടെ പറഞ്ഞല്ലോ. കേന്ദ്ര ബഡ്ജറ്റ് ചോർന്നു. അപ്പോൾ കേരളത്തിലെ ജനങ്ങൾ കൂടുതൽ കഷ്ടപ്പെടുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. നമ്മൾ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ചേർന്നു പ്രതിഷേധിച്ചു. ഞാൻ പറയുന്നത് ആ പ്രതിഷേധം മാത്രം പോരാ, കേരളത്തിൽ പൊട്ടുതൊടുന്ന വസ്ത്രം ധരിക്കുന്ന ആളുകൾക്ക് റേഷൻ കൊടുക്കാൻ പാടില്ലെന്നാണ് ശ്രീ. രാജഗോപാൽ പറയുന്നത്. ജോലി കഴിഞ്ഞ് ആശ്വസിക്കാൻ വേണ്ടി സിനിമാ തീയേറ്ററിൽ പോയാൽ അവർക്ക് റേഷൻ കൊടുക്കാൻ പാടില്ല. ഇതൊരു പുതിയ പ്രതിഭാസമാണ്. ബി. ജെ. പി. യുടെ പുതിയ ചിന്താധാരയാണ് പ്രചരിപ്പിക്കുന്നത്. കേരളത്തിന് അപമാനമായ ശ്രീ. രാജഗോപാലിനെ കേരളം ഒന്നാകെ ബഹിഷ്ക്കരിക്കാൻ കഴിയുമോയെന്ന് ഭരണകക്ഷിയും പ്രതിപക്ഷവും ഒരുമിച്ച് ആലോചിക്കണം. കേരളത്തിന് അപമാനമുണ്ടാക്കിയ പ്രവർത്തനമാണ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് സിനിമ കാണുന്നവർക്കും പൊട്ടു തൊടുന്നവർക്കും വസ്ത്രം ധരിക്കുന്നവർക്കും ഷർട്ട് ഇടുന്നവർക്കും സാരി ഉടുക്കുന്നവർക്കും പൗഡർ ഇടുന്നവർക്കും റേഷൻ കൊടുക്കാൻ പാടില്ലെന്ന് ശ്രീ. രാജഗോപാൽ പറയുന്നത്. അദ്ദേഹത്തെ കേരളത്തിലെ ഭരണപ്രതിപക്ഷ കക്ഷികൾ ഒന്നാകെ ബഹിഷ്ക്കരിക്കണം. കേരളത്തിലെ ഭരണപ്രതിപക്ഷ കക്ഷികൾ പാർലമെന്റിൽ പ്രതിപക്ഷത്താണ്. ചിലരുടെയൊക്കെ മനസ്സ് അപ്പുറത്താണ്. അങ്ങോട്ടു പോകാൻ റെഡിയായിട്ടു നിൽക്കുകയാണ്. എന്നാൽ പോലും കേരളത്തിലെ പ്രബലമായ പ്രസ്ഥാനം കോൺഗ്രസ് അടക്കം ഈ കാര്യത്തിൽ ബി. ജെ. പി.യെ എതിർക്കുന്ന പ്രസ്ഥാനമാണ്. അതുകൊണ്ട് ചെയ്യേണ്ടത് കേരളത്തിലെ ജനങ്ങളെ അപമാനിക്കുന്ന തെറ്റായ പ്രചരണം നടത്തുന്ന നമ്മുടെ തലയിൽ ഓരോ ദിവസവും കൂടുതൽ സാമ്പത്തികമായി പുതിയ നികുതികളിലൂടെ കേരളത്തിലെ ജനങ്ങളെ അമർച്ച ചെയ്യാൻ ശ്രമിക്കുന്ന ഈ പ്രവർത്തനത്തിനെതിരായി നമുക്കൊരുമിച്ചു ചേർന്ന് നിൽക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. കോൺഗ്രസ് എവിടേയ്ക്കാണ് പോകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു കോൺഗ്രസ് ഇടത്തേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നുവെന്ന്.

ശ്രീ. പാലോട് രവി : അങ്ങിപ്പോൾ കോൺഗ്രസിനെക്കുറിച്ച് പറയുന്നു, സി. പി. ഐ. എങ്ങോട്ടാണ് പോകുന്നത്? എല്ലാ സ്റ്റേറ്റിലും നിങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുമായി ഉടക്കിലാണ്. നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്.

ശ്രീ. പി. രാജു : ഞങ്ങൾ കേരളത്തിൽ സി.പി.ഐ.(എം) മായിട്ട് യാതൊരു തർക്കവുമില്ല. പാർട്ടികൾ തമ്മിൽ സ്വാഭാവികമായിട്ട് ചില തർക്കങ്ങൾ ഉണ്ടാകും. ജ്യേഷ്ഠാനുജന്മാർ തമ്മിൽ തർക്കമുണ്ടാകാറില്ലേ? എനിക്ക് ആ വിഷയത്തിൽ തർക്കമുണ്ട്. അത് പാർട്ടിയുമായിട്ടുള്ള തർക്കമാണോ? ആ വിഷയം പരിഹരിക്കാനുള്ള കെൽപ്പ് ഇടതുപക്ഷജനാധിപത്യമുന്നണിക്കുണ്ട്. പരിഹരിക്കാനുള്ള ഘട്ടത്തിലാണ്. അതുകൊണ്ട് സി.പി.ഐ.-സി.പി.ഐ. (എം) തർക്കമായിട്ട് അതിനെ കാണണ്ട. ഇൻഡ്യാ രാജ്യത്ത് ഇന്നത്തെ പ്രതിസന്ധി എന്തെന്ന് നല്ലവണ്ണം ബോദ്ധ്യമുള്ളവരാണ്. സി.പി.ഐ.യും സി.പി.ഐ.(എം) ഉം.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രതിസന്ധി തരണം ചെയ്യാൻ സി.പി.ഐ.യും സി.പി.ഐ. (എം) ഉം. ഒരുമിച്ചു നിന്ന് പോരാടണമെന്നാണ്. ഞങ്ങളെ പിന്തിരിപ്പിക്കാനൊന്നും നിങ്ങൾ നോക്കണ്ട. അതുകൊണ്ട് സി. പി. ഐ.യും സി. പി. ഐ. (എം) ഒരുമിച്ച് നിന്ന് നിങ്ങളിൽ പിളർപ്പ് ഉണ്ടാക്കുന്നതിനെക്കുറിച്ചാണ് ഞങ്ങൾ അലോചിക്കുന്നത്. അങ്ങനെ ഇവിടെ കൊണ്ടുവന്ന് കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണിയെ ബലപ്പെടുത്തി വീണ്ടും അധികാരത്തിൽ വരുന്നതിനെക്കുറിച്ച് കേരളത്തിലെ ജനങ്ങൾ വിധി എഴുതിക്കഴിഞ്ഞിരിക്കുന്നു. ശ്രീമതി ശോഭനാ ജോർജ്ജ് പ്രസംഗിച്ചു, അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥരെ ഇടതുമുന്നണി സസ്പെന്റ് ചെയ്തവരെ ഞങ്ങൾ വന്നാൽ തിരിച്ചു കൊണ്ടുവരുമെന്ന്. ദിവാസ്വപ്നമാണ്. കാരണം 23 എം.എൽ.എ.മാരാണ് ബീഹാറിൽ കോൺഗ്രസിനുള്ളത്. ആ 23 പേരെയും വിശ്വാസമില്ല. അതുകൊണ്ടാണല്ലോ ഒരാളെ സ്പീക്കറാക്കുകയും 22 പേരെ മന്ത്രിമാരാക്കുകയും ചെയ്തത്. നാണക്കേടല്ലേ? അവിടേയ്ക്കാണ് കോൺഗ്രസ് എത്തിയിരിക്കുന്നത്. ലാലുപ്രസാദ് യാദവിനെപോലുള്ള അഴിമതിക്കാരനായ ആർ.ജെ.ഡിയുടെ കൂടെ ചേർന്നു ഭരിക്കുമ്പോൾ 82 മന്ത്രിമാർ..... ഞങ്ങൾ അന്നുമിന്നും അവിടെ പുറത്താണ്. ആനപ്പുറത്തിരുന്നു ബീഹാർ ഭരിച്ചവരാണ് കോൺഗ്രസ്. ആ കോൺഗ്രസ്സാണ്, 23 പേരിലും വിശ്വാസമില്ല. അതുകൊണ്ട് ഒരാളെ സ്പീക്കറും 22 പേരെ മന്ത്രിമാരുമാക്കി. അതിന്റെ കൂടെ നിൽക്കേണ്ട ഗതികേട് കോൺഗ്രസിനുണ്ടായിയെന്നു പറഞ്ഞാൽ ഒരു പുനർവിചിന്തന വക്കത്ത് കോൺഗ്രസ് എത്തിയിരിക്കുന്നു. അത് തിരുത്തികൊണ്ട് ക്രിയാത്മകമായി..... ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ എല്ലാകാര്യത്തിലും നിങ്ങൾ പിൻതുണയ്ക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. ഞങ്ങളുടെ നല്ല സമീപനങ്ങളെ, ആശയങ്ങളെ പിന്തുണച്ചുകൊണ്ട് ഇന്നത്തെ പ്രതിസന്ധിയിൽ രാജ്യത്തെ മുന്നോട്ടു കൊണ്ടുപോകാനുള്ള ആശാകേന്ദ്രമാക്കി ഈ മുന്നണിയെ മാറ്റണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. കെ. മുനീർ : സർ, 'സ്വതവേ ദുർബല, പിന്നെയോ ഗർഭിണി' എന്ന പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കുന്ന അവസ്ഥയിലാണ് കേരള സംസ്ഥാനം. പല വ്യക്തികളും ഇവിടത്തെ ധനകാര്യവകുപ്പുമന്ത്രിയുടെ ഇന്നത്തെ അവസ്ഥയെ ചിത്രീകരിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. പക്ഷെ ഞാൻ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും ധനകാര്യമന്ത്രിയുടെ തലയിൽ മാത്രം കെട്ടിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. കൂട്ടുത്തരവാദിത്വമുള്ള സർക്കാരിന്റെ ഓരോ വകുപ്പും നമ്മുടെ സംസ്ഥാനത്തെ കുട്ടിച്ചോറാക്കുന്നതിനുവേണ്ടി അവരവരുടേതായിട്ടുള്ള സംഭാവനകൾ നൽകിയിട്ടുണ്ട്. തൽഫലമായി സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2481.33 കോടി രൂപയിൽ എത്തി നിൽക്കുകയാണ്. 1990-91-ൽ ഐക്യ ജനാധിപത്യമുന്നണി അധികാരമേൽക്കുമ്പോൾ 422.02 കോടിയായിരുന്നു റവന്യൂ കമ്മി. 1995-96-ൽ ഇറങ്ങി പോകുമ്പോൾ 402.81 കോടിയാക്കി കുറച്ചതാണ്. അതാണ് ഇപ്പോൾ 2481.33 കോടിയായി ഉയർന്നിരിക്കുന്നത്. അടുത്ത വർഷം ഈ റവന്യൂ കമ്മി എവിടെ എത്തി നിൽക്കുമെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ സംസാരമദ്ധ്യേ പറഞ്ഞിട്ടുള്ള കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ അവസ്ഥ കൂടി പരിശോധിക്കുമ്പോൾ നമുക്ക് ബോദ്ധ്യമാകും. സർ, ഇവിടെ ശ്രീ. രാജു പറഞ്ഞത് ആരും റിസർവ് ബാങ്ക് എടുത്ത നിലപാടിൽ പരിതപിക്കുന്നില്ല എന്നുള്ളതാണ്. ഞങ്ങൾ പറയുന്നത് ഇന്നത്തെ നമ്മുടെ സാമ്പത്തിക അവസ്ഥയെ ഒന്നുകൂടി ദുർബലപ്പെടുത്തുന്ന നീക്കത്തിലേക്ക് റിസർവ് ബാങ്ക് പോയിട്ടുണ്ട് എന്നത് എല്ലാവരും സമ്മതിക്കുന്നതാണ്. പക്ഷേ ഇതിൽ നിന്നും കരകയറാനുള്ള എന്തെങ്കിലും വഴി നമ്മുടെ കയ്യിലുണ്ടോ? വിവിധ ജില്ലാബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 495 കോടി രൂപ ഉടൻ പിൻവലിച്ചില്ലെങ്കിൽ നബാർഡ് വഴിയുള്ള പുനർവായ്പ തടഞ്ഞു വയ്ക്കുമെന്ന് ജില്ലാ ബാങ്കുകൾക്ക് അയച്ച സർക്കുലറിൽ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം റിസർവ് ബാങ്കിൽ ഈ പണം അതുപോലെ നിൽക്കുന്നുണ്ടെന്നു വിശ്വസിക്കാൻ യാതൊരു സാധ്യതയുമില്ല. കാരണം ഇവിടെതന്നെ പല പ്രസംഗങ്ങളിലും ധനകാര്യമന്ത്രി അടക്കം പറഞ്ഞു കിട്ടാവുന്നത് എല്ലാം കടമെടുത്താണ് നിത്യനിദാന ചെലവുകൾ നടത്തുന്നതെന്ന്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ റിസർവ് ബാങ്കിന്റെ നിലപാടു കൂടി വരുമ്പോൾ നമ്മൾ എങ്ങനെയാണ് വരും ദിവസങ്ങളിൽ സംസ്ഥാനത്തെ മുന്നോട്ടു കൊണ്ടു പോകാൻ പോകുന്നത്? അപ്പോൾ അതിന് വ്യക്തമായ ഒരു മറുപടി വേണമെന്നുള്ളത് മാത്രമാണ് ഈ പറഞ്ഞതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ വികസനമെന്നു പറയുന്നത് കേവലം കമ്പ്യൂട്ടർവൽക്കരണമായി ചുരുങ്ങിയിരിക്കുന്നു. വിയർപ്പൊഴുക്കുന്നവന്റെ പ്രതിനിധികൾ എന്നു പറയുന്ന വിഭാഗമാണ് അപ്പുറത്തുള്ളത് എന്നത് ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇപ്പോൾ വികസനമെന്നാൽ കമ്പ്യൂട്ടർവൽക്കരണമെന്ന പുതിയ ഒരു മുദ്രാവാക്യത്തിലേക്ക് സർക്കാർ മാറിയിരിക്കുന്നു എന്നു സംശയിക്കുകയാണ്. പാവം ശ്രീ. സുഖ്ദേവ് സിംഗ് കാംഗിനെ കൊണ്ട് ഇവിടെ നടത്തിയിട്ടുള്ള പ്രസംഗത്തിൽ ആകെ 26 പേജ് മാത്രമേയുള്ളൂ. അതിൽ 20 പേജും ഓരോ വകുപ്പുകളിലും നടത്താനുദ്ദേശിക്കുന്ന കമ്പ്യൂട്ടർവൽക്കരണത്തെക്കുറിച്ച് മാത്രമാണ് പറയുന്നത്. ഇന്ന് കേരളത്തിലെ മുറുക്കാൻ കടകൾ പോലും കമ്പ്യൂട്ടർവൽക്കരിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ, കാലഘട്ടത്തിനനുസൃതമായി ഓരോ വകുപ്പുകളിലും നടക്കേണ്ട വികസനം അല്ലെങ്കിൽ കമ്പ്യൂട്ടർവൽക്കരണം, അതൊരു വലിയ കാര്യമായി ഏകദേശം 20-ഓളം പേജുകളിൽ പറഞ്ഞു എന്നുള്ളതൊഴിച്ചാൽ യഥാർത്ഥത്തിൽ എന്താണ് വികസനമെന്നുള്ളതുകൊണ്ട് ഈ സർക്കാർ ലക്ഷ്യമാക്കുന്നത് എന്നറിയുന്നില്ല. ഗവർണറുടെ പ്രസംഗത്തിന്റെ 15-ാം പേജിൽ പറയുന്നു 'സ്ക്കൂളുകളിൽ കമ്പ്യൂട്ടർ ബോധവൽക്കരണത്തിനും കമ്പ്യൂട്ടർ പഠനത്തിനും അഭിലഷണീയമായ ഒരു പരിപാടിക്ക് എന്റെ സർക്കാർ രൂപം നൽകുകയുണ്ടായി'. 16-ാമത്തെ പേജിൽ 'വിവര സാങ്കേതിക വിദ്യയുടെ പ്രാധാന്യം പരിഗണിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടേയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടേയും സർവ്വകലാശാലകളുടെയും ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കും'. പേജ് 23-'മൂന്നു ജില്ലകളിലെ എല്ലാ താലൂക്കാഫീസുകളെയും റവന്യൂ ഡിവിഷണൽ ഓഫീസുകളെയും കളക്ടറേറ്റുകളുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കും.' പേജ് 23-ൽ 34-ാം പാരഗ്രാഫ്

LIBRARY ARCHIVES Kerala Legislative Assembly

'രജിസ്ട്രേഷൻ വകുപ്പിൽ ആദ്യപടി എന്ന നിലയിൽ ആ വകുപ്പിന്റെ 14 ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കും'. 24-ാം പേജിൽ 'മോട്ടോർ വാഹന വകുപ്പിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കും'. ഇങ്ങനെ എഴുതുന്നതിനുപകരം ഈ സർക്കാരിന്റെ എല്ലാ വകുപ്പുകളും കമ്പ്യൂട്ടർ വൽക്കരിക്കുമെന്ന് ഒരു വാചകത്തിൽ എഴുതിയിരുന്നെങ്കിൽ ഒരു പേജു മാത്രമുണ്ടാകുന്ന ഒരുനയപ്രഖ്യാപനമായി മാറുമായിരുന്നു. ഇതിനപ്പുറം സാധാരണക്കാരന്റെ അല്ലെങ്കിൽ ഈ സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് നമുക്ക് പറയാൻ സാധിക്കുന്ന എന്താണുള്ളത്? ഇപ്പോൾ കൺസ്യൂമർ കാർഡിനെക്കുറിച്ച് പറഞ്ഞു. കൺസ്യൂമർ കാർഡു കൊണ്ടുണ്ടാകാൻ പോകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് സൂചിപ്പിച്ചു. അത് പൂരിപ്പിച്ചു കൊടുക്കാൻ ഓരോ കൺസ്യൂമറിനും ഉണ്ടാകുന്ന പ്രയാസങ്ങൾ .അവസാനം സർക്കാരിന് തന്നെ ബോദ്ധ്യമായി. എട്ടു ചോദ്യം പിൻവലിച്ചു. ഇപ്പോൾ പറയുന്നത് ഇത് മുഴുവൻ നിങ്ങൾ പൂരിപ്പിച്ചു തരേണ്ട ആവശ്യമില്ല. അടിയിൽ ഒപ്പിട്ടു തന്നാൽമതിയെന്നാണ്. മുകളിൽ ഒന്നും വേണ്ടാതെ അടിയിൽ ഒപ്പിട്ടു കൊടുക്കുന്ന ഒരൊറ്റ പരിപാടി മാത്രമേ കേരളത്തിൽ ഉള്ളൂ. ബ്ലേഡ് കമ്പനികൾ പൈസ പലിശയ്ക്ക് കൊടുക്കുമ്പോൾ ഒരു വെള്ളക്കടലാസിൽ ഒപ്പിട്ടു തന്നാൽ മതി ബാക്കി കാര്യങ്ങൾ ഞങ്ങൾ ചെയ്തുകൊള്ളാമെന്നു പറയുന്നതുപോലെയുള്ള ഒരവസ്ഥയിലേക്ക് കൺസ്യൂമർ കാർഡ് മാറുന്നത് ശരിയല്ല. അതുപോലെ കൺസ്യൂമർക്ക് വരാൻ പോകുന്ന ഭാരങ്ങൾ ഏതായാലും ഇന്നുതന്നെ ഒരു സംവിധാനമുണ്ട്. സാധാരണക്കാരൻ ഇലക്ട്രിസിറ്റിയുടെ പണം കൃത്യസമയത്ത് അടച്ചിട്ടില്ലെങ്കിൽ പവർ ഓഫ് ആക്കുന്ന സംവിധാനം ഇന്നുണ്ട്. ഫ്യൂസ് ഊരിക്കൊണ്ടു പോകുന്ന സംവിധാനം ഇന്നുണ്ട്. സാധാരണ കൺസ്യൂമറെ സംബന്ധിച്ചിടത്തോളം ഇന്നവർ ഉപയോഗിക്കുന്ന വൈദ്യുതിക്കനുസരിച്ച് പണം ഈടാക്കാനുള്ള എല്ലാ സംവിധാനങ്ങളുമുള്ള ഒരു സാഹചര്യത്തിൽ എന്തിനാണ് ഈ അധികം സങ്കീർണ്ണത നിറഞ്ഞിട്ടുള്ള കൺസ്യൂമർ കാർഡ് പദ്ധതി കൊണ്ടുവരുന്നത്? അത് സാധാരണക്കാരനെ വലയ്ക്കുന്നതിനും ഒരു ചരട് കൺസ്യൂമറുമായി സൂക്ഷിക്കുന്നതിനും വേണ്ടിയാണെന്ന് ഞങ്ങൾ പരാതിപ്പെട്ടാൽ അത് സ്വാഭാവികം മാത്രമാണ്. കൺസ്യൂമറെ മാത്രമല്ല സംസ്ഥാനത്തെ തന്നെ ബാധിക്കാൻ പോകുന്ന വലിയ പ്രശ്നത്തെക്കുറിച്ച് ഇക്കണോമിക് റിവ്യൂയിൽ പറഞ്ഞിട്ടുണ്ട്. എത്ര വിലയാണ് ഇലക്ട്രിസിറ്റിക്ക് കൂടാൻ പോകുന്നത്? ഒരു വ്യവസായവും വരാൻ കഴിയാത്ത വണ്ണം ഒരു പാരഗ്രാഫിൽ പറയുന്നു. However, thermal support has been adding significantly to the cost of power supply. The recent hike in price of oil fuels has made thermal power itself costlier, adding even further to the cost of power supply in the state. അപ്പോൾ ഒരു വ്യവസായിയും കേരളത്തിലേക്ക് വരാൻ സാധിക്കാത്ത വണ്ണം വൈദ്യുതിയുടെ വില ക്രമാതീതമായി വർദ്ധിക്കാൻ പോവുകയാണ്. മാത്രമല്ല, കൺസ്യൂമർക്ക് തന്നെ ഇപ്പോൾ ഭാരിച്ച ബില്ലുകൾ വന്നുകൊണ്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം വരും നാളുകളിൽ അവർക്ക് വൈദ്യുതിചാർജ്ജ് വർദ്ധനവ് താങ്ങാൻ കഴിയാത്ത വണ്ണം വരാൻ പോകുന്നു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം സംസ്ഥാനത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാരന്റെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകാൻ പോകുന്നു എന്നുള്ളതാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധാപൂർവ്വം നീങ്ങാൻ സർക്കാരിന് സാധിക്കുന്നില്ലെങ്കിൽ വരും നാളുകൾ നമ്മെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായ പരാധീനത വർദ്ധിക്കാൻ പോകുന്നു എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് പറയുന്നത്. ഇതിനിടയിലാണ് നമുക്ക് യാതൊരു തരത്തിലും ന്യായീകരിക്കാൻ സാധിക്കാത്ത കൊച്ചു കൊച്ചു പദ്ധതികളെ മുന്നിൽ വച്ചുകൊണ്ട് സർക്കാരിന്റെ മുഖമുദ്രയാണിതെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത്. ഞാൻ ജനകീയ പോലീസിനെക്കുറിച്ച് അധികമൊന്നും പറയുന്നില്ല. പക്ഷേ മലയാള മനോരമയിൽ ഒരു വാർത്ത വന്നിട്ടുണ്ട്. ശ്രീ. ടി. ചന്ദ്രശേഖരമേനോൻ റിട്ടയേർഡ് ജഡ്ജി, കേരള ഹൈക്കോടതി എഴുതിയിട്ടുള്ളതാണ്. അദ്ദേഹം പറയുന്നു 'ബ്രിട്ടണിലെ പോലീസിന്റെ ഉത്തരവാദിത്വം സംബന്ധിച്ച് ബെന്റിക്ക് പ്രഭു ഒരു സുപ്രധാന വിധിയിൽ പറയുന്നത് ശ്രദ്ധിക്കുക. രാജ്യത്തെ ഓരോ കോൺസ്റ്റബിളും ഭരണ കർത്താക്കളിൽ നിന്ന് സ്വതന്ത്രനാണ്. അപ്പോൾ നിലനിൽക്കുന്ന ജനകീയ പോലീസ് എന്നു പറയുന്ന സംവിധാനം നമ്മൾ മറ്റുള്ള രാഷ്ട്രങ്ങളിൽ നിന്നു കടമെടുക്കുന്നതാണെങ്കിൽ അവിടെ വളരെ സ്വതന്ത്രമായിട്ടാണ് പോലീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 1964-ലെ പോലീസ് ആക്ടനുസരിച്ച് സ്റ്റേറ്റ് സെക്രട്ടറിക്ക് പോലീസിൽ നിന്നും നിയമപാലനം സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടാമെങ്കിലും ഒരു കോൺസ്റ്റബിളും സ്റ്റേറ്റ് സെക്രട്ടറിയുടെ ആജ്ഞാനുവർത്തിയല്ല. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി ചീഫ് കോൺസ്റ്റബിൾ വേണ്ട ആളുകളെ വേണ്ടിടത്ത് നിയമിക്കണം. അത് സാധാരണക്കാരന്റെ സ്വൈജീവിതത്തിന് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കുകയും വേണമെന്ന് പറയുന്നുണ്ട്. അദ്ദേഹം ലേഖനം അവസാനിപ്പിക്കുന്നത് 'ഭരണ കൂടത്തിന്റെ സർവ്വവിധ നിയന്ത്രണങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന ഇൻഡ്യയിലെ പോലീസ് സംവിധാനത്തിൽ ജനകീയ പോലീസ് എന്ന തത്വം ഉൾക്കൊള്ളിക്കാൻ കഴിയുകയില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണല്ലോ എന്നാണ്. ഇപ്പോൾ നമ്മുടെ നിയന്ത്രണത്തിൽ തന്നെയുള്ള പോലീസിന്റെ അവസ്ഥ എന്താണ്? ഈ അടുത്ത കാലത്ത് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ ബിനോയി എന്നു പറയുന്ന വിദ്യാർത്ഥിയെ പിടിച്ച് കൊണ്ടുപോയി പോലീസ് മർദ്ദിച്ചു. ആരാണ് ആ വിദ്യാർത്ഥിയെ പിടിക്കാൻ പ്രേരിപ്പിച്ചത്? പോക്കറ്റടിക്കാരാണ്. ബിനോയി എന്നു പറയുന്ന ആളും ഞങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണെന്ന് പോക്കറ്റടിക്കാർ പറയുകയും അവസാനം തമ്പാനൂർ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുകയും മർദ്ദിക്കുന്നതിന്റെ കൂടെ ഈ പോക്കറ്റടിക്കാർക്കും ഈ വിദ്യാർത്ഥിയെ മർദ്ദിക്കുന്നതിന് വേണ്ടിയുള്ള അവസരം കൊടുത്തു. അപ്പോൾ പോക്കറ്റടിക്കാരും പോലീസും കൂടി ചേർന്നിട്ടാണ് ഈ വിദ്യാർത്ഥിയെ മർദ്ദിച്ചത്. ഇപ്പോൾ നമ്മുടെ വകുപ്പിന്റെ നിയന്ത്രണത്തിൽ നിൽക്കുന്ന പോലീസിന്റെ സ്ഥിതി ഇതാണെങ്കിൽ അൽപം സ്വതന്ത്രമാക്കിയാലുള്ള അവസ്ഥ എന്തായിരിക്കും? നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവം എത്രയെത്ര പോക്കറ്റടികൾ? എത്രയെത്ര മോഷണങ്ങൾ? അതിന് വിധേയരായിട്ടുള്ള എത്രയെത്ര നിയമസഭാസാമാജികർ ഇതിനകത്തു തന്നെയുണ്ട്. പെട്ടി

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടിട്ടുള്ള സാമാജികരുടെ എണ്ണം. ശ്രീ. ലോനപ്പൻ നമ്പാടൻ, പോക്കറ്റടിക്കപ്പെട്ടത് ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ, പെട്ടി പോയത്, ശ്രീ. പി. ടി. കുഞ്ഞി മുഹമ്മദ്, മറ്റാരുടേയോ പെട്ടി തന്റെ റൂമിൽ സൂക്ഷിച്ചപ്പോൾ നഷ്ടപ്പെട്ടത്, ശ്രീ. പി. പി. സുലൈമാൻ റാവുത്തർ, ശ്രീ. സത്യൻമൊകേരി, ശ്രീമതി ശൈലജ ടീച്ചർ തുടങ്ങിയ എത്ര നിയമസഭാസാമാജികരുടെതാണ്. അപ്പുറത്തുള്ളവരുടെ സ്ഥിതി ഇതാണെങ്കിൽ ചിലപ്പോൾ ഇവിടെ ഉള്ളവരുടേയും പോയിട്ടുണ്ടാകും. ശ്രീ. ലോനപ്പൻ നമ്പാടന്റെ പെട്ടി നഷ്ടപ്പെട്ടപ്പോൾ നമ്മൾ വളരെയധികം സൂക്ഷിച്ചിരുന്ന രണ്ട് രഹസ്യങ്ങൾ പുറത്തുവന്നിരിക്കുകയാണ്. ഒന്ന്, നമ്മുടെ പോലീസിന്റെ കെടുകാര്യസ്ഥത, രണ്ട്, നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനത. ഈ രണ്ടെണ്ണം പുറത്തുവന്നു. ഒന്ന്, പോലീസ് ഇടപെടാതെയാണ് അദ്ദേഹത്തിന് പെട്ടി തിരിച്ചു കിട്ടിയത്. കള്ളൻ തന്നെ നേരിട്ട് കൊണ്ട് കൊടുക്കുകയായിരുന്നു. രണ്ടാമത്, കള്ളൻ അതിന്റെ കൂടെ ഒരു കുറിപ്പും ഒരഞ്ചു രൂപയും വച്ചിരുന്നു. കള്ളൻ അതിൽ എഴുതിവച്ചിരിക്കുന്നത് കേരളത്തിന്റെ സാമ്പത്തികാവസ്ഥ ഇത്രയും മോശമാണെന്ന് എനിക്കിപ്പോഴാണ് മനസ്സിലായത്. എന്നെ പോലെയുള്ള ദരിദ്രവാസികൾ വേറെയും ഈ സംസ്ഥാനത്ത് ഉണ്ടെന്ന് ബോദ്ധ്യമായതുകൊണ്ട് 5 രൂപ അദ്ദേഹത്തിന് ഞാൻ സൗജന്യമായി കൊടുക്കുകയാണ് എന്ന് പറഞ്ഞ് 5 രൂപ വച്ചിട്ടാണ് പോയിട്ടുള്ളത്. നമ്മുടെ സാമ്പത്തികാവസ്ഥ ഇത്രയും മോശമായിട്ടും നമുക്ക് ഇതിനെതിരെ പ്രതികരിക്കുവാൻ കഴിയുന്നില്ല. ഇതിനുപറമേ കേന്ദ്രസർക്കാർ നമ്മളിൽ അടിച്ചേൽപ്പിച്ചിട്ടുള്ള ധാരാളം പ്രശ്നങ്ങൾ വേറെയുണ്ട്. നമ്മുടെ ധന കാര്യവകുപ്പുമന്ത്രിക്ക് തന്നെ അറിയാമല്ലോ Alternative Devolution Fund Formula-യെക്കുറിച്ച്. ഇത് വളരെ ഗൗരവമായി അന്തർ സംസ്ഥാന കൗൺസിൽ 1997-ൽ ചർച്ച ചെയ്തതാണ്. 1997-ൽ അന്ന് ഇന്ദ്രജിത്ത് ഗുപ്തയുടെ സാന്നിദ്ധ്യത്തിൽ, അന്ന് ശ്രീ. ചിദംബരമാണ് ധനകാര്യവകുപ്പ് കൈകാര്യം ചെയ്തത്. അന്നത്തെ കമ്മിറ്റിയിൽ പശ്ചിമബംഗാളിന്റെ മുഖ്യമന്ത്രിവരെ പങ്കെടുത്തിട്ടുള്ളതാണ്. അന്ന് ഒരു തീരുമാനത്തിൽ എത്തിയിരുന്നു. നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നികുതിയെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള ഒരു തീരുമാനം അന്നുണ്ടായതാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി കേന്ദ്ര ആദായനികുതി, എക്സൈസ് ഡ്യൂട്ടി എന്നിവയുടെ വിഹിതം മാത്രമാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്തു പോന്നത്. എന്നാൽ ഈ സമ്പ്രദായം മാറ്റി മൊത്തം കേന്ദ്ര നികുതിയുടെ ഗ്രോസ് സെൻട്രൽ ടാക്സ് 29 ശതമാനം സംസ്ഥാനങ്ങൾക്ക് കൈമാറാമെന്ന് 10-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തു. ആ ശുപാർശ വന്നത് അന്നത്തെ അന്തർ സംസ്ഥാന കൗൺസിലിന്റെ തീരുമാന പ്രകാരമാണ്. അതിന് ഒരു ഭരണഘടനാ ഭേദഗതി വേണമെന്നുള്ളതായിരുന്നു. പക്ഷേ ആ തീരുമാനം മാറ്റി, ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത് മൊത്തം കേന്ദ്ര നികുതി അറ്റാദായത്തിൽ നിന്നാണെന്നാണ്. അതിനാൽ ധനകാര്യ കമ്മീഷൻ ശുപാർശയായി മൊത്തം കേന്ദ്ര നികുതിയിൽ നിന്നും 29 ശതമാനം കൈമാറാനാകില്ലായെന്ന തീരുമാനം വന്നിരിക്കുന്നു. അന്നത്തെ അന്തർ സംസ്ഥാന കൗൺസിൽ ഭരണഘടനാ ഭേദഗതിക്കു വേണ്ടിയുള്ള ഡ്രാഫ്റ്റ് അടക്കം തയ്യാറാക്കി കൊടുത്തിട്ടുള്ളതാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

അതിന് തികച്ചും വിരുദ്ധമായിട്ടുള്ള നിലപാടാണ് സ്വീകരിച്ചിരുന്നത്. 11-ാം ധന കാര്യകമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഈ കാര്യത്തെക്കുറിച്ച് പറയുന്നു പോലുമില്ല. അതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് പ്രതികരിച്ചത്, ഞങ്ങൾ വീണ്ടും അന്തർ സംസ്ഥാന കൗൺസിൽ അടിയന്തിരമായി വിളിച്ചുകൂട്ടുന്നതിന് പ്രധാന മന്ത്രിക്ക് കമ്പിയടിച്ചിട്ടുണ്ടെന്നാണ്. എന്തെങ്കിലും നടപടി വന്നോ? വരാത്തതിന്റെ പേരിൽ എന്താണ് സംഭവിക്കുവാൻ പോകുന്നത്. പ്രതിവർഷം 80 കോടി രൂപ കണക്കിൽ, നമുക്ക് 5 വർഷം കൊണ്ട് ലഭിക്കേണ്ട 400 കോടിയോളം രൂപ നഷ്ടപ്പെടാൻ പോകുകയാണ്. അതിനെക്കുറിച്ച് നമ്മളാരും പ്രതികരിക്കുന്നില്ല. സംസ്ഥാന ഗവൺമെന്റ് ഇത് വളരെ ഗൗരവമായി എടുക്കേണ്ട വിഷയമായിട്ടും അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊണ്ടിട്ടുണ്ടോയെന്ന് അറിയില്ല. ഇതുവഴി ഈ സംസ്ഥാനത്തിന് ഇനി ഉണ്ടാകാൻ പോകുന്ന നഷ്ടം എത്രയാണെന്ന് പരിശോധിക്കുക, ഇത്തരത്തിലുള്ള ചർച്ചകൾ ആവശ്യമായ ഘട്ടത്തിൽ വളരെ ബാലിശമായിട്ടുള്ള ചില കാര്യങ്ങൾ പറഞ്ഞു കൊണ്ട് സംസ്ഥാനത്തിന്റെ പ്രശ്നങ്ങളിൽനിന്നും പ്രശ്നങ്ങളെ വഴിതിരിച്ചു വിടുകയാണ്. ഇവിടെ എന്റെ പ്രിയ സുഹൃത്ത് രാജു പറഞ്ഞു, മുസ്ലീം ലീഗിന്റെ നയത്തെ സംബന്ധിച്ച്, മുസ്ലീം ലീഗ് ഇപ്പോൾ ഗുലാം നബി ആസാദ്, പാണക്കാട് സെയ്ദ് മുഹമ്മദ് അലി ഷിഹാബ് തങ്ങളെ വന്നു കാണുന്നുണ്ട്. ചിലപ്പോൾ ഇന്ദ്രജിത്ത് ഗുപ്തയും കണ്ടുവെന്നുവരും. പക്ഷേ മുസ്ലീം ലീഗിന്റെ നയം അവസാനം തീരുമാനിക്കുന്നത് പാണക്കാട് സെയ്ദ് മുഹമ്മദ് അലി ഷിഹാബ് തങ്ങൾ ആയിരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മൾ രാജ്യത്തെ പ്രശ്നങ്ങൾ അതിന്റെ ഗൗരവത്തിൽ കാണണം. നമ്മൾ ഒരേ സയമം രണ്ട് ശത്രുവിനെ നേരിടുന്നുണ്ട്. മാർകിസ്റ്റ് കമ്മ്യൂണിറ്റ് പാർട്ടിയുടെ നിലപാടിൽ മാറ്റം വരണമെന്ന് ഒരു അഭ്യർത്ഥനയുണ്ട്. ദേശീയ രാഷ്ട്രീയത്തിൽ ഫാസിസത്തെ നേരിടുന്നതിനു വേണ്ടി നിങ്ങൾ വഹിക്കേണ്ട പങ്കിനെക്കുറിച്ച് ഒട്ടും ചെറുതായി കാണുന്നവരല്ല ഞങ്ങൾ. പക്ഷെ ഇപ്പോൾ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് യഥാർത്ഥ ശത്രുവിനെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊണ്ടിട്ടില്ലായെന്നുള്ളതാണ്. അല്ലായിരുന്നുവെങ്കിൽ ദേശീയ രാഷ്ട്രീയത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഓരോ സംഭവങ്ങൾ, ഈ അടുത്ത് എൻ. സി. ഇ. ആർ. ടി യുടെ ഫാക്കൽറ്റിയെ തെരഞ്ഞെടുത്ത് അയയ്ക്കേണ്ട സമിതിയിലേയ്ക്ക് നിയോഗിച്ചിരിക്കുന്നത് റെസ്തോഗി എന്നുപറഞ്ഞ വ്യക്തിയെയാണ്. റെസ്തോഗി എന്നുപറയുന്ന വ്യക്തി അദ്ദേഹം ആകെ ഈ രാജ്യത്തിന് വൈജ്ഞാനിക മണ്ഡലത്തിന് നല്കിയിട്ടുള്ള സംഭാവന അദ്ദേഹത്തിന്റെ അത്മകഥ എഴുതിയെന്നുള്ളതാണ്. ആ ആത്മകഥ അദ്ദേഹം സമർപ്പിച്ചിരിക്കുന്നത് ആർ. എസ്. എസ്സിന് ആണ്. അതിന്റെ ആമുഖം എഴുതിയിട്ടുള്ളത് ആർ. എസ്. എസ്സിന്റെ സർസംഗ്ചാലക്ക് ആയിട്ടുള്ള സുദർശനാണ്. മാത്രമല്ല അദ്ദേഹം അതിൽ പറയുന്നു. ഞാൻ ആയോധനകല അഭ്യസിച്ചത്, ഞാൻ തോക്ക് ഉപയോഗിക്കാൻ പഠിച്ചത്, ഞാൻ ഗ്രനൈഡ് ഉപയോഗിക്കുവാൻ പഠിച്ചിട്ടുള്ളത് ആർ.എസ്.എസ്സിന്റെ ശാഖകളിൽ നിന്നാണ്. എന്നിട്ട് അദ്ദേഹം പറയുന്നു എന്റെ കൈ രക്തം പുരണ്ടതാണ്. ഞാൻ അതിൽ അഭിമാനം കൊള്ളുന്നു. ഞാൻ ഒരു മുസ്ലീം പെൺകുട്ടിയെ വെടിവച്ചു കൊന്നിട്ടുണ്ട്. അങ്ങനെയൊക്കെ പച്ചയായി തന്നെ ആത്മകഥയിൽ എഴുതിയിട്ടുണ്ട്. റെസ്തോഗി നാളെ വളർന്നുവരുന്ന പിഞ്ചു കുഞ്ഞുങ്ങൾക്ക് പരിശീലനം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കേണ്ട അദ്ധ്യാപകരെ പരിശീലിപ്പിക്കേണ്ട ഒരു സമിതിയുടെ ഫാക്കൽറ്റിയെ തെരഞ്ഞെടുത്ത് അയയ്ക്കേണ്ട സമിതിയിലേയ്ക്ക് നിയോഗിച്ചിട്ടും നമുക്ക് അത് കൈയും കെട്ടി നോക്കി നിൽക്കേണ്ട അവസ്ഥയാണ്. ഐ.സി.എച്ച്. ആറിനെക്കുറിച്ച് പറഞ്ഞാൽ ഇപ്പോൾ ശ്രീ. കെ. എൻ. പണിക്കർ, സുമിത് സർക്കാർ തുടങ്ങിയവർ എഴുതിയിട്ടുള്ള towards freedom എന്നുപറയുന്ന പുസ്തകം മാറ്റിവച്ച് അത് പൊളിച്ചെഴുതാൻ തീരുമാനിച്ചിരിക്കുന്നു. നമുക്ക് എന്തുകൊണ്ട് പ്രതികരിക്കുവാൻ കഴിയുന്നില്ല. രാജ്യത്ത് നമുക്കുചുറ്റും നടക്കുന്ന സംഭവ വികാസങ്ങളിൽ നാം നേരിടേണ്ട ശത്രുവിനെ ഒറ്റകെട്ടായി നിന്ന് നേരിടേണ്ടതിന് പകരം നാം രണ്ടു ശത്രുക്കളെ കണ്ടുകൊണ്ട് കോൺഗ്രസ്സിനെയും ബി.ജെ.പി. ക്കാരേയും ഒരേ സമയം എതിർക്കുകയെന്നുള്ള സമീപനം മാറ്റി മതേതര ശക്തികൾ ഒന്നിച്ചു നില്ക്കുന്നതിനുവേണ്ടി മതേതരത്വം കാത്ത് സൂക്ഷിക്കുന്നവരെ പ്രസ്ഥാനങ്ങളെ മുഴുവൻ ഒരുമിച്ചു നിറുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് ഇന്ത്യാ രാജ്യത്ത് വേണ്ടത്. ആ പരിശ്രമത്തിൽ മുസ്ലീം ലീഗും അതിന്റെതായിട്ടുള്ള പങ്ക് നിർവഹിക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

ശ്രീ. ടി. കെ. ഹംസ : സർ, ഈ വോട്ട് ഓൺ ആക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ ചെലവുകൾ നാല് മാസത്തേയ്ക്ക് നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള വോട്ട് ഓൺ അക്കൗണ്ടാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ആ സന്ദർഭത്തിൽ ബഡ്ജറ്റിലെ ചില പ്രധാന സംഗതികളെ മാത്രം ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്. ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ നാല് പ്രധാന കാര്യങ്ങളെ മുന്നിൽ വച്ച് പരിശോധിക്കണം. ഒന്ന്, നമ്മുടെ കടക്കെണി മറ്റൊന്ന്, പുതിയ സാമ്പത്തിക വ്യവസ്ഥ, ഇന്ത്യയിൽ ആകമാനം വരുത്തുന്ന വ്യതിയാനങ്ങൾ, മൂന്ന്, കേന്ദ്രം ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റ്, നാല്, കേരളത്തിന്റെ ബഡ്ജറ്റ്. ഇന്ത്യാ രാജ്യത്ത് മുഴുവനുണ്ടാകുന്ന സംഭവങ്ങൾ അതിന്റെ ഭാഗമായി കേരളത്തിലും പ്രതിഫലിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ കടക്കെണിയെ സംബന്ധിച്ച് ആലോചിക്കുമ്പോൾ ഇന്ത്യാ രാജ്യത്തിന്റെ കടം 1984-89-ൽ ബഹുമാനപ്പെട്ട രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്ന ആ കാലത്തെ സാമ്പത്തിക തകർച്ചയുടെ വേഗത എത്രമാത്രം ആയിരുന്നുവെന്ന് ചരിത്രം പഠിച്ചാൽ മനസ്സിലാക്കാൻ കഴിയും. ലക്കും ലഗാനുമില്ലാതെ ഉപഭോഗ വസ്തുക്കൾ ഇറക്കുമതി ചെയ്ത്. ഈ രാജ്യത്തെ കടക്കെണിയിൽ ആഴ്ത്തുകയാണ് ചെയ്തത്. അദ്ദേഹം വരുമ്പോൾ ഇന്ത്യയുടെ മൊത്തം കടം 15 ബില്ല്യൻ ഡോളറായിരുന്നു. ഒരു ബില്ല്യൺ 10 കോടിയാണെന്നാണ് എനിക്ക് തോന്നുന്നത്. ആ കടം അദ്ദേഹം പോകുമ്പോൾ 1989-ൽ 5 കൊല്ലത്തിനുശേഷം 65 ബില്ല്യൻ ഡോളർ, ഇത് എങ്ങനെ വരുത്തിത്തീർത്തുവെന്നുള്ളത് ഇരുഭാഗത്തുനിന്നും അറിയാം. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. ഇപ്പോൾ ഈ രാജ്യത്തിന്റെ കടം എത്രയാണ് 75 ബില്ല്യൺ ഡോളർ, അതിന്റെ സംഖ്യ കേൾക്കണോ ?

3.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യടൻ മുഹമ്മദ് : രാജീവ്ഗാന്ധിയുടെ കാലത്തെ കടം പറഞ്ഞു. 1984-89, 5 കൊല്ലം കൊണ്ട് 85,000 കോടി രൂപയാണ് പബ്ലിക് സെക്ടറിൽ ഇൻവെസ്റ്റ് ചെയ്തതെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ടി. കെ. ഹംസ : ഇൻവെസ്റ്റ് ചെയ്തതിന്റെയും ചെയ്യാൻ പോകുന്നതിന്റെയും ഒരു ദീർഘമായ പട്ടിക എറണാകുളത്തുവന്ന് രാജീവ്ഗാന്ധി പ്രഖ്യാപിച്ചു. അതിൽ ഒരു ചായ പീടിക പോലും തുടങ്ങിയിട്ടില്ല. അതിന്റെ കണക്കൊന്നും കൊണ്ടുവന്നിട്ടില്ല. എറണാകുളത്തുവച്ച് രാജീവ്ഗാന്ധി പ്രഖ്യാപിച്ചിട്ടുള്ള വികസനങ്ങൾ എത്രയാണ്. അതൊക്കെ ഇരിക്കട്ടെ, നമ്മൾ അത് പറഞ്ഞാൽ അതിനായിട്ട് ഒരു ചർച്ചവേണം. ഞാൻ പറഞ്ഞുവരുന്നത്, ഈ നാടിനെ ആ കാലത്താണ് കേന്ദ്രം ധൂർത്തടിച്ച് നശിപ്പിച്ചത്, കടക്കെണിയിൽ ആക്കിയത്. കടം കൊണ്ട് പൊറുതി മുട്ടിയ ഇന്ത്യയാണ് നമ്മുടെ മുമ്പിലുള്ള ചിത്രമെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. വേറെ ആരോപണമൊന്നുമില്ല. അത് ഇന്ത്യാ രാജ്യത്തിന്റെ കടം തന്നെയാണ്. ഒരു കൊല്ലം 20,000 കോടി രൂപ നമ്മൾ പലിശ കൊടുക്കണം. ആ രീതിയിൽ നമ്മളെ എത്തിച്ച ഗതികേട് പറയുമ്പോൾ എന്തിനാണ് ബേജാറാകുന്നത്. അത് ഒരു ചർച്ചയ്ക്കുവേണ്ടി പറഞ്ഞതല്ല. സത്യം പറഞ്ഞുവെന്നേയുള്ളൂ. പുതിയ സാമ്പത്തിക വ്യവസ്ഥ നമ്മുടെ മേലുണ്ടാക്കുന്ന ആപത്ത്, ഇത് പറയുമ്പോൾ എനിക്ക് സന്തോഷമുണ്ട്. പുത്തൻ സാമ്പത്തിക വ്യവസ്ഥയുടെ ഗാട്ട് കരാർ, ഡബ്ലിയൂ. ടി. ഒ. അതൊക്കെ കമ്മ്യൂണിസ്റ്റ്കാരന്റെ എന്തോ ഒരു ഏർപ്പാടാണെന്നുള്ള രീതിയിലാണ് ഇതുവരെ കണ്ടത്. ബഹുമാനപ്പെട്ട ആന്റണി കഴിഞ്ഞ ഏതാനും ദിവസമായി പറഞ്ഞു വരുന്നത് ഇതിന് എതിരായിട്ടാണ്. ഇപ്പോൾ അദ്ദേഹം പുത്തൻ സാമ്പത്തിക വ്യവസ്ഥയെ എതിർക്കുന്നു. അദ്ദേഹം ഇപ്പോൾ ഇടത്തോട്ട് പോകുകയാണ്. ശ്രീ. ആന്റണി ഒരിക്കൽ ഇടത്തോട്ട് പോയതാണ്. പിന്നെ എപ്പോൾ തിരിച്ചുപോയിയെന്ന് ആന്റണിക്ക് അറിയാം. ഈ പുത്തൻ സാമ്പത്തിക വ്യവസ്ഥ ഇപ്പോൾ ആന്റണി തന്നെ എതിർക്കുമ്പോൾ നമുക്ക് അതിനെക്കുറിച്ച് വിശദമായി പറയാൻ ഒരു സൗകര്യം കിട്ടുകയാണ്. 1994-ലാണ് ഈ പുത്തൻ വ്യവസ്ഥ തുടങ്ങുന്നത്. ഗാട്ട് കരാർ എന്നുപറയുന്ന കരാർ തനി കാടൻ കരാർ തന്നെയാണ്. 1994-ലാണ് അത് ഇൻഡ്യാ ഗവൺമെന്റ് ഭാഗഭാക്കായിട്ട് ഒപ്പു വയ്ക്കുന്നത്. 1995 ജനുവരി 1 മുതൽ നമ്മുടെ രാജ്യത്തിൽ അത് നടപ്പാക്കുന്നതാണ്. ആ കരാറിന്റെ എല്ലാ ഭാഗങ്ങളും ഇവിടെ ചർച്ചാ വിഷയമല്ല. ഞാൻ ഈ ബഡ്ജറ്റിനെപ്പറ്റിയുള്ളതു മാത്രമേ പറയുന്നുള്ളൂ. കൃഷി, നമ്മുടെ ഭക്ഷ്യ സബ്സിഡി, കമ്പോള പ്രവേശം, വിദേശ മൂലധനം ഇത്രയും കാര്യങ്ങളാണ് നമ്മളെ ബാധിക്കുന്നത്. ആ കരാറിലെ ഭാഗം മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇപ്പോൾ ശ്രീ. എ. കെ. ആന്റണി തന്നെ എതിർക്കുന്നതുകൊണ്ടാണ് എനിക്ക് ഇതു പറയേണ്ടിവന്നത്. ഭക്ഷ്യ സബ്സിഡി നിർത്തും എന്ന് കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപിക്കുന്നുണ്ട്. റേഷൻ സംവിധാനം എന്ന ഹെഡ്ഡിംഗിൽ മനോരമ പത്രം എഴുതുകയാണ്. ഭക്ഷ്യധാന്യ സബ്സിഡി നിർത്തി എന്ന കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനം കേരളത്തിലെ റേഷൻ സംവിധാനത്തിന്റെ അന്ത്യം കുറിക്കാൻ പോകുന്നു. അപ്പോൾ റേഷൻ സബ്സിഡി നിർത്താൻ പോകുകയല്ലേ? നമ്മൾ ഇപ്പോൾ ബഹളം കൂട്ടണം, യോജിച്ച് സമരം ചെയ്യണം എന്നൊക്കെ പറയുന്നത് അതിനുവേണ്ടിയാണല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ വ്യവസ്ഥ നമ്മുടെ പൊതുവിതരണ സമ്പ്രദായത്തെ തീരെ ഇല്ലാതാക്കുന്നത് തന്നെയാണ്. ഈ രാജ്യത്തെ കാർഷിക രംഗത്തുണ്ടായ നേട്ടങ്ങൾ നമ്മുടെ ഉൽപാദനം കുറെ വർദ്ധിപ്പിച്ചിട്ടുണ്ട്. അതിന്റെ ഫലമായി നാട്ടിൽ പട്ടിണി ഇല്ലാതെ ഈ കാലം വരെ നടന്നുപോന്നത് വളരെ ശാസ്ത്രീയമായി നിലനിൽക്കുന്ന പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം തന്നെയാണ്. പൊതുവിതരണ സമ്പ്രദായം, ആ സമ്പ്രദായം തകർത്തുകളഞ്ഞു. റേഷൻ സമ്പ്രദായം ഇല്ലായ്മ ചെയ്യുന്ന ഒരു സ്ഥിതി വരികയാണ്. ഭക്ഷ്യ വസ്തുക്കൾക്ക് സബ്സിഡി പൂർണ്ണമായിട്ടും നിർത്തിയാൽ എന്തായിരിക്കും നമ്മുടെ നാടിന്റെ സ്ഥിതി? സ്വതന്ത്ര വ്യാപാരത്തിന്റെ കള്ളത്തരം തടഞ്ഞു നിർത്തിയത് ഈ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൊണ്ടായിരുന്നില്ലേ? സ്വതന്ത്ര വ്യാപാരം പുനഃസ്ഥാപിച്ചു കഴിഞ്ഞ് ശക്തമായിട്ട് കൊണ്ടു വന്നാൽ പൂഴ്ത്തിവയ്പുണ്ടാകും. കരിഞ്ചന്തവരും. അതിന്റെ ഫലമായി വിലക്കയറ്റം വരും. ഇതെല്ലാം ഈ കാലം വരെ തടഞ്ഞുനിർത്തിപോന്നത് ഈ പൊതുവിതരണ സമ്പ്രദായം തന്നെയാണ്. റേഷൻ സമ്പ്രദായം നിർത്തലാക്കുമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. വില വർദ്ധിച്ചുവരുമ്പോൾ നമ്മൾ സംഭരിക്കുന്ന സ്റ്റോക്ക് മാർക്കറ്റിൽ ഇറക്കി വിൽക്കും. അങ്ങനെ വിലനിലവാരം പിടിച്ചു നിർത്തും. ഇത് പൊതുവിതരണ സമ്പ്രദായത്തിന്റെ ഒരു ഭാഗമാണ്. ഇതെല്ലാം കേന്ദ്രഗവൺമെന്റ് നിർത്തുമെന്നു പറഞ്ഞാൽ നമ്മുടെ നാട്ടിലെ സ്ഥിതി എന്തായിരിക്കും? റേഷൻ പഴഞ്ചൻ സമ്പ്രദായമാണെന്നാണ് മന്ത്രി ഒ. രാജഗോപാൽ പറയുന്നത്. കേന്ദ്രത്തിലെ മന്ത്രി പറയുകയാണ്. റേഷൻ സമ്പ്രദായം തന്നെ പഴഞ്ചൻ ആണ്. അതിവിടെ നിർത്തലാക്കാൻ പോകുന്നു എന്ന്. ഒരു കാര്യം ചോദിക്കട്ടെ, റേഷൻ ഇവിടെ നിർത്തലാക്കാൻ പോകുന്നു എന്നാണ് പറഞ്ഞത്. ഇത് നമ്മൾ യോജിച്ച് എതിർക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട ആന്റണി ഇവിടെ പ്രസംഗിക്കുന്നതു കേട്ടു. ഇതെങ്ങനെയാണു വന്നുചേർന്നത്? ആരാണ് ഇതുകൊണ്ടുവന്നത്? അത് നമുക്ക് മറക്കാൻ കഴിയുമോ? ഈ കരാർ ഒപ്പിടുന്ന സമയത്തും അത് ഒപ്പിട്ടതും ശ്രീ. നരസിംഹറാവു കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന കാലത്താണ്. ആ കരാറിന്റെ അടിസ്ഥാനത്തിലാണ് ഈ നയങ്ങൾ ഓരോന്നോരോന്നായി വരുന്നത്. ഇതിങ്ങനെ വരുമെന്ന് 5, 8 കൊല്ലം മുമ്പ്, ഇടതുപക്ഷ മുന്നണിയും കമ്മ്യൂണിസ്റ്റുകാരും ശക്തിയായി പറഞ്ഞപ്പോൾ നിങ്ങൾ ഞങ്ങളെ കളിയാക്കി. ആക്ഷേപിച്ചു. കേന്ദ്രത്തിൽ ഭരണം നടത്തിയിരുന്ന പ്രധാനമന്ത്രി ശ്രീ. നരസിംഹറാവു ഭരിക്കുന്ന സമയത്ത് ഒപ്പിട്ട കരാറിന്റെ നടപടിയാണ് ഈ നടത്തിവരുന്നത്. ആ നടപടി പ്രകാരമാണ് റേഷൻ സബ്സിഡി പിൻവലിക്കുന്നത്. ആ നടപടി പ്രകാരമാണ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം അവസാനിപ്പിക്കുന്നത്. അത് ആരുടെ നയമാണ് എന്ന് നിങ്ങൾക്ക് വളരെ വ്യക്തമായിട്ടറിയാമല്ലോ? ഈ ഒപ്പിട്ട ഗാട്ട് കരാർ മുഴുവൻ ഞാൻ വായിക്കേണ്ടതില്ലല്ലോ. ഒരൊറ്റ കാര്യം മാത്രം ഞാൻ വായിക്കാം. ഗവൺമെന്റ് ഭക്ഷ്യധാന്യങ്ങൾ നടപ്പു കമ്പോള വിലയ്ക്ക് വാങ്ങുന്നതും ഭക്ഷ്യധാന്യ സ്റ്റോക്കിൽ നിന്നും വിൽക്കുന്നതും കൈകാര്യം ചെയ്യപ്പെടുന്ന ഭക്ഷ്യധാന്യത്തിന്റെ ഗുണമേന്മയനുസരിച്ചുള്ള നടപ്പു കമ്പോള വിലയെക്കാൾ കുറയാത്ത വിലയ്ക്ക് ആയിരിക്കുകയും വേണം. പക്ഷെ ധാന്യം വാങ്ങുന്നതും

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യധാനം വിൽക്കുന്നതും കമ്പോള നിലവാരത്തിലായിരിക്കണം. ഇത് ഗാട്ട് കരാറിലെ വ്യവസ്ഥയാണ്. ആ കരാർ ഒപ്പിട്ടത് കേന്ദ്രം ഭരിച്ച കോൺഗ്രസ്സ് ഗവൺമെന്റാണ് ഇതിപ്പോൾ ബി. ജെ. പി. ഗവൺമെന്റും തുടർച്ചയായി നടപ്പിലാക്കി വരുമ്പോൾ നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ അന്നു ഞങ്ങൾ പറഞ്ഞത് ശരിയാണെന്ന്. അന്ന് ഞങ്ങൾ പറഞ്ഞത് ശരിയാണെന്ന് മനസ്സിലായില്ലേ? അതുപോലെതന്നെ സബ്സിഡിയെ സംബന്ധിച്ച് കോൺഗ്രസിന്റെ പ്രകടന പത്രിക പറഞ്ഞത് എന്താണ്? The congress will ensure that only the poor and the needy have access to the public Distribution System. Poor and needy ആരാണ് നീഡി? Poorer or poorest ഏറ്റവും Poor അവർക്കു മാത്രമേ ഇത് തൊടാൻ പാടുള്ളൂ. വേറെ ആർക്കും പാടില്ല എന്നാണ്. നിങ്ങളുടെ പ്രകടന പത്രികയാണിത്. അല്ല എന്നു പറയാൻ തയ്യാറുണ്ടോ? ഇവിടെ ഇപ്പോൾ നടക്കുന്ന സാമ്പത്തികമായ തിരിച്ചടികളുടെ മൂഴുവൻ അടിത്തറ കോൺഗ്രസ് ഗവൺമെന്റ് ഒപ്പിട്ട ഗാട്ട് കരാറിന്റെ പ്രതിഫലനം തന്നെയാണ്. എന്നിട്ട് ഇപ്പോൾ പറയുകയാണ്. അപകടമാണ്, ഞങ്ങൾ ഇടത്തോട്ടു പോകുന്നില്ല. ഇടത്തോട്ടു പോയിട്ട് എന്താണ് കാര്യം? ഇടത്തോട്ട് പണ്ടേ പോയതാണ്. അപ്പോൾ ഇടതുപക്ഷജനാധിപത്യ മുന്നണിയോട് ചേർന്നു ഭരിച്ചതും അന്ന് തിരിച്ചു പോയതും ആണ്. ഇടത്തോട്ടു വന്നിട്ടു കാര്യമില്ല. ചെയ്ത കുറ്റം തെറ്റാണെന്ന് ഇപ്പോഴെങ്കിലും ബോധ്യം വരണം. ഈ ബി.ജെ.പി. ഗവൺമെന്റിന് ഇപ്പോൾ ഇത് ചെയ്യാൻ സൗകര്യം ചെയ്തു കൊടുത്തത് കോൺഗ്രസാണെന്നാണ് ഞാൻ പറയുന്നത്. കുരങ്ങന് മാവിന്മേൽ കയറി മാങ്ങ പറിക്കാൻ സൗകര്യം ചെയ്തു കൊടുത്തത് ആരാണ്? ഏണി വച്ചു കൊടുത്തത് കോൺഗ്രസ് അല്ലേ? കുരങ്ങൻ അവിടെനിന്നും പഴുത്ത മാങ്ങ തിന്നിട്ട് മാങ്ങയണ്ടി കൊണ്ട് ഏറു കൊള്ളുമ്പോൾ ഇവിടെ നിന്നു വിഷമിച്ചിട്ട് എന്താണ് കാര്യം? നിങ്ങൾ ഈ രാജ്യത്തോടു ചെയ്തിട്ടുള്ള സാമ്പത്തികമായ അനീതിയാണ് ഇന്ന് ഈ കുഴപ്പത്തിലെല്ലാം നമ്മുടെ രാജ്യത്തെ കൊണ്ടെത്തിച്ചിരിക്കുന്നത് എന്നാണ് ഞാൻ പറയുന്നത്. അതാണ് ഈ ബഡ്ജറ്റിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പുതിയ സാമ്പത്തിക വ്യവസ്ഥയിൽ നമുക്ക് വന്നുകൊണ്ടിരിക്കുന്ന ആപത്തിനെ കണക്കിലെടുത്തു കൊണ്ടേ പരിശോധിക്കാൻ സാധിക്കൂ എന്ന് ഞാൻ പറയാൻ കാരണം. പണ്ട് നമ്മൾ ചില പരിഷ്കാരങ്ങൾ കൊണ്ടുവരുമ്പോൾ അതിന്റെ താൽക്കാലികമായിട്ടുള്ള വിഷമങ്ങൾ നാം അനുഭവിക്കുമ്പോൾ അതിനെ എതിർത്തു പോന്നിട്ടുണ്ട്. ഒരുദാഹരണം, ട്രില്ലർ വച്ചു മെതിക്കുമ്പോൾ, ട്രാക്ടർ വച്ചു പൂട്ടുമ്പോൾ തൊഴിലാളിക്ക് നഷ്ടമുണ്ടായിപ്പോകുമത് എന്നു പറഞ്ഞിട്ടുണ്ടാകും. അതും ഇതും ഒരുപോലെയാണെന്നാണ് ബഹുമാനപ്പെട്ട ആന്റണി പറഞ്ഞത്. നമ്മൾ കമ്മ്യൂണിസ്റ്റുകാർ കൂറെ മാറിയിട്ടില്ലേ? നിങ്ങൾ കമ്പ്യൂട്ടറിനെ എതിർത്തതാണല്ലോ. ട്രില്ലറിനെ എതിർത്തതാണല്ലോ. ട്രാക്ടറിനെ എതിർത്തതാണല്ലോ. അതുപോലെയാണോ ഇപ്പോൾ നിങ്ങൾ സ്വീകരിക്കുന്നത്? അതുപോലെയാണോ ഇത്? നിങ്ങൾ ഗാട്ടു കരാർ ഒപ്പിട്ട് കൊണ്ടുവന്ന് സാമ്പത്തിക അടിത്തറ മാന്താൻ നടപടി സ്വീകരിച്ചുകൊടുക്കുക, അതുകൊണ്ട് ഏറുകൊണ്ട് തല പൊട്ടുമ്പോൾ അതിൽ നിന്നും തിരിഞ്ഞു പോകുക. ഞങ്ങളുടെ മാറ്റം പോലെയാണോ ഈ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റം? ഞങ്ങൾ മാറിയാൽ തിരിച്ചുവരാൻ സാധിക്കും. നിങ്ങൾക്ക് ഈ തെറ്റു തിരുത്താൻ സാധിക്കുമോ? എങ്ങനെയാണ് തെറ്റു തിരുത്തുന്നത്? ഗാട്ട് കരാർ വേണ്ട എന്നുപറയാൻ നിങ്ങൾക്കു സാധിക്കുമോ? നിങ്ങളല്ലേ ഒപ്പിട്ടു കൊടുത്തത്? അതിന്റെ ഫലമായി പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം തകർക്കുമെന്ന് പറഞ്ഞാൽ, റേഷൻ സമ്പ്രദായം നിർത്തലാക്കുമെന്ന് ശ്രീ. ഒ. രാജഗോപാൽ പറയുമ്പോൾ നിങ്ങൾക്ക് അതിൽ നിന്ന് മാറാൻ പറ്റുമോ? നിങ്ങൾക്ക് വേണ്ട എന്നുപറയാൻ പറ്റുമോ? ഇനി എങ്ങനെയാണ് മാറ്റുന്നത്? അപ്പോൾ അടിസ്ഥാനപരമായ, താൽക്കാലികമായ ചില അഭിപ്രായങ്ങൾ ഞങ്ങൾ പറഞ്ഞിട്ടുണ്ടാകും. ഒന്നായിട്ട് കമ്പ്യൂട്ടർ വന്നാൽ ലക്ഷക്കണക്കിനുള്ള തൊഴിലാളികൾ വെള്ളത്തിൽ ആകില്ലേ? അതുകൊണ്ട് പെട്ടെന്നു വേണ്ട എന്ന് പറഞ്ഞിട്ടുണ്ടാകും. അതിന് മറുവശം കാണുമ്പോൾ അത് തിരുത്തി അത് ശരിയാകുന്നിടത്തോളം ശരിയാണെന്നു പറഞ്ഞിട്ടുണ്ട്. അതും ഇതും ഒരു പോലെയാണെന്ന് ബഹുമാനപ്പെട്ട ആന്റണി കാണുകയുണ്ടായത്. ഈ തരത്തിലുള്ള സ്ഥിതിഗതികളുടെ അടിസ്ഥാനത്തിലാണ് നമ്മുടെ ഈ ബഡ്ജറ്റിനെ നമ്മൾ പരിശോധിക്കേണ്ടത്. കേന്ദ്ര ബഡ്ജറ്റ്, ഗാട്ട് കരാറിന്റെ അടിസ്ഥാനത്തിലുള്ള പുത്തൻ സാമ്പത്തിക നയം എന്ന ആഘാതത്തെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. അതുപോലെ കേന്ദ്ര ഗവൺമെന്റ് എന്തൊക്കെ കളിയാണ് ഇവിടെ കളിച്ചുകൂട്ടിയത്. ഈ കേന്ദ്ര ബഡ്ജറ്റിന്റെ തണലിൽ നിന്നുകൊണ്ടോ അതിന്റെ കീഴിൽ നിന്നുകൊണ്ടോ അല്ലാതെ സംസ്ഥാനത്തിന്റെ ബഡ്ജറ്റ് കൊണ്ടുവരാൻ പറ്റുമോ? റേഷൻ പഞ്ചസാരയ്ക്ക് വില ഉയരും. ആദായ നികുതിദായകർക്ക് റേഷൻ പഞ്ചസാരയില്ല. കമ്പ്യൂട്ടർ, ഔഷധം, ടെലികോം മേഖലയിൽ വൻ ആനുകൂല്യം. സിഗറ്റിന് വില ഉയരും. എക്സൈസ് നികുതിക്ക് ഏക നിരക്ക്, പുതിയ 25 ലക്ഷം വീടുകൾ അങ്ങനെ അടിസ്ഥാനപരമായി നമ്മെ ബാധിക്കുന്ന നിരവധി അപകടങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതെല്ലാം വച്ചുകൊണ്ടുള്ള ഒരു സാഹചര്യത്തിലാണ് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ചു പറയുമ്പോൾ, ഈ സാഹചര്യങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ട് നമ്മുടെ ബഡ്ജറ്റിന്റെ സ്ഥിതി എന്താണ്? നടപ്പു വർഷത്തെ അടങ്കൽ വികസന തുക 3250 കോടി രൂപയായിരുന്നു. കേന്ദ്ര ഗവൺമെന്റ് വിഹിതം തരേണ്ടത് 2117 കോടിയാണ്. ഇപ്പോൾ അറിയിച്ചിരിക്കുന്നത് 1556 കോടിയേ തരൂ എന്നാണ്. 531 കോടി രൂപ അവിടെ വെട്ടിച്ചുരുക്കി. ഈ ബഡ്ജറ്റ് അവതരിപ്പിച്ച സാഹചര്യമാണ് ഞാൻ പറഞ്ഞത്. ശമ്പള വർദ്ധനവിന്റെ പേരിൽ 149 കോടി രൂപ ഈ ഗവൺമെന്റിന് ഇപ്പോൾ അധികചെലവ് വന്നിട്ടുണ്ട്. റേഷൻ സബ്സിഡിക്ക് മുപ്പത്തിഒൻപതേ വകയിരുത്തിയിട്ടുള്ളുവെന്നാണ് പറയുന്നത്. റേഷൻ സബ്സിഡിക്ക് വരുന്ന മുഴുവൻ ബാധ്യതയും ഏറ്റെടുത്തുകൊണ്ട് ഒരിക്കലും വില മാറ്റമില്ലാതെ വിതരണം ചെയ്യുമെന്ന് ഈ അസംബ്ലിയുടെ വേദിയിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കണക്കിലെടുത്തുകൊണ്ടാണ് ഈ ബഡ്ജറ്റ് കാണേണ്ടത്. ഈ സഹാചര്യങ്ങളൊക്കെ വിലയിരുത്തുമ്പോൾ ശമ്പള വർദ്ധനവിന്റെ കാര്യത്തിൽ 149 കോടിരൂപ കൊടുത്തുവെന്ന് പറഞ്ഞല്ലോ. ഇനി 10 കോടി രൂപ ഡി.എ. കൊടുക്കാൻ ചെല

LIBRARY ARCHIVES Kerala Legislative Assembly

വഴിക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യങ്ങളെ വിലയിരുത്തികൊണ്ട് ഇതിലപ്പുറം ഒരു നല്ല ബഡ്ജറ്റ് എങ്ങനെ അവതരിപ്പിക്കാനാണ്? ഇലയ്ക്കും മുള്ളിനും കേടുപറ്റാത്ത വിധത്തിലാണ് ബഹുമാനപ്പെട്ട ശിവദാസമേനോൻ പോയത്. അപ്പോഴാണ് നിങ്ങൾ പറയുന്നത് തെരഞ്ഞെടുപ്പിന് പറ്റിയ ബഡ്ജറ്റാണെന്ന്. തെരഞ്ഞെടുപ്പിന് പറ്റുമെന്ന് നിങ്ങൾ പറഞ്ഞപ്പോഴാണ് മനസ്സിലായത്. തെരഞ്ഞെടുപ്പിനു പറ്റിയ ഒരു സാധനമാണ് ഈ ബഡ്ജറ്റെന്ന് നിങ്ങൾ പറഞ്ഞപ്പോഴാണ് മനസ്സിലായത്. ഇതിൽ നല്ല കാര്യങ്ങളുണ്ട്. നിങ്ങൾ പറഞ്ഞതാണ്. തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചതെന്ന് നിങ്ങൾ പറഞ്ഞതാണ്. ഞങ്ങൾക്ക് തെരഞ്ഞെടുപ്പിനെ കാണേണ്ട ആവശ്യമില്ല. ഞങ്ങൾ നിഷ്കളങ്കമായിട്ട് പോവുകയാണ്. ഞങ്ങൾ നേട്ടങ്ങൾ തുറന്നുകാണിച്ചുകൊണ്ടുതന്നെ. ഞങ്ങൾ പ്രത്യേക യോഗമൊക്കെ കൂടിയിട്ട് ചർച്ച ചെയ്യുന്നുണ്ടല്ലോ. എന്തുപറ്റി നിങ്ങൾക്ക്? ഏതോ നബി വന്നുവെന്നൊക്കെ പറഞ്ഞല്ലോ. തെരഞ്ഞെടുപ്പിന് പോകേണ്ട ഗതികേടിന് ആലോചന നിങ്ങൾ എന്നാണ് തുടങ്ങിയത്? ഞങ്ങൾ ആലോചന തുടങ്ങിയില്ലല്ലോ. ഗുലാം നബി ആസാദ് വന്ന്... എന്താണ് ഗുലാം നബി ആസാദ് യോഗത്തിലെടുത്ത തീരുമാനമെന്ന് അറിയാമോ? ഞാൻ രാഷ്ട്രീയം പറയണ്ടായെന്ന് വിചാരിച്ചതാണ്. അവസരം കിട്ടിയപ്പോൾ പറഞ്ഞുപോയതാണ്. ബി.ജെ.പി.യുമായി ഇനി സഖ്യമില്ല, കെ.പി.സി.സി.ക്ക് എപ്പോഴാണ് ബി.ജെ.പി. യുമായിട്ട് സഖ്യമുണ്ടായത്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ സഖ്യങ്ങളുമായും ബി.ജെ.പി.യുമായും ഇനി ബന്ധമില്ല. ബന്ധം വേർപ്പെടുത്തും. അപ്പോൾ ബന്ധമുണ്ടായിരുന്നോ? ഇടതുമുന്നണിയിലെ ഘടകകക്ഷികളും ബി. ജെ. പിയുമായി പ്രാദേശികതലത്തിൽ എവിടെയെങ്കിലും കോൺഗ്രസുകാർ കൂട്ടുകെട്ടോ, ധാരണയോ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതൊക്കെ അവസാനിപ്പിക്കുമെന്ന്. അപ്പോൾ ഉണ്ടാക്കിയിട്ടുണ്ടോ? പിന്നെ എന്താണ് പറയുന്നത്? അത് മനോരമയിൽ വന്നതാണ്. മനോരമയിൽ മാത്രമല്ല, മാതൃഭൂമിയിലുമുണ്ട്. നിങ്ങൾ കൊടുത്തതായിരിക്കും ഇത്. പല ഗ്രൂപ്പുണ്ടല്ലോ. ഏതു ഗ്രൂപ്പാണ് കൊടുക്കുക എന്നറിയില്ല. പണ്ടേ അറിയാമല്ലോ. ഐക്യജനാധിപത്യ മുന്നണിക്ക് പുറത്ത് പ്രാദേശിക താൽപര്യത്തിൽപോലും, കോൺഗ്രസ് മറ്റ് കക്ഷികളുമായി കൂട്ടുകെട്ടുണ്ടാക്കരുതെന്ന് കെ.പി.സി.സി. നിർവാഹക സമിതി. അപ്പോൾ നിങ്ങളും ബി.ജെ.പി.യുമായിട്ട് കൂട്ടുകെട്ടുണ്ടായിരുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്രാദേശികാടിസ്ഥാനത്തിൽപോലും എന്നുപറഞ്ഞാൽ വല്ല വായനശാലയോ ക്ലബ്ബോ, അതിൽ നിങ്ങളെയും വിശ്വസിക്കാൻ പറ്റുകയില്ല. അവരെയും വിശ്വസിക്കാൻ പറ്റുകയില്ല. അതുപോലും പാടില്ലായെന്നാണ് പറയുന്നത്. മനസ്സിലായോ? അതുകൊണ്ടാണ് പ്രാദേശികാടിസ്ഥാനത്തിൽ പോലും പാടില്ലായെന്നു പറയുന്നത്. വല്ല ക്ലബ്ബാണെങ്കിലും ബി.ജെ.പി. ക്കാർ മിസ്ഗൈഡ് ചെയ്യും, നിങ്ങളെപ്പോലെതന്നെ. അതുകൊണ്ട് രണ്ടു കൂട്ടരെയും പാടില്ല. സി.പി.ഐ., ആർ.എസ്.പി.-യൊക്കെ ആണെങ്കിൽ ഞങ്ങൾ ക്ലബ്ബിലും വായനശാലയിലുമൊക്കെ കൂടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ : അപ്പോൾ ബഹുമാനപ്പെട്ട ആര്യാടാ, വായനശാലയിലുമൊക്കെ ഉണ്ട് അല്ലേ? അതുശരി. എനിക്കിത് തിരിയുകയില്ല. ഞാൻ പോന്നിട്ട് കാലം കുറെയായി. ഞാൻ അവിടെനിന്ന് പോന്നിട്ട് കാലം കുറെയായി. നിങ്ങൾ ബി. ജെ. പിയുമായിട്ട് ചങ്ങാത്തം കൂടുന്നത്....

ശ്രീ. ജി. കാർത്തികേയൻ : പത്രത്തിൽ വന്നത് ശരിയാണ്. അതിൽ ഒരു കാര്യമുണ്ട്. ഇന്നലെ കെ. പി. സി. സി മീറ്റിംഗ് (കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി) കഴിഞ്ഞ് ഔദ്യോഗികമായി പത്രസമ്മേളനം നടത്തുന്നത് കെ.പി.സി.സി. പ്രസിഡന്റാണ്. യോഗത്തിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ഗുലാം നബി ആസാദിന്റെ പത്രസമ്മേളനം നടന്നതേയുള്ളൂ. ഇന്ന് പത്രങ്ങളിൽ വന്നിരിക്കുന്ന വാർത്ത.... പത്രങ്ങളിൽ വന്നത് ശരിയാണ്. കെ. പി. സി. സി. യോഗ തീരുമാനമോ, തീരുമാനിച്ച കാര്യമോ ഔദ്യോഗിക മായി പ്രഖ്യാപിച്ചതല്ല.

ശ്രീ. ടി. കെ. ഹംസ : അത് അങ്ങ് കെ.പി.സി.സി. യുടെ വൈസ് പ്രസിഡന്റ് എന്നുള്ള നിലയ്ക്ക് പറഞ്ഞതാണ്. ഞാൻ സമ്മതിച്ചു. ഇപ്പോൾ ആര്യാടൻ പറഞ്ഞതെന്താണ്. സംഗതി ശരിതന്നെയാണ്. വായനശാലയിലേയുള്ളുവെന്ന്. പക്ഷെ ഞങ്ങൾക്ക് കിട്ടിയ അറിവനുസരിച്ച് ഞങ്ങൾക്ക് ഇതൊക്കെ അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ എത്രപ്രാവശ്യം പറഞ്ഞു. മഞ്ചേശ്വരത്തും കാസർകോഡും, കാഞ്ഞങ്ങാടും, പുനലൂരിലുമൊക്കെയുള്ള നിങ്ങളുടെ സഖ്യങ്ങൾ... അതവിടിരിക്കട്ടെ, ഇപ്പോൾ കൊടകരയിലെ കാര്യമല്ല പറയുന്നത്. കോൺഗ്രസ് ബി. ജെ. പി. സഖ്യം വേർപെടുത്തുന്നുവെന്ന്... ശ്രീ.ബാബു കുഴപ്പമുണ്ടാക്കണ്ട, ശ്രീ. ബാബുവിന് വേണമെങ്കിൽ ഞാൻ വഴങ്ങിത്തരാം. മാന്യമായിട്ട് ചോദിക്ക് ഞാൻ വഴങ്ങുമല്ലോ. സംസാരിക്കാൻ സമ്മതിക്കാത്ത രീതിയിൽ ബഹളംകൂട്ടൽ... അന്തസ്സില്ലാതെ പെരുമാറരുത്.

ശ്രീ. കെ. ബാബു : അങ്ങ് കോൺഗ്രസ്/ബി. ജെ. പി സഖ്യങ്ങളെ, പഞ്ചായത്തുകളെക്കുറിച്ച് പറഞ്ഞല്ലോ. കൊടകര പഞ്ചായത്തിൽ ബി.ജെ.പി.-യുടെ ഒരു മെമ്പർ മാർക്സിസ്റ്റ് പാർട്ടിയിൽ ഒരുമിച്ചാണ് ഭരിക്കുന്നത്. ആ കാര്യം ശ്രീ. കെ. പി. രാജേന്ദ്രനോട് ചോദിച്ചാൽ പറയും. തിരുവനന്തപുരം കോർപ്പറേഷനിലും നിങ്ങൾ ഒരുമിച്ചാണ് ഭരിക്കുന്നത്.

ശ്രീ. ടി. കെ. ഹംസ : അത് ഞാൻ ചോദിച്ചോളാം, മനസ്സിലാക്കിക്കോളാം, ഞാൻ ഒരുകാര്യം പറയട്ടെ. നിങ്ങൾ ഈ മുന്നണിയിലെ കളരിക്ക് അപ്പുറം ചാടിയിട്ടുള്ള കളി ഇന്നും ഇന്നലെയും തുടങ്ങിയതാണോ? ഈ കളരിക്ക് അപ്പുറത്തു കയറിയുള്ള കളി ഇന്നും ഇന്നലെയും തുടങ്ങിയതാണോ? 1970 ശ്രീ. ആര്യാടന് ഓർമ്മില്ലേ? ഐക്യ ജനാധിപത്യമുന്നണിയിലെ ലീഗിന്റെ സ്ഥാനാർത്ഥിക്കെതിരായി 12 മണ്ഡലങ്ങളിൽ നിങ്ങളല്ലേ ആളെ നിർത്തിയത്? ഞാൻ ചരിത്രം പറഞ്ഞു തരാം. എന്നെക്കൊണ്ടാവില്ല എന്നുപറഞ്ഞാൽ ഞാൻ മാത്രമേ മറുവശം പോയിട്ടുള്ളൂ. ഞാൻ മുന്നണി തീരുമാനത്തിൽ ഉറച്ചുനിന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് മുസ്ലീം ലീഗിന്റെ 9 സ്ഥാനാർത്ഥികൾക്കെതിരായി മലപ്പുറത്ത് സ്ഥാനാർത്ഥികളെ നിർത്തി. ശ്രീ. കുഞ്ഞാലിക്കുട്ടി അത് മറന്നോ?

LIBRARY ARCHIVES Kerala Legislative Assembly

അച്ചൻപാട്ടു കുഞ്ഞാലിക്കുട്ടി, തിരൂരങ്ങാടി, ഗോവിന്ദൻകുട്ടി പൊന്നാനി, ഞാൻ ആളെ മുഴുവൻ പറഞ്ഞുതരണോ? കെ. എ. മൂസാജി മലപ്പുറം. ശ്രീ. ആര്യാടാ നിങ്ങൾ ഒരിക്കലും വിശ്വസിച്ചിടത്ത് നിന്നിട്ടില്ല. തെളിയിക്കാൻ ആധാരമെഴുതിയ രജിസ്ട്രാറൊക്കെ പഞ്ചായത്തിൽപോയി ലൈസൻസ് നോക്കിയിട്ടല്ല ആളെ മത്സരിപ്പിച്ചത്. കള്ളക്കളി കളിച്ചുവെന്നാണ് പറയുന്നത്. ഐക്യജനാധിപത്യ മുന്നണിയിൽ ലീഗിന് ആലോട്ട് ചെയ്തിട്ടുള്ള പൊന്നാനി സീറ്റിലും കൊണ്ടോട്ടിയിലും തിരൂരങ്ങാടിയിലും ആര്യാടനാണ് സ്ഥാനാർത്ഥികളെ നിർത്തിയത്. മണ്ണാർക്കാട് ആരാണ് നിർത്തിയത്. ഞാൻ പഴയ ചരിത്രമൊന്നും പറയുന്നില്ല. കോൺഗ്രസ്സും ഇന്ദിരാഗാന്ധിയും തളർന്ന് തകർന്നുവീണപ്പോൾ നിങ്ങൾ കോൺഗ്രസിനെ പുറംകാലുകൊണ്ട് ചവുട്ടിയിട്ട് ഇടതുപക്ഷ ജനാതിപത്യ മുന്നണിയിൽ പോയിട്ടില്ലേ. നിങ്ങളെ വിശ്വസിക്കാൻ പറ്റുമോ? ഈ കമ്മ്യൂണിസ്റ്റ് വിരോധം പറയുന്ന നിങ്ങൾക്കറിയില്ലേ. കോൺഗ്രസിനെ പിടിച്ച് എഴുന്നേൽപ്പിച്ച് ആ സ്ഥിതിയിൽ എത്തിച്ച ഇന്ദിരാഗാന്ധി തോറ്റുപോയി. തളർന്നുവീണസമയത്ത് കത്തിയും കല്ലും കയറ്റിവച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ മന്ത്രിയായ ആളല്ലേ നിങ്ങൾ? ആരാണ് നിങ്ങളെ വിശ്വസിക്കുന്നത്? ഗുലാം നബി ആസാദല്ല, അതിലപ്പുറത്തെ നബി വന്നാൽ വിശ്വസിക്കുമോ? ഗുലാം നബി ആസാദ്, വരാൻ കണ്ടൊരു.... അവസാനകാലത്ത് എന്താണ് ചെയ്യുക.... പിന്നെ ഞാൻ പറഞ്ഞതിന്റെ അർത്ഥം നല്ല നല്ല നേതാക്കളുടെ പാർട്ടിയായിരുന്നു കോൺഗ്രസ്. ഇത് ആ തരത്തിൽ വരികയില്ല എന്നുള്ളതുകൊണ്ട് പറഞ്ഞുപോയതാണ്. നിങ്ങൾക്ക് വലിയ ആളാണെങ്കിൽ ഞാൻ ബഹുമാനിക്കാം. വിരോധമില്ല. ഞാൻ പറഞ്ഞത് നിങ്ങൾ ഇപ്പോൾ ഗുലാം നബിയെ കൊണ്ടുവന്ന് ചർച്ച ചെയ്ത്. ബി. ജെ. പി.-യുമായിട്ടുള്ള ബന്ധം വേർപെടുത്തിക്കൊള്ളാമെന്ന് ആർക്ക് ഉറപ്പുകൊടുക്കാനാണ്. മലയാള മനോരമ എഴുതിയതാണ് ഞാൻ വായിച്ചത്. ഏപ്രിൽ 6-നുമുൻപ് ഇത്തരം സഖ്യം അവസാനിപ്പിക്കാനാണ് എ.ഐ.സി. സി. ജനറൽ സെക്രട്ടറി ഗുലാം നബിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലുണ്ടായ തീരുമാനം.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി): നമ്മൾ ബി.ജെ.പി. ബന്ധത്തെക്കുറിച്ചൊക്കെ അധികം ഗവേഷണത്തിനു പോകണോ? എല്ലാ ബുധനാഴ്ചയും അദ്വാനിയുടെയും വാജ്പേയിയുടെയും കൂടെ അത്താഴമുണ്ടു കൊണ്ടിരുന്ന നിങ്ങളല്ലേ (വി. പി. സിംഗ് ഗവൺമെന്റിന്റെ കാലത്ത്), ഇൻഡ്യാ രാജ്യത്ത് എത്രയോ പ്രാവശ്യം ബി. ജെ. പിയുടെയും ജനസംഘത്തിന്റെയും കൂടെനിന്ന് കേരളത്തിൽ കെ.ജി. മാരാർക്ക് വോട്ടു പിടിച്ചവരല്ലേ നിങ്ങൾ... എന്തിനാണ് ആവശ്യമില്ലാത്ത കാര്യങ്ങൾ പറയുന്നത്?

ശ്രീ. ടി. കെ. ഹംസ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എല്ലാ ആദരവും എനിക്കുണ്ട്. പക്ഷെ അങ്ങ് ഇങ്ങനെയൊക്കെ ചരിത്രം പറഞ്ഞാൽ.. ഇത് മിനിഞ്ഞാന്ന് കഴിഞ്ഞ കഥയാണ്. നിങ്ങളുടെ കക്ഷി മുന്നണിയിൽ എവിടെയോ പോറലുണ്ട് എന്നു കണ്ടിട്ട് ചെപ്പടിവിദ്യ കഴിഞ്ഞപ്പോൾ... അത് വിശദീകരിച്ചാൽ... പഴയ ചരിത്രം വേണമെങ്കിൽ എത്രയോ പ്രാവശ്യം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതാണ്. അടിയന്തിരാവസ്ഥയ്ക്ക് അടി കൊണ്ടപ്പോൾ ജയിലിൽ നിന്ന്... അതിനെക്കുറിച്ചൊക്കെ ഇ.എം. എസ്. തന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതിൽ എന്താണ് ഇത്ര ബേജാറ്? അടി കൊള്ളുമ്പോൾ മനുഷ്യന്... അതല്ല ഞാൻ പറഞ്ഞത്. ഞാൻ ചോദിക്കുന്നത് ഗുലാം നബിയെ കൊണ്ടുവന്ന് ഈ മാതിരി ചർച്ച നടത്തിയാൽ.. എന്താണ് നിങ്ങൾക്കു പറ്റിയത്? ആരും നിങ്ങളെ വിശ്വസിക്കുന്നില്ല എന്ന തോന്നൽ നിങ്ങൾക്കുണ്ടോ? വിശ്വസിക്കാൻ വേണ്ടി ബി.ജെ.പി.യെ ഞങ്ങൾ വിട്ടോളാം എന്ന് പറയുമ്പോൾ ആർക്കാണ് കുഴപ്പം? 6-ാം തീയതിക്കു മുൻപ് വിട്ടോളാമെന്നാണ് നിങ്ങൾ പറഞ്ഞത്. എന്നിട്ട് സാധിക്കുമോ? നിങ്ങൾക്ക് വിടാൻ സാധിക്കുന്നില്ല. നിങ്ങളുടെ ബന്ധങ്ങളും എനിക്കറിയാം. ബന്ധമില്ലെങ്കിൽ വിടണമെന്ന് പറയണോ ? ഇവിടെ കെ.പി.സി.സി.യുടെ തീരുമാനം വിശദീകരിച്ച പത്രം 'മലയാള മനോരമ' നിങ്ങൾ നിഷേധിക്കുന്നു. ഞങ്ങൾ നിങ്ങളെ വിടുകയില്ല.. ഈ പ്രമാണങ്ങൾ പറഞ്ഞതൊക്കെ നിങ്ങൾ തന്നെയാണ്. ആദ്യം ഇവിടെനിന്നും സൗകര്യപൂർവ്വം മാറലാണ്. ബി. ജെ. പിയുമായുള്ള ബന്ധം ഞങ്ങൾ 6-ാം തീയതിക്കുമുമ്പ് വിട്ടോളാം എന്നു പറയുമ്പോൾ എന്തോ കുഴപ്പം ഉണ്ട് എന്നല്ലേ അതിന്റെ അർത്ഥം? ഈ സാഹചര്യത്തിൽ അവർക്ക് ഇവിടെ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. ഇൻഡ്യാ രാജ്യത്ത് അധികാരത്തിൽ തിരിച്ചു വരുന്ന കാര്യം ഇനി പ്രതീക്ഷിക്കണ്ട. ബീഹാറിൽ 22 പേരാണ് ഇവരുടെ മന്ത്രിമാരായിട്ടുള്ളത്. നിങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ? നിങ്ങളുടെ പത്തുമുപ്പതു ആളുകളെ മന്ത്രിയാക്കിത്തരാമെന്ന് പറഞ്ഞാൽ നിങ്ങൾ എവിടെയാണ് പോകാത്തത്? അതുകൊണ്ടുതന്നെയാണ് നിങ്ങളെ വിശ്വസിക്കാത്തത്. എഴുപതിലെ അനുഭവം വച്ചിട്ട്. തുടർന്നുള്ള ഓരോ ഘട്ടവും നിങ്ങൾ സ്വീകരിച്ചിട്ടുള്ള അതിക്രമങ്ങൾ, യഥാർത്ഥ കോൺഗ്രസ്സുകാർക്ക് നിങ്ങളെ വിശ്വാസമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. ടി. കെ. ഹംസയെ മാർക്സിസ്റ്റ് പാർട്ടി വിശ്വസിക്കുന്നതുപോലെയല്ല.

ശ്രീ. ടി. കെ. ഹംസ : ഞാൻ കോൺഗ്രസ്സുമായിട്ടുള്ള എല്ലാ ബന്ധവും വേർപ്പെടുത്തി കമ്മ്യൂണിസ്റ്റുകാരുടെ കാലുപിടിച്ചിട്ടാണ് അംഗത്വം സ്വീകരിച്ചത്. നിങ്ങളുടെ പാർട്ടിയിൽ ഒരു തീരുമാനം എടുത്തിട്ട് വഞ്ചിക്കുവാൻ വന്നതല്ല. ഒരു സംശയവും വേണ്ട. അവസരവാദികളായ, പിന്നിൽനിന്നു കുത്തുന്ന കോൺഗ്രസ്സുകാരോട് പ്രതികാരം ചോദിക്കാൻ തന്നെയാണ് ഹംസ വന്നത്. സംശയം വേണ്ട.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആ പർപ്പസ് കഴിഞ്ഞില്ലേ? അതൊക്കെ ചോദിച്ചു കഴിഞ്ഞില്ലേ?

ശ്രീ. ടി. കെ. ഹംസ : അതു ചോദിച്ചു കഴിഞ്ഞു. നിങ്ങളുടെ ശ്രീ. കെ. കരുണാകരന്റെ മുമ്പിൽ മന്ത്രിയായിട്ട് ഈ നിയമസഭയിൽ ഇരുന്നു. ഇനിയും കഴിഞ്ഞിട്ടില്ല. അവസാനം നിങ്ങളുടെ കോൺഗ്രസിനെ ഉറിയിൽ കെട്ടിത്തുക്കുന്നതുവരെ ഈ പോരാട്ടം തുടരും. നിങ്ങൾക്ക് അതിൽ സംശയമുണ്ടോ? സംശയം ഒന്നും വേണ്ട. അതുകൊണ്ട് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് പഴയ വാർത്തമാനം ഒന്നും പറയേണ്ട. ഇപ്പോൾ ഇവിടെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരുമ്പോൾ ബി.ജെ.പി. യുമായിട്ടുള്ള ബന്ധം വിടും എന്നുള്ള തീരുമാനം, അപ്പോൾ ബന്ധം ഉണ്ടായിരുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കുവാൻ നിർബന്ധിതരായി എങ്കിൽ അതിനു ഞങ്ങളെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഈ സ്ഥിതിഗതികളൊക്കെ വച്ചുകൊണ്ടാണ് ഇവിടെ ശ്രീ. ടി . ശിവദാസമേനോൻ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഇവിടെ ശ്രീ. എം. കെ. മുനീർ പറഞ്ഞ ഒറ്റകാര്യം ഞാൻ ഓർക്കുകയാണ്. റവന്യൂ കമ്മി കുറച്ചു ജാസ്തിയായി എന്ന് അദ്ദേഹം പറഞ്ഞു. വേറെ ഒന്നുമില്ല. അതു എന്തു കൊണ്ടാണെന്ന് അറിയാമോ? പഞ്ചായത്തിനു കൊടുക്കുന്ന ഗ്രാന്റ് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് അനുസരിച്ച് അതു ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റാണ് അതു റവന്യൂ കമ്മിയിലാണ് വരുക. റവന്യൂ എക്സ്പെന്റിച്ചറായിട്ടാണ് കാണുന്നത്. അതു നാലു കൊല്ലത്തേക്ക് വരുമ്പോൾ റവന്യൂ കമ്മി കൂടും.

ശ്രീ. ആര്യാടൻ മുഹമ്മദ് : നാലു കൊല്ലത്തേയ്ക്കല്ല കണക്കാക്കുക, അത് ശിവദാസമേനോൻ ഇവിടെ പറഞ്ഞതാണ്. ഒരു കൊല്ലത്തേതാണ് റവന്യൂ കമ്മി കണക്കാക്കുക. 1999-2000 -ത്തിൽ നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നത് 2,230 കോടി രൂപയാണ്, 2400 കോടിരൂപ കഴിഞ്ഞു എന്നു പറയുന്നു. അതിൽ ജനകീയാസൂത്രണത്തിനുള്ള പണം മൈനസ് ചെയ്താൽ ആയിരം കോടിയുടെ താഴെയാണ്. നിങ്ങളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് 783 കോടിരൂപ യാണ്. അതിൽ 2,400 കോടിരൂപ കട്ടുചെയ്താൽ 1700 കോടിരൂപയാണ്. അങ്ങൾ 402 കോടിയായിട്ടാണ് നിങ്ങളെ ഏല്പിച്ചത്. ആ പറയുന്ന കണക്ക് ശരിയല്ല. അങ്ങനെയാണെങ്കിൽ ഓരോ കൊല്ലത്തേതും വേറെവേറെ ആണ്. അത് എടുത്തു നോക്കൂ. അങ്ങനെയാണെങ്കിൽ നാലു കൊല്ലത്തെ വേറെയാണ്. ശ്രീ. ശിവദാസമേനോൻ പറയട്ടെ.

ശ്രീ. ടി. കെ. ഹംസ : അതു ശ്രീ. ശിവദാസമേനോനോട് ചോദിക്ക്. ശ്രീ. ആര്യാൻ മുഹമ്മദ് പ്രസംഗിക്കുകയല്ല വേണ്ടത്. ചോദ്യം ചോദിക്കൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങനെയാണെങ്കിൽ നാലുകൊല്ലത്തെ റവന്യൂ കമ്മി എടുത്ത് കൂട്ടി 2900 മൈനസ് ചെയാൽ തന്നെ മൂവായിരത്തിനു മീതെവരും ആ പറയുന്ന കണക്ക്.

ശ്രീ. ടി. കെ. ഹംസ : ചോദ്യം ചോദിക്കാം, പക്ഷെ പ്രസംഗിക്കുവാൻ പാടില്ല. ഞങ്ങൾ ചർച്ച ചെയ്ത് ഇവർ ബഡ്ജറ്റിൽ ബാക്കിയാക്കി എന്നു പറയുന്നത് 400 കോടി രൂപ കരാറുകാർക്ക് കൊടുക്കുവാനുള്ള ബാക്കി, വികലാംഗ പെൻഷൻ കൊടുക്കാതെ, വിധവാ പെൻഷൻ കൊടുക്കാതെ, റേഷൻ സബ്സിഡി കൊടുക്കാതെ, കൊടുക്കാനുള്ള കാലത്തൊക്കെ ബാപ്പാക്ക് ഓർമ്മ കിട്ടും എന്നു പറയുക എന്നിട്ട് കിട്ടാനുള്ളതു ഒക്കെ കണക്ക് കൂട്ടിയിട്ട് ബാക്കി എന്നു പറയുക ഇതാണല്ലോ നിങ്ങളുടെ ബഡ്ജറ്റ്? ഞങ്ങളുടെ ബഡ്ജറ്റ് അതല്ല മുഴുവൻ കൊടുക്കാനുള്ളത് കൊടുക്കും എന്നു പറഞ്ഞിട്ടുള്ളതാണ്. കണക്കുകൊണ്ടുള്ള വ്യത്യാസം ശ്രീ. ശിവദാസമേനോന്റെ പ്രസംഗം വരുമ്പോൾ അങ്ങോട്ട് ചോദിക്കൂ. കണക്ക് അദ്ദേഹമാണ് പറയുന്നത്. ഞാൻ അതിന്റെ പൊതു വീക്ഷണമാണ് പറയുന്നത്. പൊതുവീക്ഷണം പറയുമ്പോൾ എത്ര നല്ല ബഡ്ജറ്റ്...

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : തെരഞ്ഞെടുപ്പിന് കൊള്ളാം

ശ്രീ. ടി. കെ. ഹംസ : സംശയമുണ്ടോ? തെരഞ്ഞെടുപ്പിനു പറ്റിയ സാധനമെന്ന് അവർ കണ്ടുപിടിച്ചതിനു സംശയമില്ല. അതുതന്നെ ഞങ്ങൾ പറ്റുമെന്ന് വിചാരിച്ചിട്ടുതന്നെയാണ് കൊണ്ടുവന്നത്. ദുർബല വിഭാഗങ്ങൾക്ക്, മത്സ്യത്തൊഴിലാളികൾക്ക്, വികലാംഗർക്ക്, വിധവകൾക്ക്, അംഗനവാടി ടിച്ചേഴ്സിന് എല്ലാപേർക്കും ഗുണകരമായ സ്ഥിതി ഈ ബഡ്ജറ്റിൽ ഉണ്ട്. റിസോഴ്സസും പരമാവധി കണ്ടുകൊണ്ട് തന്നെയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. നമ്മുടെ സാമ്പത്തിക വിദഗ്ദ്ധൻ ശ്രീ. കെ.എം. മാണിയെ ഇവിടെ കാണുന്നില്ല. കേരളം കുളം തോണ്ടിയത് ഇദ്ദേഹമല്ലേ; പലതവണ ധനകാര്യ മന്ത്രിയായിട്ടിരുന്ന് എന്തെല്ലാം കസർത്തുകളാണ് കളിച്ചിട്ടുള്ളത് ശ്രീ.ആര്യാടൻ മുഹമ്മദിന്റെ പിന്തുണയോടുകൂടി. ഒരിക്കൽ നിയമസഭയിൽ ശ്വാസംമുട്ടിയപ്പോൾ അദ്ദേഹം പറയുകയാണ് ഈ ബഡ്ജറ്റ് കമ്മിയെന്നും പറയാം, മിച്ചമെന്നും പറയാം. അങ്ങനെ ഒരു ബഡ്ജറ്റ് ലോകത്തുണ്ടോ? ഈ കേരളത്തിൽ കോൺഗ്രസ് ഐക്യ മുന്നണിയുടെ കൂടെ ചേർന്നുകൊണ്ട് ബഡ്ജറ്റ് അവതരിപ്പിച്ച് കേരളം കുളം തോണ്ടിയത് ശ്രീ. കെ.എം. മാണിയാണ്. അദ്ദേഹത്തിനോട് നേരിട്ട് ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തെ കാണുന്നില്ല. സാമ്പത്തിക രംഗത്തെ തകർച്ചയ്ക്ക് മുഴുവൻ കാരണവും ശ്രീ. കെ. എം. മണിയുടെ മിച്ചവും കമ്മിയുമായ ബഡ്ജറ്റാണ്. കൊടുക്കുവാനുള്ളത് കൂട്ടിയാൽ കമ്മി ബഡ്ജറ്റ്, കൊടുക്കാനുള്ളത് മൈനസ് ചെയ്താൽ മിച്ച ബഡ്ജറ്റ്. ഇത് ആർക്കാണ് അറിഞ്ഞു കൂടാത്തത്? അതിനുപ്രസംഗം വേണോ? ഈ തരത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള എല്ലാ തെറ്റുകുറ്റങ്ങളും ഇന്ന് നിങ്ങൾക്ക് തിരിച്ചെടുക്കാം. യാതൊരു സംശയവും വേണ്ട. അതുകൊണ്ട് ഈ ബഡ്ജറ്റ് ഈ കാലത്തെ ഏറ്റവും പ്രയോഗികവും സ്വീകാര്യവുമായ ബഡ്ജറ്റ് നിർദ്ദേശങ്ങളാണ്. ഇതിൽ പരമാവധി അംഗീകരിക്കുവാൻ കഴിയുന്നത് അംഗീകരിക്കൂ. തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാണിക്കുക. ഈ ബഡ്ജറ്റിനുവേണ്ടി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കേരളത്തിൽ മന്ത്രിമാർ ധാരാളം ഉണ്ടെങ്കിലും മുഖ്യമന്ത്രി ഒരാളാണ്. ചീഫ് വിപ്പും ഒരാളാണ്. കേരള ഗവൺമെന്റിനു വേണ്ടി ചീഫ് വിപ്പിന്റെ പ്രസംഗം. ഞാൻ എന്റെ പ്രസംഗത്തിലേയ്ക്ക് കടക്കുന്നതിനു മുമ്പ് എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ പറയുവാനുണ്ട്. ഇവിടെ ബി. ജെ. പി.-ക്കും സംഘ്പരിവാറിനും എതിരെ സ്വാതന്ത്ര്യ സമര കാലഘട്ടം മുതൽ ഈ നിമിഷം വരെ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പോരാട്ടത്തിന്റെ കഥയ്ക്ക്, അതിന്റെ ചരിത്രത്തിന് ആരുടെയും സാക്ഷിപത്രം വേണ്ട. അതാണ് ശ്രീ. ടി. കെ. ഹംസ പറഞ്ഞത്. ഞങ്ങൾ ബി. ജെ. പി.-യുമായിട്ടുള്ള ബന്ധം അവസാനിപ്പിക്കേണ്ട കാര്യം പറഞ്ഞു. ബി. ജെ. പി.-യുമായിട്ട് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനു ബന്ധമില്ലെന്ന് സാക്ഷിപത്രത്തിന്റെ ആവശ്യമില്ല. പത്രത്തിലെ ഒരു വാചകം അദ്ദേഹം ഇവിടെ പറഞ്ഞു. ഞാൻ ചോദിക്കട്ടെ,

അങ്ങ് കൂടി ജീവിക്കുന്ന തിരുവനന്തപുരം നഗരസഭയിൽ മാർക്സിസ്റ്റ് പാർട്ടിയുടെ മേയർ എങ്ങനെയണ് ഭൂരിപക്ഷത്തിലിരിക്കുന്നത്? ആലപ്പുഴയിൽ ശ്രീ. സോണികല്യാൺ നഗരസഭാ ചെയർമാൻ ബി. ജെ. പി. യുടെ പിന്തുണ കൊണ്ടാണ് അവിടെ ഇരിക്കുന്നത്. ഞങ്ങളുടെ പഴയ ഒരു നേതാവിന്റെ മകനാണ് അദ്ദേഹം. അതുകൊണ്ട് അങ്ങ് ഉദാഹരണങ്ങളിലേയ്ക്കും കഥയിലേയ്ക്കുമൊന്നും കടക്കരുത്. ഉദാരവൽക്കരണം കൊണ്ട് ഇൻഡ്യയുടെ സമ്പദ്ഘടനയിൽ മാറ്റം ഉണ്ടാക്കിയത് ഞങ്ങൾ വിശ്വസിക്കുന്നു. പക്ഷെ ഉദാരവൽക്കരണത്തിന് വ്യത്യാസമുണ്ട്. സ്വകാര്യവൽക്കരണവും സ്വകാര്യ പങ്കാളിത്തവും രണ്ടും രണ്ടാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, പോയിന്റ് ഓഫ് ഓർഡർ. തിരുവനന്തപുരം കോർപ്പറേഷനിൽ സി.പി.എം. മേയർ ബി.ജെ.പി.-യുടെ പിന്തുണയോടുകൂടിയാണ് ഇരിക്കുന്നതെന്ന് ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ച ആക്ഷേപം ഇവിടെ ബി.ജെ.പി യുടെ പിന്തുണ ഇല്ലാതെ എൽ.ഡി.എഫ്.-നു ഭൂരിപക്ഷമുണ്ട്. അതനുസരിച്ചാണ് സി.പി.എം. മേയർ ഇവിടെ ഭരിക്കുന്നത്. അതുകൊണ്ട് അങ്ങനെ പറഞ്ഞത് രേഖയിൽ ഉണ്ടാകുവാൻ പാടില്ല.

ശ്രീ. ജി. കാർത്തികേയൻ: അതിന്റെ യഥാർത്ഥ കളികളൊക്കെ ഞാൻ പറയണോ ശ്രീ. ആനത്തലവട്ടം ആനന്ദൻ; പറയേണ്ട കാര്യം ഇല്ലല്ലോ? നമുക്ക് എല്ലാപേർക്കും അറിയാം. സ്വകാര്യവൽക്കരണവും സ്വകാര്യ പങ്കാളിത്തവും രണ്ടും രണ്ടാണ്. ഞങ്ങൾ സ്വകാര്യ പങ്കാളിത്തത്തിന് എതിരല്ല. സ്വകാര്യവൽക്കരണത്തിന് എതിരല്ല. ഞങ്ങളുടെ കാലത്ത് ഉദാരവൽക്കരണം കൊണ്ടു വന്നപ്പോഴാണോ ഇവിടെ എയർപോർട്ടുകളും പോർട്ടുകളുമൊക്കെ പൂർണ്ണമായി സ്വകാര്യ മേഖലയ്ക്ക് കൊടുത്തത്? തിരുവനന്തപുരത്ത് വിഴിഞ്ഞം സ്വകാര്യ മേഖലയ്ക്ക് കൊടുത്തതിനെ ഞാൻ ക്ലബ് ചെയ്യുന്നതിനുവേണ്ടിയല്ല, കേന്ദ്രത്തിൽ കോൺഗ്രസ് ഭരിച്ചിരുന്ന കാലത്തു വന്ന സാമ്പത്തിക നയത്തിന്റെ തകരാറുകൾ ആണെങ്കിൽ പറഞ്ഞ വാചകങ്ങൾ ആവർത്തിക്കുന്നതിനുവേണ്ടി അല്ലെങ്കിൽ ഇവിടെ നിങ്ങൾക്കുകൂടി പിന്തുണ ഉണ്ടായിരുന്ന പ്രധാനമന്ത്രിമാർ ഉണ്ടായപ്പോൾ ഈ ഗാട്ടുകരാറിൽനിന്ന് നിങ്ങളുടെ പിന്തുണ പിൻവലിച്ചു കൂടായിരുന്നോ? നിങ്ങൾക്ക് വീണ്ടും ആവർത്തിക്കേണ്ടിവന്നിരിക്കുന്നു. നിങ്ങൾക്ക് പിന്തുണ പിൻവലിക്കാമായിരുന്നു. പിൻവലിച്ചില്ല. നിങ്ങളുടെ പിന്തുണയോടുകൂടിയായിരുന്നു ആ ഗവൺമെന്റ് ഭരിച്ചത്. മഹാനായ അയ്യൻകാളിയുടെ പ്രതിമ ഇരിക്കുന്നതിനു തൊട്ടപ്പുറത്ത് ബ്രിട്ടീഷ് ബാങ്കിന്റെ ശാഖ ഈ തിരുവനന്തപുരത്ത് വന്നത് ബി. ജെ. പി.-യുടെ അന്നത്തെ നേതാവിയിരുന്ന ധനകാര്യത്തിന്റെയും ബാങ്കിംഗിന്റെയും ചാർജുള്ള ശ്രീ.എം.പി. വിരേന്ദ്രകുമാർ മന്ത്രിയായിരുന്ന സമയത്താണ്. അതു നിങ്ങൾ ഓർക്കുക. നിങ്ങൾക്ക് വേണമെങ്കിൽ അന്ന് അതു പിൻവലിക്കാമായിരുന്നു. അതുചെയ്തില്ല. നിങ്ങളുടെ പ്രസംഗങ്ങളിൽ വേറുതേ ആരോപണം അടിച്ചേൽപ്പിക്കുകയാണ്. സർ, കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റുണ്ടാക്കിയ ആഘാതം ഞങ്ങൾ സമ്മതിക്കുന്നു. നമ്മുടെ വാർഷിക അടങ്കൽ പദ്ധതികളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും 531 കോടി രൂപയുടെ കുറവു വന്നു.. അതു സമ്മതിക്കുന്നു. വിവിധ മേഖലകളിൽ കേന്ദ്രബഡ്ജറ്റ് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ജീവിതഭാരം വർദ്ധിപ്പിക്കുന്നുവെന്നതും സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക ആഘാതവും ഞാൻ ഇല്ലെന്നു പറയുന്നില്ല. "എന്നാൽ വിദഗ്ദ്ധമായ ധനകാര്യമാനേജ്മെന്റും സുചിന്തിതമായ തീരുമാനങ്ങളും വിവേകപൂർവ്വമായ സമീപനവും കൊണ്ട് നടപ്പു സാമ്പത്തികവർഷം ഈ കമ്മി 141.46 കോടി രൂപ മാത്രമായി ചുരുക്കാൻ സാധിക്കുമെന്ന്" അങ്ങ് പ്രസംഗിച്ചിരുന്നു. ഞാൻ ഒരുപാട് കണക്കുകളിലേയ്ക്ക് പോകുന്നില്ല. അത്യാവശ്യകാര്യങ്ങൾ മാത്രമേ പയുന്നുള്ളൂ. ഇവിടെ കണാരേട്ടൻ കഴിഞ്ഞ പ്രാവശ്യം പ്രസംഗിച്ചപ്പോൾ പറഞ്ഞു, കണക്കിലെന്ത് അർത്ഥം? നാലും മൂന്നും ഏഴാണെന്ന് ആർക്കുമറിയില്ലേ? അതുകൊണ്ട് കണക്കു പറയേണ്ട എന്നു പറഞ്ഞിട്ട് അദ്ദേഹം കണക്കു പറഞ്ഞു. പണപ്പിരിവിനെതിരെ യോഗം സംഘടിപ്പിക്കുന്ന ആളുകൾ തന്നെ പണിപ്പിരിവു നടത്തും. അതുപോലെയാണ് അദ്ദേഹത്തിന്റെ പ്രസംഗം. കേരളത്തിൽ സ്ഫോടനാത്മകമായ ഒരു അന്തരീക്ഷം സമ്പദ്ഘടനയിൽ നിൽക്കുന്നു എന്നുള്ളത് പ്രതിപക്ഷം പറയുന്ന ആരോപണമാണോ? നമ്മുടെ നാട്ടിലെ സ്ഥിതി എന്താണ്? ഒരു ബഡ്ജറ്റ് എന്നു പറയുന്നതെന്താണ്? ഒരു ബഡ്ജറ്റിനെ വിലയിരുത്തുന്നതിൽ കമ്മി എത്ര കുറയ്ക്കാൻ കഴിഞ്ഞു എന്നത് ഒരു പ്രധാനപ്പെട്ട ഘടകമാണ്. പ്രത്യുത്പ്പാദനപരമായ മേഖലകളിലേയ്ക്ക് എന്തുകൊടുക്കാൻ കഴിഞ്ഞു; അധികവിഭവസമാഹരണം എത്ര നേടാൻ കഴിഞ്ഞു; നികുതിയേതര വരുമാനം എത്ര വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്നീ ഘടകങ്ങളും പ്രധാനപ്പെട്ടതാണ്. പ്രധാനപ്പെട്ട ഈ നാലു മേഖലകളിൽ നിന്നുകൊണ്ട് സംസാരിക്കുമ്പോൾ എന്താണ് കാണുന്നത്? നമ്മുടേത് ഒരു വികസനമേഖലയാണ്. നമ്മുടേതു പോലുള്ള സംസ്ഥാനങ്ങളിൽ അധികവിഭവസമാഹരണ സാധ്യതകൾ കുറവാണ്. കൂടുതൽ നികുതി ഏൽപ്പിക്കാൻ സാധ്യമല്ല. അധികമായ നികുതി ഏൽപ്പിക്കാതെയും മറ്റു വിഭവസമാഹരണ സാധ്യതയില്ലാതെയും കേരളം പോലുള്ള സംസ്ഥാനത്തിനകത്ത് നമുക്ക് സ്വീകരിക്കാവുന്ന ഏകമാർഗ്ഗമെന്ന് പറയുന്നതു ചെലവു കുറയ്ക്കൽ മാത്രമാണ്. ആർഭാടം കുറയ്ക്കൽ മാത്രമാണ്. ചെലവു കുറയ്ക്കാനും ആർഭാടം കുറയ്ക്കാനും ഈ ഗവൺമെന്റ് എടുത്തിട്ടുള്ള പ്രധാനപ്പെട്ട നടപടികളെന്താണ്? എന്തെങ്കിലുമുണ്ടോ? കേരളത്തിലെ ചില ബ്ലോക്ക് പഞ്ചായത്തുകളിലെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർക്ക് കഴിഞ്ഞ മൂന്നു-നാലു മാസങ്ങളായി അലവലൻസ് കിട്ടുന്നില്ല. ട്രഷറിയിൽ നിന്നും പണം മാറുന്നില്ല. ട്രഷറിയിൽ നിക്ഷേപിച്ച 495 കോടി രൂപ, അത് അന്നു നിക്ഷേപിച്ചപ്പോൾ അങ്ങ് ഇവിടെ പറഞ്ഞത് അത് നിക്ഷേപമാണെന്നാണ്. സഹകരണബാങ്കിൽ ലഭിക്കുന്ന പണമെന്നു പറയുന്നത് ട്രഷറിയിൽ നിക്ഷേപിക്കാനുള്ളതാണോ? പലിശ വാങ്ങാനുള്ളതാണോ? റൂറൽ ഇക്കോണമിയെ തകർത്തിരിക്കുന്നു. നമ്മുടെ നാട്ടിൻപുറങ്ങളിലെ ചെറുകിട കർഷകർക്കും കാർഷിക മേഖലയിലെ ആളുകൾക്കും വ്യവസായമേഖലയിലെ ആളുകൾക്കും ധനസഹായം കൊടുത്തുകൊണ്ട് സമ്പദ്ഘടന വളർത്തി വളരെ പുഷ്ടിപ്പെടുത്തി വളരുന്നതിനു വേണ്ടിയുള്ള സഹകരണ സമ്പദ്ഘടന, ആ സഹകരണ സമ്പദ്ഘടനയുടെ പണമെടുക്കുകയാണ്. പലിശ വാങ്ങിക്കാനാണോ

LIBRARY ARCHIVES Kerala Legislative Assembly

സഹകരണമേഖലകൾ? അങ്ങനെ റൂറൽ ഇക്കോണമിയെ തകർത്തിരിക്കുന്നു. അങ്ങു പറഞ്ഞത്, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ സ്വമേധയാ കൊണ്ട് നിക്ഷേപിച്ചതെന്നാണ്. അങ്ങനെ നിക്ഷേപിച്ചതാണെങ്കിൽ നിങ്ങൾ എന്തിനാണ് ഇപ്പോൾ വേവലാതിപ്പെടുന്നത്? റിസർവ് ബാങ്കിന്റെ ഡയറക്ഷൻ വന്നപ്പോൾ നിങ്ങൾ വേവലാതിപ്പെടേണ്ട കാര്യമെന്താണുള്ളത്? സഹകരണ ബാങ്കിലെ പണമെടുത്ത്, മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കേണ്ട പണമെടുത്ത് ട്രഷറിയിൽ നിക്ഷേപിച്ചാൽ മാത്രം മതിയോ? അങ്ങേയ്ക്ക് കണക്കുകളുടെ കസർത്ത് പറയാൻ കഴിയുമായിരിക്കും. കണക്കുകളല്ല ഇവിടെ പ്രധാനം. നമ്മുടെ സമൂഹം എവിടെ നിൽക്കുന്നു എന്നുള്ളതാണ്. കമ്മി കുറച്ചുകാണിക്കാൻ ഒരുപാട് കാര്യങ്ങൾ കാണിച്ചു. കണക്കുകളുടെ കഥ ഞാൻ പറയാം. പബ്ലിക് വർക്ക്സിന്റെ കാര്യം. എടുത്താൽ കരാറുകാർക്ക് പണം കൊടുക്കുന്നില്ല. 1998-99-ലെ സി ആന്റ് എ. ജി. റിപ്പോർട്ടിലെ കണക്കുകൾ മറച്ചുവച്ചതിന്റെ രണ്ടു - മൂന്നു ഉദാഹരണങ്ങൾ പറയാം. റവന്യൂവിൽ നിങ്ങൾ ഇരുപതുകോടി എൺപത്തിയെട്ടുലക്ഷം രൂപ ലാപ്സാക്കി. 330 കോടി രൂപ നിങ്ങൾ അതിനകത്ത് സറണ്ടർ ചെയ്തു. 20,88,09,401 രൂപ നിങ്ങൾ ലാപ്സാക്കി. മൂന്നു കോടി രൂപ നിങ്ങൾ സറണ്ടർ ചെയ്തു. ക്യാപിറ്റൽ എമൗണ്ട് ആറുകോടി രൂപ നിങ്ങൾ ലാപ്സാക്കി. ഒന്നര കോടി രൂപ സറണ്ടർ ചെയ്തു. അങ്ങു കണക്കുകൾ കേൾക്കുന്നുണ്ടോ? മെഡിക്കൽ ആന്റ് പബ്ലിക് ഹെൽത്തിൽ 67 കോടി രൂപ ലാപ്സാക്കി. 22 കോടി രൂപ സറണ്ടർ ചെയ്തു. ലേബർ ആന്റ് ലേബർ വെൽഫെയറിൽ 46 കോടി രൂപ ലാപ്സായി, 45 കോടി സറണ്ടർ ചെയ്തു. സഹകരണം, ആറരക്കോടി രൂപ ലാപ്സാക്കി, മൂന്നര കോടി രൂപ സറണ്ടർ ചെയ്തു. ഫുഡ് - 15 കോടി രൂപ ലാപ്സാക്കി, 15 കോടി രൂപയും സറണ്ടർ ചെയ്തു. ക്യാപ്പിറ്റൽ എമൗണ്ടിൽ ആറരക്കോടി രൂപ ലാപ്സാക്കി. ആരക്കോടി രൂപയും സറണ്ടർ ചെയ്തു. ഇത് സി.എ.ജി റിപ്പോർട്ടാണ്. കാർത്തികേയന്റെ റിപ്പോർട്ടല്ല. ഇങ്ങനെ പറഞ്ഞ് അവസാനം ഇൻഡസ്ട്രീസിൽ 59 കോടി രൂപ ലാപ്സാക്കി, 44 കോടി രൂപ സറണ്ടർ ചെയ്തു. അതിഭീകരമായ എമൗണ്ട് ഇതിനകത്തു വന്നിരിക്കുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. കൂടാതെ അഗ്രിക്കൾച്ചറുമുണ്ട്. അഗ്രിക്കൾച്ചറിൽ മണ്ഡരി, റബ്ബർ തുടങ്ങിയ പ്രശ്നങ്ങളൊക്കെയുള്ളതാണ്. അഗ്രിക്കൾച്ചറിൽ 41 കോടി രൂപ ലാപ്സാക്കി, 29 കോടി രൂപ നിങ്ങൾ സറണ്ടർ ചെയ്തു. ലാപ്സാക്കിയതിന്റെയും സറണ്ടർ ചെയ്തതിന്റെയും ഇത്രയും കണക്കുകൾ ഇവിടെയുണ്ട്. ലാപ്സാക്കിവരുന്ന തുക കൂട്ടിയാൽ നിലവിലുള്ള കേരളത്തിന്റെ കമ്മി എത്രയായിരിക്കും? കമ്മി കുറച്ചുകൊണ്ടുവന്നത് ധനകാര്യ മാനേജ്മെന്റിന്റെ മിടുക്കാണെന്നുള്ളതുകൊണ്ട് നിയമസഭയിൽ ധനകാര്യ വകുപ്പുമന്ത്രി കണക്കുകൾ മനഃപൂർവ്വം മറച്ചുവച്ചിരിക്കുന്നു. യഥാർത്ഥ കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ ശരിയായ ചിത്രം തരാൻ അങ്ങു തയ്യാറാണോ? അങ്ങ് അതു പറയണം. നിയമ സഭയിൽ കള്ളക്കണക്ക് അവതരിപ്പിച്ചിരിക്കുന്നത് ശരിയാണോ? യഥാർത്ഥത്തിൽ അങ്ങ് കഴിഞ്ഞ വർഷത്തെ കണക്കുകളെ മറച്ചുവച്ചുകൊണ്ട്, ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങു കുറച്ചുകൊണ്ടുവന്ന ബഡ്ജറ്റ് കമ്മി എന്നു പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ലെന്നു മാത്രമേ ഈ സന്ദർഭത്തിൽ ഞാൻ പറയുന്നുള്ളൂ. ഇതിനകത്ത് ആരാണ് ഉത്തരവാദി? ഒന്നുകിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് അല്ലെങ്കിൽ ശ്രീ. കെ. ഇ. ഇസ്മയിൽ, അല്ലെങ്കിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, അല്ലെങ്കിൽ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ അല്ലെങ്കിൽ ശ്രീ. കെ. രാധാകൃഷ്ണൻ. അതുമല്ലെങ്കിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പണം കൊടുത്തില്ല.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അങ്ങു പറയുന്ന ഫുഡ് സബ്സിഡിയുടെ കാര്യം കേൾക്കുമ്പോൾ സുഖമുണ്ട്. ഏതെങ്കിലും റേഷൻ കടകളിൽ ആർക്കെങ്കിലും അരി കിട്ടാത്ത ഒരു സാഹചര്യം വന്നോ? ഫുഡ് സബ്സിഡിയുടെ കുഴപ്പം വരുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ? അതിന്റെ അർത്ഥമെന്താണെന്നു വച്ചാൽ റേഷനരിയുടെ വില കേന്ദ്രം കൂട്ടുമ്പോൾ ഓഫ് ടേക്ക് കുറയും. അതുകൊണ്ടാണ് സബ്സിഡി കുറയ്ക്കുന്നത്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഫുഡ് ഡിപ്പാർട്ട്മെന്റ് എന്നു പറയുമ്പോൾ റേഷൻ കടകൾ മാത്രമല്ല, ഈ കണക്കുകൾ കള്ളമാണ്. റവന്യൂ കമ്മിയെക്കുറിച്ച് സഭയുടെ മുൻപിൽ രേഖാമൂലം ധനകാര്യവകുപ്പുമന്ത്രി തന്നിരിക്കുന്ന കണക്കുകൾ ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്. ഞാനൊരു ആരോപണവുമുന്നയിച്ചിട്ടില്ല. ബെറ്റർ ഫിനാൻഷ്യൽ മാനേജ്മെന്റ് എന്താണ്? സുതാര്യമായ, സുഖകരമായ അതോടൊപ്പം കഴിവു നിറഞ്ഞതാണ്. അത് ബെറ്റർ മാനേജ്മെന്റ് അല്ല. അതുകൊണ്ടാണ് ഞാനിതു പറഞ്ഞത്. നമ്മളിത് പാസ്സാക്കണമല്ലോ? ഇതു പാസ്സാക്കിക്കൊടുക്കുന്നത് എന്തിനു വേണ്ടിയാണ്?

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : കഴിഞ്ഞ പത്തു വർഷത്തെ കേരളത്തിലെ പദ്ധതിപ്രവർത്തനങ്ങളുടെ കണക്കെടുത്തു പരിശോധിച്ചാൽ ഇക്കഴിഞ്ഞ വർഷം ഉണ്ടായതുപോലെ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ, ഭക്ഷ്യം, കൃഷി, ഇലക്ട്രിസിറ്റി, എഡ്യൂക്കേഷൻ, വ്യവസായം, ലോക്കൽ ബോഡീസ് തുടങ്ങിയ ..... ലോക്കൽ ബോഡിയുടെ കണക്കു ഇവിടെ വായിച്ചില്ല. 400 കോടി രൂപയോളം ലാപ്സായി പോയിരിക്കുകയാണ്. വിദ്യാഭ്യാസത്തിന് 318 കോടി രൂപയാണ്. അങ്ങനെ കേരളത്തിന്റെ പത്തു വർഷത്തെ ചരിത്രത്തിൽ പ്ലാൻ എക്സ്പെൻഡിച്ചറിൽ മേജർ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിൽ, മേജർ സോഷ്യൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റുകളിൽ ഇത്രയേറെ പണം ലാപ്സായ, സറണ്ടർ ചെയ്ത ഒരു വർഷം കഴിഞ്ഞ സാമ്പത്തിക വർഷത്തെപ്പോലെ ഉണ്ടായിട്ടുണ്ടോ? അതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഭക്ഷ്യത്തിന്റെ കാര്യത്തിൽ ഒരു സറണ്ടറുമുണ്ടാകുന്നതല്ല. സബ്സിഡി കൊടുത്തുകൊണ്ടിരിക്കുന്നതാണ്. ആ സബ്സിഡി കൊടുക്കുന്നത് എങ്ങനെയാണെന്നു വച്ചാൽ ഓഫ് ടേക്കിനനുസരിച്ചേ സബ്സിഡി വരൂ. മാത്രമല്ല കേരളത്തിൽ ഇതിനേക്കാൾ കൂടുതൽ സറണ്ടർ ചെയ്യേണ്ടിവന്ന കേസ് ഞാൻ കാണിച്ചുതരാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതാണ് ശരി. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഏറ്റവും കൂടുതൽ തുക ചെലവാക്കാതിരുന്ന കാലം, ഏറ്റവുമധികം സറണ്ടർ ചെയ്ത കാലം ഇപ്പോഴാണ്. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. ധനകാര്യവകുപ്പുമന്ത്രി പറഞ്ഞ കണക്കുകൾ ശരിയല്ല. വളർച്ച നിരക്കിന്റെ കണക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി 18 ശതമാനമാണെന്നു പറഞ്ഞു. അതു ശരിയാണോ?.....

ശ്രീ. എ. കെ. ആന്റണി : സർ, ഏതായാലും ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി, അത്രയെങ്കിലും പറയാൻ തയ്യാറായി. മറ്റു മന്ത്രിമാരുടെ അഭിപ്രായമെന്താണ്?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഞാൻ മറ്റു കാര്യങ്ങൾ പറഞ്ഞില്ല. ഒരു കടയിലും റേഷനില്ലാത്ത അവസ്ഥയില്ല. റേഷന്റെ ഓഫ് ടേക്ക് കുറയുമ്പോൾ സ്പെൻഡിംഗ് കുറയും.

ശ്രീ. ജി. കാർത്തികേയൻ : ഞാൻ പറഞ്ഞത് അതാണ്. അങ്ങ് എന്തായാലും ഏറ്റു. അതിനു നന്ദി. ഒന്നുകിൽ അഡ്മിനിട്രേറ്റീവ് ഡിപ്പാർട്ടുമെന്റ്, അല്ലെങ്കിൽ മന്ത്രിമാർ പറയണം, അല്ലെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി പറയണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അപ്രോപ്രിയേഷൻ അക്കൗണ്ട് 1998-99-ലേതാണെന്ന് അദ്ദേഹം പറഞ്ഞു. ഫുഡ് ഡിപ്പാർട്ടുമെന്റിന് അനുവദിച്ച സംഖ്യയിൽ 15 കോടി രൂപ മാർച്ചുമാസം 31-ാം തീയതി അങ്ങയുടെ ഡിപ്പാർട്ടുമെന്റ് സറണ്ടർ ചെയ്തു എന്ന് സി. എ. ജി. എഴുതിയിരിക്കുകയാണ്. സി.എ.ജി.-യെയാണോ അങ്ങ് ക്വസ്റ്റ്യൻ ചെയ്യുന്നത് അതോ ഞങ്ങളെയാണോ ക്വസ്റ്റ്യൻ ചെയ്യുന്നത്?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഞാൻ ആരെയും ക്വസ്റ്റ്യൻ ചെയ്യുന്നില്ല. 15 കോടിരൂപ സ്പെന്റുചെയ്തില്ല എന്നാണ് അതിന്റെ അർത്ഥം. 15 കോടി രൂപ സ്പെന്റുചെയ്യാത്തതിന്റെ കാരണം ഞാൻ പറഞ്ഞത് ഫുഡ് സബ്സിഡിയാണ്. റേഷൻ കടയിൽ റേഷൻ ഇല്ലാത്തതല്ല. അതിന്റെ കാരണം കേന്ദ്ര ഗവൺമെന്റ് അരിവില കൂട്ടിയപ്പോൾ off-take കുറഞ്ഞു... ബഹളം...

ശ്രീ. ജി. കാർത്തികേയൻ : സർ, He is admitting, മറ്റൊന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്, water supply and sanitation, 19 കോടി രൂപയാണ് ലാപ്സാക്കിയിരിക്കുന്നത്. എഡ്യൂക്കേഷന് ലാപ്സാക്കിയിരിക്കുന്നത് 303 കോടി 27 ലക്ഷം രൂപ, സറണ്ടർ ചെയ്തിരിക്കുന്നത് 135 കോടി രൂപയാണ്. അതാണ് പറയുന്നത് ഒന്നുകിൽ ധനകാര്യവകപ്പുമന്ത്രി മറുപടി പറയണം. അല്ലെങ്കിൽ ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിലെ മന്ത്രി മറുപടി പറയണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് പ്രൊപ്പോസൽ അയച്ചുകഴിഞ്ഞാൽ 'ഡെഫർ' എന്നു പറഞ്ഞ് ഫിനാൻസ് മാറ്റിവയ്ക്കുന്നതുകൊണ്ടാണ് ആ പണമൊന്നും ചെലവാകാതെ പോകുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങു പറഞ്ഞത് ശരിയാണ്. അതുകൊണ്ടാണല്ലോ ഞാനിവിടെ പറഞ്ഞത്. ശ്രീ. ടി. കെ. രാമകൃഷ്ണനൊക്കെ വെറുതെയിരിക്കുകയാണ്. അങ്ങയുടെ ഡിപ്പാർട്ടുമെന്റൊക്കെ വളരെയധികം ലാപ്സാക്കിയിട്ടുണ്ട്, സറണ്ടർ ചെയ്തിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ടാണ് അതെല്ലാം പറയാത്തത്. വളർച്ചാനിരക്കിന്റെ കണക്ക് 18% എന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ശരിയല്ല. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി അത് അഡ്മിറ്റു ചെയ്തു. സർവ്വീസ് മേഖലയുടെ സംഭാവനകൾകൂടി കൂട്ടിയിട്ടാണ് പ്രധാനമായിട്ടും വളർച്ചാ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സർവ്വീസ് മേഖലയിലെ വളർച്ച എന്നുപറയുന്നത് ശമ്പളം കൂടുതൽ കൊടുക്കുന്നതാണോ? അതുകൊണ്ട് 18% വളർച്ചാനിരക്ക് എന്നുപറയുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ പറഞ്ഞുവന്നത്, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അഭിമാനപൂർവ്വം ലോകത്തെങ്ങുമില്ലാത്ത ഒരു മഹാത്ഭുതം പോലെ better financial management ഉള്ള സംസ്ഥാനമാണ് കേരളമെന്ന് അവകാശപ്പെട്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. സി ആന്റ് എ. ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുന്നു. ഇതിലെ കണക്കുകളൊക്കെ തെറ്റാണ്. അപ്പോൾ എവിടെയാണ് നിങ്ങളുടെ better financial management ? ഇവിടെ റിസർവ് ബാങ്കിന്റെ സർക്കുലർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കുവന്നാൽ എന്തു ചെയ്യുമെന്ന് ആരോ ചോദിച്ചു. അതാണ് ഞാൻ പറയുന്നത് റൂറൽ ഇക്കണോമി തകരുന്നു. കേരളത്തിലെ നാട്ടിൽപുറങ്ങളിലെ പാവപ്പെട്ട കർഷകനും ചെറുകിട കച്ചവടക്കാരനും ലോൺ കൊടുക്കേണ്ട സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പണമില്ല. ആ പണം നിങ്ങളെടുത്ത് ദീപാവലി കുളിച്ചു. ആരോ ചോദിച്ചു എന്താണ് ഈ സംസ്ഥാനത്തിന് സമാന്തരമായ ഒരു സമ്പദ്ഘടനയെന്ന്. ഞാൻ വേറൊരുകാര്യം ചോദിക്കുന്നു. രാഷ്ട്രീയം മാത്രം വിരോധമായി കണ്ടിട്ട് കാര്യമില്ല, ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഏതു കാലഘട്ടങ്ങളിലാണ് കേരളത്തിൽ തീവ്രവാദ പ്രസ്ഥാനങ്ങൾ നടന്നിട്ടുള്ളത്? നിങ്ങൾ അതിനെ പൊളിറ്റിക്കലായിട്ട് എടുക്കരുത്, ഇവിടെ തീവ്രവാദ പ്രസ്ഥാനമുണ്ടായത് മാർക്സിസ്റ്റു പാർട്ടി ഭരിക്കുമ്പോഴാണ്. ഏതു സന്ദർഭങ്ങളിലുമാകട്ടെ, പാലക്കാട് ജില്ലാ കളക്ടറെ ബന്ദിയാക്കിയത്, കോതമംഗലത്തെ സംഭവം, ഇതൊക്കെ എന്തുകൊണ്ടാണ്? സാമുദായികമായും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനങ്ങളിലുണ്ടാകുന്ന അസ്വസ്ഥത, സചിവോത്തമപുരത്തെ കാര്യങ്ങൾ. പോലീസിന്റെ നിഷ്ക്രിയത്വം പണ്ടെപ്പോഴെങ്കിലും ഇങ്ങനെ ഉണ്ടായിട്ടുണ്ടോ? നിങ്ങൾ ആ കാര്യം മനസ്സിലാക്കണം. പ്രധാനമായി ഒന്നുരണ്ടു കാര്യങ്ങൾ എനിക്കു പറയാനുള്ളത് പോലീസിന്റെ നിഷ്ക്രിയത്വമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാം ക്രൈമിനേയും ക്രിമിനലുകളേയും വേർതിരിച്ചുകാണുന്നു. രാജീവ് ഗാന്ധിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട ആളുകളെ അറസ്റ്റു ചെയ്ത് കേസുകൾ വിചാരണ ചെയ്തപ്പോൾ വാർത്തകൾക്കുവേണ്ടി പൈങ്കിളി സ്വഭാവത്തിൽ നളിനി എന്നു പറയുന്ന പ്രതിയെ വിട്ടയയ്ക്കണമെന്നുപറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എന്തുകൊണ്ടാണ്? നളിനി ഗർഭിണിയായി, പ്രസവിച്ചു. നാം ക്രൈമിനേയും ക്രിമിനലുകളേയും വേർതിരിച്ചുകാണുന്നു അപ്പോൾ നളിനി ഗർഭിണിയായതുകൊണ്ടും പ്രസവിച്ചതുകൊണ്ടും ആ കേസിന്റെ പ്രതിസ്ഥാനത്തുനിന്നും നളിനിയെ മാറ്റണമെന്ന് അഖിലലോകാടിസ്ഥാനത്തിൽ പലരും പറഞ്ഞപ്പോൾ അവിടെ നമ്മൾ ക്രൈമിനേയും ക്രിമിനലിനേയും വേർതിരിച്ചുകാണുന്നു. കേരളത്തിൽ നളിനിയാകണ്ട, പ്രസവിക്കണ്ട, മാർക്സിസ്റ്റ് ആയാൽ മതി. ഒരു സംസ്ഥാനത്ത് ക്രൈമും ക്രിമിനലും തമ്മിൽ വേർതിരിച്ചാലുണ്ടാകുന്ന ദൂരവ്യാപകമായ ഒരപകടം, രാഷ്ട്രീയം നമ്മൾ അതിൽ കാണണം. അതുകണ്ടില്ലായെങ്കിൽ കോതമംഗലമെല്ലാം ആവർത്തിക്കും. സചിവോത്തമപുരം ആവർത്തിക്കും. ഇവിടെ സംസാരിച്ചപ്പോൾ നമ്മുടെ ബഹുമാന്യനായ കടമ്മനിട്ട രാമകൃഷ്ണൻ ആനന്ദിന്റെ 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന പുസ്തകത്തെക്കുറിച്ച് പറഞ്ഞു. അതിമനോഹരമായ പുസ്തകമാണത്. ആ പുസ്തകം വായിച്ചുകഴിഞ്ഞാൽ ആ പുസ്തകവും കഥാപാത്രവും നമ്മെ വേട്ടയാടും. അദ്ദേഹത്തിന്റെ വേറൊരു പുസ്തകമുണ്ട്. ഗോവർധന്റെ യാത്രകൾ. എന്താണെന്നറിയാമോ? അംധേർ നഗരിയിൽ ചൗപട് രാജാവ് എന്നു പറയുന്ന ഒരു രാജാവുണ്ട്. അവിടെ ചില കുറ്റവാളികളുണ്ടായി, കേസ് ഞാൻ പറയുന്നില്ല, അവരെ ശിക്ഷിക്കാൻ തീരുമാനിച്ചു. അവരെ തൂക്കിക്കൊല്ലാൻ തീരുമാനിച്ച്, ഒരു തൂക്കുകയർ ഉണ്ടാക്കി. യഥാർത്ഥ പ്രതികളായ ആറുപേരെ കൊണ്ടുവന്നപ്പോഴും തൂക്കുകയർ അവർക്ക് യോജിക്കുന്നില്ല. തൂക്കുകയർ യോജിക്കുന്ന ഒരാളിനെ കണ്ടെത്താൻ ഉത്തവിട്ടു. അങ്ങനെ ഗോവർധൻ എന്നു പറയുന്ന നിരപരാധിയെ കിട്ടി. ആ ഗോവർധന്റെ യാത്രയാണ് 'ഗോവർധന്റെ യാത്രകൾ' എന്ന ആനന്ദിന്റെ പുസ്തകത്തിൽ പറയുന്നത്. ഇവിടെ ഇപ്പുറത്തിരിക്കുന്ന ആളുകളും അപ്പുറത്ത് മാർക്സിസ്റ്റു പാർട്ടി ഒഴികെയുള്ള മന്ത്രിമാരുൾപ്പെടെയുള്ളവരെപ്പോലെ തന്നെ കേരളത്തിലെ സാധാരണക്കാരനും ഗോവർധൻമാരെപ്പോലെയായിരിക്കുന്നു. നിങ്ങൾക്ക് കേസുകളുണ്ടാകുന്നു. നിങ്ങൾക്ക് പ്രതികളെ ശിക്ഷിക്കണം. അധേർ നഗരിയിലെ ചൗപട് രാജാവ് കുറ്റവാളികളെ കിട്ടാത്തതുകൊണ്ട് ഉണ്ടാക്കി വച്ചിരുന്ന തൂക്കിക്കൊല്ലാനുള്ള കുടുക്കിന് യോജിപ്പുള്ള ഒരു മനുഷ്യനെ കണ്ടെത്തി, ഗോവർധനെ ശിക്ഷിക്കുന്നതുപോലെ, ''ഗോവർധന്റെ യാത്രകൾ' പോലെ കേരളത്തിലെ മാർക്സിസ്റ്റുപാർട്ടിയെ എതിർക്കുന്ന സാധാരണക്കാരും പാർട്ടി പ്രവർത്തകന്മാരും ഗോവർദ്ധൻമാരായി മാറിയിരിക്കുന്നു. ശ്രീ.എ.കെ.ആന്റണി മുതൽ അപ്പുറത്തിരിക്കുന്ന ശ്രീ. കെ. ഇ. ഇസ്മയിൽ വരെ കേരളത്തിലെ ഗോവർദ്ധൻമാരാണ് നിങ്ങളുടെ ഭരണത്തിൻകീഴിൽ. അതുകൂടി ബഹുമാനപ്പെട്ട കടമ്മനിട്ട രാമകൃഷ്ണൻ വായിച്ചുനോക്കണം, കവിതയാക്കണം. അങ്ങയെക്കുറിച്ച് എനിക്ക് ബഹുമാനമാണ്. പക്ഷേ ഈ അടുത്തകാലത്ത് ഒരു ലേഖനത്തിൽ വായിച്ചു. നാട്ടിലെ പാവപ്പെട്ടവർക്കും ഗിരിജനങ്ങൾക്കും വേണ്ടി ശബ്ദമുയർത്തിയ കവിയായ അങ്ങ് ഗിരിജനങ്ങൾക്ക് എതിരെയുള്ള കാര്യം വന്നപ്പോൾ ഈ നിയമസഭയിൽ വോട്ടു ചെയ്തതിൽ ദുഃഖിച്ചകാര്യം. വേറെയാരുമല്ല എഴുതിയത്. അങ്ങയുടെ പഴയ സുഹൃത്തായ ശ്രീ. എം. ആർ. ചന്ദ്രശേഖരന്റെ

LIBRARY ARCHIVES Kerala Legislative Assembly

പുസ്കത്തിൽ അങ്ങയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അങ്ങയെക്കുറിച്ച് നല്ലതാണ് പറഞ്ഞിരിക്കുന്നത്. മറ്റൊന്ന് ഇവിടെ ഇലക്ഷനുമായി ബന്ധപ്പെട്ടതാണ്, വാർഡു വിഭജനം. ഞങ്ങളെ കൊല്ലാൻ നടക്കുന്നുണ്ടല്ലോ, ഇലക്ഷൻ കമ്മീഷണർ ശ്രീ.വയലാർ രവിയെ തൂക്കി കൊല്ലുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞങ്ങളെയൊക്കെ തൂക്കികൊല്ലും, അതുപോകട്ടെ, എല്ലാ നിയമ സംവിധാനത്തെയും ബഹുമാനിക്കുന്നവരാണ് ഞങ്ങൾ. ഒരുകാര്യം ഞാൻ പറയുന്നു. ശ്രീ. കെ. പി. സതീശ് ചന്ദ്രനെ ഇവിടെ കാണുന്നില്ല. കാസർകോട് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ പടന്ന പഞ്ചായത്തിൽ, കാസർകോട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പടന്ന പഞ്ചായത്തിൽ ചെന്ന് പഞ്ചായത്ത് സെക്രട്ടറിയോടു പറഞ്ഞു സി. പി. ഐ (എം) ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറി എഴുതിത്തരുന്ന നിർദ്ദേശമനുസരിച്ച് വാർഡുകൾ പുനർ വിഭജനം നടത്തണമെന്ന്. പഞ്ചായത്ത് സെക്രട്ടറി പറഞ്ഞു സാധ്യമല്ല. എനിക്ക് എഴുതിത്തരണമെന്നു പറഞ്ഞു. ആ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പടന്ന പഞ്ചായത്ത് സെക്രട്ടറിക്ക് എഴുതിക്കൊടുത്തു. ...ബഹളം... ഞാൻ പറയട്ടെ, കേരള ഹൈക്കോടതിയിൽ നിൽക്കുന്ന കാര്യമാണ്. എന്താണത്? മാർക്സിസ്റ്റു പാർട്ടി ലോക്കൽ കമ്മിറ്റി സെക്രട്ടറി പറയുന്നതുപോലെ വാർഡ് പുനർ വിഭജനം നടത്തണമെന്ന് ഡി.ഡി.പി പഞ്ചായത്തു സെക്രട്ടറിക്ക് എഴുതിക്കൊടുത്തു. ഹൈക്കോടതിയിൽ കേസായി, സെക്രട്ടറി ആ രേഖ ഹൈക്കോടതിയിൽ സബ്മിറ്റു ചെയ്തു. ഹൈക്കോടതിയിൽ അതിന്റെ കേസ് നടക്കുന്നു. പക്ഷേ ഞാൻ കേസിന്റെ കാര്യം പറയുന്നതിനുവേണ്ടിയല്ല, ശ്രീ. കടകംപള്ളി സുരേന്ദ്രന് ഇതിന്റെ വേദന മനസ്സിലാവുകയില്ല. ഞങ്ങൾ ഈ നിയമസഭയ്ക്കകത്തും പുറത്തും വാർഡ് പുനർ വിഭജനവുമായി ബന്ധപ്പെട്ട് പറഞ്ഞപ്പോൾ ഇലക്ഷൻ കമ്മീഷൻ എന്നു പറയുന്നത് അപ്രോച്ചബിളായിട്ടുള്ള സ്ഥാനമല്ല. അദ്ദേഹം കോടതിക്ക് തുല്യനാണെന്നു പറഞ്ഞു. ആ കോടതിക്കു തുല്യനായിരുന്നു കൊണ്ട് മാർക്സിസ്റ്റുപാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറി എഴുതിക്കൊടുക്കുന്നത് സ്വീകരിച്ചാൽ മതിയെന്നു പറയുന്ന ഉദ്യോഗസ്ഥൻ ആരായാലും വെറുതെ വിടാൻ പാടുണ്ടോ? ഇതിൽ എന്തു സ്വകാര്യതയാണ് ഉള്ളത്? അതുകൊണ്ട് ഗൗരവമായി ഞാൻ ഇക്കാര്യം ഇവിടെ പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെക്കുറിച്ച് തിരക്കണം. വേറൊന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി ഇവിടെയുണ്ട്. എല്ലാവരും ആലോചിക്കാൻ വേണ്ടി പറയുകയാണ്. നിങ്ങൾ ഭരിക്കുമ്പോൾ മാത്രമെന്താണ് അവാർഡുകൾക്ക് പരാതി? കഴിഞ്ഞ തവണ പരാതിക്കാരൻ ശ്രീ.പി.ടി. കുഞ്ഞിമുഹമ്മദ് എം.എൽ.എ ആയിരുന്നു. ഇത്തവണ പരാതിക്കാരൻ നിങ്ങളുടെ ചലച്ചിത്ര അക്കാഡമിയുടെ ചെയർമാൻ തന്നെയാണ്. അതിനുമുമ്പ് പരാതി വന്നിരുന്നത് നിങ്ങൾ 'ഒരേ തൂവൽ പക്ഷികൾ' എന്ന സിനിമയ്ക്കു കൊടുത്തു. 'പിറവി' എന്ന സിനിമയ്ക്ക് കൊടുത്തില്ല എന്നു പറഞ്ഞാണ്. അതും നിങ്ങളുടെ ആളുകൾ തന്നെയായിരുന്നു. ഷാജി എൻ.കരുൺ. നിങ്ങൾ ആലോചിക്കണ്ടേ? എന്തുകൊണ്ടാണത്? അത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മാനവീയത്തെക്കുറിച്ച് പറയാതെ പോകുക സാധ്യമല്ല. രവിശങ്കറിനെ പോലെയുള്ള ആളുകൾക്ക് പത്തരലക്ഷവും പന്ത്രണ്ടു ലക്ഷവും, പല്ലാവൂർ അപ്പുമാരാർക്ക് ആയിരം രൂപയും കലാമണ്ഡലം ഗോപിക്ക് 500

4.00 P.M.] രൂപയും, ഞാൻ ചോദിക്കട്ടെ, സംസ്ഥാന സർക്കാരിന്റെ എന്നു പറഞ്ഞ് ഒരു പുസ്തകം ഇറക്കിയിട്ടുണ്ടല്ലോ. അതിൽ തനതു സംഗീത പരമ്പരയുത്തിന്റെ വാദ്യമായ ഇടയ്ക്കയും പല്ലാവൂർ അപ്പുമാരാരും കേരളത്തിന്റെ അന്യമായ താളബോധത്തിന് ഉത്തമ ഉദാഹരണമായ വാദ്യമേളവയും ചെണ്ടയും മാർഗ്ഗി കൃഷ്ണദാസും അത്ഭുതങ്ങൾ തീർക്കുകയായിരുന്നു. ഈ ഗവൺമെന്റും മാർക്സിസ്റ്റ് പാർട്ടിയും പ്രബുദ്ധകലകളുടെ പുറകെ പോകുന്നു. രാജഭരണമുണ്ടായിരുന്നപ്പോൾ തിരുവനന്തപുരത്തെ കുതിരമാളികയിലും അമ്മ മഹാറാണിമാരുടെ അമ്മച്ചി വീടുകളിലും മറ്റു വിദേശങ്ങളിൽ നിന്നും നർത്തകിമാരെ കൊണ്ടുവന്ന് ഈ നാട്ടിലെ പാവപ്പെട്ടവൻ ഉണ്ടാക്കിയ സമ്പത്ത് ഉപയോഗിച്ചുകൊണ്ട് ആർത്തുല്ലസിച്ച് നടക്കുമായിരുന്നു. നിങ്ങൾക്ക് ആ രാജാക്കന്മാരെക്കാൾ എന്തുവ്യത്യാസമാണുള്ളത്? പാവപ്പെട്ട കഥകളി നടന്മാർക്ക് കഞ്ഞിയും പുഴുക്കും, പല്ലാവൂർ അപ്പുമാരാർക്കും കലാമണ്ഡലം ഗോപിക്കും ആയിരവും അഞ്ഞൂറും കൊടുക്കുമ്പോൾ രവിശങ്കറിന് 12 ലക്ഷം രൂപ ചെലവാക്കിയിരിക്കുന്നു. രവിശങ്കറിനെ രാജ്യസഭയിൽ കൊണ്ടുവന്നത് ഞങ്ങളാണ്. അദ്ദേഹത്തിന്റെ സിത്താർ വായനയെ ഞാൻ ബഹുമാനിക്കുന്നു. പക്ഷെ പണ്ടു കാലത്ത് രാജാക്കന്മാർ മാളിക മുകളിലിരുന്നുകൊണ്ട് പ്രബുദ്ധകലകൾ ആസ്വദിച്ചിരുന്നതുപോലെ എ. സി. ഹാളിൽ ഇരുന്നുകൊണ്ട് കേരളത്തിലെ മാർക്സിസ്റ്റു പാർട്ടിയും ഈ രാജ്യം ഭരിക്കുന്നവരും പ്രബുദ്ധകലകൾക്ക് പ്രോത്സാഹനം കൊടുക്കുമ്പോൾ എവിടെ തനതു കലകൾ? എവിടെ ചെണ്ടക്കാരൻ? എവിടെ കൊട്ടുകാരൻ? എവിടെ കൂത്തുകാരൻ? എവിടെ തുള്ളൽക്കാരൻ? പത്തു രൂപ നിങ്ങൾ കൊടുത്തോ? കമ്മ്യൂണിസ്റ്റു പാർട്ടി അധികാരമേറ്റെടുക്കുന്നതിന് എത്രയോ കാലഘട്ടങ്ങളിൽ വലിയ പങ്കു വഹിച്ച കേരളത്തിലെ നാടക സംഘടനകൾ ഉണ്ട്. ശ്രീ. പിരപ്പൻകോട് മുരളി ഇരിക്കുന്നുണ്ടല്ലോ, ശ്രീ. ടി. കെ. രാമകൃഷ്ണൻ, നിങ്ങൾ അഞ്ഞൂറുരൂപയും കഞ്ഞിയും പുഴുക്കും ഇവിടത്തെ കലാകാരൻമാർക്കു കൊടുത്തപ്പോൾ വരേണ്യവർഗ്ഗത്തിന്റെ പ്രഭുക്കന്മാരെ കൊണ്ടുവന്ന് പന്ത്രണ്ടര ലക്ഷം രൂപയ്ക്കുള്ള പരിപാടി നടത്തിയില്ലേ? സിത്താർ വായനയ്ക്ക് ഞങ്ങൾ എതിരൊന്നുമല്ല. .....(ബഹളം).... അങ്ങനെയാണെങ്കിൽ എതിരു തന്നെയാണ്. പന്ത്രണ്ടര ലക്ഷം രൂപ ചെലവാക്കി, അതിൽ ഞങ്ങൾക്ക് എതിരുണ്ട്. മറ്റതിനാണ് നിങ്ങൾ കൊടുക്കേണ്ടത്. നിങ്ങൾ മാർഗ്ഗിയിലെ കലാകാരന്മാർക്കും ചെണ്ട കൊട്ടുന്ന പല്ലാവൂർ അപ്പുമാരാർക്കും അതുപോലെ കലാമണ്ഡലം ഗോപിക്കും അഞ്ഞൂറു രൂപ കൊടുത്തതിൽ ഞങ്ങൾക്ക് എതിർപ്പുണ്ട്. പന്ത്രണ്ടര ലക്ഷം രൂപ രവിശങ്കറിന്റെ കുഞ്ഞുകുട്ടി പരാധീനതകൾക്ക് വിമാന ടിക്കറ്റു വരെ കൊടുത്ത്... ഫൈവ് സ്റ്റാർ കലകളെ ഞങ്ങൾ എതിർക്കുന്നു. നിങ്ങൾക്കിപ്പോൾ ഫൈവ് സ്റ്റാർ കൾച്ചറാണ്. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ശ്രീ. പി. രാജുവിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയതാണ്. നിങ്ങൾ അങ്ങനെയാണ്. ഒരു ഘടക കക്ഷിയിലെ എല്ലാവർക്കും മന്ത്രിയാകണം. ഞങ്ങളിൽ പ്രശ്നങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ സമ്മതിക്കുന്നുണ്ടല്ലോ? മണ്ണെണ്ണ ടിന്നും ഇടതു കയ്യിൽ പിടിച്ചുകൊണ്ട് തീ പന്തവുമായി നിങ്ങളിൽ ചിലർ നിൽക്കുന്നുണ്ട്. ഞാനിപ്പോൾ മണ്ണെണ്ണ ഒഴിക്കും, അല്ലെങ്കിൽ ഞാൻ പറയുന്ന കാര്യങ്ങൾ സാധിച്ചു തരണം. കെട്ടുറപ്പുള്ള ഒരു മുന്നണി, ഒരു പാർട്ടി ഭരിക്കുന്ന, നയിക്കുന്ന ആളുകളുടെ ഭാവത്തിലല്ലേ നിങ്ങൾ ഞങ്ങൾക്കെതിരെ മെക്കിട്ടു കയറുന്നത്. ഞങ്ങൾക്കറിയാം സി.പി.എം.-ലെ കലാപം. ഞങ്ങളുടെ പാർട്ടിയിലും കലാപമുണ്ട്. ഞങ്ങൾ സമ്മതിക്കുന്നു. നിങ്ങളുടെ ഐക്യബോധമുണ്ടല്ലോ ഇപ്പുറത്തിരിക്കുന്ന ശ്രീ. കെ. ഇ. ഇസ്മയിലിനെ തട്ടുവാൻ സന്ദർഭം നോക്കിയിരിക്കുന്ന ശ്രീ. ടി. കെ. രാമകൃഷ്ണൻ നമുക്കറിയാം നിങ്ങളുടെ ഐക്യം. ഒരു രാജ്യം ഭരിക്കുമ്പോൾ, ഭരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ വ്യക്തിയുടെ കൾച്ചർ, സ്ട്രക്ചർ, സമീപനം ഇതൊക്കെ ഒരു ഘടകമല്ലേ? കേരളം ഭരിക്കുന്നത് മാർക്സിസ്റ്റു പാർട്ടിയാണ്. പാവം ഇ.എം.എസ്. ജീവിച്ചിരുന്നുവെങ്കിൽ ഇങ്ങനെയുണ്ടാകുമായിരുന്നോ? സ്റ്റാർ പ്ലസിന്റെ അധികാരിയുമായി മത്സരത്തിന് ചാനൽ യുദ്ധത്തിന് സി.പി.എം. തയ്യാറാകുമായിരുന്നോ? ഞാൻ ഇതു പറയാൻ കാരണം ലോകചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു വിശ്വപൗരനെക്കുറിച്ച് ഒരു പുസ്തകമിറക്കിയത്. കേശവന്റെ 'വിലാപത്തിന്റെ' കാര്യമല്ല ഞാൻ പറയുന്നത്. ഇതു പുതിയതാണ്. 'കാലദേശങ്ങളിൽ സജീവ രാഷ്ട്രീയ സാന്നിദ്ധ്യമായി ഇന്നും നിറഞ്ഞു നിൽക്കുന്ന ഇ.എം.എസ്. നെക്കുറിച്ച് കേശവൻ എഴുതിയ നോവലെന്നു പറഞ്ഞാൽ, എം. മുകുന്ദൻ എഴുതിയ നോവൽ, ആർക്കാണ് കൊടുത്തിരിക്കുന്നത്? മരിച്ചിട്ടും ജീവിച്ചിരിക്കുന്ന ഇ.എം.എസ്.ന്, എം. മുകുന്ദൻ നല്ലൊരു കച്ചവടക്കാരനാണ്. എഴുത്തുകാരനാണ്. 1982-ലെ ഒരു പുസ്തകമുണ്ട് 'രാവും പകലും' ആൽബർട്ട് കാമസിന്റെ 'പ്ലേഗ്' ടോസ്റ്റോവ്സ്കിയുടെ 'കുറ്റവും ശിക്ഷയോടും' സമാനപ്പെടുത്താൻ കഴിയുന്ന ആ നോവൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. അതു മുകുന്ദൻ മനസ്സിലാക്കി. മുകുന്ദൻപറഞ്ഞു, ഇ.എം.എസ്.-നെക്കുറിച്ച് ഒരു പുസ്തകം എഴുതണം. ഞാൻ ആ പുസ്തകം പ്രിസർവ് ചെയ്തു, അങ്ങും പ്രിസർവ് ചെയ്തു. എനിക്കറിയാം. ഇ.എം.എസ്-നെക്കുറിച്ച് ഒരു നോവൽ, കടകമ്പോളങ്ങളിൽ ഒരു കാര്യം വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള ഗിമ്മിക്സുകൾ ഉണ്ടല്ലോ? ഇ.എം.എസ്.-ന്റെ പുസ്തകം ഇറങ്ങിയതിന്റെ പിറ്റേ ദിവസം ദേശാഭിമാനിയിലും ചിന്തയിലും അതിനെക്കുറിച്ചുള്ള വലിയ കഥകളും ചിത്രങ്ങളും വന്നു. ഒന്നുകിൽ ആ പുസ്തകം വായിക്കാഞ്ഞിട്ട് അല്ലെങ്കിൽ ആ പുസ്തകം വായിച്ചിട്ട് മനസ്സിലാകാത്തത് കൊണ്ട്. നിന്ദാസ്തുതിയെന്നു പറഞ്ഞു കേട്ടിട്ടില്ലേ? എഴുത്തുകാരൻ കഥാപാത്രങ്ങളോട് സംസാരിക്കുന്നു. കരയുന്ന കുഞ്ഞ് ഇ.എം.എസ്.-ന്റെ ചിത്രം കണ്ടാൽ കരച്ചിൽ നിർത്തും. ഇ.എം.എസ്.-നെ ബഹുമാനിക്കുന്ന ഒരു കഥാപാത്രമൊഴികെ, ഇതു മുഴുവൻ കമ്മ്യൂണിസ്റ്റു വിരുദ്ധമാണ്. പാവപ്പെട്ട ഈ കമ്മ്യൂണിസ്റ്റുകാരെകൊണ്ട് ഈ പുസ്തകം ആദ്യം വായിപ്പിച്ചു. പിന്നെ രണ്ടാമതു കത്തു വന്നിട്ടാണ് നിർത്തിയത്. എന്താണ് അതിനകത്ത് പറയുന്നത്. 'രണ്ടാം സ്വാതന്ത്ര്യത്തിന്റെ രക്ത സൂര്യൻ ഉദിച്ചത് ഹിമാലയൻ സാനുക്കളിലോ ഗംഗാ തടങ്ങളിലോ അല്ല. അതു നമ്മുടെ ഈ മലയാള നാട്ടിലാണ്. പക്ഷേ എന്തിനുവേണ്ടിയുള്ള സ്വാതന്ത്ര്യമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പണ്ടിവിടെ കൃഷി ഭൂമിയും കൃഷിക്കാരനും ഉണ്ടായിരുന്നു. ഇന്ന് ഇതു രണ്ടുമില്ല. പണ്ടിവിടെ തൊഴിൽ ശാലകളും തൊഴിലാളികളുമുണ്ടായിരുന്നു. ഇന്ന് ഇതുരണ്ടുമില്ല. കമ്മ്യൂണിസ്റ്റുകാർ കൃഷിക്കാരന്റെ വിശപ്പു മാറ്റുവാൻ കണ്ട വഴി കൃഷിക്കാരനെ തന്നെ ഇല്ലാതാക്കുകയായിരുന്നു. തൊഴിലാളികളെ രക്ഷിക്കാൻ അവർ കണ്ട മാർഗ്ഗം തൊഴിലാളികളെ ബലിയാടാക്കുകയായിരുന്നു. അവസാനം പറയുന്നു, നിങ്ങളെ അറിയുക, ഒടപ്പിറന്നവരേ എന്റെ വാക്കുകൾക്ക് ചെവി കൊടുക്കൂ. ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുക, എന്റെ നെഞ്ചിന്റെ നാവു കൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ അറിയുക, അഡോൾഫ് ഹിറ്റ്ലർ കൊന്നതിലേറെ ആളുകളെ ജോസഫ് സ്റ്റാലിൻ കൊന്നിട്ടുണ്ട്. അവർ രണ്ടുപേരും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്.' ഈ പുസ്തകമിറങ്ങിയത് 1999-ൽ. അതിൽ ഒരു അമ്മാവൻ പറയുന്നു,' മറ്റുള്ളവർ വിഷം കുടിച്ചാൽ തന്നെ സർക്കാരിന് എന്താണ്? അവർക്ക് കള്ളും ചാരായവും വിറ്റു കിട്ടുന്ന നികുതി മതി, ഭരണമെന്നു പറഞ്ഞാൽ ഇപ്പോൾ കച്ചവടമാണ്. മന്ത്രിമാർ കച്ചവടക്കാരാണ്. പിന്നെ എങ്ങനെയാണ് നാടു നന്നാകുക? സഹിക്കുക തന്നെ. എം. മുകുന്ദൻ എഴുതുന്നു. അങ്ങനെ എം. മുകുന്ദൻ എഴുതിയ ഈ പുസ്തകത്തിന്റെ ഉള്ളടക്കം മനസ്സിലാകാതെ പ്രചരിപ്പിച്ച, വർത്തമാന കാലഘട്ടത്തിന്റെ എല്ലാ വ്യഥകളും അതിലെ ദുഃഖങ്ങളും അതിനു നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റിനെക്കുറിച്ചുള്ള ഒരു പുസ്തകമായിട്ട് ഞാൻ ഇതു കാണുന്നു. ഇ.എം.എസ്. നോടുള്ള ബഹുമാനം മാത്രം അതിൽ പറയുന്നുണ്ട്. അതുകൊണ്ടാണ് വയലാർ രാമവർമ്മ, അദ്ദേഹം കേരളത്തിലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങളെ വളർത്തിയ ആളല്ലേ, അവസാനം അദ്ദേഹം 'വാളല്ലെൻ സമരായുധം' എന്നു പറഞ്ഞിട്ടു അവിടെ വാളെല്ലാം വച്ചിട്ട് ഒരു പൊൻമണി വീണ വാങ്ങി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ വയലാർ രാമവർമ്മ, മാനവീയത്തിന്റെ ശീർഷഗാനം എഴുതിക്കൊണ്ട് നമ്മുടെ ബഹുമാന്യനായ ഒ. എൻ. വി. നടക്കുന്നു. അദ്ദേഹം പറഞ്ഞു. 'കൂരിരുട്ടിൽ നടന്നുഴറുമ്പോൾ', സൂര്യ നീയായിരുന്നു എൻ മനസ്സിൽ,' കമ്മ്യൂണിസ്റ്റു പാർട്ടിയെക്കുറിച്ചാണ് പറഞ്ഞത്. പക്ഷേ അദ്ദേഹവും മടങ്ങിപ്പോയിരിക്കുന്നു. അങ്ങനെ ജീവിച്ചിരിക്കുന്നവരിലും മരിച്ചു പോയവരിലും കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടികളെ വളർത്തിയ എഴുത്തുകാർ പോലും സഹിക്കുന്നു. ഞാൻ പറഞ്ഞു വരുന്നത് ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ നിങ്ങൾ കേരളത്തെ മറന്നിരിക്കുന്നു. കേരളത്തിലെ ജനങ്ങളെ മറന്നിരിക്കുന്നു, കർഷകത്തൊഴിലാളികളെ മറന്നിരിക്കുന്നു. പാവപ്പെട്ടവനെ മറന്നിരിക്കുന്നു, വിദ്യാർത്ഥികളെ മറന്നിരിക്കുന്നു. നിങ്ങൾക്ക് ഇന്ന് ഫൈവ് സ്റ്റാർ ജീവിതവും ഫൈവ് സ്റ്റാർ ലേബലുമാണ്. ആസ്വാദനത്തിൽ പോലും ഒരു ഫൈവ് സ്റ്റാർ കൾച്ചർ വന്നിരിക്കുന്ന കേരളത്തിലെ മാർക്സിസ്റ്റു പാർട്ടി നയിക്കുന്ന ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വൈദ്യുതി ബോർഡും വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ഹരിപ്പാട് അംഗം ശ്രീ.എ.വി. താമരാക്ഷൻ ചില ആക്ഷേപങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇവിടെ അദ്ദേഹം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളിൽ, ഇതിനുമുൻപുതന്നെ രണ്ട്, മൂന്ന് ഘട്ടങ്ങളിലായി ഈ സഭയിൽ പ്രതിപക്ഷ ഭാഗത്തുനിന്നുന്നയിച്ച അവസരത്തിൽ, എന്റെ മുൻഗാമിയായിരുന്ന ഈ വകുപ്പിന്റെ ചുമതല വഹിച്ച ശ്രീ. പിണറായി വിജയനും, ഞാൻ ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്തതിനുശേഷം ഞാനും വ്യക്തമായി എല്ലാവശങ്ങളും സൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് മറുപടി ഇവിടെ പറഞ്ഞിട്ടുള്ളതാണ്. അങ്ങനെ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതും സഭാരേഖകൾ പരിശോധിച്ചാൽ എല്ലാ കാര്യങ്ങളും കൃത്യമായി പറയുകയും ചെയ്തിട്ടുള്ളതായ സംഭവം, ഇവിടെ ആവർത്തിച്ചു വോട്ട് ഓൺ അക്കൗണ്ടിനെക്കുറിച്ച് കരുതിക്കൂട്ടി ഇതിനൊരു പുകമറയുണ്ടാക്കുകയെന്നതിനപ്പുറം അടിസ്ഥാനരഹിതമായ വിമർശനമാണ്, ഒരു പരാതിയാണ് ഉന്നയിച്ചിട്ടുള്ളതെന്ന് ഗവൺമെന്റ്. കാണുന്നില്ല. ഇവിടെ ഒന്നുരണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഇതിനുമുൻപ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതുകൊണ്ട് വിശദമായി ഞാൻ ആവർത്തിക്കുന്നില്ല. അതിൽ ഒന്ന് ചെങ്കുളം, പന്നിയാർ, പള്ളിവാസൽ പദ്ധതികളുടെ നവീകരണ ജോലിക്ക് ആഗോള ടെന്റർ വിളിക്കാതെ എസ്. എൻ. സി.-ലാവ്‌ലിൻ എന്ന കമ്പനിക്ക് നൽകിയതിലൂടെ ബോർഡിന് ഭീമമായ നഷ്ടമുണ്ടായിയെന്ന ആരോപണമാണ് ഉന്നയിച്ചത്. സർ, ഇക്കാര്യത്തിൽ ഈ പദ്ധതിയുടെ നവീകരണത്തിനുള്ള നടപടിയാരംഭിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഇതിനുള്ള എം. ഒ. യു.വിൽ എസ്.എൻ. സി. ലാവ്‌ലിനുമായി കെ.എസ്.ഇ.ബി ഒപ്പുവയ്ക്കുന്നത് 10-8-1995-ലാണ്. ഇതിനെത്തുടർന്ന് വിശദമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നത് 24-2-1996-ലാണ്. 1996 ജൂണിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പ് ചെങ്കുളം, പന്നിയാർ, പള്ളിവാസൽ പദ്ധതികളുടെ എം. ഒ. യു. 1995-ലും അതിന്റെ തുടർച്ചയിൽ എഗ്രിമെന്റ് 1996 ഫെബ്രുവരി 24-ാം തീയതിയുമാണ് ഒപ്പുവച്ചിട്ടുള്ളത്. ഈ മൂന്ന് പദ്ധതികളുടേയും നവീകരണ സാദ്ധ്യതകളെക്കുറിച്ച് പഠിക്കാൻ 1995 സെപ്റ്റംബർ മാസത്തിൽ ഒരു റിട്ടയേർഡ് ചീഫ് എഞ്ചിനീയർ രാധാകൃഷ്ണപിള്ളയെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ റിപ്പോർട്ട് വന്ന പശ്ചാത്തലത്തിൽ അന്നത്തെ ഗവൺമന്റ് ഇതിനാധാരമായി സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ എസ്.എൻ.സി. ലാവ്‌ലിന് ഓഫർ ചെയ്ത റേറ്റ് അന്താരാഷ്ട്ര നിലവാരവുമായി ഒത്തുചേരുന്നതാണോയെന്ന് പരിശോധിക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് ബോർഡ് നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷന് പരിശോധനയ്ക്കു വിടുകയും ആ പരിശോധനയിൽ ഇതുവരെ ഇൻഡ്യാ ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനമായിട്ടുള്ള നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനോട് പരിശോധന നടത്തി ഓഫർ ചെയ്തിട്ടുള്ള റേറ്റ് അന്താരാഷ്ട്ര നിലവാരവുമായി ഒത്തുചേരുന്നതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.ഒ.യു. ഒപ്പുവയ്ക്കുകയും എഗ്രിമെന്റിലെത്തുകയും ചെയ്ത നടപടികൾ ഒരു ഗവൺമെന്റിന്റെ തുടർച്ചയെന്നുള്ള നിലയിൽ പദ്ധതികൾ തുടരുകമാത്രമാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിയിട്ടുള്ളത്. 1996

LIBRARY ARCHIVES Kerala Legislative Assembly

ഫെബ്രുവരി 24-ന്റെ എഗ്രിമെന്റിനുശേഷം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അന്നത്തെ വിദ്യുച്ഛക്തി മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയൻ ഫോറിൻ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന എഗ്രിമെന്റിൽ കൺസൾട്ടൻസി ഫീസിനത്തിൽ പന്ത്രണ്ടരക്കോടി രൂപയോളം കുറവുവരുത്തിക്കൊണ്ട്, അന്ന് അവർക്കുകൊടുക്കേണ്ടിയിരുന്നതായി കണക്കാക്കിയ തുകയേക്കാൾ പന്ത്രണ്ടരക്കോടി രൂപ കുറച്ചുകൊണ്ട് മുൻ സംസ്ഥാന ഗവൺമെന്റിനും ബോർഡിനും നേട്ടമുണ്ടാക്കുക മാത്രമാണ് ആ കാര്യത്തിൽ ചെയ്തിട്ടുള്ളത്. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളതുമായി ബന്ധപ്പെട്ട വിമർശനത്തിൽ വന്നിട്ടുള്ള സംഗതി ബാലാനന്ദൻ കമ്മിറ്റി പരിശോധിച്ച് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിക്കുകയുണ്ടായി. എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നത് 1996 ഫെബ്രുവരി മാസം 24-ാം തീയതിയാണ്. ബാലാനന്ദൻ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിക്കുന്നത് 1997 ഫെബ്രുവരി 2-ാം തീയതിയാണ്. എഗ്രിമെന്റ് 1996 ഫെബ്രുവരിയിൽ. ധാരാണാപത്രം 1995-ൽ. 1997-ലാണ് ബാലാനന്ദൻ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിന് നൽകുന്നത്. അതിലും വലിയ വ്യക്തത വരേണ്ടതുണ്ട്. ബാലനന്ദൻ കമ്മീഷനെ നിയോഗിക്കുന്നത് ചെങ്കുളം, പന്നിയാർ, പള്ളിവാസൽ പദ്ധതിയെക്കുറിച്ച് പഠിക്കാനല്ല. കേരള സംസ്ഥാനത്തെ ഊർജ്ജമേഖലയിലെ വികസന പദ്ധതികളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടിയാണ്. കേരളത്തിലെ വൈദ്യുതി മേഖലയിലെ വികസന സാദ്ധ്യതകളെക്കുറിച്ച് പഠിക്കാനാണ്. അത് ഗവൺമെന്റിന്റെ മുൻപിൽ വരുന്നത് 1997 ഫെബ്രുവരിയിലാണ്. എഗ്രിമെന്റ് 1996 ഫെബ്രുവരിയിലാണ്. അപ്പോൾ ഈ ഉന്നയിക്കപ്പെട്ട വിമർശനം ഒരിക്കലും അടിസ്ഥാനമില്ലാത്തതാണെന്ന് വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുന്നതാണ്. മറ്റൊന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ച കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിനെ.....

പ്രൊഫ. എ. വി. താമരാക്ഷൻ : എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കരാറിൽ നിന്നും പന്ത്രണ്ടരക്കോടി രൂപയോളം ശ്രീ. പിണറായി വിജയൻ കുറച്ചുവെന്ന് അങ്ങ് പറഞ്ഞല്ലോ, ഇതിനെ സംബന്ധിച്ച് ട്രേഡ് യൂണിയൻ നേതാക്കളുമായി ആലോചിച്ച് പ്രോജക്ടുകൾ നടപ്പിലാക്കണ്ട, മെയിന്റനൻസ് നടത്തിയാൽ മതി, അതിന് 50 കോടി രൂപയേ ആവുകയുള്ളൂ, ഇരുന്നൂറ്റിയൻപത് കോടി രൂപയോളം നമുക്ക് ലാഭിക്കാം, ഇത് സ്റ്റേറ്റിന് നഷ്ടമാണെന്ന് പറഞ്ഞിട്ടു അത് തള്ളിക്കഞ്ഞുകൊണ്ട് എന്തിനാണ് മുന്നോട്ട് പോയത്?

ശ്രീ. എസ്. ശർമ്മ : 1997 ഫെബ്രുവരിയിലാണ് റിപ്പോർട്ട് വരുന്നത്. ആ റിപ്പോർട്ട് വരുന്നതിനും ഒരുവർഷത്തിന് മുൻപുതന്നെ പ്രോജക്ടിന് എഗ്രിമെന്റായി. അതിന്റെ എഗ്രിമെന്റായി, അതിനുള്ള നടപടികളാരംഭിച്ച് കഴിഞ്ഞിരുന്നു. 1997-ൽ ഗവൺമെന്റിന്റെ മുൻപിൽ വരുന്നത് ഈ പ്രശ്നം മാത്രമല്ല ഊർജ്ജമേഖലയെക്കുറിച്ചാണ്. ബോർഡ് എക്സാമിൻ ചെയ്ത് അതിന് ഡിപ്പാർട്ടുമെന്റ് പരിശോധന വന്നതിനുശേഷം മാത്രമേ മറ്റുകാര്യങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവേശിക്കാൻ ഒരു ഗവൺമെന്റിന് കഴിയുകയുള്ളൂ. അപ്പോൾ ബോർഡിന് ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഈ കാര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനുവേണ്ടി ഇലക്ട്രിസ്റ്റി ബോർഡിന് ഗവൺമെന്റ് നിർദ്ദേശം കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. കുറ്റ്യാടി എക്സ്റ്റെൻഷന്റെ കാര്യത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. കുറ്റ്യാടി എക്സ്റ്റെൻഷൻ കൺസൾട്ടൻസി, പ്രസ്തുത പദ്ധതികളുടെ ജോലികൾ എസ്.എൻ.സി. ലാവ്‌ലിനെ ഏൽപ്പിച്ചതും ഈ സർക്കാർ വരുന്നതിന് മുൻപുതന്നെയാണ്. അതായത് 29-5-1995-ലെ കരാറിന്റെയടിസ്ഥാനത്തിലാണ് പ്രസ്തുത ജോലി എസ്.എൻ.സി. ലാവ്‌ലിനെ ഏൽപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എഗ്രിമെന്റിലെത്തി നടപടികളാരംഭിച്ച പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റദ്ദ് ചെയ്തിട്ടില്ല എന്നുമാത്രമാണ് ഈ കാര്യത്തിൽ സർക്കാരിനുള്ള പങ്ക്, അല്ലെങ്കിൽ ബോർഡിനുള്ള പങ്ക്. 29-5-1995 ലാണല്ലോ ഇതിന്റെ എഗ്രിമെന്റ്. ആ എഗ്രിമെന്റിന്റെയടിസ്ഥാനത്തിലാണ് മറ്റ് നടപടി ക്രമങ്ങളെല്ലാം വരുന്നത്. മുൻഗവൺമെന്റ് ചെയ്തിട്ടുള്ളതായ എഗ്രിമെന്റ് റദ്ദു ചെയ്തിട്ടില്ല, അത്രയേയുള്ളൂ. കുറ്റ്യാടിയെക്കുറിച്ചും ചെങ്കുളം, പന്നിയാർ ഈ പ്രോജക്ടുകളെക്കുറിച്ചും പലപ്രാവശ്യം പരാതിയായി ഉന്നയിച്ചതിന് ഗവൺമെന്റിനുവേണ്ടി ആവർത്തിച്ച് വ്യക്തമാക്കാനുള്ളത്, വിശദമായി ഈ കാര്യങ്ങൾ സഭയിൽ ഒന്നു രണ്ട് ഘട്ടങ്ങളിൽ ഉന്നയിച്ചപ്പോൾത്തന്നെ അന്ന് എല്ലാവശങ്ങളും പരിശോധിച്ചുകൊണ്ട് മറുപടി നൽകിയിട്ടുള്ളതാണ്. ഈ സഭയിൽതന്നെ രേഖയുള്ളതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല.

അടുത്തതായി ഊർജ്ജ ഉപയോഗം. അത് കേരളത്തിൽ കുറഞ്ഞിരിക്കുന്നു എന്ന് വിമർശനപരമായി പറയുകയുണ്ടായി. അതായത് ഉല്പാദനം കൂടിയപ്പോൾ ഉപയോഗം കുറഞ്ഞിരിക്കുന്നു. അങ്ങനെ ഉല്പാദനം കൂടി ഉപയോഗം കുറഞ്ഞിട്ടുള്ളതുകൊണ്ട്, ഒരു പ്രയോജനവുമില്ല, സ്റ്റേറ്റിന് ബാദ്ധ്യതയായി മാറി എന്നുള്ള നിലയിലേയ്ക്ക് ഒരു ഫോർമുല രൂപപ്പെടുത്താനാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ക്രിട്ടിസിസ്ത്തിന്റെ ഉള്ളടക്കമെന്ന് തോന്നുന്നു. അത് വ്യവസായത്തിന്റേയും വാണിജ്യത്തിന്റേയും കൂടി കൂട്ടിയാൽ ഊർജ്ജ ഉപയോഗം കേരളത്തിൽ കൂടിയിട്ടുണ്ട്. 2000 മാർച്ച് 31-നാണ് അത് കൃത്യമായി കണക്കാക്കുന്നത്. അതായത് വ്യവസായം, വാണിജ്യം, ഗാർഹികം, കൃഷി എന്നിവയുടെ ഉപയോഗം പൊതുവിൽ കേരള സംസ്ഥാനത്ത് ഇതുവരെ ഉപയോഗിച്ചുകൊണ്ടുവന്നതിനെക്കാൾ കൂടിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള വിമർശനത്തിൽ പവർ കട്ട് മൂന്നര മണിക്കൂർ ഉണ്ടായിരുന്നു, ഇപ്പോൾ പവർകട്ട് ഇല്ല. കട്ട് ഇല്ലാത്ത സാഹചര്യത്തിൽ ഉപയോഗം കൂടേണ്ടതല്ലേ എന്നുള്ളതാണ് ക്രിട്ടിസിസം. ആ ക്രിട്ടിസിസം ശരിയാണ്. ഗവൺമെന്റിന്റെ പരിശോധനയിലും ബോർഡിന്റെ പരിശോധനയിലും ഊർജ്ജോപയോഗം കൂട്ടിയിട്ടുണ്ട്. ഊർജ്ജം ഇല്ലാത്തതിന്റെ പേരിൽ വ്യവസായങ്ങൾക്ക് 100% പവർകട്ട് ഏർപ്പെടുത്തേണ്ടിവന്നതിന്റെ പേരിൽ ഒരു മാസത്തെ ഉല്പാദനം നഷ്ടം 600 കോടി രൂപയെന്നാണ് പ്ലാനിംഗ് ബോർഡ് കണക്കാക്കിയിട്ടുള്ളത്. വൈദ്യുതി ഇല്ലാത്തതിന്റെ പേരിൽ ഉല്പാദന നഷ്ടം കേരളത്തിൽ സംഭവിച്ചത് ഒരു വർഷം 6000 കോടി രൂപയാണ്. വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്തതിന്റെ പേരിൽ ഇന്ന് കേരളത്തിൽ ഒരു നയാപൈസയുടെ ഉല്പാദന നഷ്ടം സംഭവിച്ചിട്ടില്ല എന്നുള്ളതാണ് വാസ്തവം. ഊർജ്ജോല്പാദനം കൂടിയതിന്റെ പേരിൽ വ്യവസായ മേഖലകളിൽ ഉൽപാദന നഷ്ടം ഉണ്ടായിട്ടില്ല. കാർഷിക വ്യാവസായിക മേഖലകളിൽ ഊർജ്ജോല്പാദനം വർദ്ധിച്ചതിന്റെ പ്രയോജനം ഉണ്ടായിട്ടുണ്ട്. കുറച്ച് വില കൂടിയിട്ടുണ്ട്. അത് ശരിയാണ്. അത് തെക്കെ ഇൻഡ്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ വിലയുമാണ്. തെക്കെ ഇൻഡ്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് പവർകട്ട് ഇല്ലാത്ത ഏക സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. ഈ നിലയിൽ ഊർജ്ജ മേഖലയിൽ കൈവരിച്ചിട്ടുള്ള നേട്ടത്തെ കുറച്ചു കാണാൻ ശ്രമിക്കുന്നത് വസ്തുതയ്ക്ക് നിരക്കാത്തതും കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നതുപോലെയുമാണ്. അത്തരം വാദഗതികൾ കേരളത്തിലെ ജനങ്ങൾ തള്ളിക്കളയുമെന്നാണ് ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, നിർബന്ധിച്ച് മറുപടി പറയിക്കാൻ നമുക്ക് അധികാരമില്ല. എന്നാലും ശ്രീ. ജി. കാർത്തികേയൻ മാനവീയവുമായി ബന്ധപ്പെട്ട വളരെ ഗുരുതരമായ ചില കാര്യങ്ങൾ പറഞ്ഞു. അതിനെ സംബന്ധിച്ച് സാംസ്കാരിക വകുപ്പുമന്ത്രിക്ക് എന്താണ് പറയാനുള്ളതെന്ന് അറിയാൻ ആഗ്രഹമുണ്ട്. അദ്ദേഹത്തിന് ഇഷ്ടമുണ്ടെങ്കിൽ പറയട്ടെ.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, കലാകാരൻമാരെ കൊണ്ടുവന്ന് വ്യത്യസ്ത രീതിയിൽ അവർക്ക് പ്രതിഫലം നൽകിയെന്നാണ് അദ്ദേഹം പറഞ്ഞത്. വളരെ പ്രസിദ്ധരായിട്ടുള്ള കലാകാരൻമാർക്ക് അവർ നിശ്ചയിക്കുന്ന തോതിലുള്ള പ്രതിഫലമാണ് കൊടുത്തിട്ടുള്ളത്. അവർ അവിടെനിന്ന് ഇവിടെ എത്തുന്നതിനുള്ള പ്ലെയിൻ ചാർജ്ജും അവരുടെ കൂടെ ഉള്ളവരുടെ പ്ലെയിൻ ചാർജ്ജുമെല്ലാം കണക്കാക്കിയിട്ടാണ് പ്രതിഫലം കൊടുക്കുന്നത്. ഇവിടെയുള്ള ആളുകൾക്ക് അങ്ങനെതന്നെയാണ് കൊടുത്തത്. അവർക്ക് പ്രതിഫലം കുറച്ചുകൊടുത്തു എന്നുള്ള പരാതി എന്റടുക്കൽ വന്നിട്ടില്ല. അങ്ങനെ താരതമ്യപ്പെടുത്തുന്നത് ശരിയല്ല. 500 ഉറുപ്പികയ്ക്ക് അദ്ദേഹം പരിപാടിക്ക് വന്നതല്ല.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ നിർബന്ധിച്ച് മറുപടി പറയിക്കാൻ പറ്റുകയില്ല. 12 ലക്ഷം രൂപ കൊടുത്തത് അങ്ങ് താരതമ്യം ചെയ്യേണ്ട. അടൂർ ഗോപാലകൃഷ്ണൻ, കലാമണ്ഡലം ഗോപി എന്നു പറയുന്ന പ്രശസ്തനായ കാലാകാരനെക്കുറിച്ച് എടുത്ത ഡോക്യുമെന്ററിക്കാണ് അന്തർദേശീയ തലത്തിൽപോലും അവാർഡ് കിട്ടിയിട്ടുള്ളത്. അപ്പോൾ ആരാണ് കലാമണ്ഡലം ഗോപി? അദ്ദേഹം പരാതി പറഞ്ഞിരിക്കുന്നു. അതാണ് ഞാൻ പറഞ്ഞത് പഴയ രാജാക്കൻമാരെപ്പോലെ കഞ്ഞിയും പുഴുക്കും നമ്മുടെ കലാകാരൻമാർക്ക്, മറ്റുള്ളവർക്ക് 12½ ലക്ഷം രൂപയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അദ്ദേഹം പരിപാടിക്ക് വന്നതിന്റെ പ്രതിഫലമല്ല കൊടുത്തത്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ വോട്ട് ഓൺ അക്കൗണ്ടിനെ സംബന്ധിച്ച്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്. അങ്ങയുടെ ഓപ്പൺ ഫ്ളോറിൽ ഒരു അഷ്വറൻസ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ നിയമസഭയുടെ അവസാനം വൈദ്യുതി ബോർഡിലെ കുംഭകോണത്തെക്കുറിച്ച് ഞാൻ ഇവിടെ ഉന്നയിച്ചിരുന്നു. അതു സംബന്ധിച്ച് കഴിഞ്ഞ സമ്മേളനത്തിൽ മറുപടി പറയാമെന്ന് മന്ത്രി ഉറപ്പു പറഞ്ഞതാണ്.

മി. സ്പീക്കർ : വിദ്യുച്ഛക്തി മന്ത്രിയുടെ ഡിമാന്റ് ചർച്ച എന്നാണോ അങ്ങ് ധരിച്ചിരിക്കുന്നത്. അല്ലാതെ എന്താണ് പ്രസക്തി? അങ്ങയുടെ ചോദ്യം ധനകാര്യമന്ത്രിയോടാണോ? അത് വേറെ വിഷയം, പ്രൊഫ. എ. വി. താമരാക്ഷൻ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് വിശദീകരണം നടത്തിയതാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിസ്ഥാനമില്ലാത്ത കാര്യമാണ് ഉന്നയിച്ചിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മറുപടി പറയാൻ കൊള്ളാത്ത പ്രശ്നമാണ്. എനിക്ക് അതിന് മറുപടി വേണ്ട.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയിൽ വന്നിട്ടുള്ള ചില പ്രശ്നങ്ങളെ സംബന്ധിച്ച് അംഗങ്ങൾ ഉന്നയിച്ച ചില വിമർശനങ്ങൾക്കുള്ള ക്ലാരിഫിക്കേഷൻസും അതിനുള്ള മറുപടിയും വളരെ ചുരുക്കി ഞാൻ പറയുകയാണ്. കർഷക തൊഴിലാളി പെൻഷൻ, ഡെസ്റ്റിറ്റ്യൂട്ട് പെൻഷൻ തുടങ്ങി കുറെ പെൻഷൻ കുടിശ്ശികകൾ ഇപ്പോൾ ഉണ്ട്. അതിനെ സംബന്ധിച്ച ആവലാതി ഒരു ബഹുമാന്യ മെമ്പർ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കർഷക തൊഴിലാളി പെൻഷൻ 70 രൂപയായിരുന്നു. കർഷക തൊഴിലാളി പെൻഷന്റെ 18 മാസത്തെ കുടിശ്ശിക ബാക്കിവച്ചിട്ട് പോയത് ഈ സർക്കാരാണ് കൊടുത്തത്. അത് 1996-ൽ 80 രൂപയാക്കി ഉയർത്തി. അതും മുഴുവൻ കൊടുത്തു. വീണ്ടും 100 രൂപ ആക്കി ഉയർത്തി. അതിൽ ആറു മാസത്തെ കൊടുത്തു. ഇപ്പോൾ ഒൻപതോ പത്തോ മാസത്തെ കൊടുക്കാനുണ്ട്. അത് ഓണത്തിനുമുമ്പ് കൊടുക്കുകയും ചെയ്യും. 18 മാസം ബാക്കിവച്ചിട്ട് പോയവർ ഇത് പറയുന്നത് ശരിയല്ല. ഞാനും ബാക്കിവച്ചത് ശരിയല്ല. കർഷക തൊഴിലാളി പെൻഷൻ എക്സിക്യൂട്ടീവ് ഓർഡർ വഴിയാണ് നടപ്പിലാക്കിയത്. ആ എക്സിക്യൂട്ടീവ് ഓർഡർ സ്റ്റാറ്റ്യൂട്ടറിയാക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. കോൺട്രാക്ടേഴ്സ് എമൗണ്ടിനെ സംബന്ധിച്ച് പറയുന്നത് കേട്ടാൽ ഇവിടെ എന്തോ ഭയാനകമായ രീതിയിൽ ബാക്കി വന്നിരിക്കുന്നു എന്നൊരു അലാമിംഗ് ചിത്രമാണ് കൊടുക്കുന്നത്. ഇതിന്റെ വസ്തുതയെന്താണ്? 1996-ലാണല്ലോ ഞാൻ ധനകാര്യ മന്ത്രിയാകുന്നത്? അപ്പോൾ കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബാക്കി തുക കൃത്യമായും ഞാൻ പറയാം. 321 കോടി രൂപ. ആ 321 കോടി രൂപ ബാക്കി വയ്ക്കുമ്പോൾ വർക്സ് ബഡ്ജറ്റിലെ പ്രൊവിഷൻ 707 കോടി രൂപ. 707 കോടി രൂപയുടെ ബഡ്ജറ്റ് പ്രൊവിഷൻ ഉള്ളപ്പോൾ കോൺട്രാക്ടർമാർക്ക് 321 കോടി രൂപ ബാക്കി വച്ചു. അപ്പോൾ അലാമിംഗ് പൊസിഷൻ വന്നത് 31-12-1999-ൽ അത് 607 കോടി രൂപയായി. ഇത് ഈ കാട്ടറിലെ എൽ.സി.-ക്ക് കൊടുക്കുന്നതോടുകൂടി 520 കോടി രൂപയായി താഴും. ഇപ്പോഴത്തെ വർക്സ് ബഡ്ജറ്റ് പ്രൊവിഷൻ 1156 കോടിരൂപ ആണ്. അപ്പോൾ 1156 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷൻ ഉള്ളപ്പോൾ 520 കോടി രൂപയും, 707 കോടി രൂപ മാത്രം ബഡ്ജറ്റ് പ്രൊവിഷൻ ഉള്ളപ്പോൾ 321 കോടിയും ബാക്കിവച്ചവരാണ് ഇങ്ങോട്ട് നോക്കിയിട്ട് ബാക്കിയെപ്പറ്റി പറയുന്നത്. മനസ്സിലാക്കണം. ആ പ്രൊപ്പോർഷൻ നോക്കണ്ടേ? 10 രൂപ കൊടുക്കാനുള്ളിടത്ത് അഞ്ച് രൂപ ബാക്കി വച്ചു. ആയിരം രൂപ കൊടുക്കാനുള്ളിടത്ത് 400 രൂപ ബാക്കി വച്ചാൽ അതിനെപ്പറ്റി പറയുന്നതിൽ വല്ല അർത്ഥവുണ്ടോ? അപ്പോൾ 707 കോടിരൂപയിൽ 321 കോടി രൂപ ബാക്കി, 1256 കോടിരൂപയിൽ 520 കോടി രൂപ ബാക്കി. where is the alarming situation? ഇത് ക്യൂമുലേറ്റീവ് സഞ്ചിത സംഖ്യയാണ്. അതുപോലെ കടത്തിനെ സംബന്ധിച്ച്, എന്തോ ആകാശം ഇടിഞ്ഞു വീഴുന്ന രീതിയിൽ ഇവിടത്തെ സാമ്പത്തിക സൂപ്പർ സ്ട്രക്ചർ ആകെ താഴെ വരുമെന്നുള്ള രീതിയിൽ ഭയാനകമായ ചിത്രം വരച്ചു കാട്ടാൻ പലരും പരിശ്രമിച്ചു. 1991-ൽ ബഹുമാനപ്പെട്ട കരുണാകരൻ മുഖ്യമന്ത്രിയായപ്പോൾ, ഞങ്ങൾ ഗവൺമന്റിൽ നിന്നും പോയപ്പോൾ ഇവിടെ ഉണ്ടായിരുന്ന പൊതു കടം 4,965 കോടിരൂപയാണ്. ആ 4,965 കോടി രൂപ കടത്തിനെ 1996-ൽ ഞങ്ങൾ വീണ്ടും വന്നപ്പോൾ നിങ്ങൾ എത്രയാക്കി വച്ചിട്ടുണ്ടെന്നറിയാമോ? 10,670 കോടിരൂപ നാലായിരം കോടിയെ 10,670 കോടിയാക്കി എന്നു വച്ചാൽ 115 ശതമാനം വർദ്ധനവ്. ഡബിൾ ആണ്. ഈ കണക്കൊന്നും തെറ്റിച്ചു പറയാൻ കഴിയില്ല. 1994-95-ൽ ഫോർത്ത് ഇയർ ഓഫ് യു. ഡി. എഫ് ഗവൺമന്റ്. ആ കൊല്ലത്തിലാണ് ഏറ്റവും വലിയ കടത്തിലേക്കുള്ള വർദ്ധനവുണ്ടായ വർഷം. 21.64 ശതമാനം. ഇന്നേവരെ 21.64 ശതമാനം കടത്തിൽ ഹൈക്ക് ഉണ്ടായിട്ടില്ല. ഇപ്പോൾ 31-3-1999-ൽ 17,360 കോടി രൂപ ഇൻക്ലൂഡിംഗ് റിസർവ്സ് ആന്റ് ഡെപ്പോസിറ്റ്. ബഹുമാനപ്പെട്ട മാണി ഇവിടെ രാവിലെ പറഞ്ഞ ഡെപ്പോസിറ്റ്സിനെ കടമാക്കിയിട്ടാണ് ഞാൻ പറയുന്നത്. അതുകൂടി കൂട്ടിയുള്ള ഡെപ്പോസിറ്റ്സ് കൂട്ടിയാൽ 17,000 കോടി രൂപ ആണ്. അപ്പോൾ 5 കൊല്ലം കൊണ്ട് നാലായിരത്തിനെ പതിനായിരമാക്കിയാൽ.... വസ്തുത മറച്ചു വയ്ക്കാൻ ആരു വിചാരിച്ചാലും കഴിയുകയില്ലല്ലോ. എത്ര വലിയ മിടുക്കനാണെങ്കിലും കഴിയുകയില്ല.

ശ്രീ. തോമസ് ചാഴികാടൻ: അങ്ങയുടെ കണക്കുകൾ ഒരോന്ന് പ്രൂവ് ചെയ്യാൻ ശ്രമിക്കുന്നു. എൽ. ഡി. എഫിന്റെ കാലത്ത് 4,965 കോടി ആയിരുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് 10,760 കോടി ആയി. അതിനുശേഷം ഇപ്പോൾ എൽ.ഡി.എഫ്-ന്റെ കാലത്ത് 17,360 കോടി ആയിയെന്ന് അങ്ങ് പറഞ്ഞു. കടം ഇങ്ങനെ കുന്നുകൂടിക്കൊണ്ടിരിക്കുകയാണ്. ആരാണ് തിരിച്ചു കൊടുക്കുന്നത്? എങ്ങനെയാണ് തിരിച്ചു കൊടുക്കുന്നത്? അത് സംബന്ധിച്ച് എന്തെങ്കിലും നടപടിയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : അത് തന്നെയാണ് exactly my question അയ്യായിരം പതിനായിരമാക്കി. പതിനോരായിരത്തിനെ നിങ്ങൾ പറഞ്ഞു പോലെ സാമ്പത്തിക മാനേജുമെന്റ് നടത്തിയാൽ 23,000 രൂപ വരെ നമുക്ക് സ്കോപ്പുണ്ട്. നിങ്ങളുടെ മാതിരിയുള്ള ഈകുലായിട്ടുള്ള നിങ്ങളുടെ കഴിവാണെന്ന് വിചാരിക്കുക. 115 ശതമാനമായിട്ട് വർദ്ധിച്ചാൽ ഇരുപത്തിമൂന്നായിരത്തോളം വരും. അത് 17,000 മാത്രമേ ആയിട്ടുള്ളൂ. ഞാൻ അതിൽ സ്വല്പം പരാജയപ്പെട്ടിട്ടുണ്ട്. നിങ്ങളെ പോലെ തന്നെ ശക്തിയായി കടം ഉയർത്താൻ സാധിച്ചിട്ടില്ല. പിന്നെ ഡെഫിസിറ്റിനെ സംബന്ധിച്ചാണ് പറയാനുള്ളത്. അപ്പോൾ അയ്യായിരവും, പതിനായിരവും, പതിനേഴായിരവും ഓർക്കുക. അയ്യായിരം പതിനായിരമാക്കിയവരാണ് പതിനായിരം പതിനേഴായിരമാക്കിയവരോട് മെക്കിട്ട് കയറുന്നത്. നമ്മുടെ സ്കോപ്പനുസരിച്ച് 15 ശതമാനം വച്ച് കണക്കാക്കിയാൽ 22 ½ ശതമാനം വരെയാകാം. കാൽക്കുലേറ്റർ എന്റെ കയ്യിലില്ല. ഇനി അഞ്ചിന് കൂടി വകുപ്പുണ്ട്. പിന്നെ ശ്രീ. ചാഴികാടന്റെ ചോദ്യം ഇത് ആര് കൊടുക്കും എന്നുള്ളതാണ്. അത് ചരിത്രം തീരുമാനിക്കും. ആര് കൊടുക്കുമെന്നുള്ളത് History will decide. History is to take a long view backwards a broad view around all with the view to look forward. അതിനുവേണ്ടിയാണ് ഞാൻ ഇത്രയും....പിന്നെ പഴുതു പഠിക്കാനാണോ? ഇനി ഡെഫിസിറ്റിനെപ്പറ്റിയാണ്. 1991-96-ൽ റവന്യൂ കമ്മി റവന്യൂ വരുമാനത്തിന്റെ 8.5 ശതമാനമായിരുന്നു. യു. ഡി. എഫ് ഭരിക്കുമ്പോൾ 8.5 ശതമാനമായിരുന്നു ഡെഫിസിറ്റ്. ഇതിൽ 1996 തോട്ട് 2001 വരെയുള്ള കാലഘട്ടത്തിൽ റവന്യൂ ഡെഫിസിറ്റ് 10.07 ശതമാനം വർദ്ധിച്ചിട്ടുണ്ട്. പക്ഷേ അതിൽ ആയിരം കോടി രൂപ പേ റിവിഷന് ഇമ്പാക്ട് വേണ്ടി വന്നതുകൂടി കണക്കാക്കിയാൽ the percentage of revenue deficit to revenue receipt is only 7.97. Alarming അല്ല. പിന്നെ അതുകൊണ്ട് കേരളത്തിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതാണെന്നൊന്നും പറയുന്നില്ല. വളരെ ഡാർക്കാണ്. പക്ഷേ യു. ഡി. എഫ്. ആയാലും ശരി, എൽ.ഡി.എഫ് ആയാലും ശരി pure struggling ഇപ്പോൾ യു.ഡി.എഫ്. ഭരിക്കുന്നതിനേക്കാൾ Indian economic scenario വളരെ വളരെ മോശമായിട്ടുണ്ടെന്ന് അവിടെ സമ്മതിക്കുമെന്ന് എനിക്ക് തോന്നുന്നു. കാരണം 1991-96 വരെ കേന്ദ്രവും സംസ്ഥാനവും ഒരേ പാർട്ടി ഭരിച്ചതല്ല. കേന്ദ്രത്തിൽ ഇങ്ങനെയൊരു ഗവൺമെന്റ് വന്നു. Very unfriendly towards Kerala. ഈ ഗവൺമെന്റ് in January-zero devolution, February - zero devolution, March-zero devolution. ഇങ്ങനെ ശ്വാസം മുട്ടിക്കുന്നുണ്ടായിട്ടും പിടിച്ചു നിൽക്കാൻ ശ്രമിക്കുന്നു. അങ്ങനെ ഒരാൾ പിടിച്ചു നിൽക്കാൻവേണ്ടി ശ്രമിക്കുമ്പോൾ, വലിയ മോശമായിട്ടില്ലെന്ന് കാണുമ്പോൾ അയാളെ ശരിയാക്കിയാലേ വിടുകയുള്ളൂ എന്ന് പറയുന്നത് ശരിയല്ല. ഞാൻ അത്രയേ പറയുന്നുള്ളൂ. when you read statistics നമ്മുടെ സ്ഥിതി അത്രയും അലാമിംഗ് അല്ല. വളരെ റോസിയാണെന്നൊന്നും ഞാൻ പറയുന്നില്ല. അങ്ങനെയാണെങ്കിൽ നിങ്ങളുടെ കാലത്ത് വളരെ വളരെ അലാമിംഗ് ആയിരുന്നു. ഈ സഹകരണ ബാങ്കിലെ നിക്ഷേപം എല്ലാവരും ഡെപ്പോസിറ്റ് ഇട്ടത് എപ്പോൾ വേണമെങ്കിലും ആർക്ക് വേണമെങ്കിലും പിൻവലിക്കാം. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ. ബാങ്കിൽ ഡെപ്പോസിറ്റ് ഇട്ടാൽ പിൻവലിക്കാം. ഇപ്പോൾ റിസർവ് ബാങ്ക് എന്താ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ളത് എന്നു അറിയാമോ, 90 ദിവസത്തിനുള്ളിൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് പിൻവലിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. പിൻവലിച്ചോട്ടെ, കൊടുക്കും. അത് ഞാൻ നോക്കിക്കൊള്ളാം, that is my business... yes, my business എന്നുപറഞ്ഞാൽ അർത്ഥം business of Government of Kerala. This is not the business of Opposition, it is the business and it is the liability of the Government of Kerala. As a Finance Minister, I take the constitutional responsibility. I am responsible to the people of Kerala through this House. യാതൊരു സംശയവും വേണ്ട. ഭരണഘടന പിടിച്ച് സത്യം ചെയ്താണ് മന്ത്രിയായത്, ഓടിളക്കി ഇറങ്ങിയതൊന്നുമല്ല. I am constitutionally responsible for everything what is happening here in the financial structure. ഞാൻ ഒളിച്ചോടുന്നൊന്നുമില്ല. അതുകൊണ്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഡെപ്പോസിറ്റ് വച്ച് ഡെപ്പോസിറ്റർമാരിൽ ചിലർ ഞങ്ങളുടെ കൈയിൽ അധിക വിഭവമുണ്ട്.... ബാങ്കിലെ ഒരു കത്ത് എനിക്ക് കിട്ടി. In the absence of other revenues of primary co-operative societies we are interested in investing funds in Government Treasuries at the rates offered to the District Co-operative Banks എന്നുപറഞ്ഞിട്ട്. ഇപ്പോൾ അഡ്വാൻസ് പോകാൻ പ്രൈമറി ബാങ്കുകൾ അടക്കം വിഷമിക്കുന്ന ഒരു ഘട്ടമാണ്. ഡെപ്പോസിറ്റ് മൊബിലൈസേഷൻ. പണ്ട് ശ്രീ. ചന്ദ്രശേഖരൻ നായർ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റായിരുന്നപ്പോഴും ശ്രീ. ആര്യാടനും ഒക്കെക്കൂടി തുടങ്ങിവച്ച ഒരേർപ്പാടാണ്. ബഹുമാനപ്പെട്ട കരുണാകരൻ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ തലയിൽ ഉദിച്ച ആശയമാണ്; സംശയമില്ല.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): നമുക്ക് തന്നെ ഇതറിയാമല്ലോ, എനിക്കുള്ള ക്രെഡിറ്റ് എനിക്ക് തരണം.

ശ്രീ. ടി. ശിവദാസമേനോൻ: ആ ഡെപ്പോസിറ്റ് മൊബിലൈസേഷൻ വന്നപ്പോൾ അന്നൊക്കെ ഇത്ര ക്രെഡിബിലിറ്റി കോ-ഓപ്പറേറ്റീവ് സെക്ടറിന് ഇല്ല. ഇന്ന് ഡെപ്പോസിറ്റ് മൊബിലൈസേഷൻ വന്ന് കോ-ഓപ്പറേറ്റീവ് സെക്ടർ വളരെയധികം വളർന്നിരിക്കുകയാണ്. വിശ്വാസ്യതയുണ്ട്. ആ നിലയ്ക്കു തന്നെ അവർ ഏറ്റവും ഷുവറായിട്ടുള്ള സെക്യൂരിറ്റിയിൽ സർപ്ലസ് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുകയാണ്. ആ ഡെപ്പോസിറ്റ് ചെയ്യുന്നതിന് always in the savings bank, അവർക്ക് വിത്ഡ്രാ ചെയ്യാൻ അധികാരം ഉണ്ട്. അതുകൊണ്ടാണ് 90 ദിവസത്തെ നോട്ടീസ് ഉണ്ടെങ്കിൽ 90 ദിവസംകൊണ്ട് മടക്കിക്കൊടുക്കേണ്ട ചുമതല ഫിനാൻസ് ഡിപ്പാർട്ടുമെന്റിനാണ്. That we will do our task അല്ലെങ്കിൽ we will be penalised യാതൊരു സംശയവും വേണ്ട. അത് വലിയൊരു വർത്തമാനം ആക്കേണ്ട ആവശ്യമില്ല. കോ-ഓപ്പറേറ്റീവ് ബാങ്കുകൾ പണം ചോദിക്കുന്നു. കേരളം സാമ്പത്തിക പ്രതിസന്ധിയിൽ. 'No', കടം ചോദിക്കുമെന്ന് വിചാരിച്ചുതന്നെയാണ് ഡെപ്പോസിറ്റ് ഇടുന്നത്. ഏത് ഡെപ്പോസിറ്റും എപ്പോൾ വേണമെങ്കിലും ഡെപ്പോസിറ്റർ ചോദിക്കും എന്ന് ഏത് വിവരമില്ലാത്തവനും മനസ്സിലാക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങ് വളരെ നിസ്സാരമായിട്ടാണ് ഇക്കാര്യത്തെ ഇവിടെ അവതരിപ്പിച്ചത്. ഇത് അത്രത്തോളം നിസ്സാരമായ ഒരു കാര്യമല്ലെന്ന് കേരളീയ സമൂഹത്തിനറിയാം. എന്റെ ഒരു ചോദ്യം അങ്ങ് പറയുന്നതുപോലെ ആ വിഷയം അത്ര നിസ്സാരമാണെങ്കിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇനിയുള്ള മറ്റ് മേഖലകളിലൂടെയുള്ള മറ്റ് സൗകര്യങ്ങളെല്ലാം നിർത്തിവയ്ക്കുമെന്ന് ഒരു കത്തയയ്ക്കാൻ എന്താ കാരണം?

ശ്രീ. ടി. ശിവദാസമേനോൻ : ഒരു മേഖലയിലുള്ള സൗകര്യവും നിർത്തിവയ്ക്കുമെന്ന് റിസർവ് ബാങ്ക് പറഞ്ഞിട്ടില്ല. Reserve Bank refinancing of NABARD to Co-operative Bank ഇത് കിട്ടിയാലേ കൊടുക്കുള്ളൂ എന്നു പറഞ്ഞു. വാദത്തിനു ഞാൻ ഇല്ല. എന്റെ മറുപടി കേട്ടാൽ മതി. അതുകൊണ്ട് അത് വലിയ പ്രശ്നമൊന്നുമല്ല. ഡെപ്പോസിറ്റായാൽ വിത്ഡ്രാവൽ ചെയ്താൽ കൊടുക്കണം. ഇവിടെ ഇത് കടം വന്നത് മറച്ചുപിടിക്കാനോ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ റോസിയാണെന്ന് വരുത്തിത്തീർക്കാനോ ഞാൻ ആഗ്രഹിക്കുന്നില്ല. വളരെ വിഷമം പിടിച്ച ഒരു അവസ്ഥയിലൂടെയാണ് നമ്മൾ പോകുന്നത്. ഇന്ന് ഇന്ത്യയിലെ സ്ഥിതി എന്താ? അത് എല്ലാവർക്കും അറിയാമല്ലോ, ഇന്ത്യയുടെ ഡെബ്റ്റ് എന്താണ്, ഫോറിൻ ഡെബ്റ്റ് എന്താണ്, ഇന്റേർണൽ ഡെബ്റ്റ് എന്താണ്. Economic federalism of the state അതിനോട് അവരുടെ പോളിസി എന്താണെന്ന് എല്ലാവർക്കും അറിയുന്ന കാര്യമാണ്. Economic federalism is in danger, in peril അതാണ് പൊസിഷൻ. ഇത്രയും പ്രതികൂല സാഹചര്യത്തിൽ അവിടെയുള്ളവരുടെയും ഈ ഭാഗത്തുള്ളവരുടേയും, എന്റെ സഹപ്രവർത്തകരുടെയും, ഉദ്യോഗസ്ഥൻമാരുടേയും എല്ലാം സഹകരണത്തോടുകൂടി ഇങ്ങനെയെങ്കിലുമൊക്കെ പിടിച്ച് നിൽക്കുകയാണ്. തുടർന്നും എല്ലാവരുടെയും സഹകരണം ഈ കാര്യത്തിൽ ഉണ്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ മറ്റൊരു ക്രിട്ടിസിസം വന്നത് ഇന്നത്തെ വ്യവസായം മുഴുവൻ കമ്പ്യൂട്ടറാണ് ; ഈ കമ്പ്യൂട്ടർ വ്യവസായത്തിനാണ് ത്രസ്റ്റ് കൊടക്കുന്നത് ; ഒക്കെ കമ്പ്യൂട്ടറൈസ് ചെയ്യുകയാണ് എന്നുള്ളതാണ്. മിണ്ടിയാൽ പറയുന്നു കമ്പ്യൂട്ടറൈസ് ചെയ്യുന്നു. ഇങ്ങനെയാണ് ഒരു ആരോപണം വന്നത്. കേരളത്തിന്റെ കോൺക്രീറ്റ് സിറ്റുവേഷൻ എന്താണ്? കേരളത്തിനു വല്ലാതെ കിഴക്കോട്ട് പോകാൻ പറ്റില്ല. അവിടെ evergreen forest അല്ലെങ്കിൽ denuded forest അതുകൊണ്ട് അവിടേയ്ക്ക് കടക്കാൻ പറ്റില്ല. കേരളത്തിൽ എന്തെങ്കിലുമൊന്ന് തുടങ്ങാമെന്ന് വച്ചാൽ പടിഞ്ഞാറു പോകണമെങ്കിലും ഇപ്പോൾ രക്ഷയില്ല. Coastal regional zone, ഇപ്പോൾ പടിഞ്ഞാട്ടും പൊയ്ക്കൂടാ, കിഴക്കോട്ടും പൊയ്ക്കൂടാ. Narrow strip of land -ൽ നമ്മുടെ ആക്ടിവിറ്റി നിർത്തേണ്ട ഒരു സ്ഥിതിയാണ്. അതുകൊണ്ട് പഴയ വ്യവസായത്തെ സംബന്ധിച്ചുള്ള നമ്മുടെ കൺസപ്ട് മാറണം. വലിയ പുകക്കുഴൽ, 100 ഏക്കർ സ്ഥലം, വിലയ മതിൽ ആ ഒരു സങ്കല്പം വ്യവസായത്തെ സംബന്ധിച്ച് മാറണം. ഇപ്പോൾ ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി, കമ്മ്യൂണിക്കേഷൻ ടെക്നോളജി ഇതെല്ലാം തന്നെ ആധുനിക കംപ്യൂട്ടർ വൽക്കരണത്തിന്റെ മേഖലയിലുണ്ട്. Hyerabad software is saturated, Bangalore is always saturated. ഇനി കേരളത്തിൽ ഉണ്ടാകുന്ന സോഫ്റ്റ്

വെയർ എത്രവേണമെങ്കിലും മാർക്കറ്റ് ഫോറിനിൽ ഉണ്ട്. ഏറ്റവും വലിയ സാദ്ധ്യതയുള്ള ഒരു വ്യവസായം വളർത്തിക്കൊണ്ടു വരാനും ഗവൺമെന്റിനെ കൂടുതൽ സുതാര്യവും പ്രതികരണശേഷിയുള്ളതുമായി തീർക്കാൻ വേണ്ടി, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്സ് കാര്യക്ഷമമാക്കാൻ 3 ശതമാനം കംപ്യൂട്ടറൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 3% ഫണ്ട് അവർക്ക് ഉപയോഗിക്കാം എന്നു പറഞ്ഞാൽ ഇത് ഒരു മഹാപാപം ആണെന്ന് എനിക്ക് തോന്നിയിട്ടില്ല. പിന്നെ ഈ പ്ലാനിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞത്. അതിനെ സംബന്ധിച്ച് ചില വിശദാംശങ്ങൾ തരാൻ ഞാൻ ആഗ്രഹിക്കുന്നു. ധനകാര്യ വകുപ്പ് 100% റിസോഴ്സസ് പ്ലാൻ എക്സ്പെന്റീച്ചറിന് കൊടുത്തിട്ടുണ്ട്. അതിൽ 100% പ്ലാൻ അച്ചീവ് ചെയ്തിട്ടുമുണ്ട്. ഇതിൽ എന്താ പ്രശ്നമെന്ന് ചോദിച്ചാൽ 1998-99-ൽ 3,165 കോടി രൂപ ആയിരുന്നു പ്ലാൻ ചെലവാക്കിയത്. പക്ഷെ Plan Budget Estimate was Rs. 3,100 Crores only. 65 കോടി രൂപ അധികമാണ് ചെലവഴിച്ചിട്ടുള്ളത്. പക്ഷേ എന്തുകൊണ്ട് ഈ സറണ്ടർ വന്നു, അതാണ് പിന്നത്തെ ക്വസ്റ്റ്യൻ. ആ സറണ്ടർ എന്തുകൊണ്ടാണ് വന്നത് എന്നു വച്ചാൽ സെൻട്രലി സ്പോൺസേർഡ് സ്കീമിന്റെ പണം വരാത്തതുകൊണ്ടാണ്. റിലീസ് ചെയ്യാത്തതുകൊണ്ടാണ് ആ സ്ഥലം അപ്പോൾ വന്നത്. അതിന് മാക്സിമം വച്ചതാണ് സറണ്ടർ ചെയ്തിട്ടുള്ളത്. അല്ലാതെ ഒന്നുമല്ല. അതു പോലെ ഓരോ ഡിപ്പാർട്ടുമെന്റിലും എങ്ങനെ സറണ്ടർ വന്നു എന്നുള്ള കാര്യത്തെ സംബന്ധിച്ച് ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ചർച്ചയിൽ ഓരോ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും അവർ പറയും, അല്ലെങ്കിൽ പിന്നെ ഡിമാന്റ് ഫോർ ഗ്രാന്റ്സിന്റെ ചർച്ചയ്ക്ക് വല്ല അർത്ഥവുമുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സി.എ.ജി.-യുടെ റിപ്പോർട്ടിൽ ഓരോന്നിലും കാരണം പറഞ്ഞിരിക്കുന്നു. എന്നിട്ട് അങ്ങ് സെൻട്രൽ അസിസ്റ്റൻസ് കിട്ടാത്തതാണെന്ന് പറഞ്ഞാൽ ആരാ വിശ്വസിക്കുക.

ശ്രീ. ടി. ശിവദാസമേനോൻ : സെൻട്രലി സ്പോൺസേർഡ് സ്കീമിലെ പണം റിലീസ് ചെയ്യാത്തതാണ് ആ സറണ്ടറിനുള്ള കാരണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : രണ്ടു കാര്യമാണ്, ഒന്ന് അപ്രോപ്രിയേഷൻ അക്കൗണ്ട് എന്നു പറയുന്നത് പ്ലാൻ അക്കൗണ്ട് മാത്രമല്ല നോൺ പ്ലാനും കൂടിയതാണ് അപ്രോപ്രിയേഷൻ അക്കൗണ്ട്. ആ അപ്രോപ്രിയേഷൻ അക്കൗണ്ടിൽ സപ്ലിമെന്ററി അക്കൗണ്ട് കൊണ്ടുവന്നത് പല ഐറ്റത്തിലുമുണ്ട്, അത് പ്ലാനിൽ അല്ല. ആ സപ്ലിമെന്ററി ഗ്രാന്റ് വന്നിട്ടുകൂടി ഒറിജിനൽ ഗ്രാന്റിലുള്ള പണം പോലും ചെലവാക്കാതെ പ്ലാനും നോൺപ്ലാനും ഒരുപോലെ സറണ്ടർ ചെയ്തിരിക്കുകയാണ്. അത് അങ്ങ് പറയുമ്പോൾ സെൻട്രൽ അസിസ്റ്റൻസ് കിട്ടാത്തതുകൊണ്ടല്ല, നോൺപ്ലാനിൽ നിന്ന് പോലും ക്യാപ്പിറ്റൽ അക്കൗണ്ടിൽ സറണ്ടർ ചെയ്തിരിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇനി നോൺ പ്ലാനിലേയ്ക്ക് കടക്കാം. നോൺപ്ലാനിൽ ഈ അക്കൗണ്ട് കൊടുത്തിട്ടുള്ളതാണ്. ഇതിൽ ഏറ്റവും കൂടുതൽ സറണ്ടർ വന്നിട്ടുള്ളത് എഡ്യൂക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ട്മെന്റിലാണ്. ഈ നോൺ പ്ലാനിൽ വാസ്തവത്തിൽ നമ്മൾ എക്സ്പെൻഡീച്ചർ കൺട്രോൾ ചെയ്യാൻ വേണ്ടി പരമാവധി ശ്രമിക്കും. അതിൽ എഡ്യൂക്കേഷൻ വരാൻ കാരണം എഡ്യൂക്കേഷനിൽ ഏറ്റവും അധികം ചെലവ് പ്രതീക്ഷിക്കുന്നത് സ്റ്റാഫിന്റെ ശമ്പളം കൊടുക്കാനാണ്. ആ സ്റ്റാഫിന്റെ ശമ്പളം പ്ലാൻ ചെയ്യുന്നത്ര ശരിക്ക് സ്റ്റാഫ് പോസ്റ്റ് ചെയ്തിട്ടുണ്ടാവില്ല. ആ സേവിംങ്സാണ് അതിൽ വരുന്നത്. 110 കോടി രൂപയുണ്ടാകും. ഈ 300 കോടി രൂപയും വേറെ യാതൊന്നും കട്ട് ചെയ്യതതല്ല, നോൺപ്ലാനിൽ അതുവരും. കുറച്ച് എക്സ്പെൻഡീച്ചർ ഇക്കോണമി മെഷേഴ്സിൽ കട്ട് ചെയ്തിട്ടുണ്ടാകും. ഇക്കോണമി മെഷേഴ്സിൽ കുറച്ച് കട്ട് ചെയ്യണമല്ലോ, on behalf of F.D. only non-plan or other items considered not immediately essential ഇമ്മീഡിയറ്റ്ലി എസൻഷ്യൽ അല്ലാത്ത നോൺപ്ലാൻ ഐറ്റംസ് ഇക്കോണമിമെഷേഴ്സിൽ നമ്മൾ ചെലവ് ചുരുക്കിയിട്ടുണ്ടാകും. റവന്യൂ എക്സ്പെൻഡീച്ചർ കുറയ്ക്കാൻവേണ്ടി, അതിൽ യാതൊന്നും സംശയവും വേണ്ട. പിന്നെ എനിക്കു പറയാനുള്ള മറ്റൊരു കാര്യം. ഇവിടെ our attempt is always to control expenditure. Amount is surrendered because of economy measures. പേറിവിഷനിൽ പ്രൊവിഷൻ വച്ചിട്ടുണ്ട്. ആ റിവിഷനാണ് ജാസ്തിയായി വന്നത്. അത്രയേയുള്ളൂ. വേറൊന്നുമില്ല. 1997-98-ൽ സാലറി റിവിഷന് പണം വച്ചു. അന്ന് സാലറി റിവിഷൻ നടന്നില്ല. ക്യാഷ് ഫ്ളോ വന്നില്ല. അതാണ് നോൺപ്ലാനിൽ വന്ന സറണ്ടർ, ഇതു പറഞ്ഞാൽ ഉറങ്ങുന്നവനെ ഉണർത്താം, ഉറക്കം നടിക്കുന്നവനേയോ, ഉണർത്താൻ പറ്റില്ല, അതുകൊണ്ട് ഇതെല്ലാം സാമ്പത്തിക ഡിസിപ്ലിനിന്റെ ഉള്ളിലല്ലേ നടക്കുന്നത്. It is all to be done by.... ഇതൊക്കെ ഒരു അച്ചടക്കത്തിന്റെ മുകളിൽ ആണ് നടക്കുന്നത്. ഇനി എനിക്കു പറയാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : കഴിഞ്ഞ പത്തുവർഷം ഇത്രയേറെ ഡെവലപ്മെന്റ്-എഡ്യൂക്കേഷൻ, അഗ്രിക്കൾച്ചർ, ഇൻഡസ്ട്രി, ഫുഡ്, വാട്ടർസപ്ലൈ, ഇലക്ട്രിസിറ്റി, ലോക്കൽ ബോഡീസ്, ഈ പ്രധാനപ്പെട്ട വകുപ്പുകളുടെയെല്ലാം പ്ലാൻ അലൊക്കേഷൻ കംഫ്ളീറ്റ് ചെയ്തില്ല. പണം ലാപ്സായി സറണ്ടർ ചെയ്തു, അതേ സമയത്തുതന്നെ പബ്ലിസിറ്റി മാനവീയം തുടങ്ങിയവയ്ക്ക് പ്ലാനിലുള്ള അലോക്കേറ്റഡ് അക്കൗണ്ടിനേക്കാൾ കൂടുതൽ ചെലവഴിച്ചു. ഈ ഗവൺമെന്റ് ജനങ്ങൾക്കേറ്റവും ഉപകാരപ്രദമായ ഡിപ്പാർട്ടുമെന്റുകളുടെ കാര്യത്തിൽ വിവേചനം കാണിച്ചിട്ടുണ്ട്. അതിന് മതിയായ തൃപ്തികരമായ ഒരു മറുപടി ഈ അസംബ്ലിയിൽ പറയാൻ അങ്ങ് ബാദ്ധ്യസ്ഥനാണ്. അങ്ങ് സെൻട്രലി സ്പോൺസേർഡ് സ്കീമിൽ പണം വരാത്തതാണ് എന്നു പറഞ്ഞത് ഞാൻ വിശ്വസിക്കുന്നില്ല. കുറച്ചു എമൗണ്ട് കാണും, കാരണം ഇത്രയേറെ തുക സെൻട്രലി സ്പോൺസേർഡ് ആയി ഒരു ഡിപ്പാർട്ടുമെന്റിലും വരുന്നില്ല. വർഷംതോറും സെൻട്രലി സ്പോൺസേർഡ് സ്കീമിന്റെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഫിനാൻഷ്യൽ സ്ട്രിങ്ഗെൻസിയുടെ പേരിൽ പല ഡിപ്പാർട്ടുമെന്റുകളും പണം കൊടുത്തിട്ടില്ല. എന്നു സമ്മതിക്കാൻ അങ്ങ് തയ്യാറാകണം. അതേയവസരത്തിൽ പബ്ലിസിറ്റിക്കുവേണ്ടിയും മാനവീയത്തിനു വേണ്ടിയും ഈ ഗവൺമെന്റ് ഉള്ളതിലേറെ കൊടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് അങ്ങനെ ഗുരുതമായ വീഴ്ച ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായി എന്നുള്ളതാണ് സത്യം. അംഗീകരിക്കാമെങ്കിൽ അംഗീകരിക്കുക. അംഗീകരിക്കുകയില്ലെങ്കിൽ ജനങ്ങൾ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ജനങ്ങൾ പ്ലാൻ എന്താണെന്ന് കാണാൻ തുടങ്ങിയിട്ട് മൂന്ന് കൊല്ലമേ ആയിട്ടുള്ളൂ. ഇതുവരെ പ്ലാൻ എത്രയാണെന്ന് തന്നെ അവർക്ക് അറിയില്ല. ഇപ്പോൾ ജനങ്ങൾക്ക് അറിയും പ്ലാൻ എത്രയുണ്ടെന്ന്. അപ്പോൾ 3,200 കോടിയുള്ളതിൽ 3,165 കോടി രൂപ പ്ലാൻ എക്സ്പെൻഡീച്ചറിൽ വന്നിട്ടുണ്ട്. അതാണ് ഞാൻ പറഞ്ഞത്, അതുപോലെ സെൻട്രലി സ്പോൺസേർഡ് പറഞ്ഞു. അതിൽ നോൺപ്ലാനിൽ തന്നെ വളരെയധികം സറണ്ടർ വേണ്ടിവന്നു. അതിന് ഇക്കോണമി മേഷേഴ്സ് പറഞ്ഞു. ഈ കാര്യങ്ങളാണ് എനിക്കു പറയാനുള്ളത്. പിന്നെ ഡെവലപ്മെന്റൽ എക്സ്പെൻഡീച്ചർ ചെയ്തില്ല അനാവശ്യമായ ചെലവഴിച്ചു എന്നൊരു ആർഗ്യുമെന്റ് ഉണ്ടായി. എനിക്ക് നിങ്ങളോട് അതേ രീതിയിൽ പറയാൻ പറ്റില്ലല്ലോ, അതുകൊണ്ടാണ് ഞാൻ പറയാത്തത്. നിങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഞാൻ കുറെ നോക്കിയതാണ്. പിന്നെ ഒന്നു പറയാനുള്ളത് ശ്രീമതി റോസമ്മ ചാക്കോ ചോദിച്ചു കൃഷിക്കാരെ രക്ഷിക്കാൻ എന്താണ് ചെയ്തതെന്ന്? കൃഷിക്കാരെ രക്ഷിക്കാൻ ഞാൻ എന്താണ് ചെയ്തതന്ന് പറയാം. രണ്ടു ഹെക്ടറിന് മേലുള്ളവർക്ക് സൗജന്യ വൈദ്യുതി കൊടുത്തത് ഈ ഗവൺമെന്റ് ആണ്. നിങ്ങളുടെ കാലത്ത് കരകൃഷിക്ക് ഇല്ല. ഇപ്പോൾ കരകൃഷിക്കും ഉണ്ട്. അതുപോലെതന്നെ കൃഷിക്കാരുടെ കടങ്ങൾക്ക് പീനൽ ഇന്ററസ്റ്റ് എഴുതിത്തള്ളും. അത് ചെറിയ കാര്യമാണോ? അതുപോലെ അവരുടെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് അത് അഞ്ചു ഹെക്ടർ വരെയുള്ളവർക്ക് ഞങ്ങൾ ഉപേക്ഷിച്ചു. ഇനി അതുപോലെ കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുമ്പോൾ സ്പ്പോർട്ട് പ്രൈസ് വച്ച് അവരുടെ ഉല്പന്നങ്ങൾ വാങ്ങാൻ ഗവൺമെന്റ് തയ്യാറാവുന്നു. റബ്ബറിന്റെ രംഗത്ത് ഇരുപത്തിനാലു രൂപ വെറുതെ മുപ്പത്തിരണ്ടായതല്ല ഗവൺമെന്റ് എടുത്ത നടപടിയുടെ ഒരു നല്ല വശമെങ്കിലും നിങ്ങൾ അംഗീകരിക്കണം. പർച്ചേസ് ടാക്സ് ഒഴിവാക്കിയാൽ ഞങ്ങൾ എടുക്കാമെന്ന് പറഞ്ഞ് എസ്.ടി.സിയെ കൊണ്ട് അതെടുപ്പിക്കാൻ വേണ്ടി ഒരു കൊല്ലം കൂടി അത് ഒഴിവാക്കിക്കൊടുത്ത നടപടിക്ക് ഗവൺമെന്റിന് 15 കോടിരൂപയാണ് ചെലവായത്. അതാണ് ചെയ്തത്. റബ്ബറായാലും ശരി ഏത് കൃഷിക്കാരനായാലും ശരി കൃഷിക്കാരന് വരുന്ന വിഷമങ്ങൾ ഇല്ലാതാക്കി ഈ ഗവൺമെന്റിന് മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ഡോ. എം. എ. കുട്ടപ്പൻ ഇനിയെത്രയോ ഡിസ്റ്റിലറികൾ കൊടുക്കാൻ പോകുന്നു എന്ന് ഇവിടെ സൂചിപ്പിച്ചു. ഡിസ്റ്റിലറിയെ സംബന്ധിച്ച് കൺസംഷൻ എത്രയുണ്ട്, എത്ര ഇംപോർട്ട് വരണം, എക്സിസ്റ്റിംങ് ഡിസ്റ്റലറികൾക്ക് കപ്പാസിറ്റി വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ടോ ഇതെല്ലാം പഠിച്ച് റിപ്പോർട്ട് തരാൻവേണ്ടി ടൂറിസം സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ഫൈനാൻസ്), ടാക്സസ് സെക്രട്ടറി, അതുപോലെ എക്സൈസ് കമ്മീഷണർ തുടങ്ങി അഞ്ചു സീനിയർ ഐ.എ. എസ് ഉദ്യോഗസ്ഥന്മാർ അടങ്ങിയ സമിതിയെ ക്യാബിനറ്റ് നിയോഗിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴുള്ള ഡിസ്റ്റിലറികളുടെ കപ്പാസിറ്റി വർദ്ധിപ്പിച്ചാൽ മതി,

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഡിസ്റ്റിലറികൾ അനുവദിക്കേണ്ട ആവശ്യമില്ല എന്നാണ് ഗവൺമെന്റ് കരുതുന്നത്. ഗവൺമെന്റ് ഉടമയിലുള്ള ചിറ്റൂർ ഷുഗേഴ്സിന് ഇപ്പോൾത്തന്നെ ലൈസൻസ് ഉണ്ട്. പന്തളത്തെ മന്നം ഷുഗേഴ്സിന് ഇപ്പോൾ ലൈസൻസ് കൊടുത്തു, മന്നം ഷുഗർ മില്ലിന്റേയും, ചിറ്റൂർ ഷുഗർ മില്ലിന്റേയും എക്സിസ്റ്റിംങ് കപ്പാസിറ്റി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാം. അത് ഫുൾ കപ്പാസിറ്റിയാക്കാൻ അപേക്ഷ കിട്ടിയാൽ ഉടൻ അംഗീകരിക്കും. അല്ലാതെ വേറൊരു ഡിസ്റ്റലറിയും കൊടുക്കണ്ട എന്നാണ് തീരുമാനം. അത് ക്യാബിനറ്റിൽ വച്ചു, അംഗീകരിച്ചു. ഡിസ്റ്റലറികൾ ഇനി കൊടുക്കേണ്ടതില്ല എന്നത് വളരെ വ്യക്തമായി ഉണ്ടായ ഒരു തീരുമാനമാണ്. പിന്നെ ഞാൻ രാഷ്ട്രീയമായിട്ടൊന്നും പറയുന്നില്ല. ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങ് രാഷ്ട്രീയത്തിൽ കടക്കുന്നതു കൊണ്ടാണ്. അങ്ങ് 17,000 കോടി രൂപയുടെ കടബാദ്ധ്യതയാണ് ഇന്ന് ഈ സംസ്ഥാനത്തിനുള്ളതെന്ന് പറഞ്ഞു. ഇതിൽ 5,000 കോടി യു. ഡി. എഫ്.-ന്റെ അഞ്ച് കൊല്ലം 5,000 കോടി 17,000-ത്തിന്റെ 21% എൽ. ഡി. എഫ്-ന്റെ കാലത്ത് 7000 കോടി അത് 17,000 കോടി രൂപയുടെ 41% അപ്പോൾ നാല് കൊല്ലം കൊണ്ട് ഈ കടത്തിന്റെ 41% അങ്ങയുടെ ഗവൺമെന്റാണ് ഉണ്ടാക്കിയത്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താ പറയാനുള്ളത്?

ശ്രീ. ടി. ശിവദാസമേനോൻ : സർ, അവിടെയല്ലേ, ശ്രീ. ആര്യാടൻ മുഹമ്മദിനോട് സംസാരിക്കണമെങ്കിൽ നല്ല വശം വേണം. സൂക്ഷിച്ച് സംസാരിക്കണം. ഇപ്പോഴാ മനസ്സിലായത്. 1994-'95 ഒരു കൊല്ലത്തേയാ ഞാൻ പറഞ്ഞത്. നിങ്ങൾ നാല് കൊല്ലത്തേയാ കൂട്ടി പറയുന്നത്. കൺഫ്യൂസ് ചെയ്യരുത്. ശ്രീ. ആര്യാടൻ മുഹമ്മദ് നല്ല വക്കീലാകും, എന്താ കാര്യമെന്ന് വെച്ചാൽ, if you have no case, confuse അതല്ലേ? അതൊന്നും ശരിയല്ല.

ഡോ. എം. എ കുട്ടപ്പൻ : സർ, ഡിസ്റ്റിലറിയിൽ നിന്ന് ഒരോ ലോഡ് മദ്യവും പുറത്തേയ്ക്ക് കൊണ്ട് പോകുമ്പോൾ അതിന് ഗവൺമെന്റ് 500 രൂപ ഫീസ് ഈടാക്കിയിരുന്നു. അത് 1999-ൽ നിറുത്താലാക്കി. ഇപ്പോൾ ഫീസ് ഗവൺമെന്റിന് കിട്ടുന്നില്ല. എന്തുകൊണ്ടാണ് അങ്ങനെ ഒരു ഓർഡർ ഇറക്കി റവന്യൂ നഷ്ടപ്പെടുത്തിയത്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, എനിക്കതിനെപ്പറ്റി വിവരമില്ല. ഞാൻ അത് അന്വേഷിക്കാം. ലോഡിന് 500 രൂപ വെച്ച് രണ്ട് കോടി രൂപ കിട്ടിയിരുന്നു. അത് ഉപേക്ഷിച്ചിട്ടുണ്ടോ? ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അത് എന്തുകൊണ്ട് ഉപേക്ഷിച്ചു? അത് കമ്മീഷണറേറ്റിൽ ആയിരിക്കും. അല്ലാതെ ഗവൺമെന്റിൽ ഞാൻ ചെയ്തതല്ല. അതുകൊണ്ട് കമ്മീഷണറേറ്റിൽ ആണെങ്കിൽ ഞാനാണല്ലോ ഉത്തരവാദി. ഞാൻ അന്വേഷിക്കും. അന്വേഷിച്ചിട്ട് എന്താന്ന് വെച്ചാൽ പറയാം. ഒരു പൊളിറ്റിക്കൽ പോയിന്റ് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇപ്പോൾ ഈ 1989-ന് ശേഷം നമ്മുടെ ഇൻഡ്യാ രാജ്യത്ത് ഏകകക്ഷി ഭരണത്തിന്റെ കാലഘട്ടം കഴിഞ്ഞിരിക്കുകയാണ്. ഞങ്ങൾ 1989-ൽ ശ്രീ. വി. പി. സിംഗിന്റെ ഗവൺമെന്റ് വന്നതോടുകൂടി ഇനി ഇവിടെ ഒരു പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

തനിച്ച് ഭരിക്കൂല്ലാ എന്ന് പറഞ്ഞു. ഞങ്ങളുടെ തീരുമാനമാണ്, ലെഫ്റ്റ് ആകെ പറഞ്ഞതാണ്. 1991-ൽ ബഹുമാനപ്പെട്ട നരസിംഹ റാവുവിന്റെ ഗവൺമെന്റ് വന്നു. അതും ഒരു ഹംഗ് പാർലമെന്റ് ആയിരുന്നു. അതിന് കുറച്ച് ആളെ പിടിച്ചതിന്റെ പേരിൽ പാവം നരസിംഹ റാവു ഇപ്പോഴും കരയ്ക്ക് കയറിയിട്ടില്ല. അദ്ദേഹം കിണറ്റിലിറങ്ങി, ഏണി വെച്ചിരിക്കുകയാണ്. ജെ. എം. എം. കോഴ കേസ്, ജാർഖണ്ഡ് മുക്തി മോർച്ച. അപ്പോൾ 1991-ൽ it was a hung parliament. 1996-ൽ it was a hung parliament. 1998-ൽ it was a hung parliament. 1999-ലും hung parliament ആണ്. ഇപ്പോൾ കോൺഗ്രസ്സും പറഞ്ഞു. അത് നല്ല കാര്യമാണ്. ഓരോന്ന് നന്നായി വരുന്നതിന്റെ കാര്യം പറയുകയാണ്. ഏകകക്ഷി ഭരണം ഇനി നോക്കണ്ടാ, ഇനി മുന്നണി സംവിധാനമേ ഉണ്ടാകൂ എന്ന് കോൺഗ്രസ്സും ഇപ്പോൾ സമ്മതിച്ചത് ഒരു നല്ല ലക്ഷണമാണ്. ഞങ്ങൾ തനിച്ച് ഭരിക്കുമെന്നുള്ള വാർത്തമാനം ഇനി പറയില്ലല്ലോ. ഏകകക്ഷി ഗവൺമെന്റ് ഇനി ഉണ്ടാകുകയില്ല. ഞങ്ങൾ ഒരു മുന്നണിക്ക് വേണ്ടിയാ നിൽക്കുന്നത്. അത് പുരോഗമനപരമായ all those qualifications well accepted. ഇപ്പോൾ ഒരു മുന്നണി ഗവൺമെന്റ് ഉണ്ടാകും. പണ്ട് നിങ്ങൾക്ക് മുന്നണിയെ സംബന്ധിച്ചുള്ള ധാരണ എന്തായിരുന്നു? ഞങ്ങൾ 1952-തൊട്ട് മുന്നണിയാ. കേരള ഗാന്ധി കെ. കേളപ്പൻ പാർലമെന്റ് കണ്ടത് ഞങ്ങൾ അയച്ചിട്ടാണ്. ഐക്യ മുന്നണി സിന്ദാബാദ്. നിങ്ങൾ മനസ്സിലാക്കണം എപ്പോൾ ഈ പ്രായപൂർത്തി വോട്ടവകാശം വന്നുവോ അന്ന് മുതൽ മുന്നണി എന്ന് പറഞ്ഞപ്പോൾ നിങ്ങൾക്ക്, കോൺഗ്രസ്സൊക്കെ അന്ന് ഞങ്ങളെ പറഞ്ഞത് മുന്നണി, രണ്ടു മുടന്തൻമാർ കൂടിയാൽ ഒരു നല്ല മനുഷ്യനാകുമോ? ഇതായിരുന്നു ചോദ്യം. ആ ചോദ്യം മാറി ഞങ്ങളും മുന്നണി ഗവൺമെന്റ്, അതേനടക്കൂ എന്നുള്ള തരത്തിലേയ്ക്ക് കോൺഗ്രസ് കറക്റ്റ് ചെയ്ത് വന്നതും, ആ അഹന്തപോയതും ആ യാഥാർത്ഥ്യം കാണാൻ തയ്യാറായതും നല്ലത്. Better late than never അങ്ങനെ ഒരു നല്ല വളർച്ച കോൺഗ്രസ്സിന് ഉണ്ടായി എന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. ഇനി ഒറ്റയ്ക്ക് ഭരിക്കാമെന്ന് പറയില്ലല്ലോ. ഒറ്റയ്ക്ക് ഭരിക്കാൻ വേണ്ടിയിട്ടാണല്ലോ നമ്മുടെ ബി.ജെ.പി. ഗവൺമെന്റ് വീണപ്പോൾ ഇലക്ഷൻ പെട്ടെന്ന് ഉണ്ടായത്. ഒരു ആൾട്ടർനേറ്റ് ഗവൺമെന്റില്ലാതെ ഒറ്റയ്ക്ക് ഭരിക്കാൻ കഴിയുമെന്ന് വർക്കിംഗ് കമ്മിറ്റിയിൽ ചിലരുടെ ഉപദേശം കേട്ടിട്ടാണ് വർക്കിംഗ് കമ്മിറ്റി അങ്ങനെ തീരുമാനിച്ചതെന്ന് ഇവിടെ പറഞ്ഞു കേട്ടു. പക്ഷേ അതൊന്നും എനിക്കറിയില്ല. വർക്കിംഗ് കമ്മിറ്റിയിലൊന്നും ഞാൻ പോയിട്ടില്ല. ഏതായാലും വർക്കിംഗ് കമ്മിറ്റി ഡിസൈഡ് മുന്നണി വേണ്ട, ഒറ്റയ്ക്ക് ഭരിക്കാം ഇലക്ഷൻ വന്നാൽ. ഇലക്ഷൻ വന്നപ്പോൾ ഒറ്റയ്ക്ക് ഭരിച്ചല്ലോ. കോൺഗ്രസ്സിന് ശ്രീമതി സോണിയാഗാന്ധിയുടെ നേതൃത്വം ഒരു പുതുജീവൻ കൊടുക്കുമെന്ന് പറഞ്ഞു. ആ ജീവൻ കൊടുത്തിട്ട് എന്താ വന്നത്? 142 സീറ്റിൽ നിന്നും 112 ആയിട്ട് അങ്ങോട്ട് ചുരുങ്ങി. 112 സീറ്റ് എന്നുള്ളത് കോൺഗ്രസിന്റെ ജീവിതത്തിൽ ഇതേവരെ ഉണ്ടായിട്ടില്ല. അതുപോലെ ബീഹാർ ശ്രീ. ജഗന്നാഥ മിശ്ര ഭരിച്ചിരുന്ന സംസ്ഥാനമാണ് അതുപോലെ മുൻ ഇൻഡ്യൻ പ്രസിഡന്റായിരുന്ന രാജേന്ദ്രപ്രസാദിന്റെ സംസ്ഥാനമാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് 23 കോൺഗ്രസ് എം.എൽ.എ. മാരുണ്ട്. അതിൽ ഒരാൾ സ്പീക്കർ 22 ആൾ മന്ത്രിമാരും. അങ്ങനെ 23-ഉം കയറി ഭരിക്കുന്ന ഒരു അവസ്ഥയിൽ 82 മന്ത്രിമാരുള്ള ഒരു ജംബോ കാബിനറ്റ് ഭരിക്കുന്നു എന്നുള്ളത് ഭൂഷണമായിട്ട് നിങ്ങൾക്ക് തോന്നുന്നു. ഞങ്ങൾ പിൻതുണ കൊടുക്കുന്നുണ്ട്, ഞങ്ങൾ പിൻതുണ കൊടുത്തത് മന്ത്രിമാർ ആയിട്ടല്ല. അങ്ങനെ എടുപ്പിച്ചാൽ ഞങ്ങൾ ഒരു അര മന്ത്രിയെങ്കിലും ആകും. ആ നാണം കെട്ട പണിക്ക് പോകണ്ടാ എന്ന് വെച്ചിട്ടാണ്. 23 മെമ്പർമാരുണ്ട്, 23-ഉം മന്ത്രി. ലോക ചരിത്രത്തിൽ എല്ലാ പാർലമെന്റ് മെമ്പർമാരും അല്ലെങ്കിൽ അസംബ്ലി മെമ്പർമാരും മന്ത്രിയാവുന്നത് ആദ്യമായാണ്. ചരിത്രം സൃഷ്ടിച്ചിരിക്കുന്നതു കോൺഗ്രസ്സ്. അതുകൊണ്ട് ഞാൻ പറയുന്നു ചരിത്രം നോക്കിയാൽ ഇൻഡ്യയിൽ ലോകത്തിലെവിടേയും ഇല്ലാത്തൊരു സംഭവം അതിനും കോൺഗ്രസിന് ആദ്യത്തെ ചാൻസ് കിട്ടിയതിൽ അവരെ അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. കാരണം 82 ആളുള്ള മന്ത്രിസഭയിൽ കോൺഗ്രസ്സിന്റെ 23 അംഗങ്ങളിൽ ഒരു ആൾ സ്പീക്കർ, 22 മന്ത്രിമാർ, എന്നാലും അതും ഞങ്ങൾക്ക് തരക്കേടില്ലാത്ത ഒരു കാര്യമാണ് എന്ന് നിങ്ങൾക്ക് തോന്നുകയാണെങ്കിൽ നിങ്ങളുടെ ഫേറ്റ് എന്നല്ലാതെ ഞാൻ എന്ത് പറയാൻ. ഞാൻ ഒന്നും പറയുന്നില്ല. ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : പൊതുവേ അങ്ങ് ഓർത്തിരിക്കാൻ വേണ്ടി, ഞങ്ങൾക്ക് ഉപദേശം തന്നല്ലോ. ഞങ്ങൾ അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ടി. ശിവദാസമേനോൻ : ആലോചിച്ച് തീരുമാനിച്ചല്ലോ. അത് മതി.

ശ്രീ. എ. കെ. ആന്റണി : പോരെങ്കിൽ ആദ്യമായിട്ട് ഔദ്യോഗികമായിട്ട് പോണ്ടിച്ചേരിയിലും, ബീഹാറിലുമൊക്കെ ബീഹാറിൽ ഞങ്ങളുടെ സ്പീക്കർ സ്ഥാനാർത്ഥിയെ സെക്കന്റ് ചെയ്തത് നിങ്ങളാണ്. അത് നല്ല ഡവലപ്പ്മെന്റ് ആണ്. അഞ്ച് കോൺഗ്രസ്സ് എന്ന് പറഞ്ഞിട്ട് കോൺഗ്രസ്സിന്റെ സ്പീക്കർ സ്ഥാനാർത്ഥിയെ പിൻതാങ്ങാൻ വരെ നോമിനേഷൻ ഒപ്പിട്ട് തന്നതും നല്ല ഡവലപ്മെന്റ്, ഗുഡ് സൈറ്റ്, അതിന് നന്ദി പറയുന്നു. പോണ്ടിച്ചേരിയിൽ ഞങ്ങളുടെ മന്ത്രിയുടെ സത്യപ്രതിജ്ഞയ്ക്ക് മുന്നിൽ ഒന്ന് മാർക്സിസ്റ്റ് നേതാക്കന്മാരാണ്. അത് നന്ദിയുള്ള കാര്യമാണ്. സന്തോഷമുള്ള കാര്യമാണ്. എം.എൽ.എ-മാർ ഇല്ലെങ്കിലും അത്രയേയുള്ളൂ. എന്നാലും ഞങ്ങൾക്ക് അല്പം ക്ഷീണം ഈ കാലഘട്ടത്തിലുണ്ട്. 1964-ൽ മാർക്സിസ്റ്റ് പാർട്ടി ഉണ്ടായതിന് ശേഷം ബീഹാറിൽ സി.പി.ഐ-ക്കാരന്റെ ലാലും പ്രസംഗിച്ചു ഐകമത്യക്കാരനായ ലാലുപ്രസാദ് യാദവ് എന്ന്. ആ ലാലുപ്രസാദ് യാദവിന്റെ കൂടെ ഐക്യമുന്നണിയിൽ മത്സരിച്ച ശേഷവും ഈ തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ഇലക്ഷൻ കമ്മീഷൻ, മാർക്സിസ്റ്റ് പാർട്ടി ഒരു നാഷണൽ പാർട്ടി എന്ന സ്റ്റാറ്റസ് എടുത്തുകളയാതിരിക്കാൻ കാരണം ചോദിച്ച് നോട്ടീസയച്ചിരിക്കുകയാണ്. അങ്ങനെ ഒരു സ്ഥിതി അങ്ങേയ്ക്ക് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : അതേ, നോട്ടീസ് അയച്ചിരിക്കുകയാണ്. നാഷണൽ പാർട്ടിയായിട്ട് അംഗീകരിക്കാതിരിക്കാൻ നിർവ്വാഹമില്ല. അംഗീകരിക്കണമെന്ന മറുപടിയും ഞങ്ങൾ അയച്ചിട്ടുണ്ട്. ഏതായാലും ഞങ്ങൾക്ക് 32 ഉണ്ടായിരുന്നു. ഇപ്പോൾ 33 ഉണ്ട്. ലോകസഭയിൽ കോൺഗ്രസ്സിന് 142, ഉണ്ടായിരുന്നത് ഇപ്പോൾ 112 ആയി. അപ്പോൾ 142-ഓ വലുത് 112-ഓ വലുത്. 142 തന്നെ 32-ഓ വലുത്, 33-ഓ വലുത്. ഒന്നെങ്കിൽ ഒന്ന്, വലുതായോ. എന്നിട്ട് ഞങ്ങളുടെ നേരെ ഇങ്ങോട്ട് കയറുക എന്ന് പറഞ്ഞാൽ മോശമല്ലേ? "അവിടെ തകർന്നാലും ശരി; തവിട്ട് തിന്നാലും ശരി, തകൃതി വിടില്ലാ" എന്ന് പറഞ്ഞാൽ എന്ത് ചെയ്യും?

ശ്രീ. എ. കെ. ആന്റണി : സർ, മാർക്സിസ്റ്റ് പാർട്ടിയെ പോലെയുള്ള വിപ്ലവ പാർട്ടിക്ക് ദേശീയ പാർട്ടി എന്ന അംഗീകാരം പോകുന്നത് ഞങ്ങൾക്ക് സങ്കടമാണ്. പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ അങ്ങനെ ഒരു സ്ഥിതിവിശേഷം ഞങ്ങൾക്ക് വന്നിട്ടില്ല. അത് കുറച്ച് കഷ്ടമാണ്. രണ്ട് കാലിലും മന്തുള്ളവൻ ഒറ്റകാൽ മന്തനെ മന്തനെന്നു പറഞ്ഞതുപോലെയാണ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആശ്വാസം കൊള്ളുന്നതിൽ എനിക്ക് വളരെ വിഷമം തോന്നുന്നുണ്ട്. കാരണം ഇൻഡ്യ മുഴുവൻ അടക്കി ഭരിച്ച ഒരു പാർട്ടി, ഇൻഡ്യയിൽ 25 സ്റ്റേറ്റും അടക്കി ഭരിച്ച ഒരു പാർട്ടി തങ്ങളുടെ ദേശീയ പാർട്ടി എന്ന അംഗീകാരം പോയിട്ടില്ലല്ലോ എന്ന് സമാധാനിക്കുന്നു എന്ന് പറഞ്ഞാൽ നിങ്ങളുടെ ഗതികേടെന്നല്ലാതെ എന്ത് പറയാനാണെന്ന്.

ശ്രീ. എ. കെ. ആന്റണി : ജവഹർലാൽ നെഹ്റു ഉണ്ടായിരുന്ന പാർലമെന്റിൽ പ്രതിപക്ഷ നേതാവായിരുന്ന എ. കെ. ഗോപാലന്റെ പാർട്ടി ദേശീയ പാർട്ടിയുടെ സ്ഥാനത്തിനുവേണ്ടി ഇലക്ഷൻ കമ്മിഷന്റെ ആഫീസ് പടിക്കൽ കാത്തുകിടക്കേണ്ടിവന്നു.....

ശ്രീ. ടി. ശിവദാസമേനോൻ : ഈ ചർച്ച നല്ലതാണ് ; കാരണം.....

മി. സ്പീക്കർ : വോട്ട് ഓൺ അക്കൗണ്ട് ചർച്ച പൊടിപൊടിക്കുന്നുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ പറയുന്നത് പ്രതിപക്ഷനേതാവ് ആശ്വാസം കണ്ടെത്താൻ എത്ര വിഷമിക്കുന്നു എന്നു കാണുമ്പോൾ വല്ലാത്ത കഷ്ടം തോന്നുന്നുണ്ട്. കാരണം ഈ കോൺഗ്രസ് എന്നു പറയുന്ന പാർട്ടി ഇൻഡ്യ മുഴുവൻ പടർന്നു പിടിച്ച ഒരു വലിയ പാർട്ടി ഇങ്ങനെ ചെറുതായി ചെറുതായി വന്നിട്ട് ഇപ്പോൾ പറയുന്നതെന്താണെന്നുവച്ചാൽ പ്രതിപക്ഷ നേതാവിനായിരുന്നു, പ്രതിപക്ഷ ഗ്രൂപ്പായിരുന്നു എന്നൊക്കെയാണ്. 50 ശതമാനം ആളുകളുണ്ടെങ്കിലേ പാർലമെന്റിൽ പ്രതിപക്ഷം ഉണ്ടാകൂ. പ്രതിപക്ഷ നേതാവായിരുന്നില്ല; ആണെങ്കിൽ 50 ആളുകൾ വേണം. ഞങ്ങൾക്ക് 50 ആളുകൾ ഉണ്ടായിരുന്നില്ല. എ. കെ. ജി. കമ്മ്യൂണിസ്റ്റ് പാർട്ടി ഗ്രൂപ്പിന്റെ നേതാവായിരുന്നു, പ്രതിപക്ഷ നേതാവല്ല ഇതെല്ലാം മനസ്സിലാക്കി എന്തായാലും ഞാൻ ഒന്ന് പറഞ്ഞാൽ നിങ്ങൾക്ക് സമാധാനമാകും

LIBRARY ARCHIVES Kerala Legislative Assembly

എന്നു വച്ചാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സമാധാനമാകണമെങ്കിൽ കോൺഗ്രസ്സ് ശക്തിപ്പെട്ടുവന്നിരിക്കുകയാണ്. 1947-ന് ശേഷം, സ്വതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇൻഡ്യയിൽ ശക്തിപ്പെട്ട ഏക പാർട്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ആണ് ; മതിയോ ;

ശ്രീ. എ. കെ. ആന്റണി : ഇവിടെ സംസ്ഥാന രൂപീകരണത്തിനുശേഷം ആന്ധ്രയിൽ ഒറ്റയ്ക്ക് ഭരിക്കാൻ വരെ വന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയും പിന്നീട് വന്ന മാർക്സിസ്റ്റ് പാർട്ടിയും ഇപ്പോൾ വന്നുവന്നുവന്ന് ഇൻഡ്യയിൽ പിടിച്ചു നില്ക്കുന്നു. ബാംഗാൾ, ത്രിപുര, കേരളം കഴിഞ്ഞു; കേരളത്തിലെ സ്ഥിതി നമുക്ക് അറിയാമല്ലോ, പിടിച്ചു നില്ക്കണമെങ്കിൽ ലാലുപ്രസാദ് യാദവിന്റെയും ജയലളിതയുടെയും ഒക്കെ പിന്നാലെ പോയില്ലെങ്കിൽ അഡ്രസ്സ് ഇല്ലാത്ത സ്ഥിതി വരെ എത്തിയിട്ടുണ്ട്. അത് നാം കാണണം.

ശ്രീ. ടി. ശിവദാസമേനോൻ : ജയലളിതയുമായി നേരിട്ട് സംഭാഷണം നടത്തിയ പ്രതിപക്ഷ നേതാവ് ഇത് പറയുന്നത് ക്രൂരമാണ്. എന്താ സർ ഈ കാണുന്നത്? ജയലളിതയുമായി നേരിട്ട് സംഭാഷണം നടത്തിയതാ. എന്നിട്ട് ഇപ്പോൾ ജയലളിതയെ കുറ്റം പറയുന്നു. ഇത് ശരിയാണോ? ഏതായാലും ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കരുത്താർജ്ജിച്ച് എല്ലാ സ്റ്റേറ്റിലും ശക്തിപ്പെട്ടുവന്നിരിക്കുന്നു എന്നു പറയുന്നതാണ് ഇഷ്ടമെങ്കിൽ വോട്ട് ഓൺ അക്കൗണ്ടിന് വേണ്ടി വോട്ട് ചെയ്തുതരുമെങ്കിൽ ഞാൻ അതും പറയാം.

മി. സ്പീക്കർ : തൽക്കാലം നിർത്താം, അല്ലേ? ബാക്കിയുള്ളത് പിന്നീടാകാം.

ശ്രീ. എ. കെ. ആന്റണി : അടുത്ത സെഷനിലാകാം. ആ സമയത്ത് സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ വാക്കൗട്ട് നടത്തുന്നതിന്റെ പിന്നാലെ മാർക്സിസ്റ്റുകാർ അടുത്ത അസംബ്ലിയിലുണ്ടാകും. അന്ന് നമുക്ക് സംസാരിക്കാം.

മി. സ്പീക്കർ : നമുക്ക് ഭേദഗതികളിലേയ്ക്ക് കടക്കാം. ശ്രീ. പി. ജെ ഫ്രാൻസിസ്, തമ്പാനൂർ രവി, ശ്രീ. എം. മുരളി, ഡോ. എം. എ. കുട്ടപ്പൻ, ശ്രീ. പാലോട് രവി, ശ്രീ. കെ. ബാബു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ധനകാര്യമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രശ്നം സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ - 60

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. സി. പി. ബാലൻവൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വി. കെ. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
10. ശ്രീ. എം. ദാസൻ
11. ശ്രീ. പി. സി. ജോർജ്ജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ശ്രീ. ടി. കെ. ഹംസ
15. ശ്രീ. കെ. ഇ. ഇസ്മയിൽ
16. ശ്രീ. സി. എൻ. ജയദേവൻ
17. ശ്രീ. ടി. എസ്. ജോൺ
18. ശ്രീ. ജോസ് ബേബി
19. ഡോ. കെ. സി. ജോസഫ്
20. ശ്രീ. വി. സി. കബീർ
21. ശ്രീ. എ. കണാരൻ
22. ശ്രീ. എളമരം കരീം
23. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
24. ശ്രീ. ഇ. കെ. നായനാർ
25. ശ്രീ. പി. കെ. കുമാരൻ
26. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
27. ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്
28. ശ്രീ. സി. എ. കുര്യൻ
29. ശ്രീമതി ആർ. ലതാ ദേവി
30. ശ്രീ. ലോനപ്പൻ നമ്പാടൻ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
32. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
33. ശ്രീ. മോൻസ് ജോസഫ്
34. ശ്രീ. പിരപ്പൻകോട് മുരളി
35. ശ്രീ. ടി. നാണു മാസ്റ്റർ
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നാരായണൻ (കൂഴൽമന്ദം)
38. ശ്രീ. പി. നാരായണൻ
39. ശ്രീ. കെ. പ്രകാശ് ബാബു
40. ശ്രീമതി എൻ. കെ. രാധ
41. ശ്രീ. കെ. രാധാകൃഷ്ണൻ
42. ശ്രീ. പി. രാഘവൻ
43. ശ്രീ. സി. കെ. രാജേന്ദ്രൻ
44. ശ്രീ. കെ. പി. രജേന്ദ്രൻ
45. ശ്രീ. പി. രാജു
46. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
47. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
48. ശ്രീ. ടി. കെ. രാമകൃഷ്ണൻ
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
51. ശ്രീ. സെബാസ്റ്റ്യൻ പോൾ
52. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
53. ശ്രീ. ടി ശിവദാസമേനോൻ
54. ശ്രീ. ജി സുധാകരൻ
55. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
56. ശ്രീ. പി. എസ്. സുപാൽ
57. ശ്രീ. എം.എ. തോമസ്
58. ശ്രീ. എം. പി. വർഗ്ഗീസ്
59. ശ്രീ. വർഗ്ഗീസ് വൈദ്യർ
60. ശ്രീ. പി. വിശ്വൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 40

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. എ. കെ. ആന്റണി
3. ശ്രീ. ഇ.എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. വി. ബാലറാം
6. ശ്രീ. പി. കെ. കെ. ബാവ
7. ശ്രീ. കെ. എ. ചന്ദ്രൻ
8. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
9. ശ്രീ. പി. ജെ. ഫ്രാൻസിസ്
10. ശ്രീ. ജോർജ്ജ് ജെ. മാത്യൂ
11. ശ്രീ. ഇസ്ഹാക് കുരിക്കൾ
12. ശ്രീ. ജോണി നെല്ലൂർ
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. പി. ജെ. ജോയി
15. ശ്രീ. ജി. കാർത്തികേയൻ
16. ശ്രീ. കെ. കെ. നായർ
17. ശ്രീ. പി. കെ.കുഞ്ഞാലികുട്ടി
18. ഡോ. എം. എ. കുട്ടപ്പൻ
19. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
20. ശ്രീ. മാമ്മൻ മത്തായി
21. ശ്രീ. കെ. മുഹമ്മദാലി
22. ശ്രീ. സി. മോയിൻകുട്ടി
23. ശ്രീ. ആര്യാടൻ മുഹമ്മദ്
24. ശ്രീ. എം. കെ. മുനീർ
25. ശ്രീ. എം. മുരളി
26. ശ്രീ. കെ. നാരായണക്കുറുപ്പ്
27. ശ്രീ. എഴുകോൺ നാരായണൻ
28. ശ്രീ. വി. ജെ. പൗലോസ്
29. ശ്രീ. അടൂർ പ്രകാശ്

LIBRARY ARCHIVES Kerala Legislative Assembly

30. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

31. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ

32. ശ്രീ. പാലോട് രവി

33. ശ്രീ. തമ്പാനൂർ രവി

34. ശ്രീമതി റോസമ്മ ചാക്കോ

35. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

36. ശ്രീമതി ശോഭനാ ജോർജ്ജ്

37. ശ്രീ. നാലകത്ത് സൂപ്പി

38. ശ്രീ. പി. പി. തങ്കച്ചൻ

39. ശ്രീ. തോമസ് ചാഴികാടൻ

40. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 60

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം പാസ്സാക്കിയിരിക്കുന്നു. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2000 മാർച്ച് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.17-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly